ജനകീയാസൂത്രണം

തുമ്പമൺ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

തുമ്പമൺ ഗ്രാമ പഞ്ചായത്ത്
പത്തനംതിട്ട ജില്ല

ജനകീയാസൂത്രണം

തുമ്പമൺ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്



വികസന സെമിനാർ

1997 മാർച്ച് 18 ചൊവ്വാഴ്ച

എം. ജി. ആഡിറ്റോറിയം

തുമ്പമൺ

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

റ്റി.റ്റി. ജേക്കബ്

കെ.പി. നാരായണപിള്ള

റ്റി.സി. മാത്തുക്കുട്ടി

ഒ.ജെ. തോപ്പിൽ



റ്റി.ജെ. കോശി



തോമസ് ചാക്കോ



തോമസ് കോശി താവളത്തിൽ

തുമ്പമൺ ഗ്രാമപഞ്ചായത്ത്
ഭരണസമിതി



മഠത്തിൽ കെ. കൃഷ്ണപിള്ള
(പ്രസിഡൻറ്)

ഏലിയാമ്മ ജോൺ
(വൈസ് പ്രസിഡൻറ്)



കോശി മാത്യു
(സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)



ശിവദാസൻ അയ്യപ്പൻ

ഓമന ഉമ്മൻ



തോമസ് റ്റി. വർഗ്ഗീസ്



ബിജു ഗീവർഗീസ്

വൽസല പ്രസാദ്

എൻ.ജി. സുരേന്ദ്രൻ
(ജില്ലാ പഞ്ചായത്ത് മെമ്പർ)

ജീജാ ബാബു
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

അമൃതവിപഞ്ചി

ഉപാസന

(പന്തളം കെ.പി. രാമൻ പിള്ളയുടെ പ്രസിദ്ധമായ കവിത)

അഖിലാണ്ഡ മണ്ഡലമണിയിച്ചൊരുക്കി
അതിനുള്ളിലാനന്ദ ദീപംകൊളുത്തി
പരമാണുപ്പൊരുളിലും സ്ഫുരണമായ്മിന്നും
പരമ പ്രകാശമേ! ശരണം നീയെന്നും

സുരഗോള ലക്ഷങ്ങളണിയിട്ടു നിർത്തി
അവികല സൗഹൃദബന്ധം പുലർത്തി
അതിനൊക്കെയാധാര സൂത്രമിണക്കി
നിലനിർത്തും പ്രേമമേ! ശരണം നീയെന്നും

അവസാന ജലധിയിലൊരുനാളീവിശ്വം
പരിപൂർണ്ണ ശൂന്യമായ് വിലയിച്ചുതീരും!
അതുനാളും സത്തുചിത്താനന്ദ ദീപ്തം
ഒരു സത്യം നിലനില്ക്കും അതു നിത്യം ശരണം!

ദുരിതങ്ങൾ കൂത്താടുമുലകത്തിൽ നിന്റെ
പരിശുദ്ധ തേജസ്സു വിളയാടിക്കാണ്മാൻ
ഒരു ജാതി, ഒരു മതം, ഒരുദൈവമേവം
പരമാർത്ഥ വേദാന്തം സഫലമായ്ത്തീരാൻ
അഖിലാധിനായകാ തവതിരുമുമ്പിൽ
അഭയമായ് ഞാനിതാ പ്രണമിപ്പു നിത്യം

സമരാദി തൃഷ്ണകളാകവേ നീങ്ങി
സമതയും ശാന്തിയും ക്ഷേമവും തിങ്ങി
ജനതയും ജനതയും കൈകോർത്തിണങ്ങി
ജനിത സൗഹാർദത്തിൽ ഗീതം മുഴങ്ങി
നരലോകമെഷേരുമാനന്ദം തേടി
വിജയിക്ക നിൻ തിരുനാമങ്ങൾ പാടി!

കോർഗ്രൂപ്പ് കൺവീനർമാർ

പി. ഏ. ജോർജ്
എം. മാത്യൂ, റിട്ട. എക്സി. എൻജിനീയർ
പി. റ്റി. കോശി, റിട്ട. എക്സി. എൻജിനീയർ
പി. എൻ. അപ്പുക്കുട്ടൻ നായർ, റിട്ട. ഹെഡ്. സർവേയർ
കെ. ആർ. സുകുമാരൻ നായർ, കെ.ആർ.പി.
ബാബുജോർജ്, ഡയറി എക്സ്റ്റൻഷൻ ആഫീസർ
ഡോ. ഗിരിജാകുമാരി, വെറ്ററിനറി ഡോക്ടർ
വി. കെ. തോമസ്, റിട്ട. ഡി.ഇ.ഒ.
വി. റ്റി. ഡേവിഡ്, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ
പ്രൊ. കോശി ജോൺ, ഇൻഡസ്ട്രിയൽ കൺസൾട്ടന്റ്

കോശി സഖറിയ, ഇലക്ട്രിസിറ്റിബോർഡ്, പത്തനംതിട്ട
എം. ജി. സദാനന്ദൻ, എൻജിനീയർ കെ.ഐ.പി.
പോൾ ഏബ്രഹാം, ഡി.ആർ.പി (കൺവീനർ)
ജീജാ ബാബു
പി. സി. ബഹനാൻ, റിട്ട. തഹസീൽദാർ
പി. പി. ചാക്കോ, റിട്ട. ടീച്ചർ
ജോസഫ് വർഗീസ്
കെ. ജി. അനിൽകുമാർ, സർവേയർ
കോശിമാത്യൂ, ഡി.ആർ.പി
മുരളികൃഷ്ണൻ. ഡി., ഡി.ആർ.പി

തുമ്പമൺ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര ജനപ്രതിനിധികൾ

പ്രൊഫ. പി.ജെ. കുര്യൻ എം. പി.
ശ്രീ. പി. കെ. കുമാരൻ എം. എൽ. എ
ശ്രീ. എൻ. ജി. സുരേന്ദ്രൻ (ജില്ലാപഞ്ചായത്ത് മെമ്പർ)
ശ്രീമതി. ജീജാ ബാബു (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

ഉള്ളടക്കം

പേജ്

1. ആമുഖം 1
2. പഞ്ചായത്ത് പൊതുവിവരണം 5
3. സാമൂഹ്യ സാംസ്കാരിക ചരിത്രം 9
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 15
5. വികസനമേഖലകളുടെ അവലോകനം

5.1 പ്രാഥമിക മേഖല

A കൃഷിയും ജലസേചനവും 21
B മൃഗസംരക്ഷണം മത്സ്യബന്ധനം 35

5.2 ദ്വിതീയ മേഖല

A വ്യവസായം 41
B ഗതാഗതം 47
C ഊർജം 63
D മാർക്കറ്റ് 71
E പാർപ്പിടം 73

5.3 തൃതീയ മേഖല

A വിദ്യാഭ്യാസം 81
B കുടിവെള്ളം 93
C പൊതുജനാരോഗ്യം 97
D സാമൂഹ്യക്ഷേമം 103
E പട്ടികജാതി/പട്ടികവർഗ ക്ഷേമം 107
F സഹകരണം 113
G വനിത 121
H സംസ്കാരം 127
I വിഭവസമാഹരണം 136

6. ഉപസംഹാരം 145

ഡി.ടി.പി. : ചിലങ്ക, പന്തളം. ഫോൺ : 452781
കവർ : മുരളികൃഷ്ണൻ. ഡി
പ്രിന്റിംഗ് : ലേണേഴ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, കോട്ടയം. ഫോൺ: 567438

1

ആമുഖം

കേരളത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ജനകീയാസൂത്രണ പ്രസ്ഥാനം ഒരു പുതുയുഗം തുറക്കുകയാണ്. ഗ്രാമതലങ്ങളിൽ ജനങ്ങൾ നേരിട്ട് ആസൂത്രണത്തിൽ പങ്കാളികളാകുന്നു എന്നതുതന്നെയാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത. ഒമ്പതാം പദ്ധതി പ്രവർത്തനം ഈ അടിസ്ഥാനത്തിലായിരിക്കും.

സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം പൂർത്തിയാക്കിയ പദ്ധതി പ്രവർത്തനങ്ങളിലൂടെ പലനേട്ടങ്ങളുമുണ്ടായി. എന്നാൽ ഗുണഭോക്താക്കളായ ജനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിലോ നടത്തിപ്പിലോ സംരക്ഷണത്തിലോ യാതൊരു പങ്കാളിത്തവുമില്ലായിരുന്നു. അതിനാൽ പദ്ധതി പ്രവർത്തനങ്ങളെല്ലാം തന്നെ ജനങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടു. തൽഫലമായി വികസനമേഖലകളിലെല്ലാം സ്തംഭനവും മുരടിപ്പും ബാധിച്ചു. ഇതിനെ മറികടക്കാൻ നമ്മുടെ ഏറ്റവും വലിയ സമ്പത്തായ മനുഷ്യശക്തി വികസനപ്രവർത്തനങ്ങളിലേക്ക് പ്രവഹിപ്പിക്കുക മാത്രമാണ് പോംവഴി.

വികസന പദ്ധതികൾ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതി, സ്ഥലജലവിഭവ സാധ്യതകൾ, ആവശ്യങ്ങൾ ഇവയ്ക്കനുസൃതമായി താഴേത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടുകൂടി തയ്യാറാക്കുക എന്ന സർവസമ്മതമായ ദേശീയ ലക്ഷ്യം ഇതിലൂടെ സാക്ഷാൽക്കരിക്കാനാണ് സംസ്ഥാന ഗവണ്മെന്റും ആസൂത്രണബോർഡും ശ്രമിക്കുന്നത്.

പഞ്ചായത്തീരാജ് നഗരപാലികാനിയമങ്ങളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുറേ അധികാരങ്ങൾ ലഭിച്ചെങ്കിലും ഒട്ടേറെ പരിമിതികളുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മുൻപരിചയമില്ലായ്മ, ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം, ആസൂത്രണ സങ്കേതങ്ങളിൽ പ്രാവീണ്യം നേടിയ വിദഗ്ധന്മാരുടെ കുറവ് തുട



ങ്ങിയവ പ്രതികൂല സാഹചര്യങ്ങൾതന്നെ. എങ്കിലും ഇത്തരം സാഹചര്യങ്ങളെ പ്രാദേശിക വിഭവസമാഹരണത്തിലൂടെത്തന്നെ മറികടക്കാനും ആസൂത്രണ പ്രക്രിയയിൽ ഭരണഘടനാദത്തമായ പങ്ക് നിർവഹിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും രൂപം കൊടുത്തിരിക്കുന്നത്.

പഞ്ചായത്തീരാജ് നഗരപാലികാ നിയമത്തിലൂടെ ലഭിച്ച അധികാരങ്ങൾ, ആസൂത്രണ വികേന്ദ്രീകരണത്തിനു യോജിച്ച സാഹചര്യം ഇപ്പോഴുണ്ടാക്കിയിട്ടുണ്ട്. ഒൻപതാം പദ്ധതിക്കാലത്തുതന്നെ ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ പഞ്ചായത്തീരാജ് നഗരപാലികാ സമിതികൾ ശക്തമായ പ്രാദേശിക ഗവണ്മെന്റുകളായിത്തീരുമെന്നാണ് പ്രതീക്ഷ.

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം96 സെപ്തംബർ മാസത്തിൽ ആരംഭിച്ചു. ഗ്രാമസഭകളുടെയും പരിശീലന പരിപാടികളുടെയും വിവരങ്ങൾ പട്ടിക-1ൽ ചേർത്തിരിക്കുന്നു.

പട്ടിക - 1

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെയും പരിശീലന പരിപാടികളുടെയും സ്ഥിതി വിവരം

എ

വാർഡ് നമ്പർ	യോഗം ചേർന്ന തീയതി	പങ്കെടുത്തവരുടെ എണ്ണം		ആകെ	ചേർന്ന സ്ഥലം
		സ്ത്രീ	പുരുഷൻ		
1	26.10.'96	66	90	156	ഗവ: എൽ.പി. സ്കൂൾ, മുട്ടം
2	20.10.'96	43	144	187	ഗവ: എൽ.പി. സ്കൂൾ, മുട്ടം
3	20.10.'96	18	73	91	ഗവ: യു.പി. സ്കൂൾ, തുമ്പമൺ
4	19.10.'96	40	94	134	തൊണ്ടംവേലിൽ ഭവനാങ്കണം, ചക്കിട്ടടത്ത് ജംഗ്ഷൻ
5	13.10.'96	49	129	178	ഗവ: യു.പി. സ്കൂൾ, തുമ്പമൺ
6	19.10.'96	92	99	191	സെന്റ് ഗ്രിഗോറിയോസ് ഹാൾ, മാമ്പിലാലി
7	21.10.'96	106	136	242	വൈദികസദനം, മാമ്പിലാലി
8	19.10.'96	155	186	341	ഗവ: ആയുർവേദ ഡിസ്പെൻസറി, വിജയപുരം
	ആകെ	569	951	1520	

ബി

പരിശീലനം	തീയതി	പങ്കെടുത്തവരുടെ എണ്ണം		ആകെ
		സ്ത്രീ	പുരു.	
ഒന്നാംഘട്ടം	9.10.1996	11	77	88
രണ്ടാംഘട്ടം	15.11.1996	10	68	78

ഗ്രാമസഭകളിലൂടെയും ദ്വിതീയ വിവരശേഖരണത്തിലൂടെയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വികസന സെമിനാറിൽ നടക്കുന്ന സമഗ്രമായ ചർച്ചയിലൂടെ കുറേക്കൂടി വിപുലമാക്കാൻ കഴിയും എന്ന പ്രതീക്ഷയോടെ ഈ റിപ്പോർട്ട് ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തുമ്പമൺ ഗ്രാമപഞ്ചായത്ത് ആഫീസ്

തുമ്പമൺ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം

2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്ത് സീൻ

പഞ്ചായത്തിന്റെ പേര്	:	തുമ്പമൺ ഗ്രാമപഞ്ചായത്ത്
പഞ്ചായത്തിന്റെ ആസ്ഥാനം	:	പഞ്ചായത്ത് ജംഗ്ഷൻ, നടുവിലേമുറി തെക്ക്
ഉൾപ്പെടുന്ന വില്ലേജുകൾ	:	കുരമ്പാല, പന്തളം തെക്കേക്കര
താലൂക്ക്	:	അടൂർ
റവന്യൂജില്ല	:	പത്തനംതിട്ട
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	തുമ്പമൺ
ബ്ലോക്ക് പഞ്ചായത്ത്	:	പന്തളം
അസംബ്ലി മണ്ഡലം	:	പന്തളം
ലോക്സഭാ മണ്ഡലം	:	മാവേലിക്കര
വിസ്തീർണം	:	7.84 ചതുരശ്ര കി.മീ.



അതിരുകൾ	:	വടക്ക് - അച്ചൻകോവിലാറ്
		കിഴക്ക് - വള്ളിക്കോട്, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്
		തെക്ക് - പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്
		പടിഞ്ഞാറ് - പന്തളം ഗ്രാമപഞ്ചായത്ത്
ജനസംഖ്യ	:	7644
പുരുഷന്മാർ	:	3594
സ്ത്രീകൾ	:	4046
ജനസാന്ദ്രത	:	975
വാർഡുകൾ	:	8
പ്രസിഡന്റ്	:	മഠത്തിൽ കെ. കൃഷ്ണപിള്ള
വൈസ് പ്രസിഡന്റ്	:	ഏലിയാമ്മ ജോൺ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	കോശി മാത്യു

പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ

പഞ്ചായത്ത് ആഫീസ്	1
കൃഷിഭവൻ	1
മൃഗാശുപത്രി	1
സബ് പോസ്റ്റ് ആഫീസ്	1
ബ്രാഞ്ച് പോസ്റ്റ് ആഫീസ്	1
സെൻട്രൽ വാട്ടർ കമ്മീഷൻ സൈറ്റ് ആഫീസ്	1
വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്	1
ഇലക്ട്രിക്കൽ ഓവർസിയർ ആഫീസ്	1
പ്രാഥമികാരോഗ്യകേന്ദ്രം	1
പി.എച്ച്. സബ് സെന്റർ	1
ആയുർവേദ ഡിസ്പൻസറി	1
ആയുർവേദ വൈദ്യശാല	1

ഹോമിയോ ക്ലിനിക്ക്	1
അലോപ്പതി ക്ലിനിക്ക്	1
അങ്കണവാടി	1
ബാലവാടി	1
നഴ്സറി സ്കൂൾ	3
പ്രീ-പ്രൈമറി	1
എൽ.പി. സ്കൂൾ	2
യു.പി. സ്കൂൾ	2
ഹൈസ്കൂൾ	2
സി.ബി.എസ്.ഇ. സ്കൂൾ	1
ലൈബ്രറി & വായനശാല	3
ഗ്രാമപഞ്ചായത്ത് സാംസ്കാരികനിലയം	1
പൊതുവിതരണ കേന്ദ്രം (റേഷൻകട)	6
മാവേലിസ്റ്റോർ	1
സർവീസ് സഹകരണ ബാങ്ക്	1
വാണിജ്യബാങ്ക് (ദേശീയബാങ്ക് 1, ഷെഡ്യൂൾഡ് ബാങ്ക് 1)	2
പട്ടികജാതി സഹകരണസംഘം	1
വനിതാ വ്യവസായ സഹകരണ സംഘം	1
ക്ഷീരോല്പാദക സഹകരണ സംഘം	1

3

സാമൂഹ്യ സാംസ്കാരിക ചരിത്രം

തുമ്പമൺ ഗ്രാമം സാമൂഹ്യചരിത്രത്തിൽ പ്രവേശിക്കുന്നത് ഏതാണ്ട് എ.ഡി. എട്ടാം നൂറ്റാണ്ടോടുകൂടിയാണെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. എഴുതപ്പെട്ട ആധികാരിക രേഖകളോ, ചരിത്രാവശിഷ്ടങ്ങളോ ലഭ്യമല്ലാത്തതിനാൽ ഐതിഹ്യം, ആചാരം, ജനങ്ങളുടെ വിശ്വാസം തുടങ്ങിയവ വിശകലനം ചെയ്തു മാത്രമേ ചരിത്രപശ്ചാത്തലത്തിലേക്കെത്താൻ കഴിയൂ.

എ.ഡി. നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ടു എന്നു കരുതുന്ന "പതിറ്റുപ്പത്ത്"-ൽ തുമ്പമണ്ണിന്റെ പരിസരപ്രദേശങ്ങളെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും ഈ നാടിനെപ്പറ്റി ഒന്നും സൂചിപ്പിച്ചു കാണുന്നില്ല.

തുമ്പച്ചെടി സമൃദ്ധമായി കണ്ടിരുന്ന സ്ഥലമായിരുന്നതുകൊണ്ട് ഈ പ്രദേശം "തുമ്പമൺ" ആയി എന്ന് ഭാഷാപണ്ഡിതന്മാർ വാദിക്കുമ്പോൾ, പന്തളം രാജാവിന്റെയും, ചെന്നീർക്കര രാജാവിന്റെയും രാജ്യങ്ങളുടെ അതിര് അഥവാ "തുമ്പ്" നിൽക്കുന്ന സ്ഥലം "തുമ്പമൺ" ആയി എന്ന് ചരിത്രകാരന്മാർ സമർഥിക്കുന്നു. പക്ഷേ പുറം നാടുകളിൽ ഇപ്പോഴും ഈ സ്ഥലം "തുമ്പോൺ" ആയി അറിയപ്പെടുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

ചേരചോള യുദ്ധകാലത്ത് (A.D. 1150)രാജ്യാതിർത്തികൾ സൈനികത്താവളങ്ങളാക്കി മാറ്റിയപ്പോൾ പന്തളം രാജ്യത്തിന്റെ ഒരു അതിരായ തുമ്പമണ്ണും ഒരു സൈനികത്താവളമായി മാറി. ഇവിടുത്തെ പല ഭവനങ്ങളുടെയും പേരുകൾ ഭാഷാപരമായി വിശകലനം ചെയ്താൽ ഈ സ്ഥലം രാജവംശത്തിന്റെ ആയുധനിർമാണവും, സൂക്ഷിപ്പും നടന്നിരുന്ന ഗ്രാമമായിരുന്നു എന്ന് അനുമാനിക്കാം.

തുമ്പമൺ ഒരു കച്ചവട കേന്ദ്രമായി മാറുന്നു

ചേരചോള യുദ്ധത്തിന്റെ ഫലമായി നിലയ്ക്കൽ കച്ച

വടകേന്ദ്രം 1314 ലോടടുത്ത് നശിപ്പിക്കപ്പെട്ടപ്പോൾ അവിടെ നിന്ന് ക്രിസ്ത്യാനികൾ പലായനം ചെയ്ത് കടമ്പനാട്, ചെങ്ങന്നൂർ, വെണ്മണി തുടങ്ങിയ സ്ഥലങ്ങളിലേക്ക് കുടിയേറി എന്നും കാലാന്തരത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ നിന്നെല്ലാം തുമ്പമണ്ണിൽ എത്തി സ്ഥിര താമസമാക്കി എന്നും കരുതപ്പെടുന്നു.

1816-ൽ ബ്രിട്ടീഷ് സർവേയർമാരായി തിരുവിതാംകൂറിലും, കൊച്ചിയിലും സേവനമനുഷ്ഠിച്ച ബഞ്ചമിൻ സ്വൻ വാർഡ്, പീറ്റർ ഐറീ കോണർ എന്നിവർ ചേർന്നെഴുതിയ "Memoir of the survey of the Travancore and Cochin States" എന്ന ഗ്രന്ഥത്തിൽ തുമ്പമണ്ണിനെപ്പറ്റി താഴെ ചേർക്കും വിധം പരാമർശിക്കുന്നുണ്ട്.

"തുമ്പമൺ സുറിയാനി ക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന ഒരു ഗ്രാമമാണെന്നും, ഇവിടെ പ്രസിദ്ധമായ ഒരു പള്ളിയുണ്ടെന്നും മൂന്നു നൂറ്റാണ്ടുകൾക്ക് മുൻപ് നിർമിച്ച ചുറ്റുമതിൽ കൊണ്ട് ഈ ദേവാലയം വേർതിരിച്ചിരിക്കുന്നു" എന്നും സൂചിപ്പിച്ചിരിക്കുന്നു.

"ഇവിടം കച്ചവടത്തിന്റെ സിരാ കേന്ദ്രമാണ്. വാണിജ്യരംഗത്ത് വേണ്ടുവോളം പ്രോത്സാഹനം ലഭിച്ചതിനാൽ ഈ രംഗത്ത് വിജയം നേടി സമ്പന്നവും ആഡംബര സമൃദ്ധവുമായ ജീവിതം നയിക്കുന്നവരുണ്ട്". കയറ്റുമതി ഇറക്കുമതി ചുങ്കം പിരിക്കുന്നതിനുള്ള പ്രത്യേക അധികാരവും പാണ്ടികശാല നടത്തി വാടക ഈടാക്കാനുള്ള അവകാശവും ഇവർക്കുണ്ടായിരുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. (സൂചന:- Lieutenants ward and conner, volume two, pages 134, 135)

1484-ൽ വേണാട് രാജാവ് വിദേശ രാജ്യങ്ങളുമായി കച്ചവടം ചെയ്യുന്നതിനുള്ള അവകാശം ക്രൈസ്തവർക്ക് നൽകിയപ്പോൾ മുതൽ ഇദ്ദേശവാസികൾ വിദേശവ്യാപാരികളുമായി ബന്ധം സ്ഥാപിച്ചിരിക്കാം. അതുമൂലമാകാം മുകളിൽ പരാമർശിച്ച കയറ്റുമതി - ഇറക്കുമതി ചുങ്കം പിരിക്കുന്നതിനുള്ള പ്രത്യേകാവകാശം ലഭിച്ചത്.

വലിയപള്ളിയുടെ പടിഞ്ഞാറ് ഭാഗത്തുള്ള വിശാലമായ മൈതാനം കേന്ദ്രീകരിച്ച് കുരുമുളക്, അടയ്ക്ക (കോറപ്പാക്ക്) തുടങ്ങിയ മലഞ്ചരക്ക് ഉല്പന്നങ്ങളുടെ വിപുലമായ വ്യാപാരം അടുത്തകാലം വരെ ഉണ്ടായിരുന്നു. ഈ സ്ഥലത്ത് വലിയ ഗോഡൗണുകളും മറ്റും സമീപകാലം വരെ നിലനിന്നിരുന്നു എന്ന് കാണുമ്പോൾ തുമ്പമൺ പ്രശസ്തമായ ഒരു മലഞ്ചരക്ക് കച്ചവട കേന്ദ്രമായിരുന്നു എന്നുള്ളതിന് രണ്ടു പക്ഷമില്ല.

പന്തളം രാജാവിന്റെ സൈനികരായിരുന്ന മുസ്ലീം സമുദായാംഗങ്ങളും ഇവിടെ സ്ഥിരതാമസമാക്കിയിരുന്നു എന്ന് ചരിത്രപഠനം സൂചിപ്പിക്കുന്നു. ക്രിസ്ത്യാനികൾ കച്ചവടരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ രാജ്യതലസ്ഥാനത്തിനടുത്തേക്ക് മുസ്ലിംങ്ങൾ താമസം മാറ്റി. ഇപ്പോഴും നിലനില്ക്കുന്ന മുസ്ലീം ചുവയുള്ള പല വീട്ടുപേരുകളും ഈ അഭിപ്രായത്തെ പ്രബലപ്പെടുത്തുന്നു.

1813-ൽ തിരുവിതാംകൂറിൽ റാണി ലക്ഷ്മിഭായിയുടെ ഭരണകാലത്ത് ക്രിസ്ത്യാനികളിൽ നിന്ന്3 ജഡ്ജിമാരെ നിയമിച്ചവരിൽ ഒരാളായിരുന്ന തോമസ് ജഡ്ജി, തിരുവിതാംകൂർ ഗവണ്മെന്റ് ചീഫ് എന്റമോളജിസ്റ്റ് (പരാദശാസ്ത്രം) ആയിരുന്ന ജി.റ്റി. ജോർജ്, തിരുവിതാംകൂറിലെ പ്രഥമ ബി.എ. ബിരുദധാരികളിൽ (5 പേർ) ഒരാളും3 പ്രാവശ്യം തിരുവനന്തപുരം കോർപ്പറേഷൻ മേയറും ആയിരുന്ന പി. ഗോവിന്ദൻകുട്ടി നായർ, തുമ്പമൺ - അടൂർ റോഡ് വീതി കൂട്ടി പുനർ നിർമിക്കുന്നതിനും, തുമ്പമൺ ഗവണ്മെന്റ് ആശുപത്രി സ്ഥാപിക്കുന്നതിനും ജനപങ്കാളിത്തത്തോടെ നേതൃത്വം നൽകിയ വൈദിക ശ്രേഷ്ഠൻ പി.റ്റി. ഏബ്രഹാം കത്തനാർ, ഇടക്കടവൻ വെള്ള എന്ന പേരിൽ പ്രശസ്തമായ നെൽവിത്ത് കണ്ടെത്തിയ പി. മത്തായി, ഇന്റർനാഷണൽ ഫുട്ബോൾ റഫറി റ്റി.വി. തോമസ്, ഇൻഡ്യയിലെ പ്രമുഖ സ്വകാര്യ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കമ്പിനിയായ റീ-യൂണിയൻ എഞ്ചിനീയറിംഗ് കമ്പിനിയുടെ സ്ഥാപകൻ പി.ജെ. കോശി തുടങ്ങിയവർ തുമ്പമണ്ണിന്റെ പുത്രന്മാരാണെന്ന് അഭിമാനപൂർവം പറയാം.

വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസരംഗത്ത് തുമ്പമണ്ണിനുള്ള പാരമ്പര്യം അദ്വിതീയമാണ്. 1880-ൽ വലിയപള്ളിയുടെ മുഖ്യ ചുമതലയിൽ ഒരു ആൺപള്ളിക്കൂടം (കളീക്കൽ സ്കൂൾ) സ്ഥാപിച്ചാണ് നാട്ടിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. ഈ വിദ്യാലയത്തോടനുബന്ധിച്ച് 1894-ൽ പെൺകുട്ടി

കൾക്കായി ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുകയും പിന്നീട് ഇവയോജിപ്പിച്ച് സംയുക്തമായി 1923-ൽ മലയാളം അപ്പർ പ്രൈമറി സ്കൂൾ (ഇന്നത്തെ ഗവ. യു.പി. സ്കൂൾ) പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഇക്കാലയളവിൽ തന്നെ നടുവിലേമുറി പമ്പുമഠം ഭാഗത്ത് സാൽവേഷൻ ആർമി സഭാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഒരു സ്കൂൾ പ്രവർത്തിച്ചിരുന്നു. പിന്നീട് അതിന്റെ പ്രവർത്തനം മന്ദഗതിയിലാകുകയും തുടർന്ന് നിർത്തലാക്കുകയും ചെയ്തു. ഇപ്പോൾ മുട്ടം ഭാഗത്ത് പ്രവർത്തിക്കുന്ന ഗവ. എൽ.പി. സ്കൂളിന് ഒരു നൂറ്റാണ്ടോളം പഴക്കമുണ്ട്.

1897-ൽ തുമ്പമൺ വലിയ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തുണ്ടായിരുന്ന പടിപ്പുര മാളികയിൽ പരുമല കൊച്ചുതിരുമേനിയുടെ പ്രയത്നഫലമായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ പ്രവർത്തനമാരംഭിക്കുകയും നാട്ടിൽആധുനിക വിദ്യാഭ്യാസത്തിന് അടിത്തറയിടുകയും ചെയ്തു.

പ്രസ്തുത ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ നിന്ന് ഇന്നാട്ടുകാർക്ക് ലഭിച്ച ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മൂലം ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലുള്ള തേയില, റബർ, എസ്റ്റേറ്റുകളിലെ ജോലി, വിദേശ ജോലി തുടങ്ങി സാമ്പത്തികാഭിവൃദ്ധി നേടാനാവുന്ന പല മേഖലകളിൽ എത്തിച്ചേരുന്നതിനും തത്ഫലമായി നാടിന് സുസ്ഥിരമായ ഒരു സാമ്പത്തികാടിത്തറ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽത്തന്നെ രൂപീകരിക്കുന്നതിനും സാധിച്ചു.

1901-ൽ ടി സ്കൂളിന് (ഇന്നത്തെ എം.ജി.യു.പി. സ്കൂൾ) പുതിയ കെട്ടിടം നിർമിക്കുകയും പ്രവർത്തനം അവിടേക്ക് മാറ്റുകയും ചെയ്തു. കേരളം കണ്ട ഹാസ്യ സമ്രാട്ട് ഇ.വി. കൃഷ്ണപിള്ള, പ്രശസ്ത കവിയും ഹാസ്യ സാഹിത്യകാരനുമായിരുന്ന പന്തളം കെ.പി. രാമൻപിള്ള, സി.കെ. ഹരിശ്ചന്ദ്രൻ നായർഎക്സ്.എം.എൽ.എ. തുടങ്ങി പ്രശസ്തരായ അനേകം വ്യക്തികൾ ഈ സ്കൂളിലെ പൂർവ വിദ്യാർഥികളായിരുന്നു.

യോജിപ്പിനെ തുടർന്ന് 1923-ൽ പ്രവർത്തനം നിലച്ച കളീക്കൽ സ്കൂളിന്റെ മാനേജ്മെന്റ് 1935-ൽ മലങ്കര സിറിയൻ കത്തോലിക്കാ സമുദായം ഏറ്റെടുക്കുകയും ടി സ്കൂൾ കളീക്കൽ എം.എസ്.സി.എൽ.പി. സ്കൂൾ എന്ന പേരിൽ തെരുവിൽ പുരയിടത്തിൽ സ്ഥാപിച്ച് പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു.

1949-ൽ വലിയപള്ളി ഇടവകയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സംഘടിതമായ പരിശ്രമത്തിന്റെ ഫലമായി തുമ്പമൺ എം.ജി. ഹൈസ്കൂൾ സ്ഥാപിതമായി.

1957-ൽ നരിയാപുരത്ത് (മാമ്പിലാലി) കെ.റ്റി. മത്തായിയുടെ മാനേജ്മെന്റിൽ ഒരു യു.പി. സ്കൂൾ (ഇന്നത്തെ സെ. പോൾസ് ഹൈസ്കൂൾ) പ്രവർത്തനമാരംഭിച്ചു.1982-ൽ ഇത് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. 1987-ൽ വയലിനും പടിഞ്ഞാറ് റ്റി.ഐ. ജോണിന്റെ മാനേജ്മെന്റിൽ ഒരു സി.ബി.എസ്.ഇ. (സെ. ജോൺസ് സ്കൂൾ) സ്കൂളും പ്രവർത്തനം തുടങ്ങി.

1948-ൽ മാമ്പിലാലി പബ്ലിക് ലൈബ്രറിയും, 1950 ൽ മുട്ടം പബ്ലിക് ലൈബ്രറിയും, 1978-ൽ തുമ്പമൺ ഗ്രാമപഞ്ചായത്ത് ലൈബ്രറിയും സ്ഥാപിക്കപ്പെട്ടു. പ്രസ്തുത ലൈബ്രറികൾ അനൗപചാരിക വിദ്യാഭ്യാസ രംഗത്തും, സാംസ്കാരിക രംഗത്തും വിലപ്പെട്ട സേവനമാണ് നൽകുന്നത്.

കലാസാംസ്കാരിക രംഗം

കലാ സാംസ്കാരിക രംഗത്തും ചരിത്രം കുറിക്കാൻ തുമ്പമണ്ണിന് കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശമായതിനാൽ ക്രിസ്ത്യാനികളുടെ അനുഷ്ഠാന കലകളായ മാർഗംകളി, പരിചമുട്ടുകളി, റമ്പാൻപാട്ട് തുടങ്ങിയവ പഴയകാലത്ത് ഇവിടെ പ്രചാരത്തിലായിരുന്നു. മാർഗംകളി പ്രചരിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനുമായി ഈ നാട്ടിൽ നിന്ന് പ്രശസ്തരായ കളിയാശാന്മാർ സമീപസ്ഥലങ്ങളിൽ പോയി നേതൃത്വം നൽകിയിട്ടുണ്ടെന്ന് പഴമ പരിചയമുള്ളവർ അഭിപ്രായപ്പെടുന്നു.

മലയാള സാഹിത്യത്തറവാട്ടിലെ അറിയപ്പെടുന്ന കവിയും വിനോദ സാഹിത്യകാരനുമായ പന്തളം കെ.പി. ഈ ഗ്രാമത്തിന്റെ സാംസ്കാരിക രംഗത്ത് നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു. ഇരുപത് വർഷത്തോളം കേരളത്തിലെ പ്രമുഖ വാരികകളിൽ നിരന്തരമായി ഹാസ്യലേഖനങ്ങൾ എഴുതിയിരുന്ന പന്തളം കെ.പി. ഇരുനൂറോളം ഹാസ്യലേഖനങ്ങളും,

നൂറോളം കവിതകളും എഴുതിയിട്ടുണ്ട്. ഇദ്ദേഹം രചിച്ച "അഖിലാണ്ഡമണ്ഡല മണിയിച്ചൊരുക്കി അതിനുള്ളിലാനന്ദ ദീപം കൊളുത്തി" എന്ന പ്രസിദ്ധമായ പ്രാർഥനാ ഗാനം കേരളത്തിലെ എല്ലാ സ്കൂളുകളിലും പ്രാർഥനാ ഗീതമാക്കുവാൻ സർക്കാർ പ്രത്യേക ഉത്തരവിറക്കിയതും ഇത് പ്രഭാതഗീതമായി ആറുമാസം ആകാശവാണി പ്രക്ഷേപണം ചെയ്തതും പ്രത്യേകം പ്രസ്താവ്യമാണ്.

മലയാള നാടക രംഗത്തും, ആദ്യകാല സിനിമാ രംഗത്തും തനതായ വ്യക്തിത്വം നിലനിർത്തിയ തുമ്പമൺ പത്മനാഭൻകുട്ടി ഈ നാടിന്റെ അഭിമാനമാണ്. "ഓച്ചിറ പരബ്രഹ്മോദയ നടന കലാസമിതി"യിലെ പ്രതിഭാധനനായ നടനായിരുന്ന അദ്ദേഹം "ഇരവിക്കുട്ടിപ്പിള്ള പടത്തലവൻ", "ഉമയമ്മറാണി", "കരുണ", "നാളത്തെ നാദം", "സമരാന്ത്യം", "ടാജ്മഹൽ" തുടങ്ങിയ ചരിത്ര-സാമൂഹ്യ നാടകങ്ങളിൽ കൂടി അഭിനയ പാടവം തെളിയിച്ചു കൊണ്ട് കേരളം മുഴുവൻ പ്രശസ്തനായി.

മലയാളത്തിലെ ആദ്യകാല സിനിമകളായ "ശശിധരൻ. ബി.എ.", "കേരളകേസരി" തുടങ്ങിയവയിൽ പ്രധാന റോളുകളിൽ അഭിനയിച്ച അദ്ദേഹം ഒരു അനുഗൃഹീത ഗാന രചയിതാവ് കൂടിയായിരുന്നു.

ദേശീയപ്രസ്ഥാനം

ദേശീയ സ്വാതന്ത്ര്യസമരത്തിന് ധീരോജ്ജ്വല നേതൃത്വം നൽകിയ ഏതാനും ചിലരെ സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്.

"ജയ ജയ പാവന ഭാരതമാതേ ജയ ജയ സകല സുരാശ്രയ ഭൂവേ" എന്നാരംഭിക്കുന്ന ഭാരതഗാനം രചിച്ച് ദേശീയ സ്വാതന്ത്ര്യസമരത്തിന് ആവേശം പകർന്ന പന്തളം കെ.പി. രാമൻപിള്ളയാണ് അവരിൽ പ്രഥമ ഗണനീയൻ.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്വാതന്ത്ര്യസമരം പ്രഖ്യാപിക്കുകയും കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പിരിച്ചുവിട്ട് സമര സമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തപ്പോൾ എട്ടാമത്തെ സമര പ്രസിഡന്റായി (ഡിക്റ്റേറ്റർ) സധീരം നേതൃത്വം നൽകിയ മീനാക്ഷിയമ്മയും (പന്തളം കെ.പി.യുടെ പത്നി) ദേശീയ സ്വാതന്ത്ര്യസമരത്തിന് കരുത്തു പകർന്നവരാണ്.

സ്വാതന്ത്ര്യ സമരത്തിൽ ത്യാഗോജ്ജ്വലമായ പങ്കുവഹിച്ച് ഇന്ത്യാ ഗവണ്മെന്റിന്റെ താമ്രപത്രം നേടിയ കക്കാട്ട് കെ.കെ. ഗോവിന്ദനും സ്മരണീയനാണ്.

സ്വാതന്ത്ര്യസമരകാലത്ത് വിദ്യാർഥി നേതാവായി സർ. സി.പി.യുടെ അടിച്ചമർത്തലിൽ പീഡനം നേരിടുകയും തുടർന്ന് അവിഭക്ത ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ആലപ്പുഴ ജില്ലാ സെക്രട്ടറിയും, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവുമായിരിക്കെ അകാലനിര്യാണം പ്രാപിച്ച റ്റി.പി. കോശിക്കുഞ്ഞും ശ്രദ്ധേയനായ സ്വാതന്ത്ര്യസമര സേനാനിയായിരുന്നു.

ഇങ്ങനെ ഒറ്റപ്പെട്ട ചില വ്യക്തികളും, സംഭവങ്ങളും ഒഴികെ ദേശീയ സ്വാതന്ത്ര്യസമരം പോലെയുള്ള ജനകീയ മുന്നേറ്റങ്ങളിലും, സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളിലും തുമ്പമൺ നിവാസികളുടെ പങ്കാളിത്തം തുലോം കുറവായിരുന്നു. പ്രധാനമായും കച്ചവടകേന്ദ്രമായിരുന്നതിനാൽ (Trade centre) സംഘടിത തൊഴിലാളി മുന്നേറ്റങ്ങളുടെ ചരിത്രവും അവകാശപ്പെടാനില്ല.

പഞ്ചായത്ത്

തുമ്പമൺ ഗ്രാമപഞ്ചായത്ത് രൂപം കൊണ്ടത് പന്തളം തെക്കേക്കര, തോന്നല്ലൂർ വില്ലേജ് യൂണിയനുകളിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ ചേർന്നതാണ്.

തിരു-കൊച്ചി സംസ്ഥാനത്ത് നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ (1953 ആഗസ്റ്റ്) തുമ്പമൺ പഞ്ചായത്തിൽ റ്റി.റ്റി. ജേക്കബ് (റിട്ട. മജിസ്ട്രേറ്റ്) പ്രസിഡന്റായും, കെ.പി. നാരായണപിള്ള വൈസ് പ്രസിഡന്റായും, കെ.സി. നൈനാൻ, റ്റി.കെ. മാത്യു, റ്റി.സി. മാത്തുക്കുട്ടി, കെ.റ്റി. തോമസ്, സി.ആർ. കുഞ്ഞുകുഞ്ഞ് എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി നിലവിൽ വന്നു.

തുമ്പമൺ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയുടെ പ്രഥമ സമ്മേളനം 1953 ആഗസ്റ്റ് 15ന് ഉതലക്കുഴി കെട്ടിടത്തിൽ (ഇപ്പോൾ എം.ജി. ഓഡിറ്റോറിയം നിൽക്കുന്ന സ്ഥലം) വച്ച് കൂടി.

പ്രഥമ പ്രസിഡന്റ് റ്റി.റ്റി. ജേക്കബ് രാജിവച്ച ഒഴിവിൽ, (1956 ജനുവരി മുതൽ) റ്റി.സി. മാത്തുക്കുട്ടി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മാമ്പിലാലി വാർഡിനെ പ്രതിനിധീകരിച്ച കെ.സി. നൈനാൻ രാജിവച്ച ഒഴിവിൽ (1955 ഡിസംബർ മുതൽ) കെ.എസ്. ജോഷ്വാ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. കെ.എസ്. ജോഷ്വാ ഉദ്യോഗാർഥം രാജിവച്ചതിനാൽ (1957 ഒക്ടോബർ മുതൽ) പി.കെ. സുകുമാരൻ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. ആദ്യ ഭരണസമിതി 1962 വരെ ഭരണം നടത്തി.

കേരള സംസ്ഥാനം രൂപീകൃതമായതിനെ തുടർന്ന് 1963-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ റ്റി.ഒ. ജോൺ (പ്രസിഡന്റ്) എസ്. രാമൻപിള്ള (വൈസ് പ്രസിഡന്റ്), റ്റി.കെ. കോശി, തോമസ് മാത്യു, പി.കെ. ബാലകൃഷ്ണൻ, പി.എസ്. ജോർജ്, ആർ. അയ്യപ്പൻ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി നിലവിൽ വന്നു.

വനിതാ മെമ്പർ തെരഞ്ഞെടുക്കപ്പെടാതിരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി (1964 ജനുവരി) നോമിനേഷൻ മൂലം മേരിതോമസിനെ വനിതാ മെമ്പറായി അംഗീകരിച്ച് നോമിനേറ്റ് ചെയ്തു. പി.കെ. ബാലകൃഷ്ണൻ രാജി വച്ചതിനാൽ (1965 ഓഗസ്റ്റ് മുതൽ) മാത്യു ജോർജും എസ്. രാമൻപിള്ള രാജി വച്ചതിനാൽ (1966 നവംബർ മുതൽ) റ്റി.സി. മാത്തുക്കുട്ടിയും മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടു. നോമിനേറ്റഡ് വനിതാമെമ്പർ മേരിതോമസ് രാജി വച്ചതിനാൽ പഞ്ചായത്ത് കമ്മിറ്റി (1967 മെയ്) കുഞ്ഞമ്മ തോമസിനെ വനിതാ മെമ്പറായി അംഗീകരിച്ച് നോമിനേറ്റ് ചെയ്തു. എസ്. രാമൻപിള്ള വൈസ്പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞതിനാൽ (1967 മെയ് മുതൽ) മാത്യു ജോർജ് വൈസ്പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തെ പഞ്ചായത്ത് കമ്മിറ്റികളുടെ കാലാവധി സർക്കാർ നീട്ടിയതിനെതുടർന്ന് ഈ കമ്മിറ്റി 14 വർഷക്കാലം അധികാരത്തിലിരുന്നു.

1979-ൽ നടന്ന തെരഞ്ഞെടുപ്പിൽ 8 അംഗ കമ്മിറ്റി നിലവിൽ വന്നു. റ്റി.ജെ. കോശി (പ്രസിഡന്റ്), റ്റി.ഐ. കോശി (വൈസ് പ്രസിഡന്റ്), ചാക്കോ തോമസ്, കെ.കെ. കരുണാകരൻ, രവീന്ദ്രനാഥൻ നായർ, വി.ഇ. കോശി, എൻ.കെ. ഗീവർഗീസ്, കുഞ്ഞമ്മ ജോൺ എന്നിവർ ഉൾപ്പെട്ട ഈ ഭരണസമിതി 1985 വരെ അധികാരത്തിൽ തുടർന്നു.

1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ തോമസ് ചാക്കോ (പ്രസിഡന്റ്), തോമസ് കോശി താവളത്തിൽ (വൈസ് പ്രസിഡന്റ്), കെ.കെ. ചെല്ലപ്പൻ, സാറാമ്മ ഇടിക്കുള, കെ.ജി. മത്തായി, യോഹന്നാൻ ജോർജ്, കെ.കെ. തോമസ്, കുഞ്ഞമ്മ ജോൺ എന്നിവരുൾപ്പെട്ട കമ്മിറ്റിയാണ് പഞ്ചായത്തിന്റെ ഭരണസാരഥ്യമേറ്റെടുത്തത്.

തോമസ്ചാക്കോ ഉദ്യോഗാർഥം രാജിവച്ചതിനാൽ, (1989 മുതൽ) പ്രസിഡന്റായി തോമസ് കോശി താവളത്തിലും, വൈസ് പ്രസിഡന്റായി കുഞ്ഞമ്മ ജോണും സേവനമനുഷ്ഠിച്ചു.

പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതിനെ തുടർന്ന് 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ മഠത്തിൽ കെ. കൃഷ്ണപിള്ള (പ്രസിഡന്റ്), ഏലിയാമ്മ ജോൺ (വൈസ് പ്രസിഡന്റ്), കോശി മാത്യു (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ), ശിവദാസൻ അയ്യപ്പൻ, ഓമന ഉമ്മൻ, തോമസ് റ്റി. വർഗീസ്, ബിജു ഗീവർഗീസ്, വൽസലാ പ്രസാദ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റി നിലവിൽ വന്നു.

1995 ഒക്ടോബർ 2ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത ഈ കമ്മിറ്റിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

തുമ്പമൺ പഞ്ചായത്ത് നിലവിൽ വന്ന ശേഷം പഞ്ചായത്ത് ആഫീസ് പ്രവർത്തിച്ചിരുന്നത് വാടകക്കെട്ടിടങ്ങളിലായിരുന്നു. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ആഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം 1968 ജൂൺ 6ന് പഞ്ചായത്ത് പ്രസിഡന്റ് റ്റി.ഒ. ജോൺ (ഒ.ജെ. തോപ്പിൽ) നടത്തുകയും പണി പൂർത്തിയാക്കി 1969 ആഗസ്റ്റ് 16ന് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രി റ്റി.കെ. ദിവാകരൻ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

നമ്മുടെ ഗ്രാമപഞ്ചായത്ത് ആദ്യകാലങ്ങളിൽ കൊല്ലം ജില്ലയിലും തുടർന്ന് ആലപ്പുഴ ജില്ല രൂപീകരിക്കപ്പെട്ടപ്പോൾ ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലും 1982 നവംബർ 1 മുതൽ പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിലുമാണ്.

1
2
3
4
5
6
7
8

4

ഭൂപ്രകൃതിയും വിഭവങ്ങളും

പത്തനംതിട്ട ജില്ല കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് കാർഷിക രംഗത്ത് ഏറ്റവും കൂടുതൽ പ്രാതിനിധ്യം ഉള്ള ഒരു ജില്ലയാണ്. ഈ ജില്ല യുടെ പടിഞ്ഞാറെ അറ്റത്തുള്ള പന്തളംഗ്രാമപഞ്ചായത്തിന്റെ കിഴക്കു ഭാഗത്താണ് തുമ്പമൺ ഗ്രാമപഞ്ചായത്ത്. വടക്ക് അച്ചൻകോവിലാറും, കിഴക്ക് വള്ളിക്കോട്ഗ്രാമപഞ്ചായത്തും, തെക്ക് പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് പന്തളം ഗ്രാമപഞ്ചായത്തും സ്ഥിതിചെയ്യുന്നു. കാലാവസ്ഥാ ടിസ്ഥാനത്തിൽ വിവിധ കാർഷിക മേഖലകളായി കേരളത്തെ തിരിച്ചിട്ടുള്ളതിൽ ആർദ്രത കൂടിയ ഉഷ്ണകാലാവസ്ഥയുള്ള ഒരു പ്രദേശമാണ് തുമ്പമൺ ഗ്രാമ പഞ്ചായത്ത്. ഭൂമിയുടെ പൊതുവായ ചരിവ് കൂടുതൽ തെക്കോട്ടാണ്. ഏറ്റവും പ്രധാ നപ്പെട്ട തോട് പഞ്ചായത്തിനു കിഴക്കു ഭാഗത്തുള്ള കല്ലിരി ക്കൽ കുളം മുതൽ താഴോട്ട് ഉറവാന്റെ കടവ്, പമ്പൂപാലം, മാവരച്ചാൽ, ഇടക്കുന്ന്, കടയ്ക്കാട്പാലം വഴി അച്ചൻകോവി ലാറ്റിൽ എത്തുന്നു. പല്ലാകുഴിവിരിപ്പ് പാടശേഖരത്തിന് വേണ്ടിയും, മാവരപ്പുഞ്ചയ്ക്ക് വേണ്ടിയും, മൈനർ ഇറിഗേ ഷൻ വകുപ്പിന്റെ കീഴിൽ 2 ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ ഉണ്ട്.



പട്ടിക - 1

താപനില

1992-1996

വർഷം	താപനില	ജനു	ഫെ	മാ	ഏ	മെ	ജൂ	ജൂലാ	ഓഗ	സെപ്	ഒക്	നവം	ഡിസം
1992	Max	36.5	36	38	37	35.5	34	35	30.5	32	33	34.5	36.5
	Min	17	20	21.5	24	23	22	22	22	22.5	22.5	22	17
1993	Max	38	36.5	37	37.5	34.5	32.5	31.5	31.5	33	33.5	34.5	36.5
	Min	16.5	17.5	20.5	22.5	23	23	22	22.5	22	22.5	22	21
1994	Max	36	35.5	36	35.5	36	32	30	34	32.5	32	35	37.5
	Min	18	21	20.5	23	22	22	22	22	22	22	23	19
1995	Max	38	37	36	36.5	36.5	33	32.5	32	32.5	34	34	37.5
	Mln	20.5	22	22	22	23.5	23	22.5	23	23	23	21	21
1996	Max	38	38	37	37	36	35	32.5	31	31	32.5	35	35
	Min	21	20.5	19	22	22.5	22	22.5	22.5	22.5	21.5	22	18

അവലംബം: സെൻട്രൽ വാട്ടർ കമ്മീഷൻ, തുമ്പമൺ

മഴയുടെ അളവ് (Measurements in mm.)

1992-1996

വർഷം	ജനു	ഫെ	മാ	ഏ	മെ	ജൂ	ജൂലാ	ഓഗ	സെപ്	ഒക്	നം	ഡിസം	ആകെ
1992	-	11	-	58	407	680	593	409.9	252.4	498.8	538.4	-	
1993	-	29.2	17.4	250.6	247	697.8	800.8	239.1	65.2	643.6	279.4	37.6	
1994	24.2	50.4	31.6	176	295.4	508.1	623.4	393	240.4	534.2	62.8	0.4	
1995	-	33.8	50.8	308	360.8	494.8	544.2	524.4	391.0	205.8	201.6	-	
1996	74	20.8	14	209	100.2	412.4	428.3	237.7	236.3	496.4	207.6	56	

അവലംബം: സെൻട്രൽ വാട്ടർ കമ്മീഷൻ, തുമ്പമൺ

ക്രമ നമ്പർ	ഭൂപ്രകൃതി	വിസ്തീർണം	ആകെ	ശതമാനം
1	കുന്നിൻ പ്രദേശങ്ങൾ		108	15
	A. ഉയർന്ന കുന്നുകളുടെ മുകൾതട്ട്	72		
	B. ചെറിയ കുന്നുകളുടെ മുകൾതട്ട്	36		
2	ചരിവുപ്രദേശങ്ങൾ		452	63
	A. കുത്തനെ ചരിവ്	58		
	B. ചെറിയ ചരിവ്	394		
3	താഴ്വരകൾ	159	159	22
		719	719	100



പഠനപരുടനം ഗ്രൂപ്പ് - 1

പടിഞ്ഞാറുനിന്ന് കിഴക്കോട്ട്


ഗ്രൂപ്പ് - 2
വടക്കുനിന്ന് തെക്കോട്ട്
ഭൂപ്രകൃതി
ഭൂഗർഭജല ലഭ്യത
ഭൂഗർഭജല ഗുണനിലവാരം
ഭൂവിനിയോഗം
ആറ്റുതീരം
സമതലം
ചെറിയകുന്ന്
സമതലം
താഴ്ന്ന പാടങ്ങൾ
ചെറിയ ചരിവ്
കുത്തനെ ചരിവ്
കുന്നിൻമണ്ട
ചെറിയ ചരിവ്
പാടശേഖരം
എക്കൽ മണ്ണ്
പശിമരാശിമണ്ണ
വെട്ടുകല്ല് കലർന്ന മണ്ണ്
ചെളിമണ്ണ്
ചെളിമണ്ണ്
ചെളിമണ്ണ്
ചെളിമണ്ണ്
ചെളിമണ്ണ്
റബർ, തെങ്ങ്
തെങ്ങ്
തെങ്ങ്, ഇടവിള റബർ
നെല്ല്
റബർ ഇടവിള
റബർ
റബർ, തെങ്ങ്
റബർ
നെല്ല്

വികസന മേഖലകളിൽ

അവലോകനം



5.1A

കൃഷിയും ജലസേചനവും

തുമ്പമൺ മധ്യതിരുവിതാംകൂറിലെ ഒരു മലഞ്ചരക്ക് വിപണന കേന്ദ്രമായിരുന്നു. പാണ്ടിനാടുമായി നേരിട്ടു വ്യാപാരം നടത്തിയിരുന്നു. കരിമ്പു കൃഷി വളരെ പുഷ്ടിപ്പെട്ടിരുന്നു. ''കടയ്ക്കാട്ടു ശർക്കര'' എന്ന ഒരു ബ്രാൻഡ് തന്നെ ഇപ്പോഴും നിലവിലുണ്ട്. നെൽകൃഷിക്കു പുറമെ പഞ്ഞപ്പുല്ല്, എള്ള്, ചാമ, മധുരക്കിഴങ്ങ്, നിലക്കടല മുതലായ കുറമ്പു കൃഷികൾ നിലങ്ങളിലും തകിടികളിലും മൺപുരയിടങ്ങളിലും നടത്തിയിരുന്നു. വിശാഖം തിരുനാൾ, തിരുവിതാംകൂറിൽ മരച്ചീനി കൃഷി പ്രചരിപ്പിച്ചപ്പോൾ മുതൽ ഇവിടെ മരച്ചീനി കൃഷി വ്യാപകമായിരുന്നു. ഇഞ്ചിപ്പുൽക്കൃഷിയും പുൽത്തൈല വ്യവസായവും അടുത്ത കാലം വരെയുണ്ടായിരുന്നു. നാണ്യവിളകളായ തെങ്ങ്, കമുക്, കുരുമുളക് മുതലായവ വളരെ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇടവിളകൾ ഒന്നിടവിട്ട വർഷങ്ങളിലായിരുന്നു ചെയ്തിരുന്നത്. എഴുപത് കൊല്ലം മുമ്പു മുതൽ തന്നെ ചെറിയ തോതിൽ ഇവിടെ റബർ കൃഷി ഉണ്ടായിരുന്നു.

കാർഷികവൃത്തി മറ്റു തൊഴിലുകളെ അപേക്ഷിച്ച് ആദായകരമല്ലാതാകയും കൃഷിയെമാത്രം ആശ്രയിച്ചു കഴിയുന്നവരുടെ ജീവിതനിലവാരം താഴുകയും ചെയ്തതോടെ പുത്തൻ തലമുറ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ വിമുഖരായി. ആകർഷകവും ആദായകരവുമായ മറ്റു തൊഴിലുകൾ തേടിയുവാക്കൾ വിദേശ നാടുകളിലേക്കും മറ്റു മേഖലകളിലേക്കും പോയതോടെ വാർഷിക വിളകളും ഹ്രസ്വകാല വിളകളും അപ്രത്യക്ഷമായി.


1
2
3
4
5
6
7
8
നെല്പാടം
കുന്നിൻ ചരിവ്

പട്ടിക - 1

കൃഷി - സ്ഥിതിവിവരം

ക്രമ നമ്പർ	വിളവ്	വിസ്തൃതി ഹെക്ടർ	ഉല്പാദന ക്ഷമത
1	നെല്ല്	132	3.25 ടൺ/ഹെക്ടർ
2	റബർ	350	2.25 ടൺ/ഹെക്ടർ
3	തെങ്ങ്	92	4250 നം/ഹെക്ടർ
4	കരിമ്പ്	30	16 ടൺ/ഹെക്ടർ
5	കമുക്	4	.5 ടൺ/ഹെക്ടർ
6	കൊക്കോ	2	.10 ടൺ/ഹെക്ടർ
7	ജാതി	.5	3 കി.ഗ്രാം/
8	പയർ	8	130 കി.ഗ്രാം/ഹെക്ടർ
9	എള്ള്	5	250 കി.ഗ്രാം/ഹെക്ടർ
10	പച്ചക്കറി	15	1 ടൺ/ഹെക്ടർ
11	വാഴ	90	7.2 ടൺ/ഹെക്ടർ
12	മരച്ചീനി	10	7.2 ടൺ/ഹെക്ടർ
13	കുരുമുളക്	15	950 കി.ഗ്രാം/ഹെക്ടർ
14	പ്ലാവ്	18	1035 നം/ഹെക്ടർ
15	കശുമാവ്	3	.615 ടൺ/ഹെക്ടർ
16	മാവ്	6	.7 ടൺ/ഹെക്ടർ
17	ഇഞ്ചി	15	.625 ടൺ/ഹെക്ടർ

(അവലംബം: പഠനപര്യടനം)

പ്രശ്നങ്ങൾ

1. സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക കാരണങ്ങളാൽ കൃഷി ആകർഷകവും അനാദായകരവുമല്ലാത്ത തൊഴിലായി അധ:പതിച്ചു.
2. മുഴുവൻ സമയ കർഷകരുടെ ജീവിത നിലവാരം മറ്റുള്ളവരെ അപേക്ഷിച്ചു വളരെ മോശമായി.
3. കാർഷിക മേഖലയിൽ ജോലിചെയ്യുവാൻ അദ്ധ്വാന ശേഷി ഉള്ള തൊഴിലാളികളുടെ അഭാവം.
4. ഭൂമി കേവലം ആസ്തിയായി കരുതുന്ന, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടു, ആകർഷകമായ വരുമാനം ഉറപ്പു വരുത്തി, നാഗരിക ശൈലിയിൽ ജീവിതം നയിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന സാമൂഹിക മാറ്റം.

സാധ്യതകൾ പരിഹാരങ്ങൾ

1. കൃഷിക്ക് ഉപയുക്തമായ ഭൂമിയിൽ50 ശതാമനം സ്ഥലത്തും റബർ കൃഷി വ്യാപിച്ചു കഴിഞ്ഞ സ്ഥിതിക്കും റബർ തോട്ടങ്ങളിൽ ഇടവിളയായി ചേന, പയർ വർഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യാൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും വേണം.

2. തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, കൊക്കോ തുടങ്ങിയ ദീർഘകാല വിളകൾ സംരക്ഷിച്ച്, വിളവ് വർധിപ്പിക്കാനുള്ള സമഗ്ര പരിപാടികൾ നടപ്പിലാക്കുക.

3. നിലവിലുള്ള വിരിപ്പ്, പുഞ്ചനിലങ്ങൾ നെൽകൃഷിക്കായിതന്നെ വിനിയോഗിക്കാൻ നിഷ്കർഷിക്കുക.

   നെൽകൃഷിയും മറ്റുള്ള ഭക്ഷ്യവിളകളും ആദായകരമാക്കാൻ പരമാവധി സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കി കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജലസേചന – ജലനിർഗമന സൗകര്യങ്ങൾ കുറ്റമറ്റതാക്കുകയും യന്ത്രവത്ക്കരണം പ്രചരിപ്പിക്കുകയും ചെയ്യുക.

4. വീട്ടുവളപ്പിൽ പച്ചക്കറി, അലങ്കാരച്ചെടികൾ, പൂച്ചെടികൾ, ഓർക്കിഡ്സ് മുതലായവ ശാസ്ത്രീയമായി കൃഷി ചെയ്യാൻ വീട്ടമ്മമാരെയും കുട്ടികളെയും സംഘടിപ്പിച്ച് പരിശീലിപ്പിക്കുകയും വേണ്ടത്ര ഉത്പാദന വിപണന സഹായങ്ങൾ നൽകുന്ന സ്ഥിരം സംവിധാനം ഉണ്ടാവുകയും ചെയ്താൽ, അഭ്യസ്തവിദ്യർ തീർച്ചയായും കാർഷിക മേഖലയിൽ സജീവമാകും.

5. ഈ പഞ്ചായത്തിലേക്കാവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ മുതലായവ ഇവിടെത്തന്നെ ഉത്പാദിപ്പിച്ച് ആവശ്യത്തിന് യഥാസമയം വിതരണം ചെയ്യാനുള്ള സ്ഥിര സംവിധാനം ഏർപ്പെടുത്തണം.

6. കാർഷികോല്പന്നങ്ങളുടെ സംഭരണ, സംസ്കരണ, വിപണന കാര്യങ്ങൾ നോക്കുന്നതിന് കർഷക സംരംഭങ്ങൾ സംഘടിപ്പിച്ചാൽ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും കൂടുതൽ പേർക്കും മാന്യമായ ജോലി ഉറപ്പുവരുത്തുന്നതിനും കഴിയും.

ഭൂമി – ഭൂവിനിയോഗം

ഈ പഞ്ചായത്തിൽ ഭൂമി നിമ്നോന്നതമായി കിടക്കുന്നു. കുന്നുകളും, അവയുടെ താഴ്വരകളിൽ നിലങ്ങളും കാണുന്നു. കുന്നുകളിൽ ചെമ്മണ്ണും ചരൽ കലർന്ന മണ്ണും; വെട്ടുകല്ലും; പാറകളും പാടങ്ങളിൽ ചെളിമണ്ണും കാണുന്നു. ചരൽ നിറഞ്ഞ മണ്ണു കാണുന്നത് കൂടുതലും കുന്നിൻ ചരിവുകളിലാണ്.

പ്രധാനമായും ജൈവവളങ്ങൾ ഉപയോഗിക്കാൻ കർഷകർ കാട്ടുന്ന വൈമനസ്യം കൃഷി ഭൂമിയുടെ ഫലഭൂയിഷ്ഠത കുറയ്ക്കുന്നു. രാസവളവും ജൈവവളവും വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കാർഷകരെ ബോധവൽക്കരിക്കണം. നമ്മുടെ നാട്ടിൽ അനുഭവപ്പെടുന്ന ജലദൗർലഭ്യം കാർഷിക മേഖലയിലുള്ള ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. ഇതിന് ഒരളവുവരെ കൃഷിക്കാർത്തന്നെ ഉത്തരവാദികളാണ്. അമിതമായ രാസവളപ്രയോഗം മൂലം തറഞ്ഞു കിടക്കുന്ന ഭൂമിയിൽ വീഴുന്ന മഴവെള്ളം താഴാതെ ഒഴുകിപ്പോകുന്നു. ഇതിനു പരിഹാരമായി അവനവന്റെ ഭൂമിയിൽ വീഴുന്ന വെള്ളം അവിടെത്തന്നെ താഴുന്നതിനു വേണ്ട ക്രമീകരണങ്ങൾ കർഷകർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ അമൂല്യമായ ജലസമ്പത്ത് എന്നേക്കുമായി നഷ്ടപ്പെടുകയും, കുടിവെള്ളം പോലും ദുർലഭമാകുന്ന അവസ്ഥയുണ്ടാകയും ചെയ്യും. ഉല്പാദനക്ഷമത കൂട്ടുന്നതിനു വേണ്ടി അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും കർഷകർക്ക് വിതരണം ചെയ്യണം.

മറ്റൊരു പ്രധാന പ്രശ്നം മണ്ണൊലിപ്പാണ്. വളക്കൂറുള്ള മേൽമണ്ണ് മഴ വെള്ളത്തോടുകൂടി ഒഴുകിപ്പോകുന്നതുമൂലം കാർഷികോല്പാദനം കുറയുന്നു. ഇതിനു പരിഹാരമായി കോണ്ടൂർ കാനകൾ നിർമിക്കുന്നതിനു വേണ്ട ഉപയോഗങ്ങളും സഹായങ്ങളും ചെയ്യുന്നതിന് മണ്ണു സംരക്ഷണ വകുപ്പിന്റെ സേവനം അടിയന്തിരമായും ലഭിക്കണം.

നെൽകൃഷി മേഖലയിൽ നമ്മുടെ പാടശേഖരത്തിന് ആവശ്യമായ രീതിയിലുള്ള യന്ത്രവല്ക്കരണം ഏർപെടുത്തണം. നടീൽ വസ്തുക്കൾ, കാർഷിക യന്ത്രങ്ങൾ, ഉല്പന്നങ്ങൾ മുത

ലായവ കൈകാര്യം ചെയ്യാൻ ഇപ്പോൾ മനുഷ്യശക്തിയാണ് ആശ്രയിക്കുന്നത്. ഇതു വളരെ നാൾ തുടരുവാൻ സാധ്യമല്ല. അതിനാൽ പാടശേഖരങ്ങളുടെ വശങ്ങളിൽകൂടി നിലങ്ങളിൽ ചെന്നെത്താനും യന്ത്ര സാമഗ്രികൾ പാടങ്ങളിൽ എത്തിക്കുന്നതിനും ഫാം റോഡുകൾ ഉണ്ടാക്കണം.

ഈ പഞ്ചായത്തിൽ കൂടുതലായി തരിശു ഭൂമികൾ കാണുന്നില്ല. ഉള്ളത് മുഴുക്കോട്ടുള്ള ഗ്രാമപഞ്ചായത്തുവക 5/4 ഏക്കർ ഭൂമിയും, താമരക്കുളം ഏലായും, ഉറവിന്റെ കടവിനു മേൽഭാഗത്ത് തോക്കത്തിൽപടി ഏലായും താഴ്ഭാഗത്തുള്ള ആറടി ഏലായുമാണ്. ഈ തരിശു ഭൂമികൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

കർഷക സംരംഭങ്ങൾ

നിലവിലുള്ള പാടശേഖര കമ്മിറ്റികളും മറ്റു കർഷക സമിതികളും താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു. ഈ സമിതികൾക്ക് പ്രത്യേകിച്ച് അധികാരങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ വേണ്ടവിധത്തിൽ അംഗീകരിച്ചു കാണുന്നില്ല. സബ്സിഡി അനുവദിപ്പിക്കാനും വെള്ളം തുറന്നു വിടാനുമുള്ള ആ സംവിധാനം മാത്രമായി ഇത് മാറിയിരിക്കുന്നു. വിളവിറക്കുന്നതു മുതൽ വിളവെടുപ്പുവരെ ഈ കമ്മിറ്റികൾക്കു ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. അതിനായി ഇവകൾക്കും ഔപചാരിക അധികാരങ്ങൾ നൽകണം. കേരവികസന സമിതിയും പാടശേഖര/കരിമ്പുല്പാദക കമ്മിറ്റികളും സഹകരണ മേഖലയിൽ എങ്ങനെ ഫലപ്രദമാക്കാം എന്നു പരിശോധിക്കണം.

പട്ടിക - 2
കർഷക സമിതികൾ

	സമിതി	വിള
1.	പല്ലാകുഴി പാടശേഖര സമിതി	നെല്ല്
2.	മാവര എ. പാടശേഖര സമിതി	നെല്ല്
3.	മാവര ബി. പാടശേഖര സമിതി	നെല്ല്
4.	മാവരക്കോട് മുണ്ടുകൽ ഗ്രൂപ്പ് ഫാമിംഗ് സമിതി	നെല്ല്
5.	കരിമ്പ് ഉല്പാദക സമിതി	കരിമ്പ്
6.	കേരവികസന സമിതി	തെങ്ങ്

മണ്ണ് മരിക്കുന്നുവോ?

വളം ഉപയോഗത്തെപ്പറ്റി പല ഭിന്ന അഭിപ്രായങ്ങളും ഉണ്ട്. പഴയകാലത്ത് രാസവളത്തിനു പകരം ചാണകം, ചാരം, പച്ചില, കറിയുപ്പ്, കൊഞ്ചുപൊടി, ചാളപ്പൊടി മുതലായവ ജൈവവളങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്നു. കൂടുതൽ വിളവിനുള്ള സാധ്യതയും കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യവും കർഷകരെ ജൈവവളത്തിൽ നിന്നും രാസവളത്തിലേക്ക് തിരിച്ചുവിട്ടു. ഫലമോ കൃഷിഭൂമിയുടെ മരണവും. പുതുതായി നടപ്പിൽ വന്ന ജൈവാണുവള രീതിയും ജൈവവളവും രാസവളവും സംയോജിപ്പിച്ചുകൊണ്ടുള്ള കൃഷി രീതിയും അവലംബിക്കുവാൻ കർഷകരെ പ്രേരിപ്പിക്കണം.

ഈ പഞ്ചായത്തിൽ വളം വില്പനക്ക് രണ്ട് സ്വകാര്യ ഏജൻസികളും ഒരു സഹകരണ സ്ഥാപനവും ഉണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ രാസവളം വിതരണം ചെയ്തതിന്റെ കണക്ക് താഴെക്കൊടുക്കുന്നു.

പട്ടിക

സ്ഥാപനം	വർഷം		വർഷം		വർഷം	
	93 - 94		94 - 95		95 - 96	
	വളം	കീടനാശിനി	വളം	കീടനാശിനി	വളം	കീടനാശിനി
സഹകരണം	21000 കി.ഗ്രാം	90 കി.ഗ്രാം	20000 കി.ഗ്രാം	95 കി.ഗ്രാം	22500 കി.ഗ്രാം	130 കി.ഗ്രാം
സ്വകാര്യം	16000 കി.ഗ്രാം		17000 കി.ഗ്രാം	3 കി.ഗ്രാം	19000 കി.ഗ്രാം	7 കി.ഗ്രാം

മരം ഒരുവരം

പച്ചിലവളത്തിന്റെ ആവശ്യകതലാക്കാക്കി പച്ചിലവളം ലഭിക്കുന്നതിനുള്ള മരങ്ങൾ നട്ടുവളർത്താൻ വിമുഖത കാണിക്കുന്നവരാണ് നാം. കൂടാതെ വ്യാപകമായി മരംമുറിച്ചു മാറ്റുന്നു. മണ്ണിന്റെ മുകൾ പരപ്പിലെ വേരു പടലങ്ങൾ ഭൂഗർഭജലശേഖരണത്തിനു പ്രധാന പങ്കു വഹിക്കുന്നു. മുകൾപ്പരപ്പിലെ വേരുപടലം നശിക്കുന്നത് മണ്ണൊലിപ്പിനു കാരണമാകുന്നു. ഇങ്ങനെ വ്യാപകമായ മരംമുറിച്ചു മാറ്റൽ തുടർന്നാൽ ഉണ്ടാകാവുന്ന ഭീകരാവസ്ഥയെപ്പറ്റി ചിന്തിക്കുക കൂടിവയ്യ. ഒരു മരം മുറിച്ചു മാറ്റപ്പെട്ടാൽ തൽസ്ഥാനത്ത് അഞ്ചുമരമെങ്കിലും വച്ചുപിടിപ്പിക്കാൻ വേണ്ട ബോധവൽക്കരണം നടത്തണം. തരിശുഭൂമികൾ വ്യക്തിയുടെതാണെങ്കിലും സർക്കാരിന്റെതാണെങ്കിലും ശരി, മരങ്ങൾ വച്ചു പിടിപ്പിക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ നമ്മുടെ നാടിനു പറ്റിയതും നശിച്ചുകൊണ്ടിരിക്കുന്നതുമായ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണം.

കാർഷിക ബന്ധങ്ങൾ

പഞ്ചായത്തിൽ വൻകിട ഭൂ ഉടമകൾ ഇല്ല. കൈവശ ഭൂമിയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക

വിസ്തീർണം	ഉടമകൾ എണ്ണം
2 ഹെക്ടറിൽ കൂടുതൽ	15
1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ	80
0.4 ഹെക്ടർ മുതൽ 1 ഹെക്ടർ വരെ	580
0.2 ഹെക്ടർ മുതൽ 0.4 ഹെക്ടർ വരെ	1125
0.2 ഹെക്ടർ വരെ	1155

മിക്കവാറും കരഭൂമികൾ റബർ തോട്ടങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. ആദ്യവർഷങ്ങളിലെ ജോലി കഴിഞ്ഞാൽ വലിയ ആവർത്തന ജോലി വരാത്തതും റബറിന് ഇപ്പോൾ ലഭിക്കുന്ന വിലയും കർഷകരെ ഈ മേഖലയിലേക്കും ആകർഷിക്കുന്നു. ബാക്കി ഉള്ള ഭൂമിയിൽ ചെറുകിട കർഷകർ സ്വയം പണി എടുക്കുന്നു. കർഷകതൊഴിലാളികൾ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 3% വരുമെന്നു കണക്കാക്കുന്നു.

കൂലി സേവന വ്യവസ്ഥകൾ

കർഷകതൊഴിലാളികളുടെ ഈ പഞ്ചായത്തിലെ കൂലി നിരക്കുകൾ സർക്കാരിന്റെ പ്രഖ്യാപിത നിരക്കിനെക്കാൾ കൂടുതലാണ്. ഇപ്പോഴത്തെ നിരക്കും താഴെപ്പറയുന്നു.

ഇനം	കൂലി	
	പുരുഷൻ	സ്ത്രീ
	രൂ.	രൂ.
നെൽകൃഷി	100	60
കരകൃഷി	80 - 100	50 - 60
ഉഴവ് കാള	175 - 200	
കൊയ്ത്ത് - മെതി	7ന് ഒന്നുപതം, പതത്തിന്റെ നാലിൽ ഒന്ന് തീർപ്പ്	
തെങ്ങുകയറ്റം	2 - 3	
റബർ ടാപ്പിംഗ്	25/100 മരം	
മരുന്നു തളി	8/സിലിണ്ടർ	
നെല്ലു ചുമട്	6 പറയുടെ ഒരു ചുമടിന് 5 ഇടങ്ങഴി നെല്ല്	
കച്ചി ചുമട്	25/ചുമട്	

ഇതിൽ ആദ്യത്തെ മൂന്ന് ഇനവും ചെയ്യുന്ന ജോലിയുടെ അളവിനെ അടിസ്ഥാനപ്പെടുത്തിയല്ല കൂലി നിശ്ചയിച്ചിരിക്കുന്നത്. ജോലിയുടെ അളവ് അനുസരിച്ച് കൂലി നിജപ്പെടുത്തണം. തൊഴിലാളി കൂലി കൂടുതൽ ആവശ്യപ്പെടുന്നതോടൊപ്പം കൃഷിക്കാരന് അതിനുള്ള സേവനവും ലഭിക്കേണ്ടത് കൃഷിയെ നിലനിർത്തുന്നതിന് ആവശ്യം ആണ്.

ഉല്പന്നവിലയും വിപണനവും

വിപണന സൗകര്യങ്ങളുടെയും മാർഗങ്ങളുടെയും

കുറവു കൊണ്ട് ഇവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് താരതമ്യേന വളരെ കുറഞ്ഞ വിലയാണ് ലഭിക്കുന്നത്. പ്രധാന ഉല്പന്നമായ റബർ വിറ്റഴിക്കുവാൻ പന്തളം റബർ മാർക്കറ്റിംഗ് സൊസൈറ്റിവരെ പോകേണ്ടിവരുന്നു. ഇടത്തട്ടുകാരുടെ ഇടപെടൽ മൂലം ഉല്പന്നങ്ങൾക്കും വളരെ വിലയിടിയുന്നു.

ചില മൊത്തവിലകളും ചില്ലറ വിലകളും

ഉല്പന്നം	മൊത്തവില രൂപ	ചില്ലറവില രൂപ
തേങ്ങ	600/100	10 - 12/each
മരച്ചീനി	225/100 കി.ഗ്രാം	4/കി.ഗ്രാം
വെട്ടുചേമ്പ്	75/11 കി.ഗ്രാം	16/കി.ഗ്രാം
ചെറുചേമ്പ്	45/11 കി.ഗ്രാം	12/കി.ഗ്രാം
നെല്ല്	550/ക്വിന്റൽ	
	അരി 67 കി.ഗ്രാം	12.50/കി.ഗ്രാം (അരി)
ഇഞ്ചി	80/11 കി.ഗ്രാം	12/കി.ഗ്രാം

സാമ്പത്തിക സ്ഥാപനങ്ങളും കൃഷിക്കാരും

ഇവിടെ പ്രവർത്തിക്കുന്ന ബാങ്കുകൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2. സർവീസ് സഹകരണ ബാങ്ക്
3. കാത്തലിക് സിറിയൻ ബാങ്ക് എക്സ്റ്റൻഷൻ കൗണ്ടർ

മുകളിൽ സൂചിപ്പിച്ച ഒന്നാമത്തെ ബാങ്ക് വർഷം തോറും കാർഷിക മേഖലയിൽ കൊടുക്കാവുന്ന വായ്പയുടെ ലക്ഷ്യം തികക്കുന്നുണ്ട്. സർവീസ് സഹകരണ ബാങ്കിന് കാർഷിക പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ആസ്തി ഇല്ലാ എങ്കിൽപോലും ജില്ലാ സഹകരണ ബാങ്കിന്റെ സഹായത്താൽ കർഷകർക്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കാത്തലിക് സിറിയൻ ബാങ്കിന്റെ എക്സ്റ്റൻഷൻ കൗണ്ടറിൽ നിന്നും ഇപ്പോൾ ലോൺ കൊടുക്കുന്നില്ല. കർഷകരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ബാങ്കുകാർ കൂടുതൽ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

പട്ടിക - 3

കാർഷിക ഉപകരണങ്ങൾ

ഇനം	എണ്ണം
ട്രാക്ടർ	ഇല്ല
ട്രില്ലർ	4
നാടൻ കലപ്പ	11
റോക്കർ സ്പ്രേയർ	3
നാപ്സ്റ്റാക്	8
മെതിയന്ത്രം	ഇല്ല
തെങ്ങുകയറ്റ യന്ത്രം	1
പോർട്ടെബിൽ പമ്പ്	11

(അവലംബം: ഗ്രാമസഭാ റിപ്പോർട്ട്)

കേരവികസനം

പരമദയനീയം ആണ് ഇവിടുത്തെ നാളികേര കൃഷി. സീസണിൽ പോലുമുള്ള നാളീകേരക്ഷാമം ഇതിന്റെ കൃഷി പുരോഗമിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും വിരൽ ചൂണ്ടുന്നു. ഗ്രാമസഭകളിൽ കേരവികസനത്തിനായി ഉയർന്നു വന്ന അഭിപ്രായങ്ങൾ.

1. കേടുവന്നതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി മേൽ തരം ഉല്പാദനക്ഷമത കൂടിയ തൈകൾ വച്ചു പിടിപ്പിക്കുക.
2. മഗ്നീഷ്യവും ബോറോണും ഇവിടുത്തെ മണ്ണിൽ വളരെ കുറഞ്ഞ അളവിൽ കാണുന്നതു മൂലം ഇവ അടങ്ങിയ വളം സബ്സിഡി നിരക്കിൽ ആവശ്യത്തിനു വിതരണം ചെയ്യുക.
3. ജലസേചന സൗകര്യം കൂടുന്നതിനായി കിണറുകൾ കുഴിക്കുക, ഉള്ളവ പുതുക്കുക, പമ്പുസെറ്റുകൾ സ്ഥാപിക്കുക, ജലസേചനം നടപ്പാക്കുക എന്നിവയ്ക്കും സബ്സിഡിയും ദീർഘകാല വായ്പയും അനുവദിക്കുക.
4. പുരയിട കൃഷി തെങ്ങിൻ തോട്ടത്തിൽ വ്യാപിപ്പിക്കുക.
5. കീടനാശിനി പ്രയോഗം സംയോജിത രീതിയിൽ നടപ്പാക്കുക.
6. കേരകൃഷി വികസനത്തിനുള്ള സാമ്പത്തിക സൗജന്യങ്ങൾ യഥാർത്ഥ കർഷകനു തന്നെ ചെന്നെത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് ആയതിന്റെ പ്രവർത്തനത്തിൽ കേരവികസന സമിതിയെ ഉൾപ്പെടുത്തുക.

കൃഷിഭവൻ

പഞ്ചായത്തിലെ കൃഷിയുടെ സമഗ്ര വികസനം ലഭ്യമാക്കിയാണ് കൃഷിഭവൻ സ്ഥാപിച്ചിരിക്കുന്നത്. തുമ്പമൺ പഞ്ചായത്തിലും1987-88 കാലഘട്ടത്തിൽ കൃഷിഭവന്റെ പ്രവർത്തനം ആരംഭിച്ചു. ഒരു കൃഷി ആഫീസറും മറ്റു ജീവനക്കാരുമുണ്ട്. ഇപ്പോൾ തൊട്ടടുത്ത പഞ്ചായത്തിന്റെ അധിക ചുമതലകൂടി കൊടുത്തിരിക്കുന്നു. കല്ലട ഇറിഗേഷന്റെ ജലസേചന ക്രമീകരണങ്ങൾക്കായി നിർദേശിക്കപ്പെട്ട കൃഷി ഭവനുകളിൽ ഒന്നാണിത്. എന്നാൽ ജലസേചനവുമായി യാതൊരു ബന്ധവും ഈ ആഫീസിനില്ല. കൃഷിഭവന്റെ പ്രവർത്തനങ്ങളെപ്പറ്റി വ്യാപകമായ പരാതികൾ ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുണ്ട്. സബ്സിഡി നിരക്കിലുള്ള വളം വിതരണം, സഹായധന വിതരണം, ഫലവൃക്ഷത്തൈകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിനായി ആഫീസ് പ്രവർത്തിപ്പിക്കുകയാണ് ഇപ്പോൾ. കൃഷിയും കൃഷിഭൂമിയുമായി പറയത്തക്ക ബന്ധമൊന്നുമില്ല. യഥാസമയം കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷിക്കാർക്കാവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകുക എന്ന കാർഷിക സാങ്കേതിക പ്രവർത്തനം കൃഷിഭവൻ നടത്തുന്നില്ല.

കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ നിലവാരം കുറഞ്ഞവയാണ്. നമ്മുടെ കാലാവസ്ഥയ്ക്കും പാരമ്പര്യത്തിനും യോജിക്കാത്ത സമയത്താണ് ഇവ വിതരണം ചെയ്യുന്നത്. തെങ്ങ്, കുരുമുളക്, വാഴ തുടങ്ങിയവയുടെയെല്ലാം വിതരണം ഇതിനുദാഹരണമാണ്. നെല്ലു ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഈ പ്രദേശത്തെത്തിക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ടോ എന്ന കാര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്. പഞ്ചായത്ത് രാജ് നിയമപ്രകാരം കൃഷിഭവൻ പഞ്ചായത്തിന്റെ അധീനതയിലാണെങ്കിലും പ്രായോഗികതലത്തിലെത്തിയിട്ടില്ല. പഞ്ചായത്തിന്റെ മേൽ നോട്ടത്തിലുള്ള ഉദ്യോഗസ്ഥന്മാരടങ്ങുന്ന ജനകീയ കമ്മിറ്റികൾ പഞ്ചായത്തിലെ കൃഷിയുടെ മേൽനോട്ടം വഹിക്കുന്ന തരത്തിൽ കാർഷിക പ്രവർത്തനം പുന:ക്രമീകരിക്കണം.

നിർദേശങ്ങൾ

1. കൃഷിഭവന്റെ പ്രവർത്തനം ആഫീസിൽ നിന്ന് കൃഷിയിടങ്ങളിലേക്ക് മാറ്റുക.
2. ശാസ്ത്രിയവും സത്യസന്ധവുമായ വിധത്തിൽ മണ്ണു പരിശോധന നടത്തുക. (പരിശോധനയ്ക്ക് അയയ്ക്കുന്ന മണ്ണ് കൃഷി സ്ഥലങ്ങളിലേക്കു തന്നെ ആകണം).

3. തെങ്ങുകൃഷിക്ക് സബ്സിഡി നിരക്കിൽ നൽകുന്ന വളം യഥാർഥ കേര കർഷകനു തന്നെ ലഭ്യമാക്കുന്നതിനാവശ്യമായ പരിശോധനാ നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. കേരകർഷക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. തെങ്ങിന് ആവശ്യമുള്ളത്ര വളം നൽകണം.

4. പഞ്ചായത്തിലെ കാഞ്ഞിരോട്ടും, താമരക്കുളവും, നെൽവിത്തുല്പാദന കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയും. ഇതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തും കൃഷിഭവനും നേതൃത്വം നൽകുക.

5. പട്ടാമ്പി, മങ്കൊമ്പ് തുടങ്ങിയ നെല്ലു ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ നമ്മുടെ പാടശേഖരങ്ങളിലേക്കും കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

6. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സ്ഥിതിവിവരങ്ങളും വസ്തു നിഷ്ഠവും വിശ്വാസ്യവുമായ വിധത്തിൽ ഏതു സമയത്തും കൃഷിഭവനിൽ ലഭിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുക.

7. ഓരോ മേഖലയിലുള്ള കൃഷിക്കാർക്ക് യഥാവസരം കൃഷിയുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനം നൽകുന്നതിന് കൃഷിഭവൻ നേതൃത്വം നൽകുക.

8. കാർഷിക മേഖലയിൽ യന്ത്രവല്ക്കരണം, ജൈവ സാങ്കേതിക കൃഷി രീതികൾ, ആധുനിക സംസ്കരണ സംഭരണ രീതികൾ, ഭൂസംരക്ഷണം, ജലവിനിയോഗം തുടങ്ങിയവ പ്രചരിപ്പിക്കുക.

9. സമഗ്രമായ കീടരോഗ നിവാരണ നിയന്ത്രണ നടപടികൾ സ്വീകരിക്കുക. ജൈവകീട നിയന്ത്രണ പരിപാടികൾക്ക് പ്രചാരണം നൽകുക.

10. ഹ്രസ്വ-മധ്യ-ദീർഘകാല കാർഷിക വായ്പകൾ ലഭിക്കുന്നതിനാവശ്യമായ സമയോചിതമായ (ബാങ്കിംഗ് മേഖലയിൽ) ഇടപെടൽകൃഷിഭവന്റെ ചുമതലയാക്കുക.

11. പരിശീലനവും പരിചയവും ലഭിച്ച യോഗ്യതയുള്ള സാങ്കേതിക സഹായികളും ഇതിനാവശ്യമായ സജ്ജീകരണങ്ങളും കൃഷിഭവനിലുണ്ടാകണം. ജൈവവൈവിധ്യവും കൃഷി വൈദഗ്ധ്യ പോഷണവും, ഉല്പാദന വർധനയും ഇവയിലധിഷ്ഠിതമായ വ്യവസായ വളർച്ചയും നേടാനുതകുന്ന കാർഷിക സംസ്കാരം ഗ്രാമാന്തരങ്ങളിലുയർന്നു വരുന്നതിന് നേതൃത്വം നൽകാനുള്ള കരുത്ത് കൃഷിഭവനുണ്ടായേ തീരു. കേവലം ഒരു ആഫീസ് എന്നതിലുപരി കർഷകരുടെ ആശ്രയ കേന്ദ്രവും കൃഷിയുടെ ജീവാത്മാവുമായിത്തീരത്തക്ക വിധം കൃഷിഭവന്റെ പ്രവർത്തനങ്ങളെ പുന:സംഘടിപ്പിക്കണം.

12. കല്ലട ഇറിഗേഷന്റെ കീഴിലുള്ള ഈ കൃഷിഭവനാണ് ഈ പ്രദേശത്ത് വെള്ളമെത്തിക്കേണ്ട ചുമതല ഇപ്പോൾ അതു ചെയ്യുന്നില്ലെന്നു മാത്രമല്ല സബ്സിഡി വിതരണം മാത്രമാക്കി ചുരുക്കിയിരിക്കുന്നു. അതിനാൽ കൃഷിഭവൻ അതിന്റെ യഥാർഥ ജോലിയായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കെ.ഐ.പി. ജലസേചനവും ഏറ്റെടുക്കണം.

ജലസേചനം

എല്ലാ ഗ്രാമസഭകളും ജലക്ഷാമത്തെപ്പറ്റിയും ജലസേചന സൗകര്യങ്ങളുടെ കുറവുകളെപ്പറ്റിയും വ്യാപകമായ പരാതികളാണുപറഞ്ഞിരിക്കുന്നത്. ഇതിനുള്ള പരിഹാരം താഴെപ്പറയുന്നു.

a. പ്രകൃതി സമ്പത്തായ മഴവെള്ളം പാഴാകാതെ മണ്ണിലേക്ക് തന്നെ താഴ്ത്തി ഇറക്കുവാനുള്ള ശ്രമം നടത്തണം. ഇതിനായി മണ്ണു സംരക്ഷണ വകുപ്പിന്റെ സേവനം ലഭ്യമാക്കുക.

b. അച്ചൻകോവിൽ ആറിന്റെ അടിത്തട്ട് മണൽവാരൽ മൂലം താഴ്ന്നു പോകുന്നതിനാൽ ഭൂഗർഭ ജലനിരപ്പ് താഴുന്നു. ഇതിനുള്ള ഏക പ്രതിവിധി ഇപ്പോഴത്തെ മണൽവാരൽ നിരോധനം അല്ല. ഒരു പഞ്ചായത്ത് നിരോധനം ഏർപ്പെടുത്തിയാൽ മറു കരയിലുള്ള പഞ്ചായത്ത് മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കും. കൂടാതെ "കട്ടുവാരൽ" രാവും പകലും പരസ്യമായി നടക്കുന്നു. ഇതിനുള്ള പ്രതിവിധി.

1. ആറിന്റെ അടിത്തട്ടിൽ നേരത്തെ ഉണ്ടായിരുന്ന മണൽ നിരപ്പുവരെ നൂറു മീറ്റർ അകലത്തിൽ തടയണകൾ

നിർമിക്കുക.

2. മണൽ വന്നു നിറയുന്നതുവരെ ഇരു കരയിലുമുള്ള പഞ്ചായത്തുകാർ മണൽവാരൽ അനുവദിക്കാതിരിക്കുക.

3. തടയണയുടെ നിരപ്പിനു മുകളിലുള്ള മണൽവാരൽ അനുവദിക്കുക.

4. തടയണ നിരപ്പിനു താഴെയുള്ള മണൽ വാരിയാൽ കരാറുകാരനിൽ നിന്നും കനത്ത പിഴ ഈടാക്കുക.

c) കല്ലട ഇറിഗേഷൻ കനാൽ ജലം ശരിയായ വിധത്തിൽ കിട്ടുന്നതിനുള്ള സംവിധാനം ഒരുക്കുക. തുമ്പമൺ മൈനറിൽ കൂടിയുള്ള വെള്ളമൊഴുക്ക് സുഗമമാക്കുന്നതിന് കനാലുകൾ നന്നാക്കുക. വലിയ തോട്ടിൽ കനാലുകളുടെയിൽ വാട്ടർ വന്നു വീഴത്തക്കവണ്ണമാണ് ഇതിന്റെ സംവിധാനം. ഇത് മാവര പുഞ്ചയ്ക്ക് പ്രയോജനപ്പെടുന്നു. ഡിസംബർ അവസാനത്തോടു കൂടി ഈ ജലം ലഭിക്കാനുള്ള നടപടികൾ ഉണ്ടാകണം.

ഇപ്പോഴത്തെ ബഹു. ഇറിഗേഷൻ വകുപ്പു മന്ത്രി1991ൽ മാവര പാടശേഖരക്കാരുടെ നിവേദന പ്രകാരം പാടത്തിൽകൂടിയുള്ള ഒഴുക്കു തോടുകൾക്ക്, പാടത്തിൽ രണ്ടാം കൃഷി നടത്താൻ പറ്റുന്ന രീതിയിൽ വേണ്ട ജോലികൾ ചെയ്യാൻ ഉത്തരവിട്ടതാണ്. അതിൻ പ്രകാരം ഉദ്യോഗസ്ഥ ലവലിൽ പേപ്പർ പണികളും നീങ്ങി. ചുവപ്പു നാടയിൽ മുങ്ങിപ്പോയ ഈ പദ്ധതി എത്രയും വേഗം നടപ്പാക്കിയാൽ മാവരപാടത്ത് ഒരുപൂ കൂടി അധികം കൃഷി ചെയ്യാം.

കല്ലട ഇറിഗേഷനിൽപെടുത്തി അടിയന്തിരമായി ചെയ്യേണ്ട പണികൾ

a) മാവരപുഞ്ചയിൽ വള്ളോന്നിൽ ഭാഗം മുതൽ അച്ചൻകോവിലാറു വരെ 9 കി.മീ. ദൂരം രണ്ടാം കൃഷി നടത്തത്തക്കവണ്ണം തോടിന്റെ രണ്ടു വശവും ബലപ്പെടുത്തി റഗുലേറ്ററുകളും ചീപ്പുകളും പണിയുക. അടങ്കൽ 1992ലെ നിരക്കു പ്രകാരം ഉദ്ദേശം 1.1. കോടി രൂപാ

b) പറപ്പെട്ടി, കൈതക്കൽ ഏലാ മുതൽ മാവരചാൽ വരെ നാലര കിലോ മീറ്റർ തോട് രണ്ടാം കൃഷി ചെയ്യത്തക്കവിധത്തിൽ വേണ്ട പണികൾ നടത്തുക. അടങ്കൽ 40 ലക്ഷം രൂപാ

c) പെരുമ്പുളിക്കൽ മുതൽ മാവരചാൽ വരെയുള്ള പാടശേഖരത്തിന് കല്ലട വെള്ളം ഉപയോഗിക്കത്തക്കവണ്ണം പന്തളം ബ്രാഞ്ചിന്റെ 5742-ാം മീറ്ററിലോ അതിനോടടുത്തോ ഒരു ഔട്ട് ലെറ്റ് കൊടുക്കുക.

d) ഇപ്പോൾ തരിശിട്ടിരിക്കുന്ന ആറാടി പാടശേഖരത്തിൽ കൃഷിനടത്തുന്നതിന് വേണ്ട പണികൾ ചെയ്യുക.

ചെറുകിട ജലസേചന സൗകര്യങ്ങൾ

കുളങ്ങൾ 10	ചാലുകൾ 4	തോടുകൾ 13
1. കൊല്ലമൂട് 2. മൂത്തേരിക്കുഴി 3. മാന്തോടത്ത് 4. പുന്നിലത്ത് 5. നെടുങ്ങോട്ട് 6. പറന്തുവേലി 7. പല്ലാങ്കുഴി 8. പാറപ്പാട്ട് 9. മൂവക്കോട് വാലുകുളം	1. മുഴുക്കോട്ട് 2. കാഞ്ഞിരോട്ട് 3. താമരക്കുളം 4. മാവര	1. വലിയതോട് - വള്ളോന്നി ഭാഗം മുതൽ കടക്കാട് മുഴിക്കൽ വരെ 2. കട്ടിക്കുളം - കരിമ്പിലാക്കൽ കടവ് 3. നെടുങ്ങോട്ട തോട് 4. ആനാട്ടുകുഴി - കരിമ്പിലായ്ക്കൽ 5. ഇടക്കുന്ന് പി.എച്ച്. - കളത്തറ പി.എച്ച്. 6. കൊക്കോട്ടു മൂല - മാവര 7. പുന്നിലത്ത് - മാവര 8. പുന്നിലത്ത് - വലിയ ചാല് 9. പരിവംമൂട് - മാവര 10. കാഞ്ഞിരോട്ടു തോട് 11. മുണ്ടക്കൽ മുഴിയിൽ തോട് 12. ഞവരക്കൽ - മുക്കത്തുപടി 13. നല്ലേത്ത് - മാവര

മുകളിൽ പറഞ്ഞ കുളങ്ങളും ചാലുകളും സ്വമേധയാ ഒഴുകി ജലസേചനം നടത്താൻ പറ്റുന്ന വിധത്തിലുള്ളതല്ല. പ്രവർത്തനരഹിതമായി കിടക്കുന്ന പമ്പു സെറ്റുകൾ ഈ ഭാഗങ്ങളിൽ പ്രവർത്തിപ്പിക്കാം.

താഴെപ്പറയുന്ന പലകയില്ലാത്ത ചീപ്പുകൾ ഉടൻ തന്നെ പലകയിട്ട് ശരിയാക്കണം.

1. താമരക്കുളം
2. കാഞ്ഞിരോട്
3. പമ്പുപാലം അടിഭാഗം
4. നിലക്ക കൊല്ലാ
5. ഉറവാന്റെ കടവ്
6. ആറ്റുചിറയുടെ കിഴക്കു ഭാഗം
7. കുന്നമ്പള്ളിൽ ചീപ്പ്
8. കരിമ്പിലാക്കൽ ചീപ്പ്
9. കല്ലിരിക്കൽ കുളത്തിൽ നിന്നും കിഴക്കോട്ടുള്ള ഓട പാർശ്വഭിത്തി കെട്ടി ബലപ്പെടുത്തണം.

ചെറുകിട ജലസേചന വകുപ്പിൽ നിന്നും തീർത്ത പണികൾ

പ്രവൃത്തി	തുടങ്ങിയ വർഷം	പൂർത്തിയായ വർഷം	അടങ്കൽ	ഗുണഭോക്തൃ പ്രദേശം	മറ്റു വിവരങ്ങൾ
1. തുമ്പമൺ എൽ.പി. സ്കീം	-	-	-	30 ഹെക്ടർ	പണി നടക്കുന്നു
2. കൊല്ലമുട് കുളം	1993	1994	2 ലക്ഷം	20 ഹെക്ടർ	പൂർത്തിയായി
3. മുഴിക്കൽ ഭാഗം തോടിന്റെ ഇരുവശവും ബലപ്പെടുത്തുക	1993	1994	ഒന്നര ലക്ഷം	20 ഹെക്ടർ	പൂർത്തിയായി
4. പമ്പു പാലത്തിനു മുകളിലും താഴെയും പൊട്ടിയ ബണ്ടുകൾ ബലപ്പെടുത്തുക	1995		50 ഹെക്ടർ	പണി നടക്കുന്നു	

4ൽ സൂചിപ്പിച്ച പണി അടിയന്തിര പ്രാധാന്യം ഉള്ളതാണ്. കഴിഞ്ഞ വർഷം പൊട്ടിയ ഭാഗങ്ങൾ നന്നാക്കാതെ വണ്ടിചെല്ലുന്ന ഭാഗങ്ങൾ ശരിയാക്കി. ഇനിയും ലീഡ് കൂടുതൽ ഉള്ള ഭാഗം കിടക്കുന്നു. അതിന്റെ മുകളിൽ നിന്നും തള്ളൽ മാറി വരത്തക്കവണ്ണം inlet കൊടുക്കണം.

ഇപ്പോൾ അംഗീകാരം കിട്ടി ടെണ്ടർ ചെയ്ത പണികൾ

1. മുഴിക്കൽ ആറ്റു മുഖത്തു നിന്നും ഉള്ളിലേക്ക് കിഴക്കേ വശം ബണ്ടുകെട്ടി ഉറപ്പിക്കുക. അടങ്കൽ 2 ലക്ഷം രൂപ
2. ഇടപ്പാറ പുഞ്ചയിലെ പാർശ്വ ഭിത്തികൾ ബലപ്പെടുത്തുക അടങ്കൽ 2 ലക്ഷം രൂപ
3. കാഞ്ഞിരോട് ഏലായിൽ ചീപ്പും ബണ്ടും പണിയുക



അടങ്കൽ 2 ലക്ഷം രൂപ

4. തുമ്പമൺ എൽ.ഐ. സ്കീമിന്റെ മൺചാനലുകൾ ലൈൻ ചെയ്യുക അടങ്കൽ 2 ലക്ഷം രൂപ

5. തുമ്പമൺ എൽ.ഐ. സ്കീമിന്റെ പൈലറ്റ് ചാനലും പിറ്റും നന്നാക്കുക അടങ്കൽ 40000 രൂപ

6. മുഴുക്കോടു ചാലിന്റെ പുനരുദ്ധാകണം പ്രാഥമിക റിപ്പോർട്ട് അംഗീകരിച്ചു. അടങ്കൽ 17 ലക്ഷം രൂപ. ജോലികൾ കൊണ്ട് മാവര പാടശേഖരത്തിനു വേണ്ട പ്രയോജനം ലഭിക്കുകയില്ല. പാടശേഖരത്തിന്റെ നടുക്കു കൂടി പോകുന്ന പെരുംതോട് സുഗമമായ ജലനിർഗമനത്തിനു സജ്ജമാക്കിയാൽ മാത്രമെ അവിടെ രണ്ടാം കൃഷി സാധ്യമാകൂ.

ജലസേചന സൗകര്യം വർധിപ്പിക്കാൻ അത്യാവശ്യമായും ചെയ്യേണ്ട പണികൾ

1. പറപ്പെട്ടിയിൽ നിന്നും മാവരക്കു വരുന്ന തോട്ടിലും, വള്ളോന്നിൽ ഭാഗം മുതൽ അച്ചൻകോലിലാർ വരെയുള്ള ചുല ഭാഗങ്ങൾ വളരെ താണു കിടക്കുന്നതിനാൽ അവിടെ ചീപ്പുകൾ കൊടുക്കുക. ചീപ്പുകൾക്കു പലക കൊടുത്താൽ അത് പെട്ടെന്നു നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് നാട്ടിൽ കിടക്കുന്ന വസ്തുക്കൾ കൊണ്ടും (വാഴപിണ്ടി, മടൽ മുതലായവ) ബണ്ടുകൾ നിർമിക്കത്തക്കവണ്ണം നിശ്ചിത അകലത്തിൽ തൂണുകൾ കൊടുത്ത് ചീപ്പ് കെട്ടുക. ഇതു മൂലം മൺചിറ കെട്ടുന്നതിനുള്ള അദ്ധ്വാനം കുറയ്ക്കുകയും ചെയ്യാം. കൂടാതെ താഴേക്കുള്ള ഒഴുക്ക് പൂർണമായും നിയന്ത്രിക്കുന്നില്ല.

2. ഭൂവനേശ്വരം105 എച്ച്.പി. പമ്പിൽ നിന്നും ഉള്ള വെള്ളം മാവരപ്പാടത്ത് എത്തിക്കുക.

3. മുഴിക്കൽ ഭാഗം ആറ്റു മുഖത്തു നിന്നും കടയ്ക്കാടു പാലം വരെ രണ്ടു വശവും പാർശ്വ ഭിത്തികൾ കെട്ടി ബലപ്പെടുത്തുക.

4. ആറ്റിലെ ജലനിരപ്പ് ഉയർത്തുവാൻ തടയണകൾ നിർമിക്കുക.

5. എല്ലാ പാടത്തും ചെന്നെത്താൻ പാടശേഖരങ്ങൾക്കു ചുറ്റും ഗതാഗത സൗകര്യം ഒരുക്കുക.

6. മുഴുക്കോടു പാടശേഖരത്തിൽ ജലസേചന സൗകര്യത്തിനായി പടുക്കൊട്ടുക്കൽ മേലിരിക്കൽ കയത്തിൽ ഒരു പമ്പുസെറ്റും സ്ഥാപിക്കുക.

7. മുഴുക്കോട്ടു ചാൽ ചെളിയെടുത്തു താഴ്ത്തുക.

8. താമരക്കുളം, കാഞ്ഞിരോട്ടു ചാലുകൾ ചുറ്റുമുള്ള പാടശേഖരങ്ങൾക്കു പ്രയോജനപ്പെടുത്താൻ നടപടി ഉണ്ടാവുക.

9. ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കി ജലസേചനത്തിന് ഉപയോഗിക്കുക.

10. വായനശാല മുതൽ മുഴുക്കോട്ടു ചാൽ വരെയുള്ള ഓട പൂർത്തീകരിക്കുക. മണ്ണും കല്ലും ഒഴുകി മുഴുക്കോടു പാടശേഖരത്തിനു ഉണ്ടാകുന്ന നാശം ഒഴിവാക്കുക.

കൃഷി - സമഗ്ര വികസനത്തിന് ചില നിർദേശങ്ങൾ, നടപ്പാക്കാവുന്ന പദ്ധതികൾ

1. ഭൂഗർഭ ജല നിരപ്പ് ഉയർത്തുന്നതിന് ആറ്റിലും, തോടുകളിലും അവിടവിടെ തടയണകൾ നിർമിക്കുകയും (ground level cross level) മണ്ണൊലിപ്പു തടയുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.

2. ഈ പഞ്ചായത്തിന്റെ 75% ഭൂ പ്രദേശങ്ങളും വലിയ തോടിന്റെ നീർമറി പ്രദേശം ആയതുകൊണ്ട് അടിയന്തിരമായും ഇവിടം നീർമറി പ്രദേശമായി പ്രഖ്യാപിച്ച് വേണ്ട പ്രവർത്തനങ്ങൾ നടത്തുക.

3. ജലസേചന മേഖലയിൽ കാണിച്ചിരിക്കുന്ന പദ്ധതികൾ അടിയന്തിരമായും നടപ്പാക്കുക.

4. മണ്ണൊലിപ്പു തടയാൻ പദ്ധതികൾ നടപ്പാക്കുക.

5. തരിശു ഭൂമിയിൽ നാടൻ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പദ്ധതികൾ നടപ്പാക്കുക.

6. കുളങ്ങളും ചാലുകളും പരമാവധി പ്രയോജനപ്പെടുത്തുക.

7. ജനകീയ കമ്മിറ്റികൾക്കു കൊടുത്തതും ഇപ്പോൾ ഉപയോഗ ശൂന്യമായി കടിക്കുന്നതുമായ പമ്പു സെറ്റുകൾ വേണ്ട അറ്റകുറ്റപ്പണികൾ നടത്തി പുതുതായി വേണ്ട സ്ഥലങ്ങളിൽ സ്ഥാപിക്കുക.

8. കൃഷിഭവന്റെ പ്രവർത്തനം കൃഷിയുടെ വികസനത്തിന് ഉതകും വിധം പുനക്രമീകരിക്കുക.

9. ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റിക്ക് ഔപചാരികാധികാരം നൽകുക.

10. മണ്ണുപരിശോധനക്കും ഒരു സമഗ്രപദ്ധതി അടിയന്തിരമായും നടപ്പിലാക്കുക.

11. സർക്കാരിന്റെ സാമ്പത്തികാനുകൂല്യങ്ങളും മറ്റും യാഥാർഥ കർഷകനു തന്നെയാണോ കിട്ടുന്നത് എന്ന് ഉറപ്പുവരുത്തുക.

12. നല്ലയിനം നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ യഥാ സമയം കർഷകന് എത്തിച്ചു കൊടുക്കുക.

13. നെൽകൃഷിക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വൈദ്യുതി സൗജന്യം മറ്റു വിളകൾക്കു കൂടി വ്യാപിപ്പിക്കുകയും ചെയ്യുക.

14. തുമ്പമൺ, തെക്കേക്കര, പന്തളം പഞ്ചായത്തുകളെ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മൂന്നു പഞ്ചായത്തുകളെയും ഏകോപിപ്പിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുക.

15. മാവരപ്പാറയുടെ അടിഭാഗത്ത് വലിയ തോടിനു കുറുകെയും മറ്റ് ആവശ്യമുള്ള സ്ഥലങ്ങളിലും നടപ്പാലങ്ങൾ പശ്ചിമഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുക.

16. താമരക്കുളവും കാഞ്ഞിരോടും അത്യുല്പാദനശേഷിയുള്ള വിത്തുല്പാദന കേന്ദ്രമാക്കുക.

17. പഞ്ചായത്തിൽ പുരയിടകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി ഈ പഞ്ചായത്തിനെ പുരയിട കൃഷി വികസന പഞ്ചായത്തായി പ്രഖ്യാപിക്കണം.

18. ഈ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ വൈദ്യുതി ഉപയോഗിച്ച് പമ്പു സെറ്റുകൾ പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ല. ഡീസൽ പമ്പുകളും, മണ്ണെണ്ണ പമ്പുകളും ആണ് ഉപയോഗിക്കുന്നത്. അവയ്ക്കു വേണ്ടി വരുന്ന ഇന്ധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.





5.1B

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

ഇൻഡ്യൻ മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ നിർദേശ പ്രകാരം ഒരാൾക്ക് ഒരു ദിവസം 248 ഗ്രാം പാൽ ആവശ്യമാണ്. എന്നാൽ1995-ലെ കണക്കനുസരിച്ച് 198 ഗ്രാം പാൽ മാത്രമാണ് ഇൻഡ്യയിൽ ലഭ്യമായിട്ടുള്ളത്. ഇക്കാര്യത്തിൽ കേരളത്തിന്റെ സ്ഥിതിയും ഭിന്നമല്ല. 1962-ൽ 2 ലക്ഷം മെട്രിക് ടൺ ആയിരുന്ന പാലുൽപ്പാദനം 1996-ൽ 23 ലക്ഷം മെട്രിക്ടണ്ണായി ഉയർന്നിട്ടുണ്ട്. എങ്കിലും വർധിച്ചു വരുന്ന പാലിന്റെ ആവശ്യകതയും ഇപ്പോഴത്തെ ആളോഹരി ലഭ്യതയും കണക്കാക്കുമ്പോൾ കന്നുകാലി വളർത്തലിൽ നാം വളരെയേറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

മുട്ടയുൽപ്പാദനരംഗത്ത് കഴിഞ്ഞ25 വർഷത്തിനുള്ളിൽ ഗണ്യമായ പുരോഗതി നേടിക്കൊണ്ട് ഇൻഡ്യ ഇപ്പോൾ അഞ്ചാം സ്ഥാനത്തെത്തിയിരിക്കുന്നു. കോഴിയിറച്ചി ഉല്പാദനത്തിൽ 22-ാം സ്ഥാനവും ഇൻഡ്യ കൈവരിച്ചിട്ടുണ്ട്. ഈ വസ്തുതകൾ മുന്നിൽക്കണ്ടു വേണം നാം മൃഗസംരക്ഷണത്തിന്റെ സാധ്യതകളെക്കുറിച്ച് ചിന്തിക്കാൻ.

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ പകുതിയിൽ താഴെ കുടുംബങ്ങൾ മാത്രമേ കാലി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളു. ഇതിൽത്തന്നെ മുഖ്യത്തൊഴിലായി പശുവിനെ വളർത്തുന്നവർ കുറവാണ്. എന്നാൽ ആകെയുള്ളതിൽ85% പശുക്കളും അത്യുല്പാദന ശേഷിയുള്ള സങ്കരയിനം ആണ്.

മൃഗപരിപാലനത്തിനായി തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ഒരു മൃഗാശുപത്രി നിലവിലുള്ളതിന്റെ സേവനം തികച്ചും അപര്യാപ്തമാണ്. ക്ഷീര വികസന



രംഗത്ത് നൂതനമായ ശാസ്ത്രസാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാകുന്നതിന് സഹായിക്കുന്ന ക്ഷീരവികസന യൂണിറ്റ് തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തത് ഒരു വലിയ പോരായ്മയാണ്.

രാജ്യത്തിന്റെ പുരോഗതിക്ക് ആധാരമായ ഒരു ഘടകം ആ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യമാണ്. ഏറ്റവും ചെലവു കുറഞ്ഞ മാർഗത്തിലൂടെ ഉല്പാദിപ്പിക്കാവുന്ന പോഷകസമൃദ്ധമായ പാലും, പാലുല്പന്നങ്ങളും ആഹാരത്തിന്റെ അവിഭാജ്യഘടകമായി അംഗീകരിച്ച് അതിന്റെ ഉല്പാദനത്തിനുവേണ്ട സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് പദ്ധതികളിൽ മുൻതൂക്കം നൽകേണ്ടതാണ്.

പ്രശ്നങ്ങൾ

1. ആദായകരമായ ക്ഷീരോല്പാദനത്തിന്റെ അടിസ്ഥാനമായ പച്ചപ്പുല്ലിന്റെ ദൗർലഭ്യം.
2. കാലിത്തീറ്റയുടെ ക്രമാതീതമായ വില വർധന
3. കൃത്രിമ ബീജാദാന സൗകര്യവും, മൃഗചികിത്സാ സൗകര്യവും യഥാസമയത്ത് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
4. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ ആവശ്യമനുസരിച്ച് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. ശാസ്ത്രീയ രീതിയിലുള്ള കന്നുകാലിത്തൊഴുത്തുകളുടെ അഭാവം.
6. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിൽ കർഷകനുള്ള സാമ്പത്തിക പരാധീനത.
7. പോഷക സമൃദ്ധമായ പാലും, പാലുല്പന്നങ്ങളും ഭക്ഷണത്തിലുൾപ്പെടുത്തുന്നതു സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ.
8. ഉല്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയില്ലായ്മ.
9. ഗുണനിലവാരമുള്ള മീനെണ്ണ, ധാതുലവണമിശ്രിതം ഇവയുടെ ദൗർലഭ്യം.
10. ക്ഷീരവികസനരംഗത്തുണ്ടാകുന്ന ശാസ്ത്ര സാങ്കേതിക വിജ്ഞാനം കർഷകർക്ക് ലഭിക്കുന്നതിലെ അപര്യാപ്തത.
11. ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ല.
12. വളർത്തു നായ്ക്കളുടെ നിയന്ത്രണമില്ലായ്മ.
13. കോഴവളർത്തലിനാവശ്യമായ നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം.
14. കോഴികൾക്കുവേണ്ടിയുള്ള വാക്സിന്റെ ലഭ്യതക്കുറവ്.
15. ആടുവളർത്തലിന് വേണ്ടത്ര പ്രോത്സാഹനമില്ലായ്മ.
16. നല്ലയിനം ആട്ടിൻകുട്ടികളുടെ ദൗർലഭ്യം.

നിർദേശങ്ങൾ

1. കാലിത്തീറ്റയുടെ കാര്യത്തിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുപോരുന്ന നമുക്ക് ലഭ്യമായ സ്ഥലങ്ങളിൽ നല്ലയിനം പുൽക്കൃഷി നടത്തുന്നതിന് 2 സെന്റ് മുതൽ ഒരേക്കർ വരെയുള്ള സ്ഥലത്ത് സ്വന്തം ആവശ്യത്തിനോ വില്പന നടത്തുന്നതിനോ ആവശ്യമായ നല്ലയിനം പുൽവിത്ത്, വളം, കൃഷിച്ചെലവ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകി "തീറ്റപ്പുൽ സംസ്കാരം" വ്യാപകമാക്കുക. ഇതിനായി പഞ്ചായത്തിലെ തരിശുഭൂമികൾ, തെങ്ങിൻതോപ്പുകൾ, വെള്ളം കെട്ടിക്കിടക്കാത്ത പാടശേഖരങ്ങൾ, ബണ്ടുകൾ ഇവ പ്രയോജനപ്പെടുത്താവുന്നതാണ്.
2. പച്ചപ്പുല്ലിന് ദൗർലഭ്യമുള്ള വേനൽക്കാലത്തേക്ക് വൈക്കോൽ സംഭരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. നല്ല വർഗഗുണമുള്ള കറപ്പശുക്കളെ ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക്, അഞ്ചു പശുക്കളെ വരെ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

4. നമ്മുടെ പഞ്ചായത്തിൽ ഗുണനിലവാരമുള്ള മാംസം ലഭിക്കുന്നതിനായി സങ്കരയിനം കാളക്കുട്ടികളെ മുകളിൽ പരാമർശിച്ച വിധത്തിലുള്ള യൂണിറ്റുകളായി ഒരു വയസുവരെ വളർത്തുന്നതിന് സഹായം നല്കുന്നതു മൂലം തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതോടൊപ്പം നമ്മുടെ പണം മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത് തടയാനും സാധിക്കുന്നു.

5. വൃത്തിഹീനമായ സാഹചര്യങ്ങളിൽ സങ്കരയിനം പശുക്കളെ വളർത്തുന്നതു മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിലേക്ക് മാതൃകാ കാലിത്തൊഴുത്ത് നിർമിക്കുന്നതിനും നിലവിലുള്ളവ നന്നാക്കിയെടുക്കുന്നതിനും സഹായം അനുവദിക്കുക.

6. സങ്കരയിനം പശുക്കൾക്ക് രോഗപ്രതിരോധശക്തി കുറവായതിനാൽ ഇൻഷ്വർ ചെയ്യുന്നതിനാവശ്യമായ പ്രീമിയത്തിന്റെ50% സബ്സിഡി ഒരു വർഷത്തേക്ക് നൽകാവുന്നതാണ്.

7. പാലിന് സ്ഥിരമായ വിപണി കണ്ടെത്തുന്നതിനായി ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതോടൊപ്പം പാൽ കൊണ്ടു നടന്ന് വിറ്റഴിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ കർഷകർക്ക് നൽകാവുന്നതാണ്.

8. ഗുണനിലവാരമുള്ള ധാതുലവണ മിശ്രിതം, മീനെണ്ണ, കാലിത്തീറ്റ ഇവ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക.

9. പാലും പാലുല്പന്നങ്ങളും ആഹാരത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് ജനങ്ങളെ, പ്രത്യേകിച്ച് വീട്ടമ്മമാരെ ബോധവൽക്കരിക്കുന്നതിനു വേണ്ട സെമിനാറുകൾ സംഘടിപ്പിക്കുന്നതോടൊപ്പം പാലുല്പന്നങ്ങൾ നിർമിച്ച് വിറ്റഴിക്കുന്ന യൂണിറ്റുകൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുകയും ചെയ്യുക. കൂടാതെ നിർമിക്കുന്ന ഉല്പന്നങ്ങൾ സൗജന്യ നിരക്കിൽ അങ്കണവാടികൾ, പ്രൈമറി സ്കൂളുകൾ ഇവയിലൂടെ വിറ്റഴിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കേണ്ടതാണ്.

10. അത്യുല്പാദനശേഷിയുള്ള രണ്ടോ അതിലധികമോ സങ്കരയിനം പശുക്കളുടെ യൂണിറ്റുകൾ പ്രത്യേക ധനസഹായം നൽകി പശുവളർത്തൽ ഉപതൊഴിലാക്കിയിട്ടുള്ളവരുടെ മുഖ്യതൊഴിലാക്കി മാറ്റുന്നതിന് സഹായിക്കാവുന്നതാണ്.

11. നിരാലംബരായ വനിതകൾക്ക് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നല്കുക.

12. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി താല്പര്യമുള്ള യുവതിയുവാക്കൾക്ക് കറവയ്ക്കുള്ള പരിശീലനം നൽകുക.

13. ക്ഷീരോല്പാദനരംഗത്ത് കർഷകന് വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനും, ആവശ്യമായ ശാസ്ത്ര സാങ്കേതിക വിജ്ഞാനം പകരുന്നതിനും ക്ഷീരവികസന യൂണിറ്റ് ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

14. ഗുണമേന്മയുള്ള ആട്ടിൻകുട്ടികളെ (പഴകുളം സൊസൈറ്റി) താല്പര്യമുള്ള കർഷകർക്ക് വിതരണം ചെയ്യുക.

15. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം മുട്ടക്കോഴികളെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തി മുട്ടയുല്പാദനം വർധിപ്പിക്കുക. കോഴിവളർത്തലിന് സഹകരണ സംഘം രീതി നടപ്പാക്കുക.

16. കോഴിക്കുഞ്ഞുങ്ങൾക്ക് ആവശ്യമായ പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് വേണ്ട വാക്സിൻ കൃത്യസമയത്ത് ലഭ്യമാക്കുക.

17. മൃഗചികിത്സ ആവശ്യാനുസരണം ലഭിക്കത്തക്കവിധത്തിൽ സഞ്ചരിക്കുന്ന മൃഗചികിത്സാ യൂണിറ്റ് ഏർപ്പെടുത്തുന്നതോടൊപ്പം കൃത്രിമ ബീജാദാനാഫീസ് മിതപ്പെടുത്തി സഞ്ചരിക്കുന്ന ബീജാദാന യൂണിറ്റ് ഏർപ്പെടുത്തുകയും ചെയ്യുക.

18. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ



പിടിച്ച് നശിപ്പിക്കുകയും ചെയ്യുക.

19. ആന്റിറാബീസ് വാക്സിൻ സൗജന്യമായി ലഭ്യമാക്കുക.

20. പി.എ.ആർ. വാക്സിൻ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക.

21. ഗുണനിലവാരമുള്ള മാംസം ലഭിക്കുന്നതിലേക്ക് പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ഒരു ആധുനിക അറവുശാല നിർമിക്കുകയും ഗ്രാമപഞ്ചായത്ത് വെറ്റേറിനറി സർജനും ഗുണഭോക്താക്കളും ഉൾപ്പെടുന്ന ഒരു സമിതി രൂപവൽക്കരിച്ച് മാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.

22. തുമ്പമൺ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വെറ്റേറിനറി ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്ത് വെറ്റേറിനറി ഹോസ്പിറ്റൽ ആക്കുക.

23. നമ്മുടെ ഗ്രാമപഞ്ചായത്തിലെയും, സമീപ പ്രദേശങ്ങളിലെയും കർഷകർക്ക് എല്ലാ സമയവും മൃഗാശുപത്രിയുടെ സൗകര്യം പ്രയോജനപ്പെടുത്തുന്നതിലേക്ക് മൃഗഡോക്ടർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് സൗകര്യം ഏർപ്പെടുത്തുക.

24. ഹൈസ്കൂൾ തലത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി മുട്ടക്കോഴികളെ വിതരണം ചെയ്യുകയും, മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നവർക്ക് അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

25. മൃഗചികിത്സ കൂടുതൽ ഫലപ്രദമാക്കുന്നതിലേക്ക് ഇൻപേഷ്യന്റ് സമ്പ്രദായം നടപ്പിൽ വരുത്തുക.

മേൽപ്പറഞ്ഞ നിർദേശങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും. തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കാൻ കഴിയുന്നതുമൂലം ഈ പ്രദേശത്തെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കുകയും ചെയ്യും. ഒൻപതാം പഞ്ചവത്സരപദ്ധതി പൂർണമാകുന്നതോടെ, പുതിയ നൂറ്റാണ്ടിൽ ആരോഗ്യസമ്പന്നരായ ഒരു ജനതയെ വാർത്തെടുക്കാൻ കഴിയും.

മത്സ്യബന്ധനം

സാധാരണക്കാർ തിങ്ങിപാർക്കുന്ന ഒരു കൊച്ചുഗ്രാമം തുമ്പമൺ. 'സാധാരണക്കാരന്റെ പ്രോട്ടീൻ' എന്നറിയപ്പെടുന്ന മത്സ്യം ഗ്രാമവാസികളുടെ ഭക്ഷണക്രമത്തിൽ അർഹമായ സ്ഥാനം കണ്ടെത്തുന്നതും പ്രകൃതി നിശ്ചയംതന്നെ.

കൊല്ലം, ആലപ്പുഴ തുടങ്ങിയ മത്സ്യബന്ധന മേഖലകളിൽ നിന്നും വൻകിട കച്ചവടക്കാർ മത്സ്യം പന്തളത്ത് എത്തിയ്ക്കുന്നു. അവിടെ നിന്നും ചെറുകിട കച്ചവടക്കാർ ഈ ഗ്രാമത്തിന്റെ എല്ലാ മുക്കിലും മൂലയിലും മത്സ്യം എത്തിക്കുന്നു. അങ്ങനെ പന്തളത്തുള്ള ചെറുകിട മത്സ്യ വ്യാപാരികളെ രുചികരവും പോഷകസമൃദ്ധവുമായ ആഹാരക്രമത്തിന് ഈ ഗ്രാമവാസികൾ പൂർണമായും ആശ്രയിക്കുന്നു. ശാസ്താംകോട്ട തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള ശുദ്ധജല മത്സ്യ വ്യാപാരി സ്ത്രീകളെയും നാം ഈ രംഗത്ത് ആശ്രയിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വടക്കേ അതിരായി ഒഴുകുന്ന അച്ചൻകോവിലാറ്, മുഴുക്കോട്ടുചാല്, കടയ്ക്കാടുതോട്, കാഞ്ഞിരോട്, താമരക്കുളം തുടങ്ങി ഗ്രാമപഞ്ചായത്തതിർത്തിയിൽ ഉള്ള ജലാശയങ്ങളിൽ നിന്നും ഗ്രാമവാസികൾ മത്സ്യം പിടിച്ച് ഉപയോഗിച്ചിരുന്നു. എന്നാൽ ഇവിടങ്ങളിലെ മത്സ്യ സമ്പത്ത് വികസിപ്പിക്കുന്നതിലാക്കായി ആരും ചിന്തിക്കപോലും ചെയ്തിട്ടില്ല. ഗുണഭോക്താവിന്റെ ഈ അലംഭാവത്തിൽ പ്രകൃതിക്ക് മനംനൊന്തിട്ടാവാം ഈ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് ഏതാണ്ട് അപ്രത്യക്ഷമായ നിലയിലാണ്. ഈ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും പ്രത്യേകം പ്രത്യേകം ചിന്താവിഷയമാക്കുന്നത് നന്നായിരിക്കും.

പ്രശ്നങ്ങൾ

1. അനിയന്ത്രിതമായ മണൽ വാരൽ കാരണം അച്ചൻകോവിലാറിന്റെ അടിത്തട്ടിന് പ്രകൃതിദത്തമായ രൂപഭാവം നഷ്ടപ്പെട്ടു. ഇത് ആറ്റിലെ മത്സ്യവംശത്തിന്റെ ഉന്മൂലനാശത്തിന് കാരണമായി.

2. കീടനാശിനികളുടെയും രാസവളങ്ങളുടെയും പ്രയോഗം നെൽകൃഷിക്കിടയിലെ മത്സ്യവിഭവം നശിക്കുന്നതിന്

ഇടയായി.

3. മാവരച്ചാലും, പെരുന്തോടും വേണ്ടവിധം സംരക്ഷിക്കാത്തതിനാൽ ആഴവും വിസ്തീർണവും നഷ്ടമാകുന്നു.

4. മത്സ്യകൃഷിയിലും അതിന്റെ സാധ്യതകളിലും ഗ്രാമവാസികൾ അജ്ഞരാണ്. മത്സ്യവിപണനം പരമ്പരാഗതമായ ഒരു തൊഴിലായി മാത്രം ഗ്രാമവാസികൾ കാണുന്നു.

5. മത്സ്യ വ്യവസായരംഗത്ത് ആധുനികയന്ത്രവല്ക്കരണവും സംഭരണ സംസ്കരണ രീതികളും ആവിർഭവിയ്ക്കുകയും വൻതോട്ടു വ്യവസായികൾ രംഗം കൈയ്യടക്കുക ചെയ്തതോടെ സീസണിൽ പോലും മത്സ്യത്തിന്റെ ലഭ്യത സാരമായി കുറഞ്ഞിട്ടുണ്ട്.

പരിഹാര നിർദേശങ്ങൾ

1. അച്ചൻകോവിലാറ്റിൽ വിയറുകൾ നിർമിച്ച് നദിയുടെ പെർണിയൽ സ്വഭാവം വീണ്ടെടുക്കണം. അങ്ങനെ വേനൽക്കാലത്തും നദിയുടെ വിവിധഭാഗങ്ങളിൽ നിശ്ചിത ജലനിരപ്പ് ഉറപ്പാക്കിയാൽ, ഇവ മത്സ്യവളപ്പുകളായി മാറ്റാവുന്നതാണ്.

2. നെല്ലിനോടൊപ്പവും, രണ്ടുകൃഷിക്കിടയിൽ ലഭിക്കുന്ന ഇടവേളയിലും നെൽപ്പാടങ്ങളിൽ മത്സ്യകൃഷി നടത്തുവാനുള്ള സാധ്യത നെൽകൃഷിക്കാർക്കിടയിൽ പ്രചരിപ്പിച്ച് ബോധവൽക്കരണം നടത്തണം.

3. മുഴുക്കോട്, താമരക്കുളം, കാഞ്ഞിരോട് എന്നിവിടങ്ങളിലെ ജലാശയങ്ങൾ സമ്മിശ്രിത മത്സ്യകൃഷിക്കനുയോജ്യമായി വികസിപ്പിക്കണം. സംയോജിത മത്സ്യകൃഷിക്ക് ഉള്ള സാധ്യതകൾ കൂടി വിലയിരുത്തണം.

4. ഇഷ്ടിക നിർമാണത്തിനായി ചെളി എടുത്ത് കുഴിഞ്ഞ് കൃഷിയോഗ്യമല്ലാതായ വയലുകൾ മത്സ്യം വളർത്തുന്നതിനുള്ള കുളങ്ങളായി രൂപാന്തരപ്പെടുത്തണം.

5. മത്സ്യകൃഷി, വിപണനം എന്നീ മേഖലകളിലേക്കായി Cold storage സൗകര്യത്തോടുകൂടിയ ഒരു സഹകരണ സംഘം സ്ഥാപിച്ച് മുകളിൽ പറഞ്ഞ എല്ലാ നിർദേശങ്ങളും നടപ്പാക്കുന്നതിന് വേദി ഒരുക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്ക് മത്സ്യകർഷക വികസന ഏജൻസി (FFDA) യുടെ സേവനം പൂർണമായും ഉപയോഗപ്പെടുത്തണം.

FFDA യുടെ ആഭിമുഖ്യത്തിൽ മത്സ്യകൃഷി രംഗത്ത് സജീവമായ ശില്പശാലകൾ സംഘടിപ്പിക്കണം. മത്സ്യകൃഷി കാർഷികമേഖലയിൽ ഉൾപ്പെട്ട ഒരു പ്രധാന തൊഴിലാണ് എന്ന ബോധവല്ക്കരണം വ്യാപകമാക്കണം. ഈ രംഗത്തെ സംഘടിതമായ പ്രവർത്തനത്തിലൂടെ മത്സ്യകൃഷിക്കും, അനുബന്ധവ്യവസായത്തിനും ഈ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ സാധ്യതകളും പൂർണമായും ചൂഷണം ചെയ്യപ്പെടുമെങ്കിൽ തൊഴിൽ, സമ്പദ്ഘടന, ജീവിതനിലവാരം, ആരോഗ്യം എന്നീ രംഗങ്ങളിൽ വിപ്ലവകരമായ ഒരു കാൽവെപ്പായിരിക്കും അത്.



5.2 A

വ്യവസായം

വ്യവസായമേഖല വികസിച്ചിട്ടില്ലാത്ത ഒരു ഗ്രാമപഞ്ചായത്താണിത്. അൻപതു ശതമാനത്തോളം കുടുംബങ്ങൾ, സാമ്പത്തികമായി ശരാശരിയും, അതിനുമുകളിലും ഉള്ളവരാണ്. പ്രധാന കാർഷിക വിളകൾ റബർ, നെല്ല്, തെങ്ങ് തുടങ്ങിയവയാണ്. പഴയകാലത്ത് കാർഷികവിളകളുടെ കച്ചവടത്തിനും അവയുടെ സംസ്കരണത്തോടനുബന്ധിച്ചുള്ള വ്യാപാരത്തിനും നമ്മുടെ ഗ്രാമം പ്രശസ്തമായിരുന്നു. വളരെ വിപുലമായ രീതിയിൽ കൊപ്രാ ആലപ്പുഴക്ക് കയറ്റി അയക്കുകയും, നാടൻ മരച്ചക്കുകളിൽ ആട്ടിയ വെളിച്ചെണ്ണ പല സ്ഥലങ്ങളിലേക്കും അയക്കുകയും ചെയ്തിരുന്നു. ഇവിടെനിന്ന് തമിഴ്നാട്ടിലേക്ക് കോറപ്പാക്ക് സ്ഥിരമായി കയറ്റി അയച്ചുകൊണ്ടിരുന്നു. ''തുമ്പമൺകോറ'', ''കടയ്ക്കാട് ശർക്കര'' എന്നീ ട്രേഡു നാമങ്ങളിലുള്ള കാർഷിക ഉല്പന്നങ്ങൾ ഇന്നും നിലനില്ക്കുന്നു. കപ്പ ഉരച്ച് നൂറാക്കി മില്ലുകൾക്ക് കൊടുക്കുക, പുൽത്തൈലം ഉണ്ടാക്കുക തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇന്ന്, ഇവയിൽ ചിലതുമാത്രം നാമമാത്രമായി നിലനില്ക്കുന്നു. വളരെക്കുറച്ച് ചെറുകിട വ്യവസായങ്ങൾ മാത്രമേ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ വ്യവസായ ഭൂപടത്തിൽ നിലവിലുള്ളു.

പട്ടിക - 1

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

വാർഡ്	ചെറുകിട വ്യവസായ യൂണിറ്റുകൾ	എണ്ണം	സ്ഥലം
I	കരിമ്പാട്ട് മിൽ	2	മുട്ടം
	റൈസ്മിൽ	2	മുട്ടം
	ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്	1	മുട്ടം
	തടിമിൽ	1	മുട്ടം
II	റൈസ്മിൽ	1	മുട്ടം
	പ്രിന്റിംഗ്പ്രസ്	1	മുട്ടം
III	കമ്പനി ഇഷ്ടിക നിർമാണം	2	നടുവിലേമുറി
	സ്വർണാഭരണ നിർമാണം	1	നടുവിലേമുറി
	വെങ്കലപാത്ര നിർമാണം	1	നടുവിലേമുറി
	ആയുർവേദ ഔഷധനിർമാണം	1	നടുവിലേമുറി
IV	റൈസ്മിൽ	1	നടുവിലേമുറി
	തടിമിൽ	1	നടുവിലേമുറി
	ട്രെഡ് റബർ നിർമാണം	2	നടുവിലേമുറി
	മര ഉരുപ്പടികൾ (കെട്ടിട നിർമാണ സാമഗ്രികൾ)	1	നടുവിലേമുറി
VI	റൈസ്മിൽ	1	മാമ്പിലാലി
	കാപ്പിപൊടി നിർമാണം	1	മാമ്പിലാലി
	വെൽഡിംഗ് വർക്ഷോപ്പ്	1	മാമ്പിലാലി
	സോഡാ ഫാക്ടറി	1	മാമ്പിലാലി
VII	ഓട്ടോമൊബൈൽ വർക്ഷോപ്പ്	1	വയലിനും പടിഞ്ഞാറ്
	ബോർമ്മ	1	വയലിനും പടിഞ്ഞാറ്
VIII	റൈസ്മിൽ	1	വയലിനും പടിഞ്ഞാറ്

കലാലയ വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും ലഭിച്ചിട്ടുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കൾ നമ്മുടെഗ്രാമപഞ്ചായത്തിൽ ധാരാളമുണ്ട്. സ്വന്തമായി എന്തെങ്കിലും തൊഴിൽ ചെയ്യുന്നതിനുള്ള യാതൊരു പരിശീലനവും, മാർഗനിർദേശവും ലഭിക്കാതെ ഇവർ വീട്ടിലുള്ളവരുടെ വരുമാനത്തെ ആശ്രയിച്ചു കഴിയുന്നു. വ്യവസായ സംസ്കാരത്തെക്കുറിച്ച് അജ്ഞരായ ഇവർക്ക് യോജിച്ച വ്യവസായങ്ങൾ തുടങ്ങാനുള്ള മാർഗനിർദേശവും, വ്യവസായ സംരംഭകത്വപരിശീലനവും, പ്രോത്സാഹനവും അടിസ്ഥാന സൗകര്യങ്ങളും നൽകിയാൽ വ്യവസായ വികസനത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ കഴിയുന്നതാണ്. എന്തുകൊണ്ടാണ് വ്യവസായ മേഖലക്ക് തീരെ വളക്കൂറില്ലാത്ത മണ്ണായി നമ്മുടെ കൊച്ചുഗ്രാമം മാറിയത്. പ്രശ്നങ്ങൾ താഴെപ്പറയുന്ന വിധം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1. യോജിച്ചസ്ഥലം: എല്ലാ ഭൂമിയും കാർഷികാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നതിനാൽ വിസ്തൃതമായ ഭൂമികൾ വ്യവസായം നടത്തുന്നതിനായി ലഭ്യമല്ല. കൂടാതെ ഭൂമിയുടെ അമിതമായ വില വർധന.
2. ജനസാന്ദ്രത കൂടുതലുള്ളതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ തുടങ്ങാൻ സാധ്യമല്ല.
3. ജലദൗർലഭ്യം വ്യവസായ വികസനത്തിന് ഒരു പരിധിവരെ തടസം നിൽക്കുന്നു.
4. മുൻകാലത്ത് നിലനിന്നിരുന്ന കാർഷികവ്യവസ്ഥിതി തകർന്നതോടു കൂടി അവയെ അടിസ്ഥാനമാക്കി നടത്തിയിരുന്ന വ്യവസായങ്ങൾ നിലച്ചു.
5. സാങ്കേതികവും അല്ലാത്തതുമായ വിദ്യാഭ്യാസം ലഭിച്ചവരിൽ അധികവും പുറംനാടുകളിൽ പോയി ഭാരിച്ച വേതനവും, ഉയർന്ന ജീവിതനിലവാരവും ആർജിക്കുന്നതിനാൽ സ്വന്തം "റിസ്കിൽ" (Risk) ഇവിടെ വ്യവസായം തുടങ്ങാൻ താല്പര്യം കാണിക്കുന്നില്ല.
6. വ്യവസായ സംരംഭകർക്ക് നൽകുന്ന പ്രോത്സാഹനങ്ങളെ (Intensive)ക്കുറിച്ചുള്ള അറിവില്ലായ്മ.
7. യന്ത്രങ്ങൾ സ്ഥാപിച്ചിട്ടും, വൈദ്യുതി ലഭിക്കാനുള്ള കാലതാമസം.

പരിഹാരമാർഗങ്ങൾ

1. വ്യവസായം തുടങ്ങുന്നതിനാവശ്യമായ സ്ഥലം, അടിസ്ഥാന സൗകര്യങ്ങളോടുകൂടി വികസിപ്പിച്ചെടുത്ത് സംരംഭകർക്ക് ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
2. സ്വന്തം വീട്ടുവളപ്പിലോ, വീടിനോട് ചേർന്നോ, പരിസരമലിനീകരണം ഉണ്ടാകാത്ത തരത്തിലുള്ളതും, അധികം മൂലധന നിക്ഷേപം ആവശ്യമില്ലാത്തതും, പ്രാദേശിക അസംസ്കൃത വിഭവങ്ങളെ ആശ്രയിച്ചുകൊണ്ടുള്ളതും, കൂടുതൽ വിപണന സാധ്യതകളുള്ളതും, വലിയ സാങ്കേതിക വൈദഗ്ധ്യം ആവശ്യമില്ലാത്തതുമായ ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള അടിസ്ഥാനാശയങ്ങൾ വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്ക് നൽകുക.
3. പരമ്പരാഗത വ്യവസായത്തിൽ – തൊഴിലിൽ – ഏർപ്പെട്ടിരിക്കുന്ന വിദഗ്ധർക്ക് മനുഷ്യാധ്വാനം ലഘൂകരിച്ച് ഉല്പന്നങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനാവശ്യമായ ലഘുയന്ത്രങ്ങൾ ലഭിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.
4. വ്യവസായ സംരംഭകരെ കണ്ടെത്തി ധനകാര്യസ്ഥാപനങ്ങൾ, വിദ്യുച്ഛക്തി വകുപ്പ്, ജില്ലാവ്യവസായ കേന്ദ്രം എന്നിവയിലെ ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് അവർക്കാവശ്യമുള്ള പദ്ധതി രേഖകൾ തയ്യാറാക്കുന്നതു മുതൽ വിപണനംവരെയുള്ള വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിനുള്ള പരിശീലന സെമിനാറുകൾ പഞ്ചായത്തിൽ നടത്തി ഒരു വ്യവസായ അന്തരീക്ഷം വളർത്തിയെടുക്കുക.
5. വനിതകളെയും, പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിരുന്നവരെയും സംഘടിപ്പിച്ചുകൊണ്ട് വ്യവസായ സഹകരണസംഘങ്ങളുടെ രൂപീകരണം നടത്തി അവ മുഖാന്തിരം വ്യവസായങ്ങൾ തുടങ്ങുക.

പട്ടിക – 2

തുമ്പമൺ ഗ്രാമപഞ്ചായത്ത് SBT ശാഖയിൽ നിന്നും 1986 മുതൽ 1996 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച വ്യവസായ ലോൺ സംബന്ധിച്ച വിവരം

വർഷം	അനുവദിച്ച തുക	ആകെ
1986	Rs. 17,997.00 5,000.00	Rs. 22,997.00
1987	Rs. 25,000.00 1,000.00 25,000.00 25,000.00	Rs. 76,000.00
1988	Rs. 25,000.00 15,000.00 50,000.00 23,000.00 15,000.00	Rs. 1,28,000.00
1989	NIL	-
1990	NIL	-
1991	Rs. 24,000.00	Rs. 24,000.00
1992	NIL	-
1993	NIL	-
1994	Rs. 1,00,000.00 10,000.00 95,000.00 50,000.00	Rs. 2,55,000.00
1995	Rs. 19,200.00 40,000.00	Rs. 59,200.00
1996	Rs. 10,100.00 17,000.00 38,400.00 50,000.00 10,000.00 15,000.00 25,000.00 4,500.00 6,000.00 1,00,000.00 35,000.00 1,02,000.00 25,000.00	Rs. 4,37,000.00
	Total	Rs. 10,02,197.00

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ സാധ്യതയുള്ള വ്യവസായങ്ങൾ

1	സർവീസ് സ്റ്റേഷൻ	1	
2	ടയർ റീത്രെഡിംഗ് യൂണിറ്റ്	1	
3	ജനറൽ എൻജിനീയറിംഗ് യൂണിറ്റ്/ലേയ്ത്ത് വർക്ക്	2	
4	വെൽഡിംഗ് വർക്ക്ഷോപ്പ്	1	
5	വയർകട്ട് ബ്രിക്സ്	2	(വിജയപുരം, മുട്ടം)
6	റെഡിമെയ്ഡ് ഗാർമന്റ്സ്	1	(സഹകരണാടിസ്ഥാനത്തിൽ)
7	സർവീസ് യൂണിറ്റ് (TV, Mixy, and for all Home appliences)	1	
8	റബർ ബാൻഡ്	1	
9	ഇലാസ്റ്റിക് ത്രെഡ്	1	
10	റബർ ടോയ്സ്	1	
11	ലതർ ഉല്പന്നങ്ങൾ	1	(ബാഗ്, ഫാഷൻ ചെരുപ്പുകൾ)
12	പ്ലാസ്റ്റിക് ബോട്ടിൽസ്	1	
13	പി.വി.സി. ഉല്പന്നങ്ങൾ	1	(PVC Bends, Foot valve etc.)
14	പ്ലാസ്റ്റിക് ടോയ്സ്	1	
15	ത്രീവീലർ, ടൂവീലർ വർക്ക് ഷോപ്പ്/സ്പ്രേ പെയിന്റിംഗ്	1	
16	ഫോട്ടോകളർ ലാബ്	1	
17	ഉപ്പേരിനിർമാണ യൂണിറ്റ്	1	
18	കൂൺ ഉല്പാദന യൂണിറ്റ്	1	
19	തേനീച്ച വളർത്തൽ	2	
20	ഇറച്ചിക്കോഴിവളർത്തൽ	2	
21	കരകൗശല ഉല്പന്നങ്ങൾ	1	(തടി, ലോഹം മുതലായവ)
22	ഫോട്ടോസ്റ്റാറ്റ്	1	
23	ബേക്കിംഗ് യൂണിറ്റ്/ ഇൻസ്റ്റന്റ് ഫുഡ് യൂണിറ്റ്	1	
24	ആയുർവേദ മരുന്നു നിർമാണം	1	
25	പാലുല്പന്നങ്ങൾ	1	(ആനിമൽ ഹസ്ബന്ററി ബേസ്ഡ്)
26	ഇലക്ട്രോണിക് ചോക്ക് നിർമാണം	1	

27	മോട്ടോർ വൈൻഡിംഗ് യൂണിറ്റ്	1
28	അൺ ഇന്റർപ്റ്റഡ് പവ്വർ സപ്ലൈ സിസ്റ്റം	1
29	റോട്ടോ മോൾഡഡ് ടാങ്ക് നിർമാണം	1
30	പി.വി.സി. കതകുകൾ, ജനലുകൾ	1
31	ഹോളോ ബ്രിക്സ് നിർമാണം	1
32	സിമന്റ് കട്ടിള, ജനലുകൾ	1
33	ഐസ്ക്രീം നിർമാണം	1
34	ഫ്രൂട്ട്ജ്യൂസ് കോൺസൻട്രേറ്റ് നിർമാണം	1
35	സ്പൈസസ്, ഓയിൽസ്, ഓലിയേറെസിൻസ് നിർമാണം	1
36	പൈനാപ്പിൾ, മാംഗോ പൾപ്പ് നിർമാണം	1
37	കോളാ സോഡാ നിർമാണം	1
38	കോക്കനട്ട് ക്രീം പൗഡർ	1
39	കോക്കനട്ട് ഷെൽ പൗഡർ	1
40	ഡിസ്പോസിബിൾ പ്ലേറ്റുകൾ, കപ്പുകൾ നിർമാണം	1
41	കോക്കനട്ട് കോംപ്ലക്സ്	1
42	പ്രീഫാബ്രിക്കേറ്റഡ് ബിൽഡിംഗ് മെറ്റീരിയൽസ് നിർമാണം	1
43	സംസ്കരിച്ച റബർതടി ഉപയോഗിച്ചുള്ള ഉല്പന്ന നിർമാണം	1
44	അഗ്രോ സർവീസ് സെന്റർ	1
45	അപ്ഹോൾസ്റ്ററി വർക്ക്	1
46	പ്ലാസ്റ്റിക് ഗ്ലോ സൈൻബോർഡ്	1
47	കാറ്റിൽഫീഡ്	1
48	കട്ട്ഫ്ളവേഴ്സ്, ഹോം അക്വേറിയം	1
49	ഹോം സർവീസ് യൂണിറ്റ്	1
50	ഡ്രൈക്ലീനിംഗ്, ഡൈയിംഗ്	1

5.2B

ഗതാഗതം

ആമുഖം

ഒരു പ്രദേശത്തിന്റെ കാർഷിക, വ്യാവസായിക, വാണിജ്യ മേഖലകളുടെ വളർച്ചയുടെയും, അഭിവൃദ്ധിയുടെയും മാനദണ്ഡമാണ് ആ പ്രദേശത്തുള്ള ഗതാഗത സൗകര്യങ്ങൾ. പുരാതന കാലത്ത് കൃഷിയിലും, വ്യാപാരത്തിലും വളരെയധികം അഭിവൃദ്ധി പ്രാപിച്ചിരുന്ന ഈ പ്രദേശത്ത് റോഡുകൾ സുലഭമായിക്കാണുന്നു. പക്ഷെ ഇപ്പോൾ ഇവിടത്തെ കാർഷിക വ്യാവസായിക മാന്ദ്യം മൂലം ഈ റോഡുകൾ ഭൂരിപക്ഷവും അഭിവൃദ്ധിപ്പെടാതെ കിടക്കുന്നു. തുമ്പമൺ പ്രദേശത്ത് റയിൽ ഗതാഗതം ഇല്ല. ഈ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് കണക്കനുസരിച്ച് 78.5 കിലോ മീറ്റർ റോഡുണ്ട്. ഒരു ചതുരശ്ര കിലോമീറ്ററിന് 10.01 കിലോമീറ്റർ വീതം. സംസ്ഥാന ശരാശരി 3.2 ആണ്. ഇവിടത്തെ നിലവിലുള്ള ഗതാഗതസൗകര്യങ്ങളുടെ സ്ഥിതിവിവരം താഴെക്കൊടുക്കുന്നു.



പട്ടിക - 1

ഇനം	സ്ഥിതി	നീളം	ഉടമസ്ഥാവകാശം	റിമാർക്ക്
I റയിൽ ഗതാഗതം	ഇല്ല			
II ജല ഗതാഗതം				തുമ്പമൺ വടക്കേക്കരയിൽ എത്തുന്നതിന് പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ 2 കടത്തുവള്ളങ്ങൾ ഉപയോഗിക്കുന്നു. 1. അമ്പലക്കടവ് 2. മണ്ണാകടവ്
III റോഡുഗതാഗതം 1. ദേശീയ പാത	ഇല്ല			
2. സംസ്ഥാന പാത	ഇല്ല			
3. മേജർ ജില്ലാ റോഡുകൾ		5 കി.മീ.	P.W.D.	കടക്കാട് - ഇന്ദിരാ ജംഗ്ഷൻ
4. മറ്റു ജില്ലാ റോഡുകൾ		3.5 കി.മീ.	P.W.D.	അമ്പലക്കടവ് - തുമ്പമൺ - ഗുരുനാഥൻ കാവ്
5. ഗ്രാമീണ റോഡുകൾ	ഇല്ല			
6. ഹരിജൻ റോഡുകൾ		3 കി.മീ.	പഞ്ചായത്ത്	1. വായനശാല കോളനി 2. നിലക്കൽ - മലപ്പുറം 3. ഗുരുമന്ദിരം - മലപ്പുറം
7. മറ്റു റോഡുകൾ		67 കി.മീ.	പഞ്ചായത്ത്	പട്ടിക - 4 കാണുക അവലംബം: പഠനപര്യടനം, P.W.D. ആഫീസ്, പഞ്ചായത്ത് ആഫീസ്

റോഡുകൾ

നിലവിലുള്ള റോഡുകളുടെ സ്ഥിതി

ഇവിടെയുള്ള റോഡ് ഗതാഗതത്തിനെ രണ്ടു ഭാഗങ്ങളായി തിരിക്കാം.

1. എല്ലാ കാലത്തും ഗതാഗതം നടത്താവുന്ന റോഡുകൾ (All weather roads)

2. വേനൽക്കാലത്തു മാത്രം ഗതാഗതം നടത്താവുന്ന റോഡുകൾ (Fait weather roads)

I. എല്ലാക്കാലത്തും ഗതാഗതം നടത്താവുന്ന റോഡുകൾ

ഇതിൽ ടാർ റോഡുകൾ, മെറ്റൽ റോഡുകൾ, ഗ്രാവൽ റോഡുകൾ എന്നിവ ഉൾപ്പെടുന്നു.

1. ടാർ റോഡ്

പ്രധാനമായും P.W.D.യുടെ വകയായുള്ള റോഡുകളാണിവ.

i) കടയ്ക്കാട് – നരിയാപുരം – 5 കി.മീ.

ii) തുമ്പമൺ ജംഗ്ഷൻ – ഗുരുനാഥൻ കാവ് –2 കി.മീ.

iii) തുമ്പമൺ ജംഗ്ഷൻ – അമ്പലക്കടവ് – 1 കി.മീ.

ഇവയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് ഉണ്ട്. തൽക്കാലം അറ്റകുറ്റപ്പണികൾ നടന്നു വരുന്നു.

മറ്റു ടാർ റോഡുകൾ

i) വായനശാല – കോളനികുരിശ് – 600 മീ.

ഇത് എം.പി.യുടെ – എൽ.എ.ഡി. സ്കീമിൽ ടാർ ചെയ്തതാണ്. ഇതിന് സ്ഥിരമായി മെയിന്റനൻസ് ഗ്രാന്റ് ഇല്ല. ഇപ്പോൾ സാമാന്യം നല്ല റോഡാണ്. കുഴി വന്നു കഴിഞ്ഞാൽ പെട്ടെന്ന് മെറ്റൽ ഇളകി നടക്കുന്നതിനു പോലും പ്രയാസമാകും. മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാൻ നടപടി എടുക്കണം.

2. മെറ്റൽ റോഡ്

i) കോളനി കുരിശ് – പടിഞ്ഞാറെ കോളനി –1.5 കി.മീ.

ii) കീരുകുഴി മുക്ക് – ഉറവാന്റെ തോട് – 1 കി.മീ.

iii) മണ്ണാകടവ് – ആറ്റുകടവ്

iv) മണ്ണാകടവ് – നെടുങ്ങാട്ട് പുഞ്ച

ഇവയിൽ കോളനിയിൽക്കൂടിയുള്ള റോഡിൽ ഇപ്പോൾ തന്നെ മെറ്റൽ ഇളകിക്കിടക്കുന്നു. കീരുകുഴി മുക്ക് – തുണ്ടിൽ മുക്ക് റോഡ് JRY-യിൽ പണി തുടങ്ങി ഉറവാന്റെ കടവ് വരെ മെറ്റൽ ചെയ്തു. ഉറവാന്റെ കടവിലുള്ള ചപ്പാത്തിന് (Cause way) വളരെ താണ ലെവൽ ആണ് കൊടുത്തിരിക്കുന്നത്. അവിടെ നല്ലനിലയിൽ ഒരു ചെറിയ പാലം പണിയണം. ബാക്കിയുള്ള ഭാഗം മെറ്റൽ ചെയ്യണം. JRY- യിൽ ഈ റോഡുകൾ നേരത്തെ ടാർ ചെയ്യാൻ തീരുമാനം എടുത്തിരുന്നതാണ്. ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തി ഈ റോഡുകൾ ടാർ ചെയ്യാൻ ഉടൻ തന്നെ നടപടികൾ ആരംഭിക്കണം. അറ്റകുറ്റപ്പണികൾ നടത്താനുള്ള ഫണ്ട് ഈ റോഡുകൾക്കും അനുവദിക്കണം. മെറ്റൽ ചെയ്താലുടൻ തന്നെ ടാർ ചെയ്തില്ലെങ്കിൽ ഉണ്ടാകുന്ന ദോഷത്തിന് ഈ രണ്ടു റോഡുകളും സാക്ഷ്യം വഹിക്കുന്നു.

3. ഗ്രാവൽ റോഡുകൾ

പൂതക്കുഴി – പോളിടെക്നിക് റോഡ്

ഇത് JRY-യിൽ ഏറ്റെടുത്ത്, മൺവേല നടത്തി താങ്ങുഭിത്തികളും കെട്ടി 8 മീറ്റർ വീതിയിൽ തീർത്തിട്ടിരിക്കുന്നു.

ഇതിൽ പ്രാലിൽ ഒരു കലുങ്കും, പോളിടെക്നിക്കിലേക്ക് കടക്കുന്ന പാടം നികത്തി കലുങ്കും പണിത് മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടതാണ്. ഈ റോഡ് P.W.D. ഏറ്റെടുത്തു എന്ന് ഒരു വാർത്തയുണ്ടായിരുന്നു.

ഇതു ശരിയാണെങ്കിൽ P.W.D.യെക്കൊണ്ട് പണി നടത്തിക്കാൻ നടപടികൾ ഉണ്ടാകണം. യാതൊരുതരത്തിലും ഗതാഗതയോഗ്യമല്ലാത്ത വിധത്തിലാണ് ഈ റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി. വേണ്ട അറ്റകുറ്റപ്പണികൾ ഉടൻ നടത്തണം.

II. വേനൽക്കാലത്തു മാത്രം ഗതാഗതം നടത്താവുന്ന റോഡുകൾ

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളും ഈ ഇനത്തിൽപ്പെടുന്നു. യഥാർഥത്തിൽ ഇവ പഴയ നീരൊഴുക്കു തോടുകളാണ്. തന്മൂലം ഇന്നും വഴികൾ മഴക്കാലത്ത് വെള്ളവും ചെളിയും നിറഞ്ഞ് കിടക്കുന്നു. ഇങ്ങനെയുള്ള വഴികളിൽക്കൂടി മഴക്കാലത്ത് ഭാരവണ്ടികൾ പോകുമ്പോൾ വലിയ കുഴികൾ നിറഞ്ഞ വഴികളായി മാറുന്നു. തന്മൂലം കാൽനടയാത്രകാർക്ക് പോലും സഞ്ചരിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഇപ്പോൾ ഭാരവാഹന ഗതാഗതം നിയന്ത്രിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇവയെക്കൂടി എല്ലാക്കാലത്തും യാത്ര ചെയ്യാൻ പറ്റുന്ന റോഡുകളാക്കി മാറ്റണം. ഇതിനായി സാധാരണ ഗതിയിൽ വേനൽക്കാലത്ത് നടത്തിവരുന്ന അറ്റകുറ്റപ്പണികൾ ഒരു വിധത്തിലും അനുയോജ്യമല്ല. ഈ റോഡുകളെ മഴക്കാലത്ത് നിരീക്ഷിച്ച് അതിനെ സ്ഥിരീകരിക്കുന്നതിനുള്ള (Stebilize)നടപടികൾ നടത്തണം. അതുകഴിഞ്ഞിട്ടു മാത്രമേ മറ്റുപണികൾ നടത്താവൂ.

ഈ റോഡുകളിൽ കാണുന്ന മറ്റൊരു പ്രശ്നം അവയ്ക്ക് വീതിയില്ല എന്നുള്ളതാണ്. ഇതിനുള്ള പരിഹാരം പുറമ്പോക്ക് കൈവശമുള്ളവരുടെ കൈയിൽ നിന്ന് ഏറ്റെടുത്ത് വീതികൂട്ടുക എന്നുള്ളതാണ്. നീർത്തോടുകളായി ഉപയോഗിക്കേണ്ട ഈ റോഡുകളിലേക്ക് പുരയിടങ്ങളിൽ നിന്നു വെള്ളം ഒഴുക്കിവിടുന്ന പ്രവണതയെ തടയേണ്ടത് ആവശ്യമാണ്. ഇതുകൊണ്ടുള്ള പ്രയോജനം വളരെ വലുതാണ്. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനും, വൃക്ഷലതാദികൾക്ക് ജല സേചനത്തിനും ഇത് ഉപകരിക്കും. ഇതിനുള്ള ബോധവൽക്കരണം വ്യാപകമാക്കണം.

ഇപ്പോൾ നടത്തുന്ന രീതിയിലുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നത്, നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടിക്കയറ്റുന്നതു പോലെ മാത്രമാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ റോഡുകളുടെ അവസ്ഥ മഴക്കാലത്ത് കണ്ടുപിടിച്ച് അതിനു തക്ക പ്രതിവിധികൾ നടത്തണം. പഴയകാലത്ത് വഴിയിൽ ഇടുന്നതിന് ചെമ്മണ്ണും, ഗ്രാവലും മാത്രമേ ലഭിക്കുമായിരുന്നുള്ളു. ഇന്ന് ആ അവസ്ഥയല്ല. കൂടുതൽ സാന്ദ്രത ഉള്ളതും വെള്ളത്തിൽ അലിഞ്ഞു പോകാത്തതുമായ കരിങ്കൽപ്പൊടിയും മറ്റും സുലഭമാണ്. അതുപയോഗിച്ച് റോഡുകളെ ബലപ്പെടുത്താൻ സാധിക്കും. അങ്ങനെ ബലപ്പെടുത്തിയ ശേഷമേ ബാക്കി പണികൾ ചെയ്യാൻ പാടുള്ളു. റോഡുകൾക്കനുവദിക്കുന്ന തുക ഓരോ വാർഡിലേക്കും വീതിച്ചു കൊടുക്കുന്ന രീതി ഉപേക്ഷിക്കണം. മുൻഗണനാ ക്രമത്തിൽ ഓരോ റോഡിന്റെയും അറ്റകുറ്റപ്പണികൾ മുഴുവൻ ഏറ്റെടുത്ത് നടത്തണം.

പുതിയ റോഡുകൾ

യാതൊരുവിധമായ യാത്രാ സൗകര്യങ്ങളുമില്ലാത്ത ഒറ്റപ്പെട്ട വീടുകൾ നമ്മുടെ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ ഉണ്ട്. ഇവിടങ്ങളിലെ താമസക്കാർക്ക് വീട്ടിലേക്ക് സൗകര്യപ്രദമായ വഴിയൊരുക്കിക്കൊടുക്കുക എന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇവയ്ക്കുള്ള പല നിർദേശങ്ങളും ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുണ്ട്. ഇവ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 3

വാർഡ്	കോഡ്	പേര്	നീളം	വീതിറിമാർക്ക്
I	0101	പടിക്കലേത്ത് - പമ്പൂർ മഠം	200 മീ.	4 മീ.
II	0201	കരിമ്പിലാക്കൽ -- ചെറുതാപ്പിള്ളി	250 മീ.	4 മീ.
II	0202	കുറ്റിപ്പാലവിള - കോളനി	300 മീ.	4 മീ
II	0203	പുലയൻതുണ്ടിൽ റോഡ്	50 മീ.	നടപ്പാത
	0204	കരുവറ്റു കൊല്ലായിൽ ലക്ഷ്മിയുടെ വീട്ടിലേക്ക്	50 മീ.	നടപ്പാത
V	0501	ഷിബു ഭവൻ - തുണ്ടിൽ പടിഞ്ഞാറ്റേതിൽ	50 മീ.	3 മീ.
	0502	കിഴക്കേച്ചേരി - കിഴക്കേച്ചേരിത്തെക്കേതിൽ	100 മീ.	3 മീ.
	0503	കൊല്ലംപറമ്പിൽ - ചുടുകാട്ടിൽ	50 മീ.	3 മീ.
VII	0701	തുമ്പയിൽ - കുഴിവിള കുറ്റിയിൽ	150 മീ.	3 മീ.
VIII	0801	മലമുറ്റം - കാരുഴിക്കാവ്	150 മീ.	3 മീ.
	0802	സഹകരണം - പുത്തൻകുറ്റി	100 മീ.	3 മീ.
	0803	ചെന്നേലിൽ വയലിറക്കം - കൊച്ചുരാമൻ	100 മീ.	3 മീ.
	0804	ആയുർവേദം - തെക്കോട്ട്	100 മീ.	3 മീ.
	0805	ഞവരക്കൽ - വിളവിനാൽപടി	200 മീ.	3 മീ.
	0806	ആശാരിപടി - ചെട്ടിയാർ പടി	50 മീ.	3 മീ.
	0807	ഞവരക്കൽ - വിളവിനാൽ താഴോട്ട്	150 മീ.	3 മീ.
	0808	കുഴിയത്ത് കോയിക്കലേത്ത്	150 മീ.	3 മീ.
	0809	പ്രാലിൽ - പൊൻമേലേത്ത്	100 മീ.	4 മീ.
	0810	റിജോവില്ല - ആര്യാട്ടുപടി - മേലേതിൽപ്പടി	300 മീ.	3 മീ.

കോഡ് ആദ്യത്തെ രണ്ടു നമ്പർ വാർഡ് നമ്പരും അടുത്ത രണ്ട് നമ്പർ വാർഡിലെ മുൻഗണനയും സൂചിപ്പിക്കുന്നു.

ഇപ്പോൾ നിലവിലുള്ള റോഡുകളുടെ നവീകരണം

നിലവിലുള്ള ഭൂരിപക്ഷം ഗ്രാവൽ റോഡുകളും അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ്. ഗ്രാവൽ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ചെലവ് മറ്റു റോഡുകളുടേതിനെക്കാൾ താരതമ്യേന കുറവാണ്. JRY, CSRF, RLEGP മുതലായവയിൽ ഉൾപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ പഞ്ചായത്തിന്റെ ചുമതലയിൽ നടത്തണം. കൂടുതൽ റോഡുകൾ മെറ്റൽ ചെയ്ത്, ടാർ ചെയ്ത് ശരിയാക്കണം.



അതിന് തുനിയുന്നതിന് മുമ്പ് അറ്റകുറ്റപ്പണിക്കുള്ള തുകയുടെ കാര്യം ഉറപ്പാക്കണം. എന്തെന്നാൽ ടാർ റോഡുകളും മെറ്റൽ റോഡുകളും കുഴികളായിക്കഴിഞ്ഞ് ഉടൻ തന്നെ അറ്റകുറ്റപ്പണികൾ നടത്തിയില്ലെങ്കിൽ കാൽനട പോലും സാധ്യമല്ലാതായിത്തീരും. അടിയന്തിരമായി ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെക്കൊടുക്കുന്നു.

പട്ടിക - 4

ക്രമ നമ്പർ	കോഡ്	പേര്	നീളം കി.മീ.	വീതി മീറ്റർ	റിമാർക്ക്
1	0801	പൂതക്കുഴി - പോളിടെക്നിക്ക്	2	8	
2	0702	കീരുകുഴി മുക്ക് - തുണ്ടിൽ മുക്ക്	1.5	8	
3	0103	ചാക്കമണ്ണ് - മണ്ണാകടവ് - വായനശാല അമ്പലക്കടവ്	3	4	റിംഗ് റോഡ്
4	0104	താഴെക്കാട്ട് - പേരാത്തുകടവ്			
5	0505	പഞ്ചായത്തുമുക്ക് - കോയിക്കൽ - ചെന്നേലിൽ കോളനി വഴി - വിജയപുരം	2	4	
6	0106	മണ്ണാകടവ് മുക്ക് - കോളനികുരിശ് - പഞ്ചായത്ത്	3	4	പാരലൽ റോഡ്
7	0407	ചക്കിട്ടടത്ത് - കോയിക്കോണത്തുകടവ്	1	4	
8	0408	പേട്ടയിൽ - പുന്നക്കാട്ടു കുറ്റി	5	4	
9	0309	എം.എസ്.സി, എൽ.പി.എസ് - സാംസ്കാരികനിലയം	2	4	

കോഡ് ആദ്യത്തെ രണ്ടു നമ്പർ വാർഡു നമ്പരും അടുത്തത് മുൻഗണനാ ക്രമവും സൂചിപ്പിക്കുന്നു.

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്

പഞ്ചായത്തു രജിസ്റ്ററിൽ ഇല്ലാത്തതും, പുറമ്പോക്ക് രജിസ്റ്ററിൽ ഉള്ളതും അന്യാധീനപ്പെട്ടു പോയിട്ടുള്ളതും, അല്ലാത്തതുമായ എല്ലാ റോഡുകളും ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കേണ്ടതാണ്. മതിലുകൾ പണിയുന്നതിനു മുമ്പ് പഞ്ചായത്തിൽ നിന്ന് അനുവാദം വാങ്ങണം എന്നത് നിർബന്ധമാക്കണം.

പാലങ്ങൾ - കലുങ്കുകൾ

1. അമ്പലക്കടവു പാലം

ഈ പഞ്ചായത്തിന്റെ വടക്കു വശത്തുകൂടി ഒഴുകുന്ന അച്ചൻകോവിലാറ് ഈ പ്രദേശത്തെ രണ്ടായി വിഭജിക്കുന്നു. ആറിന്റെ ഇരുകരകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് അമ്പലക്കടവിൽ ഒരു പാലം വേണമെന്നുള്ളത് ഈ പ്രദേശത്തുള്ളവരുടെ ചിരകാല ആവശ്യമാണ്. ദീർഘകാലത്തെ പല രീതിയിലുള്ള ശ്രമഫലമായി ഈ പാലത്തിന് ഭരണാനുമതി ലഭിച്ചു. (A.S. No. G.O. (Rt) No. 571 /93/PW & T Dtd. 23.4.1993 for Rs. 1.60 Crores) അപ്രോച്ച് റോഡിന് കല്ലുകൾ ഇട്ടു എങ്കിലും Emergency provision u/s 17 of LA act പ്രകാരം സർക്കാർ അനുമതി കൊടുക്കാത്തതിനാൽ സ്ഥലം ഇതുവരെയും ഏറ്റെടുത്തിട്ടില്ല. പ്രത്യേക അനുമതി (Special Sanction) യ്ക്കായി P.W.D.

യിൽ നിന്ന് 93-94 കാലംതൊട്ട് നിരന്തരം സർക്കാരിലേക്ക് എഴുതുന്നുണ്ടെങ്കിലും എല്ലാം വനരോദനമായി മാറുകയാണ്. ഈ പാലത്തിന്റെ രൂപകല്പന (Design)യും Detailed Estimate ഉം മറ്റും ശരിയാക്കി ചീഫ് എൻജിനീയർക്ക് 93-94ൽത്തന്നെ അയച്ചിട്ടുള്ളതാകുന്നു. സാങ്കേതികാനുമതി കിട്ടണമെന്നുണ്ടെങ്കിൽ സ്പെഷ്യൽ ഓർഡർ ആവശ്യമാണ്.

സാധ്യതകൾ

അമ്പലക്കടവ് പാലം യാഥാർഥ്യമായാൽ എം.സി. റോഡിന് സാമാന്തരമായി ജില്ലയിൽ മറ്റൊരു പാത തന്നെ വികസിപ്പിച്ചെടുക്കാൻ സാധിക്കും. പാലം നിലവിൽ വന്നാൽ അടൂർ – തുമ്പമൺ – അമ്പലക്കടവ് റോഡും, പന്തളം – ഇലവുംതിട്ട – കോഴഞ്ചേരി റോഡും തമ്മിൽ സന്ധിക്കും. ഇങ്ങനെ രൂപപ്പെടുന്ന, അടൂർ – തുമ്പമൺ – അമ്പലക്കടവ് – കോഴഞ്ചേരി – തിരുവല്ലാ റോഡ്, എം.സി. റോഡിന് സമാന്തരമാണ്. ഇപ്പോൾത്തന്നെ അടൂർ മുതൽ അമ്പലക്കടവ് വരെയും, അമ്പലക്കടവ് വടക്കേക്കര മുതൽ തിരുവല്ലാ വരെയും നല്ല ടാർറോഡ് ഉണ്ട്. ആറിന്റെ മറുകരയിലുള്ള കുളനട, ചെന്നീർക്കര പഞ്ചായത്തുകളിലുള്ള സ്ഥലങ്ങളുമായി ബന്ധപ്പെടാൻ ഈ റോഡ് വളരെ സഹായിക്കും. അടൂരിൽ നിന്ന് ചെങ്ങന്നൂർക്കും, തിരുവല്ലായ്ക്കും ഉള്ള ദൂരം വളരെ കുറയുന്നു. കൊടുമൺ, പന്തളം തെക്കേക്കര, തുമ്പമൺ, കുളനട, ചെന്നീർക്കര, ഇലന്തൂർ, മെഴുവേലി തുടങ്ങിയ പഞ്ചായത്തുകൾക്ക് തെക്കുവടക്കായി പുതിയ ഒരു സഞ്ചാര മാർഗം തുറന്നു കിട്ടും.

1992-ൽ പന്തളം പാലത്തിന് ബലക്കുറവുണ്ടായി എന്ന വാർത്ത വന്നപ്പോൾ അതുവഴിയുള്ള ഗതാഗതം കൊല്ലകടവ് വഴി ചെങ്ങന്നൂർക്ക് തിരിച്ചു വിടുകയായിരുന്നു. അതുകൊണ്ട് ഏതാണ്ട് 18 കിലോമീറ്റർ കൂടുതൽ സഞ്ചരിക്കേണ്ടി വന്നു. ഇങ്ങനെ ഒരു പാലം വന്നാൽ അടൂരിൽ നിന്ന് ചെങ്ങന്നൂർക്കും, തിരുവല്ലായ്ക്കും കുറഞ്ഞ ദൂരത്തിൽ കുറഞ്ഞ സമയം കൊണ്ട് ചെന്നെത്താൻ കഴിയും.

വികസന ഭൂപടത്തിൽ ഒരു കുതിച്ചുചാട്ടത്തിന് സഹായിക്കുന്നതാണ് ഈ പാലം. പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽക്കൂടിയാണ് എം.സി. റോഡ് കടന്നു പോകുന്നത്. വേണ്ടത്ര യാത്രാസൗകര്യം ഇല്ലാത്തതാണ് ജില്ലയുടെ വികസനത്തിന് ഒരു തടസ്സം. അമ്പലക്കടവ് പാലം പണി കഴിഞ്ഞാൽ എം.സി. റോഡിലെ ഗതാഗതത്തിരക്ക് കുറയും. ഹൈറേഞ്ചിലെ പ്രധാന സ്ഥലങ്ങളായ കുമളി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുറഞ്ഞ ദൂരത്തിലും, സമയത്തിലും ജില്ലാതല സ്ഥാനവുമായി ബന്ധപ്പെടാൻ ഏറ്റവും നല്ല മാർഗം ഈ റോഡായിരിക്കും.

അടൂരും, കോഴഞ്ചേരിയുമായുള്ള ദൂരം കാര്യമായി കുറയുന്നതു മൂലം, തീർഥാടന കേന്ദ്രങ്ങളായ മാരാമൺ, ആറന്മുള, ചെറുകോൽപ്പുഴ മുതലായ സ്ഥലങ്ങളിൽ ചെന്നെത്താൻ പെട്ടെന്ന് സാധിക്കും. മഞ്ഞിനിക്കര, ശബരിമല ഉത്സവകാലങ്ങളിലും ഈ പാത ഉപയോഗപ്രദമാണ്. തിരുവനന്തപുരത്തു നിന്ന് എരുമേലിക്കുള്ള കുറഞ്ഞ ദൂരവും ഇതുതന്നെ.

പത്തനംതിട്ട ജില്ലയുടെ അടുത്തുള്ള വലിയ റയിൽവേ സ്റ്റേഷൻ ചെങ്ങന്നൂർ ആണ്. മുകളിൽ പറഞ്ഞ പഞ്ചായത്തുകളിലുള്ള യാത്രക്കാർക്ക് ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനിലേക്കുള്ള ഏറ്റവും കുറഞ്ഞ ദൂരം ഇതുതന്നെ. കാർഷിക പ്രധാനമായ സ്ഥലങ്ങളാകയാൽ കാർഷികോല്പന്നങ്ങളുടെയും മറ്റു നാണ്യവിളകളുടെയും സുഗമമായ ക്രയവിക്രയത്തിന് ഈ റോഡ് വളരെ സഹായകരമായിരിക്കും.

അമ്പലക്കടവ് പാലം നിർമ്മിക്കുന്നതോടെ ജില്ലയുടെ മധ്യഭാഗത്തൂടെ വരുന്ന പുതിയ സഞ്ചാര മാർഗം സ്കെച്ചു രൂപത്തിൽ താഴെക്കൊടുത്തിരിക്കുന്നു.

നിർദ്ദിഷ്ട അമ്പലക്കടവ് പാലത്തിനുള്ള സ്ഥലം



കടയ്ക്കാട് പാലം

പന്തളം പത്തനംതിട്ട റോഡിൽ പന്തളം പഞ്ചായത്തിന്റെയും തുമ്പമൺ പഞ്ചായത്തിന്റെയും ഇടയിലുള്ള ഉദ്ദേശം15 മീറ്റർ നീളമുള്ള ഒരു പാലമാണിത്. 100 വർഷം മുമ്പ് ആനകൾക്കും, കാളവണ്ടികൾക്കും കടന്നുപോകാൻ വേണ്ടി പണിത പാലം.5.8മീറ്റർ വീതിയുള്ള റോഡിൽ മൂന്നു മീറ്റർ വീതി മാത്രമുള്ള ഈ പാലം ഗതാഗതക്കുരുക്കും, ഗതാഗത ഭീഷണിയുമായി വർഷങ്ങളായി നിലകൊള്ളുന്നു. ഇതിന്റെ രണ്ട് ഊന്ന് തൂണുകളും (Abutments) 1960-നോടടുത്ത്, ബലഹീനമാണെന്ന് കണ്ട്, തെങ്ങിൻകുറ്റി അടിച്ച് അതിനു മുകളിൽ ശീലാന്തി പിടിപ്പിച്ച് ബലപ്പെടുത്തി വീണ്ടും തേക്കിൻ കുറ്റി അടിച്ച് 1968 കാലത്ത് ശക്തിപ്പെടുത്തി. ഇങ്ങനെ ബലഹീനമായ ഊന്നുതൂണിൽ പാലം പണിതാൽ അത് അത്യാഹിതത്തിന് കാരണമാകുകയേ ഉള്ളൂ. ആയതിനാൽ ഇപ്പോൾ ഉള്ള പാലം പൊളിച്ച് വീതികൂട്ടി ആധുനിക ക്ലാസ്സ് AA ലോഡിങ്ങിൽ ഉള്ള പുതിയ പാലം നിർമിക്കേണ്ടത് അത്യാവശ്യമാണ്.

ഈ പാലത്തിൽക്കൂടിയുള്ള ഗതാഗതം മുടങ്ങുന്നതുമൂലം ഒരു ദിവസം ഏകദേശം നൂറിട്രിപ്പ് ബസ്, അൻപതു ട്രിപ്പ് ലോറി, നൂറ്റി അൻപത് ട്രിപ്പ് ടെമ്പോ, അഞ്ഞൂറ് ട്രിപ്പ് കാർ മുതലായവ 16 കി.മീ. അധികദൂരം ഓടേണ്ടിയിരിക്കുന്നു. അതുമൂലം ഒരു ബസിന് 4 ലിറ്ററും, ഒരു ലോറിക്ക് 5 ലിറ്ററും ഒരു ടെമ്പോയ്ക്ക് 3 ലിറ്ററും ഒരു കാറിന് 1.5 ലിറ്ററും ഒരു ട്രിപ്പിന് കൂടുതൽ ഇന്ധനം ചെലവിടേണ്ടിവരുന്നു. ഇങ്ങനെ ഏറ്റവും കുറഞ്ഞത് 2000 ലിറ്റർ ഇന്ധനവും 20000 രൂപയും ഓരോ ദിവസവും രാഷ്ട്രത്തിന് നഷ്ടമാകുന്നു. ഓട്ടോറിക്ഷകളുടെയും ഇരുചക്രവാഹനങ്ങളുടെയും അധികച്ചെലവു കൂടി കണക്കാക്കിയാൽ ഇന്ധന നഷ്ടം അതിഭീമമായിരിക്കും. നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പറഞ്ഞറിയിക്കേണ്ടതില്ല. അതിനാൽ ഇനിയും അമാന്തിക്കാതെ അവിടെ പുതിയ പാലം പണിയാൻ നടപടി അടിയന്തിരമായി ഉണ്ടാകണം. മൂന്നുമാസത്തെ ദേശീയനഷ്ടത്തുകയായ 18 ലക്ഷം രൂപയിൽ താഴേ മാത്രമേ ഇതിനു ചെലവു വേണ്ടിവരികയുള്ളൂ.

കലുങ്കുകൾ

കലുങ്കുകൾ ആവശ്യമുള്ള സ്ഥലങ്ങൾ പലതുണ്ട്. എങ്കിലും റോഡുകൾക്ക് വീതി ഇല്ലാത്തതുകൊണ്ട് കലുങ്കുകളിലേക്ക് വെള്ളമൊഴുകുന്ന ഓടകൾ രണ്ടുവശത്തും വെട്ടാൻ സാധ്യമല്ല. അതുകൊണ്ട് ഇന്നത്തെ സ്ഥിതിയിൽ വീതി കുറഞ്ഞ റോഡുകളിൽ കലുങ്ക് പണിയുന്നത് ആശാസ്യമല്ല. റോഡിന് ആവശ്യാനുസരണം വീതി കൂട്ടുന്ന മുറക്ക് ഈ കാര്യം പരിഗണിക്കാവുന്നതാണ്. അത്യാവശ്യമായും കലുങ്കുകൾ വേണ്ട സ്ഥലങ്ങൾ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 5

കലുങ്കുകൾ വേണ്ട സ്ഥലം

വാർഡ്	സ്ഥലം/റോഡിന്റെ പേര്	പണിയുടെ വിവരം
I	മുട്ടം അങ്കണവാടിക്കടുത്ത്	
III	പാറയിൽമുക്ക് - ചേമ്പാലമണ്ണ് - അമ്പലക്കടവ്	മുണ്ടക്കൽപടി ഭാഗത്ത് ഈ റോഡ് നീരൊഴുക്കുമൂലം മുറിഞ്ഞു കിടക്കുന്നു. അവിടെ ഒരു കലുങ്ക് പണിതാൽ അമ്പലക്കടവ് വരെ വാഹന ഗതാഗതം സാധ്യമാകും.
VII	കുറ്റിക്കാട്ടുപടി - തോക്കത്ത്പടി - കല്ലിശ്ശേരിപ്പടി	തോക്കത്ത്പടിയിൽ ഒരു കലുങ്ക് ചീർപ്പ് സൗകര്യത്തോടുകൂടി പണിയണം.
VII	കീരുകുഴി മുക്ക് - തുണ്ടിൽ മുക്ക്	ഉറവാന്റെ തോട്ടിൽ വലിയ കലുങ്ക് പണിയണം
VIII	പൂതക്കുഴി - പോളിടെക്നിക്ക്	പ്രാലിൽ ഭാഗം കലുങ്ക് പണിയണം
VIII	കല്ലട ഇറിഗേഷൻ കനാൽ	റോഡിനെ മുറിച്ചു പോകുന്ന കനാലിന്റെ മുകളിൽ സ്ലാബ് ഇടണം

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

ഓടകൾ – കടവുകൾ

ഓടകൾ

P.W.D. റോഡുകളിൽ പോലും ഓടകൾ അപര്യാപ്ത മാണ്. ബാക്കിയുള്ള റോഡുകൾ വീതികുറഞ്ഞവയാണ്. വീതി കുറഞ്ഞ റോഡുകളിൽ ഓടകൾ നിർമ്മിച്ചാൽ വാഹന ഗതാഗ തത്തിന് അസൗകര്യം ഉണ്ടാകും. ചെമ്മണ്ണു പാതകളിൽ ഓരോ വാഹനം കടന്നു പോകുമ്പോൾ ഓടകളിലേക്ക് മണ്ണിടിഞ്ഞു വീണും തെന്നിമാറിയും കുഴികൾ രൂപാന്തരപ്പെടും. അതുപോലെ ഓരോ സീസൺ കഴിയുമ്പോഴും ഒഴുകിവരുന്ന മണ്ണും, മുളച്ചു വരുന്ന കാടും മൂലം അവിടവിടെ തടസ്സങ്ങൾ ഉണ്ടായി, ഗുണ ത്തിനു പകരം ദോഷമാണ് സംഭവിക്കുന്നത്. അതിനാൽ ആവ ശ്യത്തിനു വീതിയുള്ള റോഡുകളിൽ മാത്രം ഓടകൾ നിർമിക്കു ന്നതായിരിക്കും ഉത്തമം. അടിയന്തിരമായും ഓടകൾ നിർമി ക്കേണ്ട റോഡുകൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഓടകൾ വേണ്ട സ്ഥലം

പട്ടിക – 6

വാർഡ്	സ്ഥലം/റോഡ്	ജോലിയുടെ വിവരം
Iv	ചക്കിട്ടടത്തു പടി – കൊച്ചുപാറപടി	ചക്കിട്ടടത്തു പടി മുതൽ കൊച്ചുപാറപ്പടി വരെ ഓട നിർമിച്ച് മുകളും പുറത്ത് മലയിൽ നിന്നു വരുന്ന വെള്ളം കിഴക്കേ വീട്ടിൽ പടിയിലുള്ള കലുങ്കിൽക്കൂടി ഒഴുക്കണം.
V	പള്ളിത്തെക്കേതിൽ പടി	തുമ്പമൺ ജംഗ്ഷനു തെക്കുള്ള പള്ളിത്തെക്കേതിൽ പടിയിലുള്ള കലുങ്ക് ഇപ്പോൾ ഉപയോഗ ശൂന്യമാണ്. ആവശ്യത്തിന് ഓട നിർമിച്ച് ഒതളക്കുഴിയിലേക്ക് ഒഴുക്കണം. ഇറിഗേഷൻ കനാൽ മൂലമുള്ള തടസ്സം നീക്കണം. എങ്കിൽ മാത്രമേ തുമ്പമൺ ജംഗ്ഷനു തെക്കോ ട്ടുള്ള ഗതാഗതം സുഗമമാകു.
II	വായനശാല – കോളനി	ഇപ്പോൾ വായനശാല മുക്കിൽ നിന്ന് തെക്കോട്ടു പണിതിട്ടുള്ള ഓട പൂർത്തിയാക്കി നിലത്തിൽ മണ്ണു കയറാത്ത രീതിയിൽ നെടു ങ്ങോട്ടു ചാലിൽ വെള്ളം എത്താനുള്ള സൗകര്യം ഉണ്ടാകണം.

കടവുകൾ

പഴയകാലത്ത് ആലപ്പുഴ ചങ്ങനാശ്ശേരി എന്നിവിടങ്ങളി ലേക്ക് മലഞ്ചരക്കും കാർഷികവിളകളും, കെട്ടുവള്ളത്തിൽ കൊണ്ടുപോകുകയും അവിടെനിന്ന് മറ്റു സാധനങ്ങൾ കൊണ്ടു വരികയും ചെയ്തിരുന്നു. അച്ചൻകോവിലാറ്റിൽ ജലനിരപ്പ് താണ തുമൂലം ഇത്തരത്തിലുള്ള ജല ഗതാഗതം പൂർണമായും നിലച്ചു. തുമ്പമൺ ഗ്രാമത്തിലെ തെക്കും വടക്കും ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത് അച്ചൻകോവിലാറ്റിൽ ഉള്ള കടത്തുമൂലമാണ്. അമ്പലക്കടവിലും മണ്ണാകടവിലും സർക്കാർ കടത്തുവള്ളങ്ങൾ ഉണ്ട്. ഈ വള്ളങ്ങളിൽ കയറുന്നതിനും ഇറങ്ങുന്നതിനും ജന ങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു. അവിടെ രണ്ടു കടവുക ളിലും ലാൻഡിംഗ്/സ്റ്റെപ്പ് കെട്ടി സഞ്ചാരം സുഗമമാക്കണം.



വണ്ടിത്താവളങ്ങൾ

ഇവിടെ നിന്നു തുടങ്ങുന്ന ബസ് സർവീസുകൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. അതുകൊണ്ടു തന്നെ ഒരു ബസ് സ്റ്റാൻഡിന്റെ ആവശ്യം ഇപ്പോഴില്ല. എന്നാൽ യാത്രക്കാർക്ക് വെയിലും, മഴയും ഏൽക്കാതെ വിശ്രമിക്കുന്നതിന് വെയിറ്റിംഗു ഷെഡ്ഡുകൾ ആവശ്യമാണ്. തുമ്പമൺ ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് അടിയന്തിരമായി നിർമിക്കണം. ഗവ: യു.പി. സ്കൂളിന് തെക്കുഭാഗത്തുള്ള P.W.D. പുറമ്പോക്കിൽ ഇത് സ്ഥാപിക്കാവുന്നതാണ്. കൂടാതെ വായനശാല, ചക്കിട്ടടത്ത് പടി, പേട്ടയിൽ പടി, മണ്ണാകടവ് ജംഗ്ഷൻ, മാമ്പിലാലി, പഞ്ചായത്ത് ജംഗ്ഷൻ എന്നിവിടങ്ങളിലും വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കണം.

ഈ പഞ്ചായത്തിൽ പ്രഖ്യാപിതമായ ഓട്ടോ ടാക്സി സ്റ്റാൻഡുകൾ ഇല്ല. ഇപ്പോൾ ഇവ ജംഗ്ഷനിലുള്ള റോഡുകളുടെ വശങ്ങളിലാണ് പാർക്ക് ചെയ്യുന്നത്. ഗതാഗതക്കുരുക്കിന് ഇത് കാരണമാക്കുന്നു. അതുകൊണ്ട് സൗകര്യമായ സ്ഥലത്ത് ഓട്ടോ ടാക്സി സ്റ്റാൻഡുകൾ നിർമിക്കണം. ഇപ്പോഴുള്ള മാർക്കറ്റ് അവിടെ നിന്ന് മാറ്റിയാൽ ആ സ്ഥലം ഇതിനായി ഉപയോഗിക്കാം.

റെയിൽ ഗതാഗതം

നിർദേശം

ഈ പഞ്ചായത്തിൽ റയിൽ ഗതാഗതം നിലവിലില്ല. മാവേലിക്കര നിന്ന് പന്തളം, കൈപ്പട്ടൂർ, പത്തനംതിട്ട വഴി ശബരിമലക്ക് ഒരു റയിൽവേ ലൈൻ വളരെയധികം സാമ്പത്തിക ഭദ്രതയുള്ള ഒന്നായിരിക്കും. ഇത് സമീപ പ്രദേശങ്ങളുടെ അഭിവൃദ്ധിക്കും ഉപകരിക്കും. നിർദിഷ്ട ചെങ്ങന്നൂർ, പന്തളം, അടൂർ കൊട്ടാരക്കര, തിരുവനന്തപുരം ലൈൻ സർവേ പൂർത്തിയാക്കി ഉടൻ നടപ്പിലാക്കണം.

റോഡ് ഗതാഗതം – അടിയന്തിര നിർദേശങ്ങൾ

ഈ പ്രദേശത്തു നിന്ന് കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലേക്ക് ധാരാളം ആൾക്കാർ യാത്ര ചെയ്തു കൊണ്ടിരിക്കുന്നു. ഈ സ്ഥലങ്ങളിലേക്ക് ഇതു വഴി KSRTC, ഫാസ്റ്റ് പാസഞ്ചർ സർവീസ് നടത്തിക്കൊണ്ടിരുന്നതാണ്. എന്തുകൊണ്ടോ ഈ സർവീസുകൾ ഒന്നും തന്നെ നിലവിലില്ല. ഏറ്റവും അടുത്തുള്ള ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനിലേക്കുള്ള യാത്ര ഇവിടത്തുകാർക്ക് വളരെ ദുഷ്കരം തന്നെയാണ്. മൂന്നു ബസുകൾ കയറിയിറങ്ങിയാൽ മാത്രമേ റയിൽവേ സ്റ്റേഷനിൽ എത്താൻ കഴിയൂ.

ആയതിനാൽ താഴെപ്പറയുന്ന റൂട്ടുകളിൽ അടിയന്തിരമായി ബസ് സർവീസുകൾ ആരംഭിക്കണം.

1. തുമ്പമണ്ണിൽകൂടി ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനിലേക്ക് എം.സി. റോഡിൽ കൂടി ഓർഡിനറി സർവീസുകൾ.
2. തുമ്പമണ്ണിൽ കൂടി കീരുകുഴി അടൂർ വഴി തിരുവനന്തപുരം.
3. തുമ്പമണ്ണിൽ കൂടി പന്തളം വഴി എറണാകുളം.
4. അടൂർ – കീരുകുഴി – തുമ്പമൺ – പത്തനംതിട്ട

രാത്രി എട്ട് മണി കഴിഞ്ഞാൽ പന്തളത്തു നിന്ന് തുമ്പമൺ വഴി പത്തനംതിട്ടക്കും, പത്തനംതിട്ടയിൽ നിന്ന് പന്തളത്തിനും ഇപ്പോൾ ബസ് സർവീസ് ഇല്ല. ഈ രണ്ടു സ്ഥലങ്ങളിലേക്കും രാത്രി എട്ട് മണി കഴിഞ്ഞ് ബസ് സർവീസുകൾ ഏർപ്പെടുത്തണം.

നിലവിലുള്ള റോഡുകളും, അവയ്ക്കാവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള നിർദേശങ്ങളും താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

പട്ടിക – 7

റോഡ് – നിലവിലുള്ള റോഡ് – ആവശ്യങ്ങൾ

വാർഡ്	കോഡ്	പേര്	നീളം കി.മീ.	വീതി മീ.	ഉപരിതല സ്വഭാവം	ആവശ്യങ്ങൾ					റിമാർക്ക്
						അറ്റകുറ്റ പ്പണി	മെറ്റലിംഗ്/ ടാറിംഗ്	ഓട	കലുങ്ക്	ബല പ്പെടു ത്തൽ	വീതി കൂട്ടുക	
1	0101	ചാക്കമണ്ണിൽ – മണ്ണാകടവ് – അമ്പലക്കടവ് റിങ്ങ് റോഡ്	3	4	ഗ്രാവൽ റോഡ്							പുതിയ റിംഗ് റോഡ്
	0102	താഴക്കാട്ട് പടി – പേരാത്തുകടവ്	0.34	3	ഗ്രാവൽ റോഡ്							
	0103	കോട്ടക്കാത്ത് – നഴ്സറി	.5									
	0104	മണ്ണാകടവ് ജംഗ്. – ആറ്റുകടവ്	1	4	ഗ്രാവൽ റോഡ്							
	0105	കോട്ടയ്ക്കകത്ത് – കട്ടിക്കുളം	.5	3	ഗ്രാവൽ റോഡ്							
	0106	മഠത്തിൽപടി – മുട്ടത്തിൽ പടിഞ്ഞാറ്	.5	3	ഗ്രാവൽ റോഡ്							
	0107	മുക്കനാൽ – പടിക്കവീട്ടിൽ – കടവ്	.5	3	ഗ്രാവൽ റോഡ്							
	0108	നെല്ലിക്കോമത്ത് – കട്ടിക്കുളം	.25	3	ഗ്രാവൽ റോഡ്							
	0109	വായനശാല – മനച്ചുഴികടവ്	.5	4								
	0110	മലയിരിക്കുന്ന് – ക്ഷേത്രം	.2	4	ഗ്രാവൽ റോഡ്							
	0111	മലയുടെ കിഴക്കേതിൽ – പടിക്കലേത്ത്	.3	3	ഗ്രാവൽ റോഡ്							
	0112	കുഴിക്കാട്ടു പടി – മാവേലിപടി	.3	3	ഗ്രാവൽ റോഡ്							
	0113	മാവേലിക്കുന്ന് – പാടം	.10	3	ഗ്രാവൽ റോഡ്							
	0114	മണ്ണാകടവ് – മുട്ടം എൽ.പി. സ്കൂൾ	1	3	ഗ്രാവൽ റോഡ്							



വാർഡ്	കോഡ്	പേര്	നീളം കി.മീ.	വീതി മീ.	ഉപരിതല സ്വഭാവം	ആവശ്യങ്ങൾ					റിമാർക്ക്
						അറ്റകുറ്റ പ്പണി	മെറ്റലിംഗ്/ ടാറിംഗ്	ഓട	കലുങ്ക്	ബല പ്പെടു ത്തൽ	വീതി കൂട്ടുക	
II	0201	മണ്ണാകടവ് ജംഗ്. - നെടുങ്ങോട്ട് കോളനികുരിശ് - ചുമട്ടുകാവ് പഞ്ചായത്ത് ജംഗ്ഷൻ	3	4	ഗ്രാവൽ റോഡ്							
	0202	മണ്ണാകടവ് - എഴിയാത്ത് - ചാങ്ങേത്തു വഴി	.25	4								
	0203	കടക്കാട് പാലം - കരിമ്പിലായ്ക്കൽ	.3	3								
	0203	കോളനികുരിശ് - സെറ്റിൽമെന്റ് കോളനി	.4	4								
	0204	മണ്ണാകടവ് - കോയിക്കോണത്തു കടവ്	1	4								
	0205	കോളനികുരിശ് - ചേലക്കാവ് വായനശാല കിഴക്ക്	.5	3								
	0206	മുട്ടംകോളനി - ശ്മശാനം	.5	3							വാഹനയോഗ്യം ആക്കുക	
	0207	കോളനിക്കകത്തുള്ള റോഡ്	1.5	4								
	0208	മുട്ടം വൈ.എം.സി.എ. - പനാറേത്ത്	.3	3								
	0209	ചാങ്ങേത്ത് - നെടുങ്ങോട്ട്	.4	3.5								
	0210	കോളനികിഴക്ക് - മുഴുക്കോട്ട് - ചക്കിട്ടടത്ത്	3	3								
III	0301	തുമ്പമൺ - അമ്പലക്കടവ്	1	4								
	0302	പാറയിൽപടി - മുണ്ടക്കൽ - അമ്പലക്കടവ്	.5	3								
	0303	സാംസ്കാരിക നിലയം - കാടംപ്ലാവിൽ കിഴക്ക്	.3	3								
	0304	മില്ലിൽ - താമരക്കുളം	.5	3								

വാർഡ്	കോഡ്	പേര്	നീളം കി.മീ.	വീതി മീ.	ഉപരിതല സ്വഭാവം	ആവശ്യങ്ങൾ					റിമാർക്ക്
						അറ്റകുറ്റ പ്പണി	മെറ്റലിംഗ്/ ടാറിംഗ്	ഓട	കലുങ്ക്	ബല പ്പെടു ത്തൽ	വീതി കൂട്ടുക	
	0305	എം.ജി.എച്ച്.എസ് - ഗവ: യു.പി.എസ്. - മന്ദിരം	.5	3								
	0306	കാവ് - വെട്ടിക്കാട്ടു കടവ്	.1	4								
IV	0401	പേട്ടയിൽ - പുന്നക്കാട്ടുകുറ്റി	.5	4								
IV	0402	ചക്കിട്ടടത്ത് - കോയിക്കോണത്ത് കടവ്	.4	4								
	0403	പേരൂർ - നെടിയത്ത്	.5	4								
	0404	തുണ്ടിൽ - പനാറ	.3	3								
	0405	സാഹിബ്കോട്ടി - കമ്മാഞ്ചേരി	.3	3								
	0406	തുണ്ടിൽപടി - കൊല്ലംമൂട്ടിൽ കുളം	.3	3								
	0407	കുരിക്കാമാട്ടുക്കൽ - മൂത്തേരികുഴി	300	2								
	0408	തെക്കെവിള - ശ്രീശൈലം	.4	4								
	0409	നല്ലടി - വടക്കേമുറി	.3	3								
	0410	നല്ലടി - മുഴുക്കോട്	.53	3.5								
	0411	നല്ലടിതെക്ക് - മുഴുക്കോട്	.53	3.5								
	0412	കുളത്തിൻകരോട്ട് അരോമ - മുഴുക്കോട്	.53	3.5								
	0413	പുലിയംമഠം - കിഴക്കിനേത്ത്	1	3								
V	0501	തെക്കേമണ്ണിൽ - പള്ളിതെക്കേതിൽ	.5	3								
	0502	ആട്ടറ - ഇട്ടിയുടെ അയ്യത്ത്	.5	3								
	0503	തെക്കേമണ്ണിൽ - തച്ചന്റയ്യത്ത്	.5	3								

വാർഡ്	കോഡ്	പേര്	നീളം കി.മീ.	വീതി മീ.	ഉപരിതല സ്വഭാവം	ആവശ്യങ്ങൾ					റിമാർക്ക്
						അറ്റകുറ്റ പണി	മെറ്റലിംഗ്/ ടാറിംഗ്	ഓട	കലുങ്ക്	ബല പ്പെടു ത്തൽ	വീതി കൂട്ടുക	
	0305	എം.ജി.എച്ച്.എസ് - ഗവ: യു.പി.എസ്. - മന്ദിരം	.5	3								
	0504	മുളക്കിലേത്ത് - പമ്പു മഠം	.2	4								
	0505	മാവേലി - മുളങ്കുഴി	.2	3								
	0506	തെക്കടത്ത് താഴത്തിൽ - നെടിയുഴത്തിൽ	.4	4								
	0507	കല്ലേത്ത് - പാനപ്പള്ളി	.7	4								
	0508	പടിഞ്ഞാറ്റിടത്ത് - കൊല്ലംപറമ്പിൽ	.15	3								
	0509	എഴിപ്പുര - സൗഭാഗ്യ	.15	3								
	0510	കൊല്ലംപറമ്പിൽ - മുകളുംപുറം - പുലിയംമഠം		.5	3	ഗ്രാവൽ റോഡ്						
	0511	കൊച്ചുതയ്യിൽ - മുകടിയിൽ	.2	4	ഗ്രാവൽ റോഡ്							
	0512	പേട്ടയിൽ - ചുമട്ടുകാവ് - പഞ്ചായത്ത്	1	4	ഗ്രാവൽ റോഡ്							
	0513	പഞ്ചായത്ത് - കോയിക്കലേത്ത്	1.5	4	ഗ്രാവൽ റോഡ്							
	0514	കാർത്തിക - കിഴക്കേച്ചേരി	.2	4	ഗ്രാവൽ റോഡ്							
	0515	തോപ്പിൽമംഗലം - കിഴക്കേച്ചേരി	.75	4	ഗ്രാവൽ റോഡ്							
	0516	തോപ്പിൽ മംഗലം - കോടുതിട്ട	.2	4	ഗ്രാവൽ റോഡ്							
	0517	വട്ടടികാലാ - കൊല്ലംമൂട്	.15	4	ഗ്രാവൽ റോഡ്							
	0518	പുത്തൻവീട്ടിൽ - ചുടുകാട്ടിൽ	.1	3	ഗ്രാവൽ റോഡ്							
	0519	പമ്പു മഠം - കിഴക്കേച്ചേരി	.3	3	ഗ്രാവൽ റോഡ്							

വാർഡ്	കോഡ്	പേര്	നീളം കി.മീ.	വീതി മീ.	ഉപരിതല സ്വഭാവം	ആവശ്യങ്ങൾ						റിമാർക്ക്
						അറ്റകുറ്റ പ്പണി	മെറ്റലിംഗ്/ ടാറിംഗ്	ഓട	കലുങ്ക്	ബല പ്പെടു ത്തൽ	വീതി കൂട്ടുക	
	0520	പമ്പ മഠം - കൊല്ലം മുട്	.1	3	ഗ്രാവൽ റോഡ്							
	0521	പനവിള - കൊല്ലംമുട്	.1	3	ഗ്രാവൽ റോഡ്							
	0522	കൊല്ലംപറമ്പിൽ - ചുടുകാട്ടിൽ	.05	3	ഗ്രാവൽ റോഡ്							
VI	0601	നിലക്കൽ - മലപ്പുറം ഹരിജൻ കോളനി	.5	4	ഗ്രാവൽ റോഡ്							
	0602	ഗുരുമന്ദിരം - മലപ്പുറം ഹരിജൻ കോളനി	.5	3	ഗ്രാവൽ റോഡ്							
	0603	മങ്ങാട്ടുവിള - മലപ്പുറം ഹരിജൻ കോളനി	.5	4	ഗ്രാവൽ റോഡ്							
	0604	റോയൽ ഹോസ്പിറ്റൽ - കാട്ടൂർ കടവ്	.3	4	ഗ്രാവൽ റോഡ്							
	0605	മുളമൂട്ടിൽ - കല്ലുവെട്ടാംകുഴി	.5	3	ഗ്രാവൽ റോഡ്							
	0606	പടിപ്പുരയ്ക്കൽ - കല്ലുവെട്ടാം കുഴി	.5	3	ഗ്രാവൽ റോഡ്							
	0607	കീരുകുഴി മുക്ക് - തുണ്ടിമുക്ക്	1.5	4	ഗ്രാവൽ റോഡ്							
	0608	മുടക്കമണ്ണിൽ- ഇളംകുളം പാറ	.75	4	ഗ്രാവൽ റോഡ്							
	0701	പടിപ്പുരക്കൽ - വൈദികസദനം - ഇന്ദിരാ ജംഗ്ഷൻ	2	3	ഗ്രാവൽ റോഡ്							
	0702	വായനശാല - സെറ്റിൽമെന്റ് കോളനി	1	3	ഗ്രാവൽ റോഡ്							
	0703	വൈദികസദനം - ഉറവാന്റെ തോട്	.5	3	ഗ്രാവൽ റോഡ്							
	0704	കുട്ടങ്ങാലി - പാലച്ചേരി	.2	3	ഗ്രാവൽ റോഡ്							
	0705	കുറ്റിക്കാട് - കല്ലിശ്ശേരി	.3	3	ഗ്രാവൽ റോഡ്							
	0706	ഗുരുനാഥൻ കാവ് - കോട്ടാലേത്ത്	.25	3	ഗ്രാവൽ റോഡ്							
	0707	ഇന്ദിരാജംഗ്ഷൻ - കല്ലുഴത്തിൽ	.3	3	ഗ്രാവൽ റോഡ്							



വാർഡ്	കോഡ്	പേര്	നീളം കി.മീ.	വീതി മീ.	ഉപരിതല സ്വഭാവം	ആവശ്യങ്ങൾ					റിമാർക്ക്
						അറ്റകുറ്റ പണി	മെറ്റലിംഗ്/ ടാറിംഗ്	ഓട	കലുങ്ക്	ബല പ്പെടു ത്തൽ	വീതി കൂട്ടുക	
	0708	പേരൂർ തുണ്ടിൽ - നാഗത്തിനാൽ	.3	3	ഗ്രാവൽ റോഡ്							
	0709	പുതക്കുഴി - ആലുവിള	.3	4	ഗ്രാവൽ റോഡ്							
	0710	ആലുവിള - തെങ്ങുംതോട്ടം	.2	3	ഗ്രാവൽ റോഡ്							
	0711	മാമ്പിലാലികുരിശ് തെക്കോട്ട്	.2	3								
VIII	0801	സെന്റ്. തോമസ് നഗർ - പോളിടെക്നിക്ക്	2	4.5	ഗ്രാവൽ റോഡ്							
	0802	ചെന്നയിൽ - മുണ്ടുമഠം	.15	3	ഗ്രാവൽ റോഡ്							
	0803	അമ്പാട്ടുപടി - ആയുർവേദം	.15	3	ഗ്രാവൽ റോഡ്							
	0804	കൊച്ചുകളീക്കൽ - കാരുഴികാവ്	1	3	ഗ്രാവൽ റോഡ്							
	0805	പെരുമ്പലത്തു - ലക്ഷംവീട്	.2	3	ഗ്രാവൽ റോഡ്							
	0806	തടത്തിൽപടി - ഞവരക്കൽ	.15	3	ഗ്രാവൽ റോഡ്							
	0807	തുണ്ടിൽപടി - ഞവരക്കൽ	.15	3	ഗ്രാവൽ റോഡ്							
	0808	തടത്തിൽ - തുണ്ടിൽപടി	.1	3	ഗ്രാവൽ റോഡ്							
	0809	സെന്റ്. മേരീസ് കുരിശ് - മലമുറ്റം - കാരുഴി	1	3	ഗ്രാവൽ റോഡ്							
	0810	കിഴക്കേവീട് - ശാന്തിപീഠം							ഇടക്കുള്ള കനാലിന്റെ മുകളിൽ സ്ലാബ് ഇടുക			

കോഡ്: ആദ്യത്തെ രണ്ടക്കം വാർഡിനെയും അടുത്ത രണ്ടക്കം വാർഡിലെ മുൻഗണനാക്രമത്തെയും കാണിക്കുന്നു.

അവലംബം: ഗ്രാമസഭാറിപ്പോർട്ട്

5.2C

ഊർജം

ഇന്നു നമ്മുടെ പ്രധാന ഊർജോപാധി വൈദ്യുതിയാണ് തുമ്പമൺ പ്രദേശത്ത് വൈദ്യുതി എത്തിയത് 1957 കാലഘട്ടത്തിലാണ്. കേവലം ഒരു ട്രാൻസ്ഫോർമറിൽ തുടങ്ങിയ വൈദ്യുതി വിതരണം ഇന്ന് 9 ട്രാൻസ്ഫോർമറുകളിൽക്കൂടി നടത്തുന്നു.

പട്ടിക - 1

പഞ്ചായത്തു പരിധിയിലുള്ള ട്രാൻസ് ഫോർമറുകൾ

ക്രമ നമ്പർ	വാർഡ്	പേര്	ശേഷി	ഉപഭോക്താക്കൾ
1	VII	പല്ലാകുഴി	100 KVA	273
2		തുമ്പമൺ	160 KVA	4
3	V	കിഴക്കേചെരുവിൽ	100KVA	150
4	IV	ചുമട്ടുകാവ്	100KVA	249
5	III	അമ്പലക്കടവ്	100 KVA	40
6	III	ചക്കിട്ടടത്തു പടി	100KVA	249
7	II	മുട്ടം	160KVA	283
8	VIII	തുണ്ടിൽമുക്ക്	100KVA	--
9	-	നരിയാപുരം	100KVA	50 ഇല്ല

അവലംബം: ഇല: സെക്ഷൻ പന്തളം, കൈപ്പട്ടൂർ തുണ്ടിൽ മുക്ക് ട്രാൻസ്ഫോർമർ കമ്മീഷൻചെയ്യാൻ യാതൊരു സാങ്കേതിക തടസ്സവും ഇല്ല.



ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. എങ്കിലും ആവശ്യമുള്ള എല്ലാവർക്കും ഇനിയും വൈദ്യുതി ബന്ധം ലഭിച്ചിട്ടില്ല. ഈ പഞ്ചായത്ത് പന്തളം ഇലക്ട്രിക് മേജർ സെക്ഷൻ, കൈപ്പട്ടൂർ ഇലക്ട്രിക് മേജർ സെക്ഷൻ എന്നിവയുടെ പരിധിൽപ്പെടുന്നു. പന്തളം - ഇടപ്പോൺ 110 KV സബ് സ്റ്റേഷനിൽ നിന്നാണ്. ഇവിടേക്ക് വൈദ്യുതി ലഭിക്കുന്നത്. ജനങ്ങളുടെ ദൈനന്ദിന ജീവിതത്തിന്റെ ഒരു ഭാഗമായി വൈദ്യുതി മാറിയ നിലക്ക് അതിന്റെ പ്രാധാന്യം പറഞ്ഞറിയിക്കാൻ പറ്റാത്ത രീതിയിലായിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നു കിട്ടുന്ന സേവനത്തെപ്പറ്റി പരാതി മാത്രമേ എല്ലാ ഗ്രാമസഭകളിലും നിന്നുയർന്നിട്ടുള്ളൂ. പഞ്ചായത്തിലെ സകല വൈദ്യുതി പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ മൂന്നു ലൈൻ അസിസ്റ്റന്റുമാർ ഉണ്ടെങ്കിലും, തുമ്പമൺ ഗ്രാമപഞ്ചായത്തിലെ 8 ച. കി. മീറ്റർ പ്രദേശത്തേക്ക് ഒരു ലൈൻ അസിസ്റ്റന്റു മാത്രമാണുള്ളത്. വോൾട്ടേജു ക്ഷാമം ഒരു പ്രശ്നം തന്നെയാണ്. ഉള്ള വൈദ്യുതിയും ശരിയായ രീതിയിൽ ലഭിക്കുന്നില്ല. ഇതിന് ഒരു പരിഹാരം ഉണ്ടായേ മതിയാകൂ. ഈ പഞ്ചായത്തിൽ ആകെ1389 വൈദ്യുതി ബന്ധങ്ങളാണ് ഉള്ളത്. ഇതിൽ 88% ഗാർഹികവും,9% വ്യാപാര സംബന്ധവും,1% വ്യാവസായികവും 2% കാർഷികവും ആണ്. പട്ടിക 2 കാണുക.

പട്ടിക 2

നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

ക്രമ നമ്പർ	താരിഫ്	എണ്ണം	അവലംബം
1	ഗാർഹികം	1278	പന്തളം, കൈപ്പട്ടൂർ
2	വ്യാപാരം	126	സെക്ഷൻ
3	വ്യാവസായികം	13	
4	കാർഷികം	22	
ആകെ		1439	

പഞ്ചായത്തു പരിധിയിലുള്ള 11.KV,LT ലൈൻ ഇവയുടെ നീളത്തിനെപ്പറ്റിയുള്ള കണക്കുകൾ ലഭ്യമല്ല.

പഞ്ചായത്തിൽ 244 തെരുവു വിളക്കുകൾ ഉണ്ട്. പട്ടിക 3 കാണുക

പട്ടിക . 3.

തെരുവു വിളക്കുകൾ

ക്രനമ്പർ	ഇനം	40 W	100W	ആകെ.
1.	ബൾബ്	209	25	234
2	ട്യൂബ്	10	-	10
3.	മെർക്കുറി.	ഇല്ല	ഇല്ല	

അവലംബം പന്തളം സെക്ഷൻ

സെക്ഷൻ ആഫീസിൽ നിന്നു കിട്ടിയ സംഖ്യയെക്കാൾ വളരെക്കൂടുതലാളുകൾ ഈ പഞ്ചായത്തു പരിധിയിൽ വയറിംഗ് നടത്തി വൈദ്യുതി ബന്ധം പ്രതീക്ഷിച്ചു കഴിയുന്നുണ്ട്. പട്ടിക 4 കാണുക.

പട്ടിക - 4

ക്രമനമ്പർ	വാർഡ് നമ്പർ	എണ്ണം	റി മാർക്ക്
1	II	4	-
2	III	8	ചെമ്പാലമണ്ണു കോളനി വയറിംഗ് കഴിഞ്ഞിട്ട് 15 വർഷം ആയി.
3	IV	-	കോട്ടാണി സെറ്റിൽമെന്റു കോളനി.
4	V	2	പ്ലാന്തോട്ടത്തിൽ നടുവിലേമുറി സെറ്റിൽമെന്റ് കോളനി വയറിംഗ് കഴിഞ്ഞിട്ട് 8 വർഷമായി
5	VI	15	മലപ്പുറം കോളനി വയറിംഗ് കഴിഞ്ഞിട്ട് 10 വർഷമായി.
6	VII	21	പാറപ്പാട്ടു കോളനി 8 വീട്.
7	VIII	-	ലക്ഷംവീടു കോളനി വയറിംഗ് കഴിഞ്ഞിട്ട് കഴിഞ്ഞിട്ട് 8 വർഷമായി. പുത്തൻ കുറ്റി കോളനി വയറിംഗ് കഴിഞ്ഞിട്ട് 4 വർഷമായി.

പട്ടിക - 5

തെരുവു വിളക്കുകൾ ആവശ്യമുള്ള സ്ഥലം

ക്രമ നമ്പർ	വാർഡ്	സ്ഥലം
1	I	ചാക്കമണ്ണിൽ-അങ്കണവാടി
2	I	വായനശാല - മനച്ചുഴിക്കടവ്
3	II	മണ്ണാകടവ് - നെടുങ്ങോട്ട് - കോളനിക്കുരിശ്
4	II	മുട്ടം റേഷൻകട - നെടുങ്ങോട്ടു പുഞ്ച.
5	II	നല്ലടിപ്പടി - വായനശാല.
6	III	ആഡിറ്റോറിയം - കണിയാൻ കടവ് - ചെമ്പക്കടവ്



7	III	കുമ്പോമ്പ് - അമ്പലക്കടവ്-ചെറുതുരുത്തിക്കടവ്
8	III	പാറയിൽ മുക്ക് - ചേമ്പാല മണ്ണ്
9	III	മുണ്ടിയിൽ പടി - അമ്പാട്ടു കിഴക്കേതിൽ
10	III	M. C. H. S - പുഷ്പവിള.
11	IV	പേട്ടയിൽപടി - പുന്നക്കാട്ടുപടി
12	IV	ചക്കിട്ടടത്തു പടി - കോയിക്കോണത്തു കടവ്.
13	V	നെടിയുഴത്തിൽ പടിഞ്ഞാറ്റേതിൽ - S S കുരിശ് - പനാറവടക്കേതിൽ
14	V	പഞ്ചായത്തു മുക്ക് - കോയിക്കലേത്തു തെക്കേ വീട്ടിൽ
15	V	കാർത്തിക - കിഴക്കേച്ചേരിൽ
16	V	തോപ്പിൽ മംഗലം - കോടുതിട്ട.
17	V	വട്ടടികാലാ - കൊല്ലമൂടുകുളം
18	V	കല്ലേത്തു മുക്ക് - പാനപ്പള്ളിമുക്ക്
19	V	കൊല്ലംപറമ്പിൽ - ചുടുകാട്ടിൽപടി
20	VI	കാട്ടൂർ കടവ്
21	VI	മുളമൂട്ടിൽ പടി - കല്ലുവെട്ടാം കുഴി
22	VI	മലപ്പുറം ഹരിജൻ കോളനി
23	VII	കീരുകുഴി മുക്ക് - തുണ്ടിൽ മുക്ക്
24	VII	വായനശാല - സെറ്റിൽമെന്റു കോളനി - ഇന്ദിരാ ജംഗ്ഷൻ
26	VII	പടിപ്പുരക്കൽ താഴേതിൽ - വൈദിക സദനം.
27	VIII	പ്രാലിൽപടി - പോളിടെക്നിക്ക്
28	VIII	കുഴിയത്ത് - മുണ്ടുമഠം
29	VIII	കൊച്ചുകളീക്കൽ - കാരുഴിക്കാവ്
30	VIII	പ്രാലിൽ - പൊന്മേലേത്ത്
31	VIII	തടത്തിൽ - ഞവരക്കൽ
32	VIII	ആയിൽ തുണ്ടിൽ - തടത്തിൽ പടി
33	VIII	കളീക്കൽ കിഴക്കേതിൽ - കോയിക്കൽ പടി.
34.	VIII	കാരുഴിക്കാവ് - തുണ്ടിൽ പടി

അവലംബം ഗ്രാമസഭാ റിപ്പോർട്ട്.

പ്രശ്നങ്ങൾ

1. തുമ്പമൺ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. ഫീസിബിലിറ്റി സർട്ടിഫിക്കറ്റു കൊടുത്തിട്ട് ബാങ്കുകൾ മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന്, വ്യവസായം തുടങ്ങാൻ ലക്ഷക്കണക്കിനു രൂപാ ലോൺ എടുത്ത സംരംഭകർ വൈദ്യുതിബന്ധം ലഭിക്കാത്തതിനാൽ നട്ടം തിരിയുകയാണ്.

3. വോൾട്ടേജുക്ഷാമം പ്രേഷണ വിതരണ രംഗങ്ങളിലെ നഷ്ടം ഇവ പരിഹരിക്കുന്നതിൽ വൈദ്യുതിബോർഡ് അധികാരികൾ തീരെ ശ്രദ്ധിക്കുന്നില്ല. വൈദ്യുതി ലൈനുകളിൽ തൊട്ടുകിടക്കുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റുന്നതുപോലുള്ള ജോലികൾ ഒരു നേർച്ചപോലെ വല്ലപ്പോഴും നടത്തുന്നു.

4. പ്രഖ്യാപിതമല്ല എന്നതുകൊണ്ടു മാത്രം പട്ടികജാതി പട്ടിക വർഗക്കാർ കൂട്ടമായിപ്പാർക്കുന്ന കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല. ഇവയെ ഹരിജൻ കോളനികളായി കണക്കാക്കി പ്രത്യേക ആനുകൂല്യങ്ങൾ നൽകണം.

5. പഞ്ചായത്തിൽ നിന്ന് BPL സ്ക്കീമിൽ ഉൾപ്പെടുത്തി വയറിംഗ് ചെയ്തവർക്ക് വൈദ്യുതിബന്ധം കിട്ടിയില്ല.

6. തെറ്റായി മീറ്റർ റീഡ്ചെയ്ത് അന്യായമായി ബിൽ നൽകി ഉപഭോക്താവിനെ നിരന്തരം ഉപദ്രവിക്കുന്നു.

7. സ്ലാബിന്റെ പരിധിയിൽക്കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്ന് അഡ്ജസ്റ്റുമെന്റുബിൽ എഴുതി ചാർജ് വാങ്ങുന്നതുപോലെ, കുറച്ചു വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ക്രെഡിറ്റ് ബിൽ കൊടുക്കണം എന്ന ബോർഡിന്റെ ഉത്തരവ് പാലിച്ചു കാണുന്നില്ല.

8. ഉപഭോക്തക്കളോട് അപമര്യാദയായും, പരുഷമായും ജീവനക്കാർ പെരുമാറുന്നു. ജീവനക്കാരിൽ പലരും അഴിമതിക്കാരും, ജോലിയിൽ അനാസ്ഥ കാണിക്കുന്നവരുമാണ് എന്ന് ഒട്ടുമുക്കാൽ ഗ്രാമസഭകളും അഭിപ്രായപ്പെട്ടിരിക്കുന്നു. ജനകീയാസൂത്രണത്തോടുള്ള നിഷേധാത്മകമായ പ്രതികരണംതന്നെ അവരുടെ സാമൂഹ്യ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു.

9. തെരുവു വിളക്കുകൾ. കൂടുതൽ വേണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഒരു നീണ്ട പട്ടികതന്നെ അവതരിപ്പിച്ചിരിക്കുന്നു.

10. BPL സ്ക്കീമിൽപ്പെടുത്തി വയറിംഗ് നടത്തിക്കൊടുക്കണമെന്ന് ചിലർ ആവശ്യപ്പെട്ടിരിക്കുന്നു.

11. ലക്ഷംവീടു കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.

സാധ്യതകൾ – പരിഹാര നിർദേശങ്ങൾ

1. വയറിംഗ് നടത്തി വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് വൈദ്യുതി എത്തിക്കണം.

2. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കൊടുത്ത വ്യവസായ സംരംഭങ്ങൾക്ക് ജനപ്രതിനിധികളുടെയും വിദഗ്ധ സമിതിയുടെയും ഒത്താശയോടുകൂടി വൈദ്യുതിബന്ധം നൽകുക

3. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ഉള്ളവയുടെ കപ്പാസിറ്റി വർധിപ്പിക്കുകയും ചെയ്യുക.

4. വൈദ്യുതിലൈൻ തൊട്ടുകിടക്കുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റിയെന്ന് (Touching) പഞ്ചായത്തിൽനിന്ന് ബോധ്യപ്പെട്ട ശേഷം മാത്രം കരാറുകാരന് ബിൽ പാസാക്കിക്കൊടുക്കുക.

5. റോഡുകളിൽ വാഹന ഗതാഗതത്തിന് തടസ്സമായ രീതിയിൽ നിൽക്കുന്ന പോസ്റ്റുകൾ ഉടൻതന്നെ മാറ്റി സ്ഥാപിക്കുക.

6. പ്രഖ്യാപിത ഹരിജൻ കോളനികൾക്ക് പുറമെ സെറ്റിൽമെന്റ് കോളനികളും വൈദ്യുതിയുടെ മുൻഗണനാക്രമത്തിൽ കൊണ്ടുവരണം.

7. B. P. L. സ്കീമിൽ ഇപ്പോൾ വയറിംഗ് നടത്തിക്കൊടുത്തവർക്ക് ഉടൻ വൈദ്യുതി ലഭിക്കാൻ നടപടികൾ പഞ്ചായത്തിൽനിന്ന് ഉണ്ടാകണം. ബോർഡധികൃതർ ഇതിന് സത്വര നടപടികൾ എടുക്കണം.

8. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഫലപ്രദമായും സൗകര്യപ്രദമായും നടപ്പിലാക്കിയാൽ അന്യായമായി വൈദ്യുതിചാർജ് ഈടാക്കുന്നു എന്ന പരാതി ഒഴിവാക്കാം.

9. തുമ്പമൺ പഞ്ചായത്തിൽ ഒരു അസിസ്റ്റന്റ് എൻജിനീയറുടെ ആഫീസ് അനുവദിക്കുക.

10. മുമ്പ് ഇലക്ട്രിസിറ്റി ഓഫീസിനോടനുബന്ധിച്ച് കൺസൾട്ടേറ്റീവ് കമ്മിറ്റി നിലവിലുണ്ടായിരുന്നു. ഇത് ഇപ്പോൾ നിലവിലില്ല. അതുപോലെ ഒരു സംവിധാനം പഞ്ചായത്ത് ആഫീസിൽ കൂടാൻ നടപടി സ്വീകരിച്ചാൽ പ്രശ്നപരിഹാരം ഉണ്ടാക്കാൻ സാധിക്കും.

11. എല്ലാ ഗ്രാമസഭകളും തെരുവു വിളക്ക് ആവശ്യപ്പെട്ട് നീണ്ട പട്ടിക നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ധനസ്ഥിതി, ഇവയെല്ലാം അനുവദിക്കുന്നതിന് തടസ്സമാണ്. ഇപ്പോൾ 3130 രൂപാ തെരുവു വിളക്കുകൾക്കായി ഒരു മാസം പഞ്ചായത്തു ചെലവിടുന്നു. ഇപ്പോൾത്തന്നെ ഉള്ള തെരുവു വിളക്കുകൾ പുനഃക്രമീകരിച്ചാൽ ചില വഴികളിൽ തെരുവു വിളക്കുകൾ ഇല്ല എന്ന പരാതി പരിഹരിക്കാം. ഇപ്പോൾ 244 വിളക്കുകൾക്ക് വൈദ്യുതിചാർജ് ഈടാക്കുന്നുണ്ടെങ്കിലും ഇതിന്റെ 30% മാത്രമേ കത്തുന്നുള്ളു. പല സ്ഥലങ്ങളിലും ഫിറ്റിംഗ്സ് പോലും കാണുന്നില്ല. പുതിയ പോസ്റ്റുകൾ സ്ഥാപിച്ചിടത്ത് സ്ട്രീറ്റ് ലൈറ്റിനുള്ള ലൈൻ പോലും വിച്ഛേദിച്ചിരിക്കുന്നു. ഇവ പുനഃസ്ഥാപിക്കണം. മെർക്കുറിവേപ്പർ, സോഡിയംവേപ്പർ മുതലായ ചെലവു കൂടിയ തെരുവു വിളക്കുകൾ ഒഴിവാക്കി വൈദ്യുതി ലാഭിക്കാവുന്ന കോംപാക്റ്റ് ഫ്ളൂറൻസ് ലാമ്പ് (CFL) സ്ഥാപിക്കുന്നതാണ് അഭികാമ്യം. തെരുവു വിളക്കുകൾക്ക് സെസ്സ് ഏർപ്പെടുത്തണം എന്ന് ചില ഗ്രാമസഭകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. തെരുവുവിളക്കുകളുടെ ചുമതല പൂർണമായും പഞ്ചായത്തിനെ ഏല്പിക്കുക.

12. വൈദ്യുതിബോർഡിൽ അധികാര വികേന്ദ്രീകരണം അടിയന്തിരമായി നടപ്പാക്കണം. സ്റ്റോർ പർച്ചേസിനുള്ള അധികാരം സെക്ഷനുകളിലേക്ക് മാറ്റണം. സെക്ഷൻ നാഫീസിന്റെ പരിധിയിലുള്ള പഞ്ചായത്തു പ്രസിഡന്റുമാർ, പ്രാദേശിക സാങ്കേതിക വിദഗ്ധർ, ബോർഡുദ്യോഗസ്ഥർ എന്നിവരടങ്ങിയ കമ്മിറ്റി യഥാസമയം പർച്ചേസ് നടത്തിയാൽ ഇന്നുള്ള അഴിമതിയും, കെടുകാര്യസ്ഥതയും ഒഴിവാക്കാം.

13. വൈദ്യുതിയുടെ ഉപഭോഗം നിയന്ത്രിക്കുന്നതിന് കുറഞ്ഞ വോൾട്ടേജിലും കൂടുതൽ പ്രകാശം ലഭിക്കുന്ന കോംപാക്റ്റ് ഫ്ളൂറസന്റ് ലാമ്പുകൾ (CFL) പ്രചരിപ്പിക്കുക.

14. വൈദ്യുതി അനാവശ്യമായി ഉപയോഗിക്കുന്നതിനെതിരെ ഉപഭോക്താക്കളിൽ ബോധവൽക്കരണം നടത്തുക.

15. വൈദ്യുതിബോർഡ് ജീവനക്കാർ സർവാധികാരികളാണെന്ന ഭാവം ഉപേക്ഷിച്ച് തങ്ങളും ഉപഭോക്താക്കളാണെന്നു ധരിച്ച് പെരുമാറുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുക.

16. വൈദ്യുതി സെക്ഷനാഫീസിൽ പണമടച്ച് കണക്ഷൻ കാത്തിരിക്കുന്നവരുടെ മുൻഗണനാ ലിസ്റ്റ് പരസ്യപ്പെടുത്തുക.

17. സ്ലാബ്പരിധിയിൽ കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ക്രഡിറ്റ്ബിൽ നൽകണമെന്ന ബോർഡിന്റെ ഉത്തരവ് അടിയന്തിരമായി നടപ്പാക്കുക.

പട്ടിക - 6

പുതിയ ഇലക്ട്രിക് ലൈൻ ആവശ്യമുള്ളത്.

ക്രമ നമ്പർ	വാർഡ്	ലൈൻ	ദൂരം	റിമാർക്ക്
1	I	മലയുടെ കിഴക്കേതിൽ - ആറ്റുകടവിൽ	500 m	
2	IV	കോട്ടാണി സെറ്റിൽമെന്റ് കോളനി	300m	
3	IV	SS കുരിശ് തെക്ക്-പടിഞ്ഞാറ്	300M	
4	V	കാർത്തിക - പ്ലാന്തോട്ടത്തിൽ	300m	
5	V	കിഴക്കേച്ചേരി-കിഴക്കേച്ചേരിത്തെക്കേതിൽ	200m	
6	V	മുകളുംപുറത്ത് ഹരിജൻ കോളനി	300m	
7	V	പമ്പുമഠം-കോയിക്കലേത്തു തെക്കേതിൽ	300m	
8	VI	കളരിനിൽക്കുന്നതിൽ-കാട്ടൂർകടവ്	200m	
9	VII	ഗുരുനാഥൻകാവ് വടക്കോട്ട്	200m	
10	VII	പൂതക്കുഴി- തെങ്ങുംതോട്ടം	250m	
11	VIII	പുത്തൻകുറ്റിഭാഗം	200m	
12	VIII	ചെറുകുന്നിൽപടിഞ്ഞാറ് - ഹരിജൻകോളനി	500m	
13	VIII	വിജയപുരം ചെന്നേലിൽ കോളനി	500m	
14	VIII	ഞവരക്കൽ - കോയിക്കൽപടി	200m	
15	III	മുണ്ടക്കൽപടി- ചേമ്പാലമണ്ണ്	200m	

പാരമ്പര്യമായി അടുക്കളയിൽ വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. മണ്ണെണ്ണയും LPG യും വൈദ്യുതിയും അടുക്കളയിൽ ഇന്ധനമായി ഉപയോഗിക്കുന്നവർ ഉണ്ട്. ഇവർ ശതമാനത്തിൽ കുറവാണ്. പാരമ്പര്യേതര ഊർജമായി LPG തന്നെ കൂടുതൽ ഉപയോഗിക്കുന്നു. ഏതാണ്ട് 40% ആളുകൾ LPGഉപയോഗിക്കുന്നു. സോളാർ എനർജിയും, ഗോബർ ഗ്യാസും രണ്ടു മൂന്നു വീടുകളിൽ ഉണ്ട്.

പാരമ്പര്യേതര ഊർജം - പ്രശ്നങ്ങൾ

1. പുകയുള്ള അടുപ്പുകൾ ഗാമത്തിലെ പല കാർഷിക വിളകളും ഉണക്കിയെടുക്കുന്നതിന് ഉപയോഗിക്കുന്നതുകൊണ്ട്, പുകയടുപ്പ് ഒരാവശ്യമായി ഗ്രാമവാസികൾ കരുതുന്നു. പുകയില്ലാത്ത അടുപ്പുകൾ നിർമിക്കുന്നവർ പിന്നീട് ചിമ്മിനി കെട്ടി വേറെ അടുപ്പ് ഉണ്ടാക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ചെറുകിട കർഷകർ, റബർഷീറ്റ്, മറ്റു കാർഷിക വിത്തുകൾ, വിളകൾ ഇവ ഉണക്കുന്നത് ഈ അടുപ്പുകൾക്കു മുകളിലാണ്.

2. ശാസ്ത്ര സാഹിത്യ പരിഷത്ത് മുതലായ ഏജൻസികളുടെ പ്രവർത്തനം വ്യാപകമല്ലാത്തതുകൊണ്ട് ഇന്ധനക്ഷമത കൂടിയതും ചെലവു കുഞ്ഞതുമായ അടുപ്പുകൾ ഇല്ല.

ഗോബർഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ നല്ല നിലയിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കണം. ആയതിനാൽ ഈ തരത്തിലുള്ള അടുപ്പുകളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ വ്യാപകമല്ല.

സാദ്ധ്യതകൾ – പരിഹാര നിർദേശങ്ങൾ

1. പുകയില്ലാത്തതും ഇന്ധനക്ഷമത കൂടിയതുമായ അടുപ്പുകളുടെ പ്രത്യേകതകളെപ്പറ്റി വ്യാപകമായ പ്രചാരണം നടത്തുക.
2. സൗരോർജ്ജം ചെലവേറിയ ഒരു സംവിധാനമായതുകൊണ്ട് പഞ്ചായത്തു മുൻകൈയെടുത്ത് സൂര്യപ്രകാശം നന്നായി ലഭിക്കുന്നിടത്ത് ഇതിന്റെ പ്രവർത്തനം തുടങ്ങി ഗ്രാമവാസികളെ ബോധ്യപ്പെടുത്തുക.
3. ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ, അനർട്ട് (Anert) ന്റെ പ്രവർത്തനം ഇവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള പ്രവർത്തനം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തുക.



5.2D

മാർക്കറ്റ്

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന ഘടകമാണ് മാർക്കറ്റ്. ഉപഭോക്താക്കൾക്ക് ആദായകരമായ വിധത്തിൽ സാധനങ്ങൾ വാങ്ങാൻ മാത്രമല്ല കാർഷികോല്പന്നങ്ങൾ വിപണനം നടത്തി വരുമാനം നേടാനും മാർക്കറ്റ് പ്രയോജനപ്പെടുന്നു. കാർഷികോല്പന്നങ്ങളുടെ വിപണനം നടക്കുന്ന പ്രദേശത്ത് വിവിധ ഉപതൊഴിലുകളും ഉണ്ടാകുന്നു. അങ്ങനെ തൊഴിലില്ലായ്മ പ്രാദേശികമായി കുറയ്ക്കുന്നതിനും മാർക്കറ്റുകൾ സഹായകമാണ്.

ഈ അർഥത്തിൽ തുമ്പമൺ പഞ്ചായത്തിൽ മാർക്കറ്റ് ഇല്ല എന്നുതന്നെ പറയാം. വളരെച്ചെറിയ ഒരു വിഭാഗം ഉപഭോക്താക്കളുടെ പരിമിതമായ ആവശ്യങ്ങൾ നിറവേറ്റുന്ന ചന്ത മാത്രമാണിവിടെയുള്ളത്. ഇവിടെ മാർക്കറ്റിംഗ് എന്നതു കൊണ്ടു ദ്യോതിപ്പിക്കുന്ന വിപണനം ഇല്ല. ഉപഭോക്താക്കൾ തന്നെ ബുധൻ, ശനി ദിവസങ്ങളിൽ മറ്റു മാർക്കറ്റുകളിലാണ് ക്രയവിക്രയങ്ങൾ നടത്തുന്നത്. കാർഷികമായി തുമ്പമൺ പ്രദേശം വളരെ പിന്നിലായതാണ് മാർക്കറ്റ് നിർജീവമാകാൻ കാരണം വളരെ വിപുലമായി മലഞ്ചരക്കു വ്യാപാരം ഇവിടെ നടന്നിരുന്നു. കുരുമുളക്, അടയ്ക്ക, തേങ്ങ തുടങ്ങിയവയുടെ ഉല്പാദനം പ്രാദേശികമായി ഉണ്ടായിരുന്ന കാലത്ത് ഈ മാർക്കറ്റ് സജീവമായിരുന്നു. ചുമട്ടുകാവ് മുക്കിൽ ഒരു അന്തിച്ചന്തയുണ്ടായിരുന്നതും നിലച്ചുപോയി. തുമ്പമൺ പബ്ലിക് മാർക്കറ്റിന്റെ വരുമാന വിവരം അഞ്ചു വർഷത്തേത് പട്ടിക – 1ൽ ചേർത്തിരിക്കുന്നു.

പട്ടിക – 1

വർഷം	1992 - 93	1993 - 94	1994 - 95	1995 - 96	1996 - 97	5 വർഷത്തേക്ക് ആകെ
വരുമാനം	2,555.00	3,000.00	3,520.00	4,200.00	4,201.00	17,476.00
ഇറച്ചി ലേലം	22,050.00	10,100.00	17,000.00	19,000.00	20,000.00	88,150.00

അവലംബം: ദ്വിതീയ വിവരശേഖരണം, പഞ്ചായത്ത് രേഖകൾ



എല്ലാ പഞ്ചായത്തുകളുടെയും തനതു വരുമാനത്തിൽ മാർക്കറ്റ് ലേലത്തിന്റെ വിഹിതമാണ് ഒരു പ്രധാന പങ്ക്. ഇവിടെ 5 വർഷത്തെ ശരാശരി വരുമാനം3,495.2രൂപയാണ്. ഈ തുച്ഛമായ വരുമാനത്തിന്റെ കാര്യത്തിൽത്തന്നെ അനാരോഗ്യകരമായ ഒരു പ്രവണത ദൃശ്യമാണ്. 1992 - 93 മുതൽ 1995 - 96 വരെ ഓരോ ലേലത്തിനും ശരാശരി500 രൂപാ വർധന കാണിക്കുന്നു. എന്നാൽ 96 - 97ൽ വെറും ഒരു രൂപാ മാത്രമാണ് വർധന. ലേലത്തുക വർധിച്ചു എന്നു വരുത്തിത്തീർത്ത് ലേലക്കാർ ഒത്തുകളിച്ചതുമൂലമാകാം ഇത്. അല്ലെങ്കിൽ നിശ്ചയമായും ആനുപാതിക വർധനയുണ്ടാകേണ്ടിയിരുന്നു.

ഇറച്ചിലേലത്തുക കഴിഞ്ഞ5 വർഷത്തേത്88150രൂപയാണ്. 1992 - 93 വർഷത്തെയും 93 - 94 വർഷത്തെയും ലേലത്തുകകൾ തമ്മിലുള്ള അന്തരം പരിഗണനാർഹമാണ്. മാത്രമല്ല ഉപഭോക്താക്കൾ ഇറച്ചിക്കു നൽകുന്ന വില ലേലത്തുകയുടെ വർധനവുമായി പൊരുത്തപ്പെടുന്നുമില്ല.

തുമ്പമൺ പഞ്ചായത്തിൽ സ്വന്തമായി ഒരു മാർക്കറ്റില്ല. P.W.D. പുറമ്പോക്ക് സ്ഥലത്തു നടക്കുന്ന മാർക്കറ്റാണ് ലേലം ചെയ്യുന്നത്. അതിനാൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാർക്കറ്റ് മാറ്റി വിപുലമായി നടത്തേണ്ടത് ആവശ്യമാണ്. ഇറച്ചി വില്പന നടത്തുന്ന സ്റ്റാൾ സർവീസ് സഹകരണബാങ്കിന്റെ പിന്നിലേക്കും അതിനു പിൻവശത്തെ വസ്തുക്കളിലേക്കും പോകുന്നതിനുള്ള പഞ്ചായത്തു വഴിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇത് ബാങ്കിന്റെ ദൈനന്ദിന പ്രവർത്തനങ്ങൾക്കും വികസ പ്രവർത്തനങ്ങൾക്കും തടസ്സമായി നിൽക്കുന്നു. ബാങ്ക് കെട്ടിടം വൃത്തിയായും സുരക്ഷിതമായും പരിരക്ഷിക്കുന്നതിനും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതിന്റെ പിൻഭാഗം മാലിന്യക്കൂമ്പാരമായി മാറിയിരിക്കുന്നു.

പരിഹാര നിർദേശങ്ങൾ

1. പൊതുജനങ്ങൾക്ക് ചെന്നെത്താൻ സൗകര്യപ്രദമായ സ്ഥലം കണ്ടുപിടിച്ച് ചന്ത അങ്ങോട്ടു മാറ്റണം. രണ്ടാം വാർഡിൽ പഞ്ചായത്തിന്റെ സ്വന്തം ഭൂമി ഇതിനുപയോഗിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.
2. മാസത്തിൽ ഒന്ന് എന്ന രീതിയിൽ കന്നുകാലിച്ചന്ത ആരംഭിക്കണം.
3. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ ഞായറാഴ്ചച്ചന്തകൾ വിജയമാണ്. ഇവിടെയും അക്കാര്യം പരീക്ഷിക്കാവുന്നതാണ്.
4. പഞ്ചായത്തിന്റെ പൊതുവഴിയിൽ സ്ഥാപിച്ചിരിക്കുന്ന ഇറച്ചിസ്റ്റാൾ 154-ാം നമ്പർ സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിന് അസൗകര്യമുണ്ടാക്കുക മാത്രമല്ല ബാങ്ക് കെട്ടിടത്തിന്റെ സുരക്ഷിതത്വത്തിനു ഭീഷണിയും വികസന പ്രവർത്തനങ്ങൾക്ക് തടസ്സവുമാണ്. അതിനാൽ മറ്റൊരു സ്ഥലത്തേക്ക് ഇറച്ചി സ്റ്റാൾ അടിയന്തിരമായി മാറ്റണം.



5.2E

പാർപ്പിടം

അഞ്ചു വർഷത്തെ ഇടവേളയ്ക്കു ശേഷം ഈ പഞ്ചായത്തിലെ പ്രധാന വീഥികളിലൂടെ നടന്നുപോകുന്ന ഒരാൾക്ക് ഇവിടെ പാർപ്പിട നിർമാണ രംഗത്ത് ഒരു വലിയ വിപ്ലവം തന്നെ നടന്നു എന്ന് മനസ്സിലാകും. എന്നാൽ യഥാർഥ സ്ഥിതിവിവര കണക്കുകൾ പരിശോധിക്കുന്ന ഒരാൾക്ക് "മിനിമം സൗകര്യങ്ങളോടു കൂടിയ പാർപ്പിടം എല്ലാവർക്കും" എന്ന ലക്ഷ്യം നേടുന്നതിൽ നാം വളരെ പിന്നിലാണ് എന്ന് വ്യക്തമാകും.

പഞ്ചായത്തതിർത്തിയിൽ വീടുകളുടെ എണ്ണം ശരാശരി രണ്ടു ശതമാനം പ്രതിവർഷ വർധന രേഖപ്പെടുത്തുന്നു. ആകെയുള്ള (2284) വീടുകളിൽ 30% കോൺക്രീറ്റു വീടുകളാണ്. ഏതാണ്ട് 15% ൽ അധികം വീടുകൾ കുടിലുകളാണ് എന്നത് പ്രത്യേകതയാണ്. ആകെയുള്ളതിന്റെ23%വീടുകളും നികുതി ഈടാക്കാനുള്ള നിലവാരത്തിനു താഴെയാണ്.

പാർപ്പിട നിർമാണ രംഗത്തെ നൂതന പ്രവണതകൾ ആധുനിക നിർമാണ രീതിയോടുള്ള ഭ്രമംകൊണ്ടാണ് എന്നു പറയുവാൻ കഴിയില്ല. മറിച്ച് തടിയുടെയും തടിപ്പണിയിൽ പ്രാഗല്ഭ്യമുള്ള നിർമാണത്തൊഴിലാളികളുടെയും ദൗർലഭ്യം മൂലമാണെന്നു പറയാം.സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഒരുവിഭാഗം ജീവിത സൗകര്യങ്ങളെക്കാൾ കൂടുതലായി ആഡംബരത്തിനു പ്രാധാന്യം നൽകി വീടുകൾ നിർമിക്കുന്നതുമൂലം പണം ധൂർത്തടിക്കുന്നുണ്ട്. നിരുത്സാഹപ്പെടുത്തേണ്ടതാണ് ഈ പ്രവണത.

കഴിഞ്ഞ അഞ്ചു വർഷമായി പഞ്ചായത്തു പ്രദേശത്ത് പുതുതായി നിർമിച്ച വീടുകളുടെ55 മുതൽ60 വരെ ശതമാനം കോൺക്രീറ്റിൽ നിർമ്മിച്ചിട്ടുള്ളതാണ്. 15 മുതൽ 20 വരെ ശതമാനം പുതിയ വീടുകൾ കുടിലുകളാണ് എന്നും കണക്കുകൾ കാണിക്കുന്നു.



പട്ടിക - 1

വാർഡുതല വീടുകളുടെ എണ്ണം വർഷങ്ങളിലൂടെ.

വർഷം വാർഡ്	91-92	92-93	93-94	94-95	95-96	96-97 (Upto x'/96
I	228	225	230	234	239	243
II	288	290	312	314	319	323
III	231	233	235	238	245	246
IV	204	205	212	215	219	227
V	256	258	263	268	275	277
VI	211	212	225	226	231	232
VII	315	317	319	321	328	336
VIII	358	361	369	384	391	400
ആകെ.	2091	2101	2165	2200	2247	2284

കുറിപ്പ്. 2247 ൽ 1758 വീടുകൾ മാത്രമേ നികുതി ചുമത്തുന്നതിന് ആവശ്യമായ നിലവാരം പുലർത്തുന്നവയുള്ളൂ. (95-96)

സർക്കാർ അംഗീകൃത ലിസ്റ്റനുസരിച്ച് 9 പട്ടികജാതി പട്ടികവർഗ കോളനികളിലായി 179 കുടുംബങ്ങൾ അധിവസിക്കുന്നു. ഇതിനു പുറമേ നടുവിലേ മുറിയിൽ ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരമുള്ള ഒരു സെറ്റിൽമെന്റ് കോളനി (9 കുടുംബങ്ങൾ) യും വിജയപുരത്ത് വേലന്റെ കിഴക്കേതിൽ ലക്ഷംവീടു കോളനിയും നിലവിലുണ്ട്. പാർപ്പിട രംഗത്ത് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുള്ള ഈ കോളനികളുടെ ആവിർഭാവം ഉദ്ദിഷ്ട ഫലം നൽകിയോ എന്നു പരിശോധിക്കുന്നത് നന്നായിരിക്കും.

ഒന്നും രണ്ടും വാർഡുകളിലായി സ്വന്തമായി ഭൂമിയില്ലാത്ത 50 കുടുംബങ്ങളെ 15 സെന്റു ഭൂമിയും പാർപ്പിട നിർമാണത്തിന് സാമ്പത്തിക സഹായവും നൽകി 1957-60 കളിൽ രണ്ടാം വാർഡിൽ പുനരധിവസിപ്പിച്ചു. ഇവിടെ ഇപ്പോൾ കുടുംബങ്ങളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. പകുതിയിലധികം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. കുടിവെള്ളത്തിന് കിണറുകളും ഈ കിണറുകളിലെ വെള്ളം ഉപയോഗപ്പെടുത്തി K W A യുടെ ശുദ്ധജല വിതരണ പദ്ധതിയും മുട്ടം കോളനിയിൽ നിലവിലുണ്ട്.ശുദ്ധജല വിതരണത്തിനുള്ള ചെലവ് പഞ്ചായത്തിൽ നിന്ന് നടത്തുന്നു.

പട്ടിക - 2

നിലവിലുള്ള കോളനികൾ

കോളനികളുടെ പേര്.	കോളനിയിലെ ഹരിജൻ കുടുംബങ്ങളുടെ എണ്ണം
ചെറുകുന്നിൽ (W VIII)	28
മലപ്പുറത്ത് (W VI)	24
മുട്ടം (II)	50
മാമ്പിലാലി (W VI)	10
കോട്ടാണിക്കൽ (W IV)	10
ചെറുതാപ്പള്ളിൽ സെറ്റിൽമെന്റ് കോളനി(W II)	17
ചെന്നേലിൽ തെക്കേച്ചരുവിൽ (VIII)	16
പുത്തൻ കുറ്റിയിൽ ഹരിജൻ കോളനി (IV)	13
പാറപ്പാട്ട് (VII)	11
(അവലംബം: ജില്ലാപ്ലാനിംഗ് ആഫീസ്)	

എന്നാൽ ഈ കിണറുകളോ ശുദ്ധജല വിതരണ പദ്ധതിയുടെ ടാപ്പുകളോ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല. ഇവ മിക്കവാറും തകർന്നവയോ തകർന്നുകൊണ്ടിരിക്കുന്നവയോ ആണ്. ഈ കോളനിയിലെ 80% വീടുകൾക്കും കക്കൂസ് ഇല്ല എന്നത് ഏറെ പരിതാപകരമാണ്.

1979-ൽ കോളനിയായി രജിസ്റ്റർ ചെയ്യപ്പെട്ട മലപ്പുറം കോളനി പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശത്താണ്. ഈ കോളനിയിലെ അന്തേവാസികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം കുടിവെള്ളക്ഷാമം തന്നെ. ഒരുകോടി ഏഴുലക്ഷം രൂപ ചിലവിൽ L I C യുടെ സഹായത്തോടുകൂടി ഒരു ശുദ്ധജല വിതരണ പദ്ധതി തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് K W A ഏറ്റെടുത്തിരിക്കുകയാണ്. തുമ്പമൺ ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന പ്രദേശമായ മലപ്പുറത്ത് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ലക്ഷംവീട് (കോളനി)എന്ന പദ്ധതിയിൽ 70 കളിൽ 32 ഭവനങ്ങൾ (ഒരു ഭവനത്തിന് 4 സെന്റു ഭൂമി) സർക്കാർ ചെലവിൽ നിർമിച്ചു നൽകിക്കൊണ്ട് വിവിധ വിഭാഗങ്ങളിൽപ്പെട്ട 32 കുടുംബങ്ങളെ 8 - ാം വാർഡിൽ (വേലന്റെ കിഴക്കേതിൽ കോളനി) പുനരധിവസിപ്പിച്ചു. ഈ കുടുംബങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ബഹുദൂരം പിന്നിലാണ്. ഈ കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല. രണ്ടു പൊതു കിണറുകളാണ് കുടിവെള്ളത്തിന് ഏക ആശ്രയം. ഈ വീടുകൾക്ക് കക്കൂസ് ഇല്ല.

സർക്കാർ തന്നെ നിർമിച്ചു നൽകിയിട്ടുള്ള ഈ32 വീടുകളുടെയും നില ശോചനീയമാണ്.1970 കളിൽ നിർമിക്കപ്പെട്ട ഈ വീടുകൾക്ക് പിന്നെ ഒരിക്കലും ഒരുവിധ അറ്റകുറ്റപ്പണികളും നടത്തിയിട്ടില്ല. ഇവിടെ ഓരോ കുടുംബത്തിനും അർഹതപ്പെട്ട നാലുസെന്റു ഭൂമിക്ക് അതിരുകൾ നിലവിലില്ല എന്നത് താമസക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

ലക്ഷംവീടു കോളനി പദ്ധതിയിൽ ഉൾപ്പെടുത്തി III, VIII എന്നീ വാർഡുകളിലായി നാലുസെന്റു ഭൂമി വീതം 52 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. ഇവർക്ക് പാർപ്പിട നിർമാണത്തിന്. സഹായധനവും നൽകുന്നു. ഇതിൽ ഇനി



എത്ര ഗുണഭോക്താക്കൾക്ക് നിർമാണ ധനസഹായം നൽകാനുണ്ട്, ധനസഹായം നൽകിയിട്ടും എത്രപേർ പാർപ്പിട നിർമാണം നടത്തുന്നില്ല, ധനസഹായം സ്വീകരിച്ച് പട്ടയ ഭൂമിയിൽ പാർപ്പിട നിർമാണത്തിന് മുന്നോട്ടു വരാത്തവരുണ്ടോ, ഉണ്ട് എങ്കിൽ അതിനുള്ള സാഹചര്യം തുടങ്ങി പ്രസ്തുത പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കു തടസ്സം നിൽക്കുന്ന വസ്തുതകൾ വിശദമായ വിലയിരുത്തലിനു വിധേയമാക്കണം.

"എല്ലാവർക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം" എന്ന ലക്ഷ്യത്തിനുവേണ്ടി പഞ്ചായത്തിൽ നിന്ന് സമീപ കാലങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ താഴെ പട്ടികയിൽ ശ്രദ്ധിക്കുക.

ഐ. ആർ. ഡി. പി സർവേയിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 444 കുടുംബങ്ങൾ ഉണ്ട് എന്നു കണക്കുകൾ കാണിക്കുന്ന ഈ പഞ്ചായത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി

പട്ടിക - 3 എ

പാർപ്പിടം

നിർമാണം വർഷം	പുനരുദ്ധാരണം. ഗുണഭോക്താക്കളുടെ എണ്ണം	ഒന്നിന് അനുവദിച്ച തുക	ആകെ	ഗുണഭോക്താക്കളുടെ എണ്ണം	ഒന്നിന് അനുവദിച്ച തുക	ആകെ.
91-92	8	9000.00	72,000.00	-	-	-
92-93	10	12,000.00	1,20,000.00	10	3000	30,000.00
93-94	8	13,000.00	1,04,000.00	5	2500	12,500.00
94-95	5	12,000.00	60,000.00	25	3000	75,000.00
95-96	6	12,500.00	75,000.00	24	5000	1,20,000.00
ആകെ	37	-	4,31,000.00	64	-	2,37,500.00

3 ബി

വർഷം	കിണർ		ആകെ	കുളിമുറി		ആകെ	കക്കൂസ്		ആകെ
	എണ്ണം	ഒന്നിന് അനുവദിച്ച തുക		എണ്ണം	ഒന്നിന് അനുവദിച്ച തുക		എണ്ണം	ഒന്നിന് അനുവദിച്ച തുക	
90-91-	-	-	-	-	-	16	2000.00	32,000.00	
91-92	-	-	-	-	-	-	48	1,200.00	57,600.00
92-93	-	-	-	-	-	-	-	-	-
93-94	12	3000.00	36,000.00	21	1200	25,200.00	9	1500.00	13,500.00
94-95	29	3,400.00	98,600.00	13	1,300	16,900.00	6	1,500.00	9,000.00
95-96	14	3,675.00	51,450.00	-	-	-	-	-	-
ആകെ	55		1,86,050.00	34	-	42,100.00	79	-	1,12,100.00

പട്ടിക 4

JRY പദ്ധതി പ്രകാരം പാർപ്പിട സൗകര്യ രംഗത്തെ കഴിഞ്ഞകാല പ്രവർത്തനം ഒറ്റ നോട്ടത്തിൽ (198996)

വർഷം	പാർപ്പിടം				കിണർ			കക്കൂസ്		
	നിർമാണം ഗുണഭോക്താവിന്റെ എണ്ണം	ഒന്നിന് അനുവദിച്ച തുക	ആകെ ചെലവ് -	-	ഗുണഭോക്താവിന്റെ എണ്ണം	ഒന്നിന് അനുവദിച്ച തുക	Rs -	ഗുണഭോക്താവിന്റെ എണ്ണം	ഒന്നിന് അനുവദിച്ച തുക	അനു Rs. -
89-90	8	7,200	57,600.00	-	2	3,570	7,140.00	17	1,200	20,400.00
90-91	-	-	-	-	-	-	14	1,200	14,800.00	
91-92	8	9,800	78,400.00	-	-	-	-	-		
92-93	5	11,000	55,000.00	-	-	-	-	-		
93-94	-	-	-	-16	3,000	48,000.00	9	2,000	18,000.00	
94-95	-	-	-	-	-	-	-	-	-	-
95-96	12	12,905	1,54,860.00	-	5	4,340	21,700.00	-	-	-
ആകെ.	33	-	3,45860.00	-	23	-	76,840.00	40	-	53,200.00

പട്ടിക - 5

വർഷം	ഭവനനിർമാണം		ഭവനപുനരുദ്ധാരണം		കുളിമുറി		കിണർ		കക്കൂസ്		ആകെ
	ഗുണഭോക്താക്കളുടെ എണ്ണം	ആകെ തുക	ഗുണഭോക്താക്കളുടെ എണ്ണം	ആകെ തുക	ഗുണഭോക്താക്കളുടെ എണ്ണം	ആകെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം	ആകെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം	ആകെ എണ്ണം	മൊത്തം
1989-90 മുതൽ 1995-96 വരെ	70	7,76,860.00	64	2,37,500.00	34	42,100.00	78	2,62,890.00	119	1,65,300.00	14,84,650.00



1989-96 കാലഘട്ടത്തിൽ 286 കുടുംബങ്ങൾക്ക് പാർപ്പിട നിർമാണം (70) പാർപ്പിട പുനരുദ്ധാരണം (64) കിണർ നിർമാണം (78) കുളിമുറി നിർമാണം (34) കക്കൂസ് നിർമാണം (119) എന്നീ മേഖലകളിൽ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ 1990-92 കാലത്ത് പ്രതിവർഷം 100 വീടുകൾ കെട്ടിമേയുന്നതിന് 100 രൂപ നിരക്കിൽ സഹായധനം നൽകിയിരുന്നു. ഇതേ കാലയളവിൽത്തന്നെ (90-92) 60 ഹരിജൻ കുടുംബങ്ങൾ വൈദ്യുതീകരിക്കുന്നതിനായി 16,000 രൂപ ചെലവിൽ വയറിംഗ് നടത്തി. ഏതാണ്ട് 90% വീടുകൾക്കും വൈദ്യുതി ലഭ്യമായിട്ടില്ല. പൊതുമുതൽ ചെലവിട്ടു നടപ്പാക്കിയ ഈ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണം എത്രയും വേഗം നടത്തേണ്ടതാണ്.

കെട്ടിടനിർമാണ സാമഗ്രിയായ ഇഷ്ടിക പഞ്ചായത്തിൽ നിർമിക്കുന്നുണ്ട്. എന്നാൽ ഈ ഗ്രാമത്തിന്റെ ആവശ്യത്തിന് ഇതു പര്യാപ്തമല്ല. എല്ലാ നിർമാണ സാമഗ്രികളും അടുത്ത പ്രദേശങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്.

നമ്മുടെ പഞ്ചായത്തിൽ ആറ്റുമണൽ വാരൽ നിരോധനം നിലനിൽക്കുന്നു.എന്നാൽ നിരോധനം ലക്ഷ്യം നേടുമെന്ന് ഉറപ്പില്ല. മറിച്ച് കെട്ടിട നിർമാണ രംഗത്ത് മണൽ ലഭ്യതയുടെ കുറവ് രൂക്ഷമാകുന്നുണ്ട്.

നിർമാണത്തൊഴിലാളികളുടെ ലഭ്യത മറ്റു സ്ഥലങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളെക്കൂടി കണക്കിലെടുത്താൽ തൃപ്തികരമെന്നു പറയാം. എന്നാൽ പ്രാദേശിക നിർമാണത്തൊഴിലാളികളുടെ അഭാവം നിർമാണ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇത് കൂലിയുടെ അമിത വർധനവിനു കാരണമാകുന്നു. ഈ വർധനതൊഴിൽ കൂലി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

സാധ്യതകൾ

പാർപ്പിട രംഗത്തെ അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവു പ്രധാനപ്പെട്ട, കക്കൂസുകളുടെ അഭാവം പരിഹരിക്കുന്നതിന് ഒരു സമഗ്ര പരിപാടി ആവിഷ്കരിക്കണം.

i മലമൂത്ര വിസർജനം തുറസ്സായ സ്ഥലത്തു നടത്തുന്നതിന് എതിരായി ജനങ്ങളിൽ ബോധവൽക്കരണം ഫലപ്രദമായി നടപ്പാക്കണം.

ii വാർഡ് അടിസ്ഥാനത്തിൽ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തി സമയ ബന്ധിതമായി വിവിധ ഏജൻസികളുടെ സഹായം ഏകോപിപ്പിച്ച് കക്കൂസ് നിർമിച്ചു നൽകേണ്ടതാണ്.

III കോളനികൾ മൊത്തമായും ഓരോ കുടുംബത്തിന്റെയും പ്ലോട്ടുകൾ പ്രത്യേകമായും ജൈവ വേലികൾ നിർമിച്ച് വേർതിരിക്കണം. ജൈവവേലി നിർമിക്കുന്നതിന് കൃഷി വകുപ്പിന്റെ സാങ്കേതിക ഉപദേശവും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും തേടണം.

IV വേലന്റെ കിഴക്കേതിൽ ലക്ഷംവീടു കോളനിയിൽ മുട്ടം കോളനി മാതൃകയിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കണം. മുട്ടം കോളനിയിലെ കിണറുകളും ടാപ്പുകളും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കണം.

V ലക്ഷംവീടു കോളനി വൈദ്യുതീകരിക്കുന്നതിനും കോളനിയിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

VI സ്വന്തമായി വീടു വേണമെന്നു താല്പര്യമുള്ള താഴ്ന്ന വരുമാക്കാരായ വീടില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി ഭവന നിർമാണ ബോർഡിന്റെ മൈത്രീ ഭവന നിർമാണ വായ്പാ പദ്ധതിയിൽ പഞ്ചായത്തിൽ നിന്ന് സ്പോൺസർ ചെയ്യണം.

VII കേരള ഭവന നിർമാണ ബോർഡിന്റെ ഹൗസിംഗ് പദ്ധതി പഞ്ചായത്തിൽ നടപ്പാക്കപ്പെടുന്നതിന് സാധ്യത ആരായണം. (ഹൗസിംഗ് ബോർഡിന് കൈമാറുന്നതിനു പറ്റിയ ഭൂമിയുടെ ലഭ്യത, അവരുടെ സ്കീം പ്രകാരമുള്ള ഫ്ളാറ്റുകൾക്ക് നാട്ടിലുള്ള ആവശ്യകത എന്നിവ വിശദമായി പഠന വിഷയമാക്കണം.

VIII പാർപ്പിട നിർമാണ രംഗത്ത് ദുർവ്യയം തടയുന്നതിന് പാർപ്പിടത്തിന്റെ വിസ്തീർണം, ചെലവ് എന്നിവയുടെ

അടിസ്ഥാനത്തിൽ സർച്ചാർജ് നികുതി നടപ്പാക്കണം.

IX അച്ചൻ കോവിലാറ്റിൽ നിന്ന് മണൽ വാരുന്നതിന് നിലവിലുള്ള നിയന്ത്രണം പുന:പരിശോധിക്കണം.

X എല്ലാകാര്യങ്ങൾക്കും സർക്കാർ ഖജനാവിലേക്കു മാത്രം കണ്ണും നട്ടിരിക്കുന്നത് കാര്യങ്ങൾ നടപ്പാക്കുന്നതിന് എളുപ്പമല്ല. പാർപ്പിട ക്ഷേമരംഗത്ത് സ്വന്തമായ ഒരു വിഭവ സമാഹരണ ശ്രമം നടത്തണം. വീട്ടുകരത്തോടൊപ്പം 5% തുക 'പാർപ്പിടക്ഷേമനിധി'യായി ചുമത്തുകയും ആ തുക ആ രംഗത്തുമാത്രമായി ചെലവാക്കുന്നതിന് ആലോചിക്കുകയും വേണം.

XI പഞ്ചായത്ത് ഒരു ഭവന നിർമാണ പരിപാലന വായ്പാ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കണം. ഇതിലേക്കായി LIC, UTI തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം, വിദേശ മലയാളികളിൽ നിന്നുള്ള ദീർഘ കാല വായ്പകൾ എന്നിവ പ്രവർത്തന മൂലധനമായി സമാഹരിക്കണം. ഇവിടെ ഒരു ഭവന നിർമാണ സഹകരണ സംഘം ഇല്ലാത്തതിന്റെ കുറവു നികത്തി, എല്ലാവർക്കും പ്രാഥമിക സൗകര്യങ്ങളോടു കൂടിയ പാർപ്പിടം എന്ന ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്.

XII പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്ന ഭവനനിർമാണ പരിപാലന സഹായങ്ങൾ നൽകുന്നതിനുവേണ്ടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എല്ലാം തങ്ങൾക്ക് സർക്കാർ ചെലവിൽ ലഭ്യമാകണം എന്ന ചിന്താഗതി മാറുകയും നിലവിലുള്ള വ്യവസ്ഥിതിയിൽ നടന്നുവരുന്ന പദ്ധതികളുടെ പ്രയോജനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി പ്രശ്ന പരിഹാരത്തിനുള്ള ഇച്ഛാശക്തി വളർത്തുകയും ചെയ്യുക എന്നത് പ്രശ്ന പരിഹാരത്തിനുള്ള അടിസ്ഥാന മാർഗമാണ്.

പട്ടിക

11.5 ഭവന നിർമാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ 1	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) 2	വിവിധ പരിപാടികളിലായി അനുവദിച്ച 3	പൂർത്തീകരിച്ച വീടുകൾ 4	അനുവദിച്ചതിൽ ഇനി പൂർത്തീരിക്കാനുള്ള വീട് 5	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം 6
1	6	1			6
2	23	6	2	4	17
3	23	11	10	1	12
4	12	5		5	7
5	25	10	4	6	15
6	23	4	2	2	19
7	15	4	2	2	11
8	33	4	1	3	29
ആകെ	160	45	21	23	115


1
2
3
4
5
6
7
8
HIGH SCHOOL
L.P.S. AND U.P.S

5.3 A

വിദ്യാഭ്യാസം

കേരളത്തിലെ ഏറ്റവും ചെറിയഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് തുമ്പമൺ. വിസ്തൃതിയിൽ ചെറുതാണെങ്കിലും ആഗ്രഹിക്കത്തക്ക വിദ്യാസമ്പാദനത്തിലും തദാരാ തുമ്പമൺ എന്ന നാമത്തിന്റെ അർഥവ്യാപ്തി [തുമ്പ + മൺ–> ഔഷധഗുണമുള്ള വെളുത്ത തുമ്പപ്പൂക്കുലകളെപ്പോലെ നിഷ്കളങ്കതയുടേയും ആർജവത്തിന്റേയും സമൃദ്ധിയുടേയും പ്രതീകം] അന്വർത്ഥമാക്കുന്നതിലും ഈഗ്രാമപഞ്ചായത്തു വളരെയധികം മുന്നിൽ നിൽക്കുന്നു എന്നത് അഭിമാനിക്കത്തക്ക കാര്യമാണ്. തുമ്പമൺ വലിയപള്ളിയും വടക്കുന്നാഥക്ഷേത്രവും തോളോടുതോൾ ചേർന്ന് പടുത്തുയർത്തിയ സംസ്ക്കാരം ഈ പ്രദേശത്തിന് വിലപ്പെട്ട പൈതൃകമാണ്.

പുരാണങ്ങളിലെ ഗുരുകുല വിദ്യാഭ്യാസത്തിന്റെ തുടർച്ചയായി നിലത്തെഴുത്താശാൻമാരും നിലത്തെഴുത്തുകളരികളുമായിരുന്നു നമ്മുടെ നാട്ടിലെ വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലുകൾ. ആധുനിക ചിന്താഗതികളുടെ വീഥിയിൽ അങ്കണവാടികൾ, നഴ്സറി സ്ക്കൂളുകൾ, പ്രീ പ്രൈമറി സ്ക്കൂളുകൾ എന്നീ സാങ്കേതിക നാമത്തിൽ വ്യക്തികളും, സംഘടനകളും, സ്ഥാപനങ്ങളും വിദ്യാഭ്യാസം ഏറ്റെടുത്തു നടത്തുകയാണ്. അക്കൂട്ടത്തിൽ വിവാദ വിഷയമായി നിൽക്കുന്ന അൺ എ യ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും തുരുതുരെ ഉയർന്നു വരുന്നു.

അതിപുരാതന കാലം മുതൽക്കു തന്നെ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ശരിയായ വിദ്യാഭ്യാസം നൽകുന്നതിൽ മാതാപിതാക്കൾ ശുഷ്ക്കാന്തി കാണിച്ചിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതമൂലം ദൂരസ്ഥലങ്ങളിൽ പോലും കുട്ടികളെ അയച്ച് വിദ്യാഭ്യാസം നൽകിയിരുന്നു. പന്തളം രാജാവിന്റെ പല ഉന്നത ഔദ്യോഗിക സ്ഥാനങ്ങളും ഈ സ്ഥലവാസികൾ അലങ്കരിച്ചിരുന്നു എന്നത് പ്രസ്താവ്യമത്രെ.

പന്തളം രാജാവു ദാനമായി നൽകിയ സ്ഥലത്താണ് ഇന്ന് തുമ്പമൺ വലിയപള്ളി സ്ഥിതിചെയ്യുന്നത്. ഈ പള്ളിയുടെ ആഭിമുഖ്യത്തിലാണ് ഈ സ്ഥലത്ത് ആദ്യമായി കൊല്ല വർഷം 1056 (A. D. 1880 ൽ) ഒരു പ്രൈമറിസ്ക്കൂൾ തുടങ്ങുന്നത്. കളീക്കൽ സ്ക്കൂൾ എന്ന പേരിൽ ഒരു ആൺ പള്ളിക്കൂടമായിട്ടാണ് ഇത് അറിയപ്പെട്ടിരുന്നത്. അതിനുശേഷം കൊല്ല വർഷം 1080 ൽ (A. D. 1894) ഒരു ഗവ. പ്രൈമറിസ്ക്കൂൾ പെൺകുട്ടികൾക്കായി കളീക്കൽസ്ക്കൂളിന്റെ വടക്കുവശ



ത്തായി ആരംഭിച്ചു. സ്ത്രീവിദ്യാഭ്യാസത്തിന് അന്നത്തെ കാലത്തുതന്നെ ഇദ്ദേശവാസികൾ പ്രോത്സാഹനം നൽകിയിരുന്നു എന്നതിന് ഇതു സാക്ഷ്യം വഹിക്കുന്നു. തുമ്പമണ്ണിലെ പെൺപള്ളിക്കൂടം എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രൈമറി വിദ്യാലയം 1923 ൽ ഒരു മിക്സഡ് മലയാളം അപ്പർ പ്രൈമറി സ്ക്കൂളായി ഉയർത്തപ്പെട്ടു. ഈ പ്രൈമറി സ്ക്കൂളുകൾ ഉള്ള കാലയളവിൽ തന്നെ സാൽവേഷൻ ആർമിസഭയുടെ ആഭിമുഖ്യത്തിൽ 1, 2 ക്ലാസ്സുകളുള്ള ഒരു വിദ്യാലയം അവരുടെ ആരാധനാലയത്തിൽ തന്നെ അവരുടെ ആളുകളുടെ വിദ്യാഭ്യാസത്തെ ലാക്കാക്കി നടുവിലെ മുറി തെക്കുഭാഗത്തു (പമ്പുമഠം) പ്രവർത്തിച്ചിരുന്നു. പില്ക്കാലത്ത് പ്രസ്തുത സ്ക്കൂളിന്റെ പ്രവർത്തനം നിലച്ചു.

ഒന്നാം വാർഡിൽ മുട്ടം ഭാഗത്ത് 100 വർഷം പഴക്കമുള്ള ഒരു ഗവ: പ്രൈമറി സ്ക്കൂൾ ഉണ്ട്. കളീക്കൽ പ്രൈമറി സ്ക്കൂൾ മലങ്കര കാത്തലിക് മാനേജ്മെന്റ് ഏറ്റെടുത്ത് കളീക്കൽ എം. എസ്. സി. എൽ. പി. സ്ക്കൂൾ എന്ന പേരിൽ തെരുവിൽ കോമ്പൗണ്ടിൽ പ്രശസ്തമായി നടത്തി വരുന്നു. കളീക്കൽസ്ക്കൂൾ നിന്നിരുന്ന സ്ഥലം പൊന്നും വിലക്കെടുത്ത് ഒരു ഗവ: ഹൈസ്ക്കൂളായി ഉയർത്താനായി1954 ൽ ഗവ: യു. പി. സ്ക്കൂളിനോടു ചേർക്കുകയും ചെയ്തു. എന്നാൽ ഗവ: ഹൈസ്ക്കൂൾ എന്ന അഭിലാഷം സാധിതമായില്ല.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തുമ്പമൺ വലിയപള്ളിയുടെ അന്നുണ്ടായിരുന്ന പടിപ്പുര മാളികയിൽ1897 ൽ അന്ന് തുമ്പമൺ വലിയപള്ളിയിൽ താമസമാക്കിയിരുന്ന പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി ഒരു ഇംഗ്ലീഷ് പള്ളിക്കൂടം ആരംഭിക്കുകയുണ്ടായി. പിന്നീട് അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ച് 1901 ൽ അദ്ദേഹം തന്നെ തറക്കല്ലിട്ടു സ്ഥാപിച്ചതാണ് എം. ജി. ഇ. എം. സ്ക്കൂൾ (എം. ജി. യു. പി. സ്ക്കൂൾ). പ്രശസ്തരായ ഇ. വി. കൃഷ്ണപിള്ള, പന്തളം കെ. പി. രാമൻ പിള്ള, സി. കെ. ഹരിശ്ചന്ദ്രൻ നായർEx. MLA ആദിയായവർ ഈ വിദ്യാലയത്തിലെ പൂർവ വിദ്യാർഥികളാണ്.

പ്രിപ്പാറട്ടറി, Forms I, II, III എന്നീ ക്ളാസ്സുകളിലായി ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ക്കൂൾ ഇന്ന് 5, 6, 7 സ്റ്റാൻഡേർഡുകളിലായി മലയാളം മീഡിയമായി പ്രവർത്തിക്കുന്നു. ഇംഗ്ലീഷ്മീഡിയം ഓരോ ഡിവിഷൻ ഇപ്പോഴുമുണ്ട്. ഇന്ന് ഇത് കാതോലിക്കേറ്റ് & എം. ഡി. സ്ക്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ്.

ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ ആദ്യമായി സ്ഥാപിതമാകുന്നത് തുമ്പമൺ വലിയപള്ളിയുടെ നേതൃത്വത്തിലും സാമ്പത്തിക സഹായത്താലും 1949 ൽ എം. ജി. ഹൈസ്ക്കൂൾ എന്ന പേരിലാണ്. ഇതും ഇപ്പോൾ കാതോലിക്കേറ്റ് & എം. ഡി. സ്ക്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ്. 26 ഡിവിഷനുകൾ ഉണ്ടായിരുന്ന ഈ സ്ക്കൂൾ മറ്റു സ്ക്കൂളുകളുടെ ആവിർഭാവത്തോടു കൂടി 9 ഡിവിഷനുകളുള്ള സ്ക്കൂളായി ചുരുങ്ങിയിരിക്കുകയാണ്.

1957 ൽ ഏഴാം വാർഡിൽ കോട്ടക്കകത്തു പറമ്പിൽ ശ്രീമാൻ കെ. റ്റി മത്തായിയുടെ വ്യക്തിമാനേജ്മെന്റിൽ ഒരു യു. പി. സ്ക്കൂൾ ആരംഭിക്കുകയുണ്ടായി. 1982 ൽ ഒരു ഹൈസ്ക്കൂളായി അത് അപ്ഗ്രേഡു ചെയ്യപ്പെട്ടു.

പില്ക്കാലത്ത് ഏഴാം വാർഡിൽ CBSE സിലബസ് അനുസരിച്ച് ഇടിക്കുള ട്രസ്റ്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ L.K.G., UKG, പ്രൈമറി ക്ലാസ്സുകൾ തുടങ്ങി ഇന്ന് ഒരു ഹൈസ്ക്കൂളായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സെന്റ് ജോൺസ് ഹൈസ്ക്കൂളും മൂന്നാം വാർഡിൽ തുമ്പമൺ ഭദ്രാസനത്തിന്റെ കീഴിൽ ഭദ്രാസന മർത്ത മറിയം വനിതാ മന്ദിരത്തോടു ചേർന്ന് നഴ്സറി ക്ലാസ്സുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇംഗ്ലീഷ് മാധ്യമമായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സെന്റ് മേരീസ് ശിശുമന്ദിരം എൽ.പി.സ്ക്കൂളും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു.

ഇവയെല്ലാം ചേർന്നതാണ് ഈഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖല. ഹിന്ദു-ക്രിസ്ത്യാനി മൈത്രീ ബന്ധത്താൽ സുദൃഢമായ ഈ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയാതൊരു തരത്തിലുമുള്ള അസ്വസ്ഥതകൾ ഉണ്ടായിട്ടില്ല എന്നുള്ളത് ഈ പഞ്ചായത്തു നിവാസികൾക്ക് പാരമ്പര്യമായി ലഭ്യമായിട്ടുള്ള സംസ്ക്കാരത്തേയും മത സൗഹാർദ്ദ ബോധത്തേയും വിളിച്ചറിയിക്കുന്നു. വിദ്യാസമ്പന്നരായ അനേകം ആളുകളുടെ റസിഡൻഷ്യൽ ഗ്രാമമാണ് തുമ്പമൺ പഞ്ചായത്ത്.

പട്ടിക - 1

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങൾ

	സ്ക്കൂളിന്റെ പേര്	വാർഡ്	ഉടമസ്ഥത	ക്ളാസ്സുകൾ	ഡിവിഷനുകളുടെ എണ്ണം	മീഡിയം
1.	എം. ജി. ഹൈസ്ക്കൂൾ	3	എയ്ഡഡ്, കാതോലിക്കേറ്റ് &എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്	8 to 10	9	മലയാളം, ഓരോഡിവിഷൻ ഇംഗ്ലീഷ്
2.	സെന്റ് പോൾസ് ഹൈസ്ക്കൂൾ	7	എയ്ഡഡ് വ്യക്തിമാനേജ്മെന്റ് ശ്രീ. കെ. റ്റി. മത്തായി, കോട്ടക്കകത്തു പറമ്പിൽ	5 to 10	23	മലയാളം ഇംഗ്ലീഷ്
3.	സെന്റ് ജോൺസ് സ്ക്കൂൾ	7	അൺഎയ്ഡഡ് ഇടിക്കുള ട്രസ്റ്റ് സൊസൈറ്റി	LKG,UKG 1 to 10	10	ഇംഗ്ലീഷ്
4.	ഗവ.യു.പി.സ്ക്കൂൾ	3	ഗവണ്മെന്റ്	1 to 7 പ്രീപ്രൈമറി	7	മലയാളം
5.	എം.ജി.യു.പി.സ്ക്കൂൾ	3	എയ്ഡഡ്, കാതോലിക്കേറ്റ് &എം.ഡി സ്കൂൾസ് കോർപ്പറേറ്റ്മാനേജ്മെന്റ്	5 to7	6	മലയാളം ഓരോ ഡിവിഷൻ ഇംഗ്ലീഷ്
6.	ഗവ: എൽ.പി.സ്ക്കൂൾ മുട്ടം	1	ഗവണ്മെന്റ്	1 to 4	4	മലയാളം
7.	കളീക്കൽ എം.എസ്.സി എൽ. പി. സ്ക്കൂൾ	3	എയ്ഡഡ് മലങ്കരകാത്തലിക് മാനേജ്മെന്റ്	1 to 4 പ്രീ പ്രൈമറി	4	മലയാളം
8.	സെന്റ്മേരീസ് ശിശുമന്ദിരം എൽ.പി.സ്ക്കൂൾ	3	അൺഎയ്ഡഡ്,അനംഗീകൃതം തുമ്പമൺ ഭദ്രാസനം	LKG,UKG 1 to4	6	ഇംഗ്ലീഷ്

ഹൈസ്ക്കൂളുകൾ	3.	എയ്ഡഡ് 2, അൺഎയ്ഡഡ് 1
യു. പി. സ്ക്കൂൾ	2.	ഗവണ്മെന്റ് 1, എയ്ഡഡ് 1
എൽ. പി. സ്ക്കൂൾ	3.	ഗവ:1, എയ്ഡഡ് 1, അൺ എയ്ഡഡ് (അനംഗീകൃതം) 1
അങ്കണവാടികൾ	2.	8-ാം വാർഡിൽ സംയോജിത ശിശുവികസനത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിരിക്കുന്ന അങ്കണവാടി പ്രവർത്തന രഹിതമാണ്. 1-ാം വാർഡിൽ ഒരു അങ്കണവാടി ഉള്ളതിൽ ആവശ്യത്തിനുള്ള കളിപ്പാട്ടങ്ങളോ പഠനോപകരണങ്ങളോ ഇല്ല. 2-ാം വാർഡിൽ ഹരിജൻ കോളനിയിൽ ഒരു ബാലവാടിയുണ്ട്. അതിന് സ്ഥിരമായി ഒരു കെട്ടിടമില്ല.
ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്ട്യൂട്ട്	1.	അഞ്ചാംവാർഡിൽ
നിലത്തെഴുത്തുകളരികൾ	2.	8-ാം വാർഡിൽ പ്രാലിൽ ചെനോലി ഭാഗങ്ങളിൽ, 7-10 വാർഡിൽ മാമ്പിലാലി ഭാഗത്തും, 5-ാം വാർഡിൽ നടുവിലേമുറി ഭാഗത്തും
വായനശാലകളും ഗ്രന്ഥശാലകളും:-		അപര്യാപ്തമാണ്. 2-ാം വാർഡിൽ ഒരെണ്ണമുള്ളത് പ്രവർത്തനരഹിതമാണ്. 8-ാം വാർഡിൽ നാട്ടുകാർ കെട്ടിടം പണിതിട്ടിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. 5-ാം വാർഡിലും, 7-ാം വാർഡിലും താരതമ്യേന ഭംഗിയായി ഒരോ ലൈബ്രറിയും റീഡിംഗ് റൂമും പ്രവർത്തിക്കുന്നുണ്ട്.



മൂന്നാം വാർഡിലും ഏഴാം വാർഡിലും സ്ക്കൂളുകൾ കേന്ദ്രീകരിച്ചിരിക്കുന്നതുകൊണ്ട് മറ്റു വാർഡുകളിലുള്ള കുട്ടികൾക്ക് കൂടുതൽ ദൂരം നടന്ന് സ്ക്കൂളുകളിൽ എത്തേണ്ടിയിരിക്കുന്നു. സ്വതന്ത്രമേഖലയിലുള്ള ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിലേക്ക് കുട്ടികളെ വിട്ടു പഠിപ്പിക്കുന്നതിൽ രക്ഷകർത്താക്കൾ താല്പര്യം കാണിക്കുന്നതുകൊണ്ടും അത്തരം സ്ക്കൂളുകൾ പ്രത്യേകം സ്ക്കൂൾ ബസ്സുകൾ സംഘടിപ്പിച്ചിട്ടുള്ളതിനാലും പഞ്ചായത്തിനകത്തും പുറത്തുമുള്ള അത്തരം സ്ക്കൂളുകളിലേക്കും ധാരാളം കുട്ടികൾ യാത്രചെയ്തു പഠനം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിലെസ്കൂൾ കുട്ടികളിൽ നേർപകുതിപ്പേർ മാമ്പിലാലി സെന്റ് പോൾസ് ഹൈസ്ക്കൂളിലാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

ഹൈസ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ സാമാന്യം നല്ല നിലയിലാണെങ്കിലും മുട്ടം ഗവ: എൽ. പി. സ്ക്കൂൾ, എം. എസ്. സി. എൽ. പി. സ്ക്കൂൾ ഇവയുടെ കെട്ടിടങ്ങൾ ശോചനീയമായ നിലയിലാണ്. ആവശ്യത്തിനുള്ള പഠന സൗകര്യങ്ങൾ എൽ. പി, യു. പി. സ്ക്കൂളുകൾക്കില്ല.

സ്ക്കൂളുകളിൽ പോകാത്ത കുട്ടികൾ ഈ പഞ്ചായത്തിൽ ആരുതന്നെ ഇല്ല. നിരക്ഷരർ എന്നു പറയാവുന്നത് പിന്നോക്ക വിഭാഗത്തിൽപ്പെട്ട പ്രായമായ കുറെ ആളുകൾ മാത്രം

നിർദേശങ്ങൾ

1. അന്യത്ര ചേർത്തിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ വിലയിരുത്തി സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഡസ്ക്ക്, ബഞ്ച്, ബോർഡ് മറ്റു പഠനോപകരണങ്ങൾ ഇവയുടെ കുറവു നികത്തണം. വാട്ടർടാങ്ക്, മൂത്രപ്പുര, ചുറ്റുമതിൽ, കളിസ്ഥലങ്ങൾ ഇവ ഇല്ലാത്തിടത്ത് അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. എൽ. പി, യു. പി. സ്കൂളുകൾ പ്രത്യേക പരിഗണന അർഹിക്കുന്നു.

2. ഓരോ വാർഡിലും കുറഞ്ഞത് ഒരു അങ്കണവാടിയോ ഒരു പ്രീ പ്രൈമറിസ്ക്കൂളോ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. 2-ാം വാർഡിലെ അങ്കണവാടിക്ക് കെട്ടിടം ഉണ്ടാകണം.8-ാം വാർഡിലെ അങ്കണവാടി പ്രവർത്തനസജ്ജമാക്കണം. അങ്കണവാടികൾക്കും പ്രീപ്രൈമറി ക്ലാസ്സുകൾക്കും ആവശ്യമുള്ള കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം.

3. ഓരോ സ്ക്കൂളിലുമുള്ള അധ്യാപക രക്ഷാകർതൃ സമിതി ശക്തിപ്പെടുത്തികാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

4. ഓരോ വാർഡിലും റിട്ടയർ ചെയ്ത അധ്യാപകരെയും നിലവിലുള്ള അധ്യാപകരെയുംഉൾക്കൊള്ളിച്ച് ഓരോ അധ്യാപക സമിതി രൂപീകരിക്കുക. ഓരോ വാർഡിലുമുള്ള വിദ്യാഭ്യാസ സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവ പ്രാവർത്തികമാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക ഇവ ഈ സമിതി ഏറ്റെടുക്കണം.

5. ഈ സമിതികളിൽ നിന്നുമുള്ള പ്രസിഡന്റ്, കൺവീനർ എന്നിവരും ഓരോ സ്ക്കൂളിൽനിന്നുമുള്ള ഹെഡ്മാസ്റ്റർ, ഒരു അധ്യാപകൻ, രക്ഷാകർതൃസമിതി പ്രസിഡന്റ്, പഞ്ചായത്തു കമ്മറ്റി അംഗങ്ങൾ എന്നിവർ ഉൾക്കൊള്ളുന്ന പഞ്ചായത്തുലവൽ അക്കാഡമിക് കൗൺസിൽ രൂപീകരിക്കുക. ഓരോ വാർഡിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ വിലയിരുത്തുക, അവ നടപ്പിലാക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് ഓരോ വാർഡിലുമുള്ള അധ്യാപക സമിതിയേയും ഓരോ സ്ക്കൂളിലുമുള്ള അധ്യാപക രക്ഷാകർതൃ സമിതിയേയും ഏല്പിക്കുക, അവ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തു കമ്മിറ്റി ഏറ്റെടുക്കുക.

6. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, വിദ്യാഭ്യാസം ആകർഷണീയമാക്കുക.

7. ഓരോ വാർഡിലും കുറഞ്ഞപക്ഷം ഒരു റീഡിംഗ് റൂമെങ്കിലും ഉണ്ടായിരിക്കണം. ഇതിന്റെ മേൽനോട്ടം ആ വാർഡിലെ അധ്യാപക സമിതിക്കായിരിക്കും. വർത്തമാന പത്രങ്ങൾ ഏതെങ്കിലും വീടുകളിൽ വരുത്തുന്നവ അവരുടെ ഉപയോഗം കഴിഞ്ഞ് ഈ റീഡിംഗ് റൂമിൽ എത്തിക്കുക, പുസ്തകങ്ങൾ ആ വാർഡിലുള്ള വീടുകളിൽ നിന്ന് സംഭാവന ചെയ്യുക. വാർഡുകൾ തമ്മിൽ മത്സരബുദ്ധിയോടുകൂടി ഇതു പ്രവർത്തിപ്പിക്കുന്നതു നന്നായിരിക്കും. SC/ST കോളനികൾക്ക് പ്രത്യേകം പരിഗണന നൽകണം.

8. ഓരോ സ്ക്കൂളിലും സംഗീതം, തയ്യൽ, ചിത്രരചന ഇവയ്ക്ക് 7-ാം ക്ലാസ്സുവരെ പ്രാധാന്യം നൽകി ഈ ഗ്രാമപഞ്ചായത്തിൽ ഓരോ അധ്യാപകനെ നിയമിച്ച് നിലവിലുള്ള സ്ക്കൂളുകളിൽ പ്രവർത്തിപ്പിക്കുക.

9. ഓരോ സ്ക്കൂളിലും ലിറ്റററി ഡിബേറ്റിംഗ് സൊസൈറ്റി സ്ക്കൂൾ പാർലമെന്റ് ഇവ നടപ്പിലാക്കുക.

10. ഓരോ സ്ക്കൂളിലും കായിക കലാ പരിപാടികൾ വേണ്ടത്ര പ്രാധാന്യം നൽകി പ്രവർത്തിക്കുക, ഈ മേഖലകളിൽ മികവു കാട്ടുന്നവർക്ക് പ്രത്യേകം പ്രോത്സാഹനം നൽകുക.

11. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ +2 സമ്പ്രദായവും കമ്പ്യൂട്ടർ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സിവിൽ പ്രവർത്തന പരിചയപരിപാടികളും ഏർപ്പെടുത്തുക. എം. ജി. ഹൈസ്ക്കൂളിൽ വേണ്ടത്ര സൗകര്യമുള്ളതു കൊണ്ട് +2 സമ്പ്രദായം ഉടൻ നടപ്പിലാക്കേണ്ടതാണ്.

12. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്ട്യൂട്ട്, തയ്യൽ ക്ലാസ്സുകൾ, കമ്പ്യൂട്ടർസെന്റർ ആദിയായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുക. പഞ്ചായത്താഭിമുഖ്യത്തിൽ ഇവ ഒന്നുവീതമെങ്കിലും ഉണ്ടായിരിക്കണം.

13. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ അധ്യാപക വിദ്യാർഥി അനുപാതം 1:20 ആകുന്നത് അഭികാമ്യമായിരിക്കും.

14. ഗ്രഹണശക്തിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുവാൻ അധ്യാപകർ തയ്യാറാകണം. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു പരിഹാരബോധനം നൽകണം. ഭാഷാപഠനം, കണക്ക് ഈ വിഷയങ്ങൾക്ക് പ്രത്യേകം ട്യൂഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

15. വേണ്ടത്ര പഠനോപകരണങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കുന്നതിൽ, പ്രത്യേകിച്ചും താഴത്തെ ക്ലാസ്സുകളിൽ അധ്യാപകർ വിമുഖരാകരുത്.

16. ഉച്ചഭക്ഷണ പരിപാടി ഹെഡ്മാസ്റ്റർക്കും അധ്യാപകർക്കും ഭാരമാകാതെ വിജയപ്രദമായി നടപ്പിലാക്കണം.

17. എല്ലാ കുട്ടികളും ഒരു വർഷത്തെ പ്രീപ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് 1-ാം ക്ലാസ്സിലേക്കു വരുന്നത് അഭികാമ്യമാണ്. അതിനാൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് എല്ലാ വാർഡിലും സൗകര്യം ഉണ്ടാകണം.

18. പ്രൈമറി ഘട്ടത്തിൽ മാതൃഭാഷാ മാധ്യമം നിർബന്ധമാക്കുക.

19. ഗ്രാമപഞ്ചായത്തിൽ അൺ എയ്ഡഡ് സ്ക്കൂളുകൾ ഇനിയും അനുവദിക്കരുത്.

20. അയൽപക്കസ്ക്കൂൾ സമ്പ്രദായം നടപ്പാക്കണം.

21. ഗവ. യു. പി. സ്ക്കൂൾ സ്ഥലം ഒരു മിനി സ്റ്റേഡിയമാക്കി മാറ്റുക.

22. സ്ക്കൂൾ യൂണിഫാം നിർബന്ധമാക്കുക. പഞ്ചായത്തുലവലിൽ ഒരു സ്ക്കൂൾ യൂണിഫാം നിഷ്കർഷിക്കുന്നത് നല്ലതായിരിക്കും.

23. സ്ക്കൂളുകളോടു ചേർന്ന് പൂന്തോട്ടങ്ങളും പച്ചക്കറിത്തോട്ടങ്ങളും നിർമ്മിക്കുക. സന്നദ്ധ സംഘടനകളെക്കൊണ്ട് പ്രോത്സാഹിപ്പിക്കുന്നതിൽഗ്രാമപഞ്ചായത്തു കമ്മറ്റി ശ്രദ്ധിക്കുക.

24. പിന്നോക്ക വിഭാഗങ്ങളിലുള്ള കുട്ടികളിൽ കൂടുതൽ മുട്ടം ഗവ. എൽ. പി., തുമ്പമൺ ഗവ. യു. പി. സ്ക്കൂളുകളിലായതിനാൽ ഉച്ചഭക്ഷണം, വസ്ത്രം, പാഠപുസ്തകങ്ങൾ ആദിയായവക്കുള്ള സഹായം ഈ സ്ക്കൂളുകൾക്ക് കൂടുതൽ ഉണ്ടാകണം.

25. എല്ലാ ഹൈസ്കൂളിലും N.C.C., scout, Guide's ഇവ നടപ്പിലാക്കുകയുംL. P. സ്ക്കൂളുകളിൽ cups bulbuls ഇവ നടപ്പിലാക്കുന്നതിനുള്ളTrainingഅധ്യാപകർക്ക് കൊടുക്കേണ്ടതാണ്.

26. അശാസ്ത്രീയമായ ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരായി ബോധവൽക്കരണം നടത്തുക.

27. നിലത്തെഴുത്താശാൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. നിലത്തെഴുത്താശാൻമാർക്ക് 100 രൂപയിൽ കുറയാത്ത പ്രതിമാസ ഗ്രാന്റ് നൽകുക.

28. അനധികൃത വിദ്യാലയങ്ങൾ നാട്ടിലെ പൊതു വിദ്യാലയങ്ങളുടെ (എയ്ഡഡും ഗവണ്മെന്റും) നിലനില്പിന് ഭീഷണിയാകയാൽ അത്തരം വിദ്യാലയങ്ങൾ നിർത്താനാവശ്യമായ നടപടി സ്വീകരിക്കുക.



പട്ടിക - 2
വിദ്യാലയങ്ങളിലെ

		സ്കൂളുകൾ	സ്കൂൾകോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണം	കളിസ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം	കെട്ടിടങ്ങൾ			മുറിക
						സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം
ഗവണ്മെന്റ് സ്കൂളുകൾ	1.	ഗവ. എൽ. പി. സ്ക്കൂൾ, മുട്ടം.	30 സെ.	10 സെ.	ഇല്ല	1	-	-	5
	2.	ഗവ. യു.പി. സ്കൂൾ, തുമ്പമൺ	1 ഏക്കർ 50 സെ.	50 സെ.	50 സെ.	2	-	-	8
എയ്ഡഡ് സ്കൂളുകൾ	1.	എം.എസ്.സി.എൽ.പി. സ്കൂൾ, തുമ്പമൺ	50 സെന്റ്	30 സെന്റ്	ഇല്ല	2	-	-	2 2 ഹാൾ
	2	എം.ജി.യു.പി. സ്കൂൾ, തുമ്പമൺ	58 സെന്റ്	ഇല്ല	ഇല്ല	2	-	-	ഹാൾ
	3	എം.ജി. ഹൈസ്കൂൾ, തുമ്പമൺ	3 ഏക്കർ 50 സെ.	1 ഏക്കർ 75 സെ.	ഇല്ല	2	-	-	29 ഹാൾ
	4	സെന്റ്പോൾസ് ഹൈസ്കൂൾ, മാമ്പിലാലി	3 ഏക്കർ 50 സെന്റ്	2 ഏക്കർ	ഇല്ല	4	-	-	23
അൺ എയ്ഡഡ്	1	സെന്റ്മേരീസ് ശിശുമന്ദിരം എൽ.പി. സ്കൂൾ, തുമ്പമൺ (അനംഗീകൃതം)	1 ഏക്കർ	50 സെ.	ഇല്ല	2	-	2	6
	2	സെന്റ് ജോൺസ് സ്കൂൾ വയലിനും പടിഞ്ഞാറ്	3 ഏക്കർ	2 ഏക്കർ	ഇല്ല	2	-	-	20

ഭൗതിക സൗകര്യങ്ങൾ

ളുടെ എണ്ണം											
അദ്ധ്യാപിക	താൽക്കാലികം	ചുറ്റുമതിൽ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	പാചകപ്പുര	സ്റ്റാഫ് റൂം	ലൈബ്രറി & ലബോറട്ടറി	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ	ആവശ്യങ്ങൾ
-	-	ഇടിഞ്ഞു കിടക്കുന്നു	ഇല്ല	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	പഞ്ചായത്തിൽനിന്ന് യൂണിഫോം കുട്ടികൾക്കു നൽകേണ്ടതാണ്. സ്കൂളിൽ ഉച്ചക്കഞ്ഞി പരിപാടിക്ക് തുക വക കൊള്ളിക്കേണ്ടതാണ്. 5 ഡസ്ക്ക്, 20 ബഞ്ച്, 2 മേശ, 4 കസേര, കെട്ടിടം മേൽക്കൂര നന്നാക്കണം. ചുറ്റുമതിൽ, മൂത്രപ്പുര, കക്കൂസ് പണിയണം. ഫർണീച്ചർ പഠനോപകരണങ്ങൾ നൽകണം.
-	-	ഇല്ല	2	1	കിണർ	ഉണ്ട്	താൽക്കാലികം	ഉണ്ട്	ഇല്ല	ഇല്ല	ചുറ്റുമതിൽ കെട്ടണം - ഫർണീച്ചർ പഠനോപകരണങ്ങൾ ആവശ്യമുണ്ട്. ലൈബ്രറി, ലാബറട്ടറി മെച്ചപ്പെടുത്തണം. 20 ഡെസ്ക്, 30 ബഞ്ച്, 5 മേശ, 5 കസേര, 1 അലമാര, 9 സക്രീൻ, 3 ബോർഡ്
-	-	ഇല്ല	1	1	കിണർ	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യണം. ചുറ്റുമതിൽ കെട്ടണം. ഫർണീച്ചർ, പഠനോപകരണങ്ങൾ വേണം.
-	-	3 വശം ഉണ്ട്	1	1	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	കെട്ടിടം ബലവത്താക്കണം, ഫർണിച്ചർ വേണം, ലൈബ്രറി, ലാബറട്ടറി മെച്ചപ്പെടുത്തണം, 25 ഡസ്ക്, 20 ബഞ്ച്, 3 അലമാര
-	-	ഉണ്ട്	3	3	കിണർ പൈപ്പ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	മതിയാകും	ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. 10+2 ഏർപ്പെടുത്തണം
-	-	ഇല്ല	4	3	കിണർ പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ചുറ്റുമതിൽ കെട്ടണം. ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തം. 25 ഡസ്ക്, 25 ബഞ്ച്, 10 കസേര, 4 ഷെൽഫ്
-	2	രണ്ടുവശം ഉണ്ട്	6	3	കിണർ പൈപ്പ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ
-	10	ഇല്ല	3	1	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ



ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ

പ്രൈമറിവിഭാഗം

	സ്കൂൾ	Std. I			STD. II			STD. III		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ: എൽ.പി.എസ്. മുട്ടം	12	10	22	11	4	15	10	5	15
2	എം.എസ്.സി.എൽ.പി.എസ്. തുമ്പമൺ	9	12	21	18	20	38	8	18	26
3	ഗവ: യു.പി.എസ്. തുമ്പമൺ	6	7	13	14	3	17	9	10	19
	ആകെ	27	29	56	43	27	70	27	33	60
4	അൺ എയ്ഡഡ് സെന്റ്മേരീസ് ശിശുമന്ദിരം എൽ.പി. സ്കൂൾ	17	13	30	16	11	27	9	8	17
5	സെന്റ് ജോൺസ് സ്കൂൾ	12	22	34	24	11	35	20	17	37
	അൺഎയ്ഡഡ് ആകെ	29	35	64	40	22	62	29	25	54
	പ്രൈമറിവിഭാഗം ആകെ	56	64	120	83	49	132	56	58	114

അപ്പർപ്രൈമറി വിഭാഗം

						Std. V			STD. VI	
1	ഗവ: യു.പി. സ്കൂൾ തുമ്പമൺ				17	20	37	26	18	44
2	എം.ജി.യു.പി. സ്കൂൾ തുമ്പമൺ				32	37	69	43	33	76
3	സെന്റ്പോൾസ് ഹൈസ്കൂൾ മാമ്പിലാലി				72	61	133	103	61	164
	ആകെ				121	118	239	172	112	284
4	അൺഎയ്ഡഡ് സെന്റ്ജോൺസ് സ്കൂൾ				21	16	37	11	7	18
	അപ്പർപ്രൈമറിവിഭാഗം ആകെ				142	134	276	183	119	302

ഹൈസ്കൂൾ വിഭാഗം

						Std. VIII			STD. IX	
1	എം.ജി. ഹൈസ്കൂൾ തുമ്പമൺ				63	53	116	53	51	104
2	സെന്റ്പോൾസ് ഹൈസ്കൂൾ, മാമ്പിലാലി				137	100	237	139	114	253
	ആകെ				200	153	353	192	165	357
3	അൺഎയ്ഡഡ് സെന്റ്ജോൺസ് സ്കൂൾ				7	4	11	5	5	10
	ഹൈസ്കൂൾ വിഭാഗം ആകെ				207	157	364	197	170	367
	പഞ്ചായത്തിലെ ആകെ കുട്ടികൾ									

സ്ഥിതിവിവര കണക്ക് 1996 '97

STD. IV			ആകെ			SC/ST			തോറ്റു പഠിക്കുന്നവർ			പഠനം നിർത്തിയവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	SC/ST	മറ്റുള്ളവർ	ആകെ	SC/ST	മറ്റുള്ളവർ	ആകെ
9	12	21	42	31	73	16	13	29	2	-	2	-	-	-
19	11	30	54	61	115	14	21	35	3	2	5	-	-	-
7	10	17	36	30	66	20	17	37	3	-	3	3	-	3
35	33	68	132	122	254	50	51	101	8	2	10	3	-	3
7	10	17	49	42	91	-	-	-	-	-	-			
16	11	27	72	61	133	-	-	-		5	5			
23	21	44	121	103	224	-	-	-		5	5			
58	54	112	253	225	478	50	51	101	8	7	15	3	-	3
	STD. VII			ആകെ										
20	18	38	63	56	119	31	34	65	4	2	6	3	1	4
35	38	73	110	108	218	17	27	44	7	6	13	2	2	4
106	95	201	281	217	498	44	27	71	21	46	67	2	-	2
161	151	312	454	381	835	92	88	180	32	54	86	7	3	10
14	7	21	46	30	76	-	-	-		2	2	-	-	-
175	158	333	500	411	911	92	88	180	32	56	88	7	3	10
	STD. X			ആകെ										
47	54	101	163	158	321	49	59	108	2	2	4	4	1	5
113	90	203	389	304	693	29	30	59	18	58	76	-	5	5
160	144	304	552	462	1014	78	89	167	20	60	80	4	6	10
5	3	8	17	12	29	-	1	1	-	2	2	-	-	-
165	147	312	569	474	1043	78	90	168	20	62	82	4	6	10
			1322	1110	2432	220	229	449	60	125	185	14	9	23

പട്ടിക - 4

ഓരോ സ്ക്കൂളിലേയും കുട്ടികളുടെ പൊതുനിലവാരം

സ്ക്കൂളിന്റെ പേര്		ക്ലാസ്സുകൾ	ആകെ കുട്ടികൾ	മാർക്കിന്റെ അടിസ്ഥാനത്തിൽ				സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർദ്ധികളുടെ വിവരം.					
				30%ത്തിൽ താഴെ	30 - 40	40-50	50 - 60	60%ത്തിൽ കൂടുതൽ	എമിറ്റ് സ്കോളർഷിപ്പ്	മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	ഡിംപ്സംഗ്രാന്റ്	വികലാംഗ സ്കോളർഷിപ്പ്	അവാൻമാരുടെ മക്കൾക്കുള്ള ആനുകൂല്യം
1	ഗവ. എൽ.പി.എസ്, മുട്ടം	3,4	36	-	2	2	4	28	-	29	-	-	-
2	എം.എസ്.സി.എൽ.പി.എസ്, തുമ്പമൺ	3,4	56	-	2	6	13	35	-	35	-	-	-
3	ഗവ.യു.പി.എസ്. തുമ്പമൺ	3 to7	155	44	40	20	21	30	-	99	-	2	-
4	M.G. യു.പി.എസ്. തുമ്പമൺ	5 to7	218	14	56	38	36	74	15	44	-	1	-
5	എം.ജി.എച്ച്.എസ്.തുമ്പമൺ	8 to10	321	65	112	51	51	42	11 Sc/st	112	2	2	
6	സെന്റ്പോൾസ് H. S., നരിയാപുരം	5 to 10	1191	-	-	-	-	-	3	130	-	-	25
7	സെന്റ്മേരീസ് ശിശുമന്ദിരം എൽ.പി.എസ് തുമ്പമൺ	3,4	34	-	4	3	6	21	-	-	-	-	-
8	സെന്റ്ജോൺസ് H. S. വയംപടി	3to 10	169	11	14	15	26	103	-	-	-	-	-
	ആകെ		989	134	230	135	157	333	29	449	2	6	26

പട്ടിക - 5

S. S. L. C വിജയശതമാനം.

സ്ക്കൂളിന്റെ പേര്	1992	1993	1994	1995	1996
1. എം. ജി. എച്ച്. എസ്സ് തുമ്പമൺ	45.8	76.2	50.5	66.6	65.5
2. സെന്റ്പോൾസ് എച്ച്. എസ്സ്. നരിയാപുരം	-	100	99.3	100	-

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കഴിഞ്ഞ5 വർഷത്തെ കുട്ടികളുടെ എണ്ണം ഒരു പട്ടികയായി ചേർക്കുന്നു.st. പോൾസ് HS, സെന്റ്ജോൺസ് HS ഇവിടങ്ങളിലെ കണക്കു ലഭ്യമല്ല.

ഗവ. എൽ. പി. സ്ക്കൂൾ-മുട്ടം-തുമ്പമൺ

	91-92	92-93	93-94	94-95	95-96	Total
Class	B. G	B. G.	. B. G.	B. G.	B.G.	
IV	9+21	11+12	14+16	11+12	14+9	129
III	11+12	13+14	13+14	13+16	8+11	117
II	12+16	13+13	13+10	8+13	8+8	114
I	12+12	13+10	10+11	9+6	10+4	97

കളീക്കൽ എം.എസ്.സി.എൽ.പി. സ്കൂൾ, തുമ്പമൺ

	ക്ലാസ്സ് 1		ക്ലാസ്സ് II		ക്ലാസ്സ് III		ക്ലാസ്സ് IV		ആകെ
	boys	girls	boys	girls	boys	girls	boys	girls	
1991-92	17	14	25	17	20	19	10	16	138
1992-93	14	14	17	18	19	25	20	19	146
1993-94	17	12	14	15	19	17	16	27	137
1994-95	15	10	18	12	15	15	20	17	122
1995-96	20	18	16	9	17	12	16	14	122

എം. ജി. യു.പി. സ്ക്കൂൾ, തുമ്പമൺ

years	std. V			std. VI			std VII			Grand total
	Boys	girls	total	boys	girls	total	boys	girls	total	-
1991-92	37	33	60	36	32	68	39	33	72	200
1992-93	25	39	64	35	25	60	35	36	71	195
1993-94	33	30	63	27	36	63	35	28	63	189
1994-95	32	38	70	34	34	68	28	35	63	201
1995-96	34	37	71	42	37	79	35	32	67	217



ഗവ. യു. പി. സ്ക്കൂൾ, തുമ്പമൺ

Year	std.1		std.II		stdII		std.IV		std. V		std.VI		stdVII		total
	B	G	B	G	B	G	B	G	B	G	B	G	B	G	
1991-92	12	10	16	10	8	16	16	10	39	42	18	26	10	11	244
1992-93	6	6	12	11	14	11	8	14	22	16	30	23	15	26	214
1993-94	8	10	5	8	13	9	14	9	13	14	20	17	30	24	194
1994-95	14	9	6	8	9	5	14	10	19	15	19	12	22	17	179
1995-96	12	4	13	9	6	9	6	10	25	20	18	20	22	13	187

എം. ജി. ഹൈസ്ക്കൂൾ, തുമ്പമൺ

	91-92		92-93		93-94		94-95		95-96		
	boys	girls	boys	girls	boys	girls	boys	girls	boys	girls	Total
VII-A	05	03	14	02	03	06	05	02	15	04	59
B	25	25	22	21	22	28	26	23	26	24	242
C	28	22	22	20	21	28	24	25	23	27	240
IX-A	04	05	05	04	15	02	04	06	06	02	53
B	26	22	25	23	22	23	20	25	25	23	243
C	22	24	27	21	23	20	22	23	24	24	230
X-A	18	16	05	04	02	03	15	02	08	07	80
B	16	18	26	23	25	26	22	21	20	26	223
C	16	18	24	24	26	24	22	21	22	23	220

5.3 B

കുടിവെള്ളം

ശുദ്ധജല ലഭ്യതയും പരിസരശുചിത്വവും ജനതയുടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാനഘടകങ്ങളാണ്. ശുദ്ധജല ലഭ്യതയും പൊതുജനാരോഗ്യവും പരസ്പരം ബന്ധപ്പെട്ടതും പൂരകങ്ങളുമാണ്. തുമ്പമൺ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അച്ചൻകോവിലാറിന്റെ സാമീപ്യം കുടിവെള്ള ലഭ്യതക്കും ശുചീകരണങ്ങൾക്കും വലിയ ഒരു സഹായ ഘടകമായിരുന്നു. സമീപകാലത്ത് അനിയന്ത്രിതമായ തോതിൽ നദിയിൽ നിന്നും മണൽവാരി നീക്കം ചെയ്തതു നിമിത്തം നദിയുടെ അടിത്തട്ട് വളരെയധികം താണുപോയിട്ടുള്ളതും തൻ നിമിത്തം ഭൂഗർഭജലനിരപ്പ് താഴുകയും നദികൾ ചെളിക്കുണ്ടുകളായി രൂപാന്തരപ്പെടുകയും ചെയ്തിരിക്കുകയാണ്. വാഹനങ്ങൾ നദിയിൽ ഇറക്കി കഴുകുന്നതു നിമിത്തം, പെട്രോൾ, ഡീസൽ, ഓയിൽ തുടങ്ങിയവ ജലത്തിൽ കലരുന്നതിനാലും മത്സ്യം പിടിക്കുന്നതിനായി നഞ്ച്, തുരിശ് തുടങ്ങിയ വിഷങ്ങൾ ജലത്തിൽ കലർത്തുന്നതിനാലും മാലിന്യങ്ങളും വിസർജ്യങ്ങളും നദിയിൽ നിക്ഷേപിക്കുന്നതിനാലും ശുദ്ധജല ലഭ്യതക്കും പരിസ്ഥിതിക്കും പരിസരശുചിത്വത്തിനും ദോഷം ചെയ്യുന്നുണ്ട്. വർഷംതോറും ഉണ്ടാകുന്ന ജലപ്രളയങ്ങൾ നിമിത്തം, നദിയുടെ തിട്ടകൾ ഇടിഞ്ഞ് നശിക്കുന്നതിനാലും നദി വളരെയധികം താണു പോയിട്ടുള്ളതിനാലും നിലവിലുള്ള കുളിക്കടവുകൾ പൊതുജനങ്ങൾക്കുപയോഗിക്കുവാൻ സാധ്യമല്ലതായിട്ടുണ്ട്. പണ്ടുകാലത്ത് വയലുകളിൽ ജലസേചനത്തിനായി ഉപയോഗിച്ചിരുന്ന കുളങ്ങൾ, ശുചീകരണത്തിനായി പ്രയോജനപ്പെട്ടിരുന്ന സ്ഥാനത്ത്, ഇന്ന് ചെളി നിറഞ്ഞ്, കൊതു



കുകൾ പെരുകുന്നതിനുള്ള സ്ഥാനങ്ങളായി മാറിയിരിക്കുകയാണ്. അങ്ങനെ പൊതുജനങ്ങളുടെ ആരോഗ്യത്തെ ഗുരുതരമായ വിധത്തിൽ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങളാണ് സഹായകരമാക്കുന്ന ഘടകങ്ങളെക്കാൾ മുൻതൂക്കമായി കാണുന്നത്.

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ 1655 കിണറുകൾ ഉള്ളതിൽ 70% കിണറുകളും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പരിപൂർണമായും വറ്റിപ്പോകുന്നവയാണ്. അച്ചൻകോവിൽ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന 1, 3, 6 വാർഡുകളിലുള്ള 575 കിണറുകളിൽ ജനുവരി മാസം മുതൽ വരൾച്ച അനുഭവപ്പെടുന്നു. തുടർന്ന് എല്ലാ കിണറുകളും വറ്റി വരളുകയും ചെയ്യുന്നു.

പട്ടിക - 1

പൊതുകുഴൽ കിണറുകൾ	പൊതു വീടുകളിലെ കിണറുകൾ	ആകെയുള്ള കിണർ	വാട്ടർ ടാപ്പുകൾ	ഹൗസ് ടാപ്പുകൾ	കുളങ്ങൾ
3	11	1644	1655	10	ഇല്ല

വരൾചയുടെ നാളുകളിൽ ശുദ്ധജല ലഭ്യതക്കുവേണ്ടി കിണറുകളുടെ ആഴം അനിയന്ത്രിതമായി കൂട്ടിയതു നിമിത്തം ജലം മലിനമായി വന്നതിനാൽ പല കിണറുകളും ഉപയോഗശൂന്യമായി പോയിട്ടുണ്ട്. മുട്ടം ഹരിജൻ കോളനിയിൽ ശുദ്ധജലവിതരണത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള വാട്ടർടാപ്പുകളും കുഴൽകിണറുകളും ശുദ്ധജലലഭ്യതക്ക് പൂർണമായും പ്രയോജനപ്പെട്ടിട്ടില്ല.

പട്ടിക - 2

കിണറുകൾ

കല്ലുകെട്ടിയ കിണറുകൾ	കല്ലുകെട്ടാത്ത കിണറുകൾ	ആകെ കിണർ	കിണർ ഇല്ലാത്തവർ
1453	202	1655	55

സ്വന്തമായി ഭൂമിയുണ്ടായിട്ടും കിണർ ഇല്ലാത്തവരുടെ കുടുംബസംഖ്യ 55 ആണെങ്കിലും, കൊച്ചുകുടിലുകൾ കെട്ടി താമസിക്കുന്നവരും അതേസമയം കിണർ കുഴിക്കുവാൻ സൗകര്യമില്ലാത്തവരുമായി175 കുടുംബങ്ങൾ വേറെയുണ്ട്.202 കിണറുകൾ സംരക്ഷണഭിത്തി കെട്ടിയിട്ടുള്ളതല്ല. തൻനിമിത്തം ജല മലിനീകരണത്തിന് അതിടയാക്കുന്നു.

പട്ടിക - 3

കുളിക്കടവുകൾ

1 കടക്കാട് തോട്ടുകടവ്
2 പേരാത്ത് ആറ്റുകടവ്
3 മണ്ണാകടവ് ആറ്റുകടവ്
4 കളീയ്ക്കൽ കടവ്
5 തോണ്ടത്രകടവ്
6 പടിക്കവീട്ടിൽ കടവ്
7 മനിച്ചോഴിൽ കടവ്
8 ചെറുകുത്ത് കടവ്
9 ഇടുക്കുകടവ്
10 അമ്പലക്കടവ്
11 കണിയാന്റെ കടവ്
12 ചെമ്പറകടവ്
13 കാട്ടൂർ കടവ്

ശുദ്ധജല ലഭ്യതയുടെ അടിസ്ഥാനം ഭൂഗർഭജലത്തിന്റെ അളവാണ്. ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതാണ് പ്രധാനമായും കിണറുകളും കുളങ്ങളും വറ്റിവരളുവാൻ ഇടയാക്കിയിട്ടുള്ളത്. അച്ചൻകോവിൽ നദിയുടെ അടിത്തട്ടിന് ആഴം വന്നതും കൃഷിസ്ഥലങ്ങൾ പലതും ആഴത്തിൽ കുഴിച്ചതും ഭൂഗർഭജലത്തിന്റെ അളവു കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. അതുപോലെ വരൾച്ചയുടെ നാളുകളിൽ ആഴംകൂട്ടിയ കിണറുകൾ ഉപയോഗശൂന്യമായതിനു കാരണം, ഭൂഗർഭജലം മലിനമായതാണ്. നദിയിൽ നിന്നും അനിയന്ത്രിതമായ തോതിൽ മണൽ നീക്കം ചെയ്തതിനെ തുടർന്ന്, ഒഴുകിയെത്തുന്ന ജലം, അരിച്ച് ശുദ്ധി ചെയ്ത് താഴുന്നതിന് പകരം, മലിനജലമായി തന്നെ ഭൂഗർഭജലത്തിൽ കലരുന്നു. നദികൾ ആഴത്തിൽ കുഴിച്ചതും കൃഷിസ്ഥലങ്ങൾ ആഴത്തിൽ കുഴിച്ചതും നിമിത്തം, അഴുക്കു ജലം കെട്ടി നിന്ന് താഴുവാൻ ഇടയായതും വാഹനങ്ങൾ നദിയിൽ ഇറക്കി കഴുകുന്നതു മൂലം പെട്രോൾ, ഡീസൽ, ഓയിൽ തുടങ്ങിയവ നദീജലത്തിൽ കലർന്നതും നദീജലത്തിൽ കലർന്നതും നദീജലത്തിൽ വിഷം കലർന്നതും അവശിഷ്ടങ്ങളും മാലിന്യങ്ങളും വിസർജ്യവസ്തുക്കളും നദിയിൽ ഉപേക്ഷിച്ചതും നിമിത്തം, ഭൂഗർഭജലം മലിനമായിട്ടുള്ളതാണ്.

കുടിവെള്ളലഭ്യതക്ക് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ

1. നദിയും തോടുകളും ഉൾപ്പെടെ നീരൊഴുക്കുള്ള ഭാഗങ്ങളിൽ, നിലവിലുള്ള മണ്ണ്/മണൽ നിരപ്പ് നിലനിർത്തുന്നതിനുകൂടി ഉദ്ദേശിച്ചുകൊണ്ട് ജലം തടഞ്ഞുനിർത്തുന്നതിന് ഉപയുക്തമായ വിധം തടയണകൾ നിർമിക്കണം.

2. തുമ്പമൺ ഗ്രാമപഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതി എന്നപേരിൽ L.I.C.യുടെ സാമ്പത്തിക സഹായത്തോടുകൂടി1994ൽ ഒരു കോടി ഏഴുലക്ഷം രൂപ എസ്റ്റിമേറ്റു ചെയ്തിട്ടുള്ള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ ചുമതലയിൽപെട്ട ശുദ്ധജലവിതരണ പദ്ധതി, തുമ്പമൺ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടത്തക്കവിധത്തിൽ പൊതുടാപ്പുകൾ കൊടുത്തും വീടു കണക്ഷനുള്ള സൗകര്യങ്ങൾ ചെയ്തും എത്രയും വേഗം നടപടിയിൽ വരുത്തേണ്ടതാണ്. നദീതീരത്തെ താമസക്കാരാണെങ്കിലും അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന 1, 3, 6 വാർഡുകളിലെ മുഴുവൻ ജനങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കണം. ഇവിടുത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമുള്ള കുടിവെള്ളം കരുതുവാൻ തക്ക വലിപ്പമുള്ള "വാട്ടർ ടാങ്ക്" അതനുസരിച്ചുള്ള "പമ്പ് ഹൗസ്" എന്നിവ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ ആറാം വാർഡിലെ "മലപ്പുറം" ഭാഗത്ത് സ്ഥാപിക്കുന്നതിനുള്ള മേൽനടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാകുന്നു.

3. കാർഷിക ജലസേചനത്തിനുപയുക്തമായിട്ടുള്ള ഫലപ്രദമായ ഒരു സംവിധാനവും ഇവിടെയില്ലാത്തതിന് പരിഹാരമായി എല്ലാ കൃഷിഭൂമികളെയും വരൾച്ചയുടെ നാളുകളിൽ നനയ്ക്കുന്നതിന് ജലസേചന ചാലുകളും അതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയാൽ കൃഷിക്ക് പ്രയോജനപ്പെടുത്തുന്നതോടൊപ്പം തന്നെ കിണറുകളിൽ കൂടി കുടിവെള്ളം ലഭിക്കുന്നതിനും അതിടയാക്കും.

ജലമലിനീകരണം തടയുവാൻ അടിയന്തിരമായി ചെയ്യേണ്ട സംഗതികൾ

1. അച്ചൻകോവിൽ നദിയിൽ നിന്നും അനിയന്ത്രിതമായ തോതിൽ മണൽ നീക്കം ചെയ്യുന്നതിന് എതിരെ പൊതുജനവികാരം ഉണർത്തുകയും ബോധവല്ക്കരണം നടത്തുകയും ചെയ്യുന്നതോടൊപ്പം അത് കർശനമായി നിയന്ത്രിക്കുകയും ചെയ്യുക.

2. മത്സ്യം പിടിക്കുന്നതിനായി നദിയിൽ വിഷം കലർത്തുന്നതും തോട്ടായിടുന്നതിനുമെതിരെ പൊതുജന സഹകരണം ഉറപ്പു വരുത്തുകയും ബോധവല്ക്കരണം നടത്തുകയും ചെയ്യുന്നതോടൊപ്പം അത് കർശനമായി നിരോധിക്കുക.

3. നദികളിൽ വാഹനങ്ങൾ ഇറക്കി കഴുകുന്നത് ഒഴിവാക്കുവാൻ തക്കവിധത്തിൽ നദിയിലേക്കുള്ള വഴികളിൽ

തടസം ഉണ്ടാക്കുകയും പൊതുജന സഹകരണത്തോടെ, അത് നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

4. അവശിഷ്ടങ്ങളും മാലിന്യങ്ങളും വിസർജ്യവസ്തുക്കളും നദിയിൽ നിക്ഷേപിക്കുന്നതിനെതിരെ ശക്തമായ ബോധവല്ക്കരണം നടത്തുകയും പൊതുജന സഹകരണത്തോടെ നദിയും ജലവും സംരക്ഷിക്കുകയും ചെയ്യുക.

5. ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ സന്ദർഭങ്ങളിലും സ്ഥലങ്ങളിലും വാട്ടർ ക്ലോറിനേഷൻ സംവിധാനം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ചെയ്യുക.

6. കൃഷിസ്ഥലങ്ങൾ അനിയന്ത്രിതമായി കുഴിക്കുന്നതും മലിനജലം കെട്ടികിടക്കുംവിധം പ്രവർത്തിക്കുന്നതും നീരൊഴുക്കു സ്ഥലങ്ങൾ നികത്തുന്നതും ഒഴിവാക്കുക. അതിനായി പൊതുജന സഹകരണം ഉറപ്പുവരുത്തണം.

7. പണ്ടുകാലത്ത് കാർഷികജലസേചനത്തിനുപയോഗിച്ചുവന്നതും ഇന്ന് ഉപയോഗശൂന്യമായി കിടക്കുന്നതുമായ കുളങ്ങൾ വൃത്തിയാക്കി ആഴംകൂട്ടി സംരക്ഷിച്ച്, ജനങ്ങൾക്ക് കുളിക്കുന്നതിനും മറ്റുമായി ക്രമപ്പെടുത്തുക.

8. പൊതുകുളിക്കടവുകൾ ഉപയോഗപ്രദമാകുവണ്ണം പുനരുദ്ധരിക്കുകയും അവ വൃത്തിയായി ഉപയോഗിക്കത്തക്കവിധത്തിൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുക.

9. കുടിവെള്ള ലഭ്യതയും അതിന്റെ സംരക്ഷണ പ്രവർത്തികളും ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തിപരിധിക്കപ്പുറംവരുന്ന പക്ഷം ബ്ലോക്ക് – ജില്ലാ പഞ്ചായത്തു കമ്മിറ്റികളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതികളുടെ വിജയം ഉറപ്പാക്കണം.



5.3 C

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്. ആരോഗ്യമാണ് ധനം. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ അഭികാമ്യം രോഗം വരാതെ സൂക്ഷിക്കുകയാണ്. ലോകാരോഗ്യസംഘടനയുടെ നിർവചന പ്രകാരം ആരോഗ്യമെന്നാൽ, "ശാരീരികവും മാനസികവും സാമൂഹ്യവും ആത്മീയവുമായി പരിപൂർണമായ സുസ്ഥിതിയിലുള്ള അവസ്ഥയാണ്". ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടുത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സുസജ്ജമാക്കുകയാണ് പരമപ്രധാനമായിട്ടുള്ളത്.

ചികിത്സാരംഗത്ത് ആയുർവേദവും ഹോമിയോപ്പതിയും, അലോപ്പതിയും ഉപയോഗിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം ജനങ്ങളും ആധുനിക ചികിത്സാ സമ്പ്രദായത്തെയാണ് ആശ്രയിച്ചു വരുന്നത്. ഈ പഞ്ചായത്തിൽ രണ്ട് അലോപ്പതി ആശുപത്രികളും ഒരു ആയുർവേദ ഡിസ്പൻസറിയും ഒരു ഹോമിയോക്ലിനിക്കും പ്രവർത്തിക്കുന്നു. കൂടാതെ പാരമ്പര്യ വൈദ്യ ശൃംഖലയിൽപെട്ട ഒരു ആയുർവേദ ഔഷധശാലയും ഒരു അലോപ്പതി ഔഷധശാലയും പ്രവർത്തിക്കുന്നുണ്ട്.

രാജഭരണകാലത്ത് ആധുനിക ചികിത്സാകേന്ദ്രമായി ആരംഭിച്ചതും 1957 മുതൽ പ്രാഥമിക ആരോഗ്യ കേന്ദ്രം എന്ന നിലയിൽ അറിയപ്പെടുന്നതുമാണ് "തുമ്പമൺ പ്രാഥമികാരോഗ്യകേന്ദ്രം". പാലമേൽ, നൂറനാട്, പന്തളം, കുളനട, പന്തളം തെക്കേക്കര എന്നീ പഞ്ചായത്തുകളിൽ ഇന്നുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇതിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതാണ്. പഞ്ചായത്തു തോറും സ്വതന്ത്രമായി പ്രവർത്തിക്കുന്ന



പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വന്നതോടുകൂടി ഈ "മദർ പി.എച്ച്.സി".യുടെ പ്രാധാന്യവും പ്രവർത്തനപരിധിയും കുറയുകയും തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഒരു പ്രാഥമികാരോഗ്യകേന്ദ്രം എന്നനിലയിൽ മാത്രം പിന്നോക്കം പോകുകയും ചെയ്തിരിക്കുകയാണ്. എന്നാൽ ഇന്നും ഇത് തുമ്പമണ്ണിലെയും സമീപപ്രദേശങ്ങളിലെയും പാവപ്പെട്ട ജനങ്ങളുടെ ആശ്രയകേന്ദ്രമാണ്. മറ്റു പല ഗ്രാമങ്ങളെയും അപേക്ഷിച്ച് വ്യത്യസ്ഥങ്ങളായ രോഗങ്ങളും ആരോഗ്യപ്രശ്നങ്ങളുമുള്ള ഇവിടെ തദ്നുസൃതമായ ചികിത്സകൾ ലഭിക്കുന്നതിന് സൗകര്യങ്ങൾ ഇല്ലാതിരിക്കുന്നതു നിമിത്തം ബഹുഭൂരിപക്ഷം ജനങ്ങളും വലിയ സാമ്പത്തിക വ്യയം ചെയ്ത് ദൂരസ്ഥലങ്ങളിലുള്ള വലിയ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. തുമ്പമൺ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ കഴിഞ്ഞ മൂന്നുവർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഇവിടുത്തെ ചികിത്സാരംഗം തളർന്ന് തകർച്ചയിൽ ആയിരിക്കുന്നു എന്ന് ബോദ്ധ്യപ്പെടുന്നതാണ്.

പട്ടിക - 1

രോഗികളും രോഗങ്ങളും

വർഷം	ഇൻപേഷ്യന്റ്	ഔട്ട് പേഷ്യന്റ്	ത്വക്രോഗം	വാതരോഗം	പകർച്ചവ്യാധികൾ	വിഷചികിത്സ	മറ്റുരോഗങ്ങൾ
1992 - 93	68	8737	211	65	310	NIL	8151
1993 - 94	20	10996	310	64	308	NIL	10314
1994 - 95	14	9285	480	72	288	NIL	8445
1995 - 96	NIL	9326	259	74	270	NIL	8723

പട്ടിക - 2

ജീവനക്കാർ

ചികിത്സാരംഗം				ജീവനക്കാർ						രോഗപ്രതിരോധം						ആഫീസ്പ്രവർത്തനം	
ഡോക്ടർ		നേഴ്സസ്		ഫാർമസിസ്റ്റ്		ലാബ് ടെക്.		മറ്റുള്ളവർ		AS/ZHS.		HI/ZHI.		JHI/JPHN.		ക്ലാർക്ക്	പ്യൂൺ
റന്മാർ																	
s	v	s	v	s	v	s	v	s	v	s	v	s	v	s	v	s	v
3	1	2	NIL	1	NIL	1	NIL	4	1	2	1	2	NIL	4	1	5	NIL

പട്ടിക - 3

ആരോഗ്യ മേഖലയുടെ അവലോകനം (Population as 1991 Census)

1. പൊതുമരണ നിരക്ക്	-	8.6
2. ശിശു മരണങ്ങൾ	-	--
3. മാതൃമരണങ്ങൾ	-	--
4. ജനന നിരക്ക്	-	16.25
5. വൈകല്യനിരക്ക്	-	8.9
6. മന്ദബുദ്ധികൾ	-	2.5
7. ജലജന്യരോഗങ്ങൾ	-	16.4
8. വായുജന്യരോഗങ്ങൾ	-	9.62
9. പ്രാണിജന്യരോഗങ്ങൾ	-	4.75
10. മറ്റു പകർച്ച രോഗങ്ങൾ	-	5.25

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ രണ്ട് സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. മുട്ടം ഭാഗം കേന്ദ്രമായി ഒരു സബ്സെന്റർ ഉള്ളതായി രേഖയിൽ കാണുന്നെങ്കിലും അങ്ങനെയൊരു കേന്ദ്രം മുട്ടത്തിൽ സ്ഥാപിച്ചിട്ടില്ല. മാതൃശിശുസംരക്ഷണവും രോഗപ്രതിരോധ കുത്തിവയ്പുകളും കുടുംബക്ഷേമപ്രവർത്തനങ്ങളുമാണ് സബ്സെന്ററുകളുടെ ചുമതലയിൽ ഉള്ളത്.

ഒരു നല്ല ആശുപത്രിക്കാവശ്യമായ കെട്ടിടങ്ങളും സ്റ്റാഫ് ക്വാർട്ടേഴ്സുകളും ഇവിടെയുണ്ട്. എന്നാൽ അവ പ്രയോജനപ്പെടുത്തി ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിൽ ബന്ധപ്പെട്ടവർ പരാജയപ്പെട്ടിരിക്കുകയാണ്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി സംരക്ഷിക്കുന്നില്ല. കെട്ടിടങ്ങളിൽ പലഭാഗത്തും മേച്ചിൽ ഓട് പൊട്ടി ചോർന്നൊലിയ്ക്കുകയാണ്. ആശുപത്രി കോമ്പൗണ്ടിന് ചുറ്റുമതിൽ ഉണ്ടെങ്കിലും ഒരുഭാഗം ഇടിഞ്ഞു തകർന്നു പോയിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്ക് രണ്ടു കിണറുകളും രണ്ടിനും പമ്പിംഗ് സംവിധാനവും ഉണ്ടെങ്കിലും ഒന്നു മാത്രമെ പ്രവർത്തിക്കുന്നുള്ളു. ആശുപത്രി കെട്ടിടത്തിന്റെ പല കതകുകളും ഒട്ടു മിക്ക സമയങ്ങളിലും അടഞ്ഞുകിടക്കുകയാണ്. പൊതുവെ തുമ്പമൺ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഇന്നത്തെ അവസ്ഥ അത്യധികം പരിതാപകരമാണ്.

ചെറിയതോതിൽ പ്രവർത്തിച്ചു വരുന്നതും വാടകകെട്ടിടത്തിൽ നടത്തുന്നതുമായ ഒരു സ്വകാര്യ ആശുപത്രി 1986 മുതൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഒരു ഡോക്ടർ ഉൾപ്പെടെ അഞ്ച് ജീവനക്കാരാണുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തെ രേഖകളിൽ പ്രകാരം ത്വക്രോഗം, വിരരോഗം, കണ്ണുരോഗം, വാതരോഗം, വിവിധതരം പനി എന്നിവയ്ക്കാണ് അവിടെ ചികിത്സിച്ചു കാണുന്നത്. സമീപ പ്രദേശത്തുള്ള പാവപ്പെട്ട രോഗികൾക്കുള്ള ഒരു ആശ്രയം എന്നതിനപ്പുറം ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങൾക്കും അവരുടെ രോഗചികിത്സയ്ക്ക് ഈ സ്ഥാപനം ഒട്ടും മതിയായതല്ല.

സർക്കാർ ആയുർവേദ ഡിസ്പെൻസറി 1982ൽ പ്രവർത്തനം ആരംഭിച്ചു. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തുമായി ചേർന്നുള്ള തുമ്പമൺ പഞ്ചായത്തിലെ എട്ടാം വാർഡിൽ അതു പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമുണ്ടെങ്കിലും നിലവിലുള്ള വൈദ്യുതി കണക്ഷൻ വളരെ നാളുകളായി വിശ്ചേദിക്കപ്പെട്ടിരിക്കയാണ്. ആശുപത്രി പ്രവർത്തനത്തിന് മതിയായ തോതിൽ "സംസ്കൃത ഔഷധങ്ങൾ" ലഭിക്കുന്നില്ല. ഒരു ഡോക്ടർ ഒരു ഫാർമസിസ്റ്റ് എന്നിവരുൾപ്പെടെ 4 ജീവനക്കാർ ഉണ്ട്. ഡിസ്പൻസറിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമല്ല. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ല. രേഖകൾ പ്രകാരം ത്വക്രോഗങ്ങൾക്കും വാതരോഗങ്ങൾക്കും വിഷം തീണ്ടലിനും ഉള്ള ചികിത്സകൾ തേടി ധാരാളം പേർ ഇവിടെ എത്തുന്നതായി കാണുന്നു.

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ജീവിതനിലവാരവും സാഹചര്യങ്ങളും രോഗങ്ങളും കണക്കിലെടുക്കുമ്പോൾ, സർക്കാർ രേഖകളിൽ രേഖപ്പെടുത്തുവാൻ അവസരം കിട്ടിയിട്ടില്ലാത്ത പ്രധാന രോഗങ്ങളിൽപ്പെട്ട് ജനസംഖ്യയിൽ 40 വയസിനു മുകളിൽ വരുന്ന 70% പേർ പ്രമേഹരോഗത്തിനും 35 വയസിനു മുകളിൽ വരുന്ന 50% പേർ ഹൃദ്രോഗത്തിനും 60% പേർ രക്തസമ്മർദ്ദത്തിനും അനുബന്ധ രോഗ



ങ്ങൾക്കും ഇരയാകുന്നതായും കണക്കാക്കുന്നു. അതുപോലെ തിമിരരോഗവും വർധിച്ചു വരുന്നുണ്ട്.

പഞ്ചായത്തിലെ 200 കുടുംബങ്ങൾക്ക് സ്വന്തമായി സാനിട്ടറി കക്കൂസുകൾ ഇല്ലാത്തതാകുന്നു. വർഷം തോറും ഇടവപ്പാതിക്കും തുലാവർഷത്തിനും ഉണ്ടാകുന്ന ജലപ്രളയ ഭീഷണിക്കിരയാകുന്ന 500 കുടുംബങ്ങളുണ്ട്. ഇവ ഗുരുതര മായ പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുണ്ട്.

പഞ്ചായത്തു വകയായി ആഴ്ചയിൽ രണ്ടു ദിവസം പ്രവർത്തിക്കുന്ന ഒരു ''ചന്ത'' തുമ്പമൺ നടുവിലെ മുറിയിൽ പ്രവർത്തിക്കുന്നു. അവിടെ ദിവസവും മാംസവ്യാപാരം ഉണ്ടെ കിലും ആധുനിക രീതിയിലുള്ള അറവുശാലയും വില്പനശാ ലയും ഉണ്ടായിട്ടില്ല. മാംസപരിശോധനയും ഇല്ല. മത്സ്യവ്യാ പാരം ഉണ്ടെങ്കിലും തുറസായ സ്ഥലത്താണ് നടക്കുന്നത്.

നിർദേശങ്ങൾ

1. തുമ്പമൺ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിലവിലുള്ള പ്രവർത്തന സംവിധാനങ്ങൾ മുഴുവൻ നിലനിർത്തി ക്കൊണ്ട്, ''ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ'' ആയി ഇത് എത്രയും വേഗം ഉയർത്തേണ്ടതാകുന്നു. തുമ്പ മൺ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നില വാരവും പ്രത്യേക സാഹചര്യങ്ങളും രോഗങ്ങളും കണ ക്കിലെടുത്ത് പ്രമേഹം, ഹൃദ്രോഗം, രക്തസമ്മർദം, തളർച്ച, തിമിരം തുടങ്ങിയ രോഗങ്ങൾക്കുവേണ്ടിയുള്ള വിദഗ്ധപരിശോധനകളും ചികിത്സകളും നൽകത്തക്ക വിധത്തിലുള്ള ''സെപ്ഷ്യാലിറ്റി ഹോസ്പിറ്റൽ'' ആയി ഇതിനെ ഉയർത്തുകയും അനുയോജ്യമാംവണ്ണമുള്ള കിടക്കകളും ആധുനിക ചികിത്സാ പരിശോധനാ ഉപക രണങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. മാതൃശിശുസംരക്ഷണം, കുടുംബക്ഷേമ ശസ്ത്രക്രിയ കൾ എന്നിവക്കുള്ള സജ്ജീകരണങ്ങളും സൗകര്യ ങ്ങളും ക്രമീകരിക്കേണ്ടതാകുന്നു. പുതിയ തൃതല പഞ്ചാ യത്തു സംവിധാനം വന്നതോടുകൂടി ഈ പി.എച്ച്.സി.യുടെ നിയന്ത്രണാധികാരം പന്തളം ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റിക്കായതിനാൽ പൊതുജന പങ്കാ ളിത്തം കൂടി ഉറപ്പുവരുത്തിക്കൊണ്ട് ഈ സംഗതികൾ എത്രയും വേഗം പ്രവൃത്തി പഥത്തിൽ കൊണ്ടുവരുന്ന തിന് മേൽനടപടി സ്വീകരിക്കണം.
2. തുമ്പമൺ പ്രാഥമികാരോഗ്യകേന്ദ്രത്തോട് ചേർന്ന് ഒരു സബ്സെന്റർ പ്രവർത്തിക്കുന്നതിനാൽ മുട്ടം ഭാഗ ത്തേക്ക് അനുവദിച്ചിട്ടുള്ള സബ്സെന്റർ അവിടെ ഒരു കെട്ടിടം നിർമിച്ച് എത്രയും വേഗം മാറ്റി സ്ഥാപിക്കുന്ന തിന് നടപടി സ്വീകരിക്കണം.
3. ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ ബാലവാടികളിലും സ്കൂളുകളിലും സ്കൂൾ ഹെൽത്ത് പ്രോഗ്രാം പ്രകാര മുള്ള രോഗപരിശോധനകളും ചികിത്സകളും രോഗപ്ര തിരോധ കുത്തിവയ്പുകളും മുടക്കം കൂടാതെ നടത്തു വാൻ ക്രമീകരണം ചെയ്യണം.
4. സാംക്രമിക രോഗ സംക്രമണം തടയുന്നതിനുള്ള സംവി ധാനങ്ങളിൽ, പൊതുജനാരോഗ്യ വകുപ്പ് ഉദ്യോഗസ്ഥ ന്മാരുടെ പ്രവർത്തനം ഊർജിതപ്പെടുത്തണം. പ്രവർത്തന വിജയത്തിനായി പൊതുജന പങ്കാളിത്തവും ബോധവൽക്കരണവും നടത്തണം.
5. മാതൃശിശു സംരക്ഷണം, കുടുംബക്ഷേമ പ്രവർത്തന ങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവക്കായി ചുമതലപ്പെടുത്തിയിട്ടുള്ളവരുടെ പ്രവർത്തനങ്ങൾ കാര്യ ക്ഷമമാക്കുകയും പൊതുജനപങ്കാളിത്തവും ബോധവ ൽക്കരണവും വഴി അവ വിജയത്തിലെത്തിക്കുകയും ചെയ്യണം.
6. പൊതുജന സമ്പർക്കത്തിലും ഉപയോഗത്തിലും വരുന്ന എല്ലാ സ്ഥാപനങ്ങളും അതിൽ പ്രവർത്തിക്കുന്നവരും ''പൊതുജനാരോഗ്യ വിധിപ്രകാരം'' പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തണം.
7. കൊതുക്, ഈച്ച എന്നിവയുടെ വ്യാപനം തടയുന്നതി നായി ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. പണ്ടു കാലത്ത് ജലസേചനത്തിനുപയോഗിച്ചിരുന്ന കുളങ്ങൾ ഇന്ന് കൊതുകു വളർത്തൽ കേന്ദ്രങ്ങളായി മാറിയിരി

യ്ക്കുന്നതിനാൽ അതു ശുചിയാക്കി മനുഷ്യരുടെ ശുചീകരണാവശ്യങ്ങൾക്ക് യോഗ്യമാക്കണം. സാനിട്ടറി കക്കൂസുകൾക്കുള്ളിൽ ഈച്ചയും കൊതുകും പ്രവേശിക്കാതിരിക്കത്തക്കവിധത്തിൽ അതിന്റെ വെന്റിലേഷനുകളിലും, എയർകണ്ടീഷൻ ഉപകരണങ്ങൾക്കു പുറത്തും നെറ്റുകൾ പിടിപ്പിക്കുന്നതിനും പരിസര ശുചീകരണങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിനും ക്രമീകരണങ്ങൾ ചെയ്യണം. ചപ്പുചവറുകൾ കൂടി കിടക്കാതെ ഉടനടി മാറ്റുവാനും റോഡുവക്കുകളിൽ വളർന്നു കിടക്കുന്ന കാടുകൾ വെട്ടിമാറ്റി വെടിപ്പാക്കുവാനും നടപടിയുണ്ടാകണം. അപ്രകാരം വരുന്ന Waste ഉപയോഗിച്ച് കമ്പോസ്റ്റു വളങ്ങൾ നിർമിക്കാവുന്നതുമാണ്. ഇതിന് ബോധവൽക്കരണവും പൊതുജനപങ്കാളിത്തവും ഉറപ്പാക്കണം.

8. പരിസ്ഥിതിസംരക്ഷണം, പരിസരശുചീകരണം തുടങ്ങിയ പൊതുജനാരോഗ്യപരമായ എല്ലാ വിഷയങ്ങളിലും ജനങ്ങളെ ബോധവാന്മാരാക്കണം. അതിനുള്ള വോളന്ററി കമ്മിറ്റികൾക്ക് രൂപം കൊടുക്കുന്നത് കൂടുതൽ നന്നായിരിക്കും.

9. പൊതുജനാരോഗ്യപരമായ Up to date വിവരങ്ങൾ മനസിലാക്കത്തക്കവിധത്തിലുള്ള രേഖകൾ പി.എച്ച്.സി. ലവലിലും പഞ്ചായത്തു ലവലിലും കുറ്റമറ്റ രീതിയിൽ തയ്യാറാക്കുവാനും സൂക്ഷിക്കുവാനും സംവിധാനമുണ്ടാക്കണം.

10. തുമ്പമൺ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം നടത്തണം. തകർന്ന് കിടക്കുന്ന ചുറ്റുമതിലിന്റെ പണി പൂർത്തിയാക്കണം. രണ്ടു കിണറുകളിലെയും പമ്പിംഗ് സംവിധാനം പൂർത്തിയാക്കണം. കക്കൂസുകൾ ഉപയോഗക്ഷമമാക്കണം. രോഗികളെ കിടത്തി ചികിത്സിക്കുന്ന സംവിധാനം ഉടൻ പുന:രാരംഭിക്കണം. ഡോക്ടർമാരും ബന്ധപ്പെട്ട എല്ലാ ജീവനക്കാരും കൃത്യനിർവണത്തിന് ആശുപത്രിയിൽ ഉണ്ടായിരിക്കുവാനും അവരവരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ സ്തുത്യർഹമായി ചെയ്യുവാനും ശട്ടം കെട്ടണം. പേവിഷ ബാധക്കെതിരെയുള്ള വാക്സിനും, പാമ്പിൻ വിഷത്തിനെതിരെയുള്ള മരുന്നുകളും ആശുപത്രിയിൽ എപ്പോഴും സൂക്ഷിക്കുവാനും ഉപയോഗിക്കുവാനുമുള്ള സംവിധാനങ്ങൾ ചെയ്യണം. സ്റ്റാഫ് കാർട്ടേഴ്സ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥിരതാമസത്തിനുപയോഗിക്കുവാൻ നിർദേശം നൽകുക. ഒഴിവുള്ള എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിയ്ക്കണം. പി.എച്ച്.സി. യുമായി ബന്ധപ്പെട്ട കമ്മിറ്റികൾ ക്രമമായി കൂടി കാര്യങ്ങൾ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്യണം.

11. ജലപ്രളയകാലങ്ങളിൽ ദുരിതാശ്വാസകേന്ദ്രങ്ങൾ തുറക്കുന്നതിനും ആരോഗ്യരക്ഷ ഉറപ്പു വരുത്തുന്നതിനും പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം.

12. സർക്കാർ ആയുർവേദ ഡിസ്പൻസറിയിലേക്കുള്ള വൈദ്യുതി കണക്ഷൻ ഉടൻതന്നെ പുന:സ്ഥാപിക്കണം. സംസ്കൃത ഔഷധങ്ങൾ ക്രമമായി ആവശ്യാനുസരണം ലഭിക്കുന്നതിന് ക്രമീകരണം ചെയ്യണം. നിലവിലുള്ള ഡിസ്പൻസറി രോഗികളെ കിടത്തി ചികിത്സിക്കത്തക്കവിധത്തിൽ ആശുപത്രിയായി ഉയർത്തണം. ആയുർവേദ ചികിത്സ സംബന്ധിച്ചും ഔഷധച്ചെടികൾ സംരക്ഷിച്ച് വളർത്തുന്നതു സംബന്ധിച്ചും പൊതുജനപങ്കാളിത്തവും ബോധവൽക്കരണവും ഉണ്ടാകണം.

13. സർക്കാർ നയപ്രകാരം ഇവിടെ ഒരു ഹോമിയോ ഡിസ്പൻസറിക്ക് അനുവാദമുണ്ടെങ്കിലും ഇതുവരെ സ്ഥാപിതമായിട്ടില്ല. പ്രസ്തുത സ്ഥാപനം സർക്കാരിന്റെ സേവന സൗകര്യങ്ങൾ എത്തിയിട്ടില്ലാത്ത ഭാഗത്ത് സ്ഥാപിക്കണം.

14. തുമ്പമൺ പബ്ലിക് മാർക്കറ്റിന് സമീപത്തും 50 വീടുകളിൽ കൂടുതൽ ഉള്ള പട്ടികജാതി കോളനികളിലും പൊതു കക്കൂസുകളും കുളിമുറികളും നിർമിക്കണം. അവയുടെ ഉപയോഗം, സൂക്ഷിപ്പ്, സുരക്ഷിതത്വം എന്നിവയുമായി ബന്ധപ്പെടുത്തി പ്രാദേശിക സന്നദ്ധ സമിതികൾ രൂപീകരിക്കുകയും ചെയ്യണം. പ്രസ്തുത സമിതികൾക്ക് ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം

കൂടി നൽകുന്നതും നന്നായിരിക്കും.

15. മുട്ടത്തിൽ മുഴുക്കോട്ടു ഭാഗത്തുള്ള പഞ്ചായത്തുവക സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. മാംസ വില്പനയ്ക്കും മത്സ്യ വില്പനയ്ക്കും വേണ്ടി തുമ്പ മൺ ചന്തയിൽ പ്രത്യേക സ്റ്റാളുകൾ നിർമിക്കണം. ഉരു ക്കളെ അറക്കുന്നതിന് മുമ്പ് പരിശോധിക്കുകയും വില്പ നയ്ക്കും ഉപയോഗത്തിനും അനുയോജ്യമെന്ന് ഉറപ്പു വരുത്തുകയും വേണം. മത്സ്യ മാംസ ഭക്ഷ്യവസ്തുക്ക ളുടെ വില്പനയ്ക്കു മുമ്പ് അവ ഉപയോഗയോഗ്യമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിലും ബോധവല്ക്കരണം ഉണ്ടാകണം.

16. തെരുവു നായ്ക്കളുടെയും കാട്ടുപട്ടികളുടെയും വർധ നവ് വ്യാപകമായ തോതിൽ പേവിഷബാധക്ക് ഇടയാ ക്കുമെന്നുള്ളതിനാൽ അവയെ ഉന്മൂലനാശം ചെയ്യുന്ന തിന് ശക്തമായ നടപടി സ്വീകരിക്കുകയും വളർത്തു നായ്ക്കൾക്ക് പേവിഷബാധ വരാതിരിക്കുവാനുള്ള കുത്തിവയ്പ് നിർബന്ധമാക്കുകയും ചെയ്യണം. ഇക്കാ ര്യത്തിൽ പൊതുജനസഹകരണവും ബോധവല്ക്കര ണവും ഉറപ്പാക്കണം.



5.3 D

സാമൂഹ്യക്ഷേമം

സമൂഹത്തിലെ അവശതയനുഭവിക്കുന്ന വിഭാഗങ്ങളുടെ സംരക്ഷണത്തിനും അവരുടെ തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനുവേണ്ടി വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് രൂപീകൃതമായതാണ് സാമൂഹ്യക്ഷേമവകുപ്പ്. വികലാംഗർ, വൃദ്ധജനങ്ങൾ, മന്ദബുദ്ധികൾ സ്ത്രീകൾ, കുഞ്ഞുങ്ങൾ, മിശ്രവിവാഹിതർ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യമാക്കിയാണ് ഈ വകുപ്പിലൂടെ പദ്ധതികൾ നടപ്പാക്കുന്നത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കിയതായി കാണുന്നു.

പട്ടിക 1

I. R. D. P. സർവേ

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ (1995-96)	ഇതിൽ പട്ടികജാതി വിഭാഗക്കാർ	നാളിതുവരെ സാമ്പത്തികാനുകൂല്യം ലഭിച്ചവർ	ഇതിൽ പട്ടികജാതി വിഭാഗക്കാർ	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്കുതാഴെ ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6
453	106	180	62	219	183

അവലംബം: I. R. D. P രജിസ്റ്റർ, ഗ്രാമവികസന (V. E. O) ആഫീസ്



സംയോജിത ഗ്രാമവികസന പദ്ധതിപ്രകാരം1995-96വർഷം നിലവിലുള്ള സർവേ കണക്കു പ്രകാരം തുമ്പമൺ പഞ്ചായത്തിൽ ആകെ 453 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണെന്നു കാണുന്നു. ഇതിൽ106 കുടുംബങ്ങൾ പട്ടികജാതി വിഭാഗമാണ്. 62 പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെ 180 പേർക്ക് ധനസഹായം ലഭിച്ചു. സഹായം ലഭിച്ചവർ ഉൾപ്പെടെ 183 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയാണ് ഇപ്പോൾ.

I. R. D. P പദ്ധതിയുടെ നടത്തിപ്പ് ശരിയായ രീതിയിലല്ല. ദാരിദ്ര്യരേഖാ നിർണയത്തിനടിസ്ഥാനമായ വരുമാന നിർണയത്തിൽ പല പരിഗണനകളുമുണ്ട്. യഥാർഥത്തിൽ I. R. D. P. പദ്ധതിയുടെ ഗുണഭോക്താക്കളാകേണ്ടവർ പലരും നാട്ടിലുള്ളപ്പോൾ അനർഹരായവർ ആനുകൂല്യം പറ്റുന്നുണ്ട്.

ട്രൈസം
(ട്രെയിനിംഗ് ഓഫ് റൂറൽ യൂത്ത് ഫോർ സെൽഫ് എംപ്ലോയ്മെന്റ്)

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട വ്യവസായ സർവീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി അവർക്ക് I. R. D. P യുടെ പൂർണ പ്രയോജനം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. I. R. D. P. ലക്ഷ്യവിഭാഗത്തിൽ18നും35നും മധ്യേ പ്രായമുള്ളവർ പരിശീലനത്തിന് അർഹരാണ്. ഇതിന് വിദ്യാഭ്യാസ യോഗ്യത ബാധകമാക്കിയിട്ടില്ല. ദേശീയ സാക്ഷരതാ പരിപാടിപ്രകാരം സാക്ഷരരായവർക്ക് മുൻഗണന നൽകുന്നു. ഐ.ടി.ഐ. പോളിടെക്നിക്, എൻജിനീയറിംഗ് കോളേജുകൾ, മറ്റു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയിൽ വിദഗ്ധരുടെ കീഴിൽ പരിശീലനം ലഭിക്കും. ആകെ 90 ഇനം ട്രെയിഡുകളിലാണ് പരിശീലനം.

പട്ടിക 2

ട്രൈസം - തൊഴിൽപരിശീലനം.

പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
ഇലക്ട്രോണിക്സ്	2	2	-	-
പ്രിന്റിംഗ് & കമ്പോസിംഗ്	8	4	2	2
ബുക്ക്ബയന്റിംഗ്	4	4	-	-
പ്ലംബിംഗ്	2	2	-	-
കമ്പ്യൂട്ടർ	1	-	-	1
ബ്യൂട്ടീഷൻകോഴ്സ്	2	2	-	-
ആകെ	19	14	2	3

അവലംബം: ഗ്രാമവികസന (V. E. O) ആഫീസ്രേഖകൾ

പട്ടിക2 പ്രകാരം ഈ പഞ്ചായത്തിൽ വിവിധ ട്രെയിഡു കളിലായി 19 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. 14 പേർ സ്വയം തൊഴിൽ കണ്ടെത്തി. 2 പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടു. 3 പേർ പരിശീലനം കഴിഞ്ഞിട്ടും തൊഴിൽ രഹിത രായി അവശേഷിക്കുന്നു. ലഭ്യമായ സ്ഥിതിവിവരം ഏതു വർഷത്തേതാണെന്ന് വ്യക്തമല്ല. 1992-93 ൽ ആരംഭിച്ച 8-ാം പദ്ധതിക്കാലത്തേതാണെങ്കിൽ ഈ സംഖ്യ തികച്ചും അപ ര്യാപ്തമാണ്. ഒരു വർഷം ഒരു വികസന ബ്ലോക്കിൽ നിന്ന്50 പേർ വീതം പരിശീലനം നേടുന്നുണ്ട്.

D. W. C. R. A യുടെ അനുബന്ധ പരിപാടിയാണിത്. ഗ്രാമപ്രദേശങ്ങളിലെ I. R. D. P പരിധിയിൽ വരുന്ന സ്ത്രീക ളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കിയാണ് ഇത് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പദ്ധതിപ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധി പ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടിക്ക് വായ്പയും ധനസഹായവും നൽകിവരുന്നു.

പട്ടിക - 3

D. W. C. R. A (ഗ്രാമീണ വനിതാ ശിശുവികസന പരിപാടി) പ്രകാരം ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	പ്രവർത്തനത്തിന്റെ ഇന്നത്തെ അവസ്ഥ.
7,8	റബർ നേഴ്സറി ആടുവളർത്തൽ	1990-91	10	റബ്ബർ നേഴ്സറി നാമമാത്രമായി പ്രവർത്തിക്കുന്നു.
4	കുറ്റിമുല്ല കൃഷി	1994-95	7	പ്രവർത്തനം ഇല്ല.

അവലംബം: ഗ്രാമവികസന (V. E. O) ആഫീസ് രേഖകൾ

തുമ്പമൺ പഞ്ചായത്തിൽ 1990 -91 വർഷം 7, 8 വാർഡുകളിൽ 10 വനിതകളുടെ ഗ്രൂപ്പിനും 1994-95 വർഷം 4-ാം വാർഡിൽ 7 വനിതകളുടെ ഗ്രൂപ്പിനും സഹായം ലഭിച്ചു. 8 ാം പദ്ധതിക്കാലത്ത് ഒരു ഗ്രൂപ്പു മാത്രമാണ് പ്രവർത്തനം തുടങ്ങിയത്. ഇത് അപര്യാപ്തമാണ്. ദാരിദ്ര്യരേഖക്കു താഴെ കഴിയുന്ന 183 കുടുംബങ്ങൾ ഈ പഞ്ചായത്തിലുള്ളപ്പോൾ D. W. C. R. A യൂണിറ്റുകളെക്കുറിച്ചുള്ള അജ്ഞതകൊണ്ടോ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥകൊണ്ടോ ആയിരിക്കാം ഇതു പ്രയോജനപ്പെടുത്താതിരുന്നത്. ലഭ്യമായ വിവരം അപൂർണമാണ്. വനിതകളിൽ പട്ടികജാതിക്കാർ എത്ര? ലഭ്യ മായ സഹായധനം എത്ര ഇത്തരം കാര്യങ്ങൾ ലഭിച്ചിട്ടില്ല. എന്തായാലും 8 വാർഡുകളിലായി ഒരു ഗ്രാമവികസന ആഫീസ് നേതൃത്വം നൽകുന്ന ഈ മേഖലയിൽI. R. D. Pയും അനുബന്ധ പരിപാടികളും ഗുണഭോക്താക്കളിലെ എത്തി ക്കുന്നതിൽ ജാഗ്രത പുലർത്തിക്കാണുന്നില്ല.

മറ്റു ക്ഷേമ പദ്ധതികൾ

വിവിധ സാമൂഹ്യക്ഷേമ പദ്ധതികളായ വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, ക്ഷയം, കാൻസർ രോഗ സഹായം, അവശ കലാകാര പെൻഷൻ, സ്വാതന്ത്ര്യസമര പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവയിൽ, 11



പേർക്ക് വാർധക്യകാല പെൻഷൻ ലഭിക്കുന്നതായി രേഖകളിൽ കാണുന്നു. വിവിധ പെൻഷനുകൾ ഇപ്പോൾ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. കൈമാറിയവയെയും അല്ലാത്തവയെയും സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല.

അങ്കണവാടികൾ

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യക്ഷേമവകുപ്പു നടത്തുന്ന പരിപാടിയാണിത്. തുമ്പമൺ പഞ്ചായത്തിൽ ആകെ ഒരു അങ്കണവാടി മാത്രമേ ഉള്ളൂ. I.C.D.S. പ്രോജക്ടിന്റെ കീഴിൽ വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന അങ്കണവാടികൾ ആരംഭിച്ചിട്ടില്ല.

പ്രശ്നങ്ങൾ

I. R. D. P പദ്ധതി വേണ്ട വിധത്തിൽ നടപ്പാക്കുന്നില്ല. ധനസഹായം ലഭിച്ചവർ വായ്പതുക യഥാകാലം അടച്ചു തീർക്കുന്നില്ല.

സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റി ഗുണഭോക്താക്കൾക്ക് മതിയായ അറിവില്ല. ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ ശരിയായ ബോധവൽക്കരണം നടത്തുന്നില്ല.

D. W. C. R. A, ട്രൈസം പദ്ധതികൾ യഥാർഥ ഗുണഭോക്താക്കൾ അറിയാത്തതിനാൽ ആനുകൂല്യം ലഭിക്കുന്നില്ല.

പദ്ധതിനടപ്പിന്റെ യഥാർത്ഥ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല.

നിർദേശങ്ങൾ

1. ദാരിദ്ര്യരേഖാ നിർണയത്തിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമാക്കുക.
2. I. R. D. P.സർവ്വേ കുറ്റമറ്റതാക്കുക.
3. കേരളത്തിലെ സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റി പഞ്ചായത്തു തലത്തിൽ ബോധവൽക്കരണം നടത്തുക.
4. ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കുക. പരിശീലനം ലഭിച്ചവരുടെ, പഞ്ചായത്തുതല രജിസ്റ്റർ ഉണ്ടാക്കുക.
5. നിർദിഷ്ട അങ്കണവാടികൾ ഉടനെ ആരംഭിക്കുക.
6. പെൻഷനുകൾ ഉടൻ വിതരണം നടത്തുക.
7. ക്ഷേമപദ്ധതികൾക്കാവശ്യമായ ഫണ്ട് യഥാസമയം ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുക.
8. പഞ്ചായത്തിൽ ഒരു ക്ഷേമനിധി രൂപീകരിക്കുക. പഞ്ചായത്തിന്റെ പിറന്നാൾ ദിനം കേന്ദ്രീകരിച്ച് ഒരു സന്നദ്ധ സേനയുടെ നേതൃത്വത്തിൽ ഒരു ദിവസംകൊണ്ട് ഫണ്ട് സമാഹരണം പൂർത്തീകരിക്കാം.
9. വൃദ്ധജനങ്ങൾക്കായി ഒരു പകൽസമയ വിശ്രമകേന്ദ്രം ആരംഭിക്കുക.
10. വിവിധ തൊഴിൽ വിഭാഗത്തിൽ പെട്ട ക്ഷേമപദ്ധതികളിൽ അംഗങ്ങളായവരുടെ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുകയും, പ്രസ്തുത ക്ഷേമനിധിയിലേക്ക് അംഗങ്ങളുടെ വിഹിതം യഥാസമയം അടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുക.
11. ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ, വിശകലനാത്മകവും പരിമാണാത്മകവുമായ വിധത്തിൽ പഞ്ചായത്തിൽ എപ്പോഴും ലഭ്യമാക്കുക.

5.3 E

പട്ടികജാതി/ പട്ടികവർഗക്ഷേമം

നൂറ്റാണ്ടുകളായി അടിമത്തത്തിലാണ്ടു കിടന്ന ജനവിഭാഗമാണ് പട്ടികജാതി/പട്ടികവർഗക്കാർ. ഇവർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് എത്രയോ അകലെയായിരുന്നു. തീണ്ടൽ, തൊടീൽ, അയിത്തം തുടങ്ങിയ ദുരാചാരങ്ങൾ അവരിൽ അടിച്ചേല്പിക്കപ്പെട്ടിരുന്നു. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളും തൊഴിലാളി വർഗ പ്രസ്ഥാനങ്ങളും നട്ടെല്ലു നിവർന്നു നിൽക്കാൻ ഇവരെ സഹായിച്ചു. ഭൂപരിഷ്കരണ നിയമത്തിലൂടെ ലഭിച്ച ആനുകൂല്യങ്ങൾ ഭരണഘടനാദത്തമായ സംവരണം, മറ്റു സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സൗജന്യങ്ങൾ ഇവ മറ്റു ജനവിഭാഗങ്ങൾക്കൊപ്പമെത്തിയില്ലെങ്കിലും ഇവരുടെ ജീവിത സാഹചര്യങ്ങളിൽ ഗണ്യമായ മാറ്റം വരുത്തി. ഇത്തരം മാറ്റങ്ങൾ തുമ്പമൺ പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളിലും ദൃശ്യമാണ്.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം 7644 ആണ്. ഇതിൽ പട്ടികജാതി വിഭാഗക്കാർ 1515. ഇത് ആകെ ജനസംഖ്യയുടെ 19.81 ശതമാനമാണ്. പട്ടിക വർഗ വിഭാഗത്തിൽപെട്ടവർ ഈ പഞ്ചായത്തിലില്ല. പട്ടികജാതി വിഭാഗക്കാർ കൂടുതൽ പേർ അംഗീകൃത കോളനികളിലും ബാക്കിയുള്ളവർ ഇടകലർന്നും താമസിക്കുന്നു. അംഗീകൃത കോളനികളെ സംബന്ധിക്കുന്ന വിവരം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1

നമ്പർ	കോളനിയുടെ പേര്	വാർഡ്	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ
1	ചെറുകുന്നിൽ	VIII	28	350
2	മലപ്പുറം	VI	24	200
3	മുട്ടം	I-II	50	350
4	മാമ്പിലാലി	VII	10	59
5	കോട്ടാണി, ഹരിജൻ സെറ്റിൽമെന്റ്	IV	10	54
6	ചെറുതാപ്പള്ളിൽ സെറ്റിൽമെന്റ്	II	17	99
7	ചെന്നേലിൽ തെക്കേച്ചരുവിൽ	VIII	16	85
8	പുത്തൻകുറ്റിയിൽ	VIII	13	48
9	പാറപ്പാട്ട്	VII	11	60
	ആകെ		179	1305

അവലംബം: ജില്ലാ പ്ലാനിംഗ് ആഫീസ്

പട്ടിക1 പ്രകാരം ആകെയുള്ള പട്ടികജാതി വിഭാഗക്കാരിൽ 86.13 ശതമാനം പേർ അംഗീകൃത കോളനികളിലാണ്



താമസം. ഇതു കൂടാതെ ഇന്ദിരാഭവന നിർമാണ പദ്ധതിപ്രകാരം അഞ്ചാം വാർഡിൽ നടുവിലേമുറിയിൽ ഒരു സെറ്റിൽമെന്റ് കോളനിയും ഉണ്ട്. ഇതിന് അംഗീകാരമില്ല.

സാമൂഹ്യ വിദ്യാഭ്യാസരംഗങ്ങളിൽ അടിച്ചമർത്തൽ ഇല്ലയെങ്കിലും പട്ടികജാതി വിഭാഗക്കാരുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ വളരെ പരിതാപകരമാണ്. ഇതിനായി ഒട്ടേറെ ക്ഷേമപദ്ധതികൾ ഉണ്ടെങ്കിലും ഒന്നുംതന്നെ ഫലപ്രദമായി ഈ ജനവിഭാഗത്തിന് ലഭിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ ഇല്ലാത്തവയാണ് വീടുകളധികവും തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും സ്ഥിതി വ്യത്യസ്തമല്ല. സർക്കാർ വകുപ്പുകളിലുള്ള ഉദ്യോഗ സംവരണം മതിയായ വിദ്യാഭ്യാസയോഗ്യതയുടെ അഭാവം മൂലം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

വിദ്യാഭ്യാസം

1990-91ലെ 'അക്ഷരകേരളം' സമ്പൂർണ സാക്ഷരതാ പരിപാടിയുടെ വിജയകരമായ പൂർത്തീകരണം മൂലം പട്ടികജാതി ജനവിഭാഗത്തിൽ നിരക്ഷരത നിർമാർജനം ചെയ്യാൻ കഴിഞ്ഞു. എങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പലരും നിരക്ഷരതയിലേക്ക് വഴുതിവീണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്കൂളിൽ പോകാത്ത കുട്ടികൾ ഇല്ല എന്നുതന്നെ പറയാം. എങ്കിലും പ്രൈമറി ഹൈസ്കൂൾ തലങ്ങളിൽ വിദ്യാഭ്യാസം നിന്നു പോകുന്നു. മറ്റു ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സാമൂഹ്യവും സാമ്പത്തികവുമായ സുസ്ഥിരത ഇവരുടെ ജീവിതത്തിനില്ല. കൃഷിഭൂമിയിൽത്തുടങ്ങുന്ന ഈ വിപരീത സാഹചര്യം, കുടുംബസാഹചര്യങ്ങളെ പ്രതികൂലമാക്കുന്നതു മൂലം കുടുംബത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ വിദ്യാർഥികൾ നിർബന്ധിതരാകുന്നു. പട്ടികജാതി വികസന വകുപ്പും, സാമൂഹ്യക്ഷേമ വകുപ്പും പരിശീലനം നൽകുന്ന തൊഴിൽമേഖലകളിൽ പ്രയോജനപ്പെടുത്താനും കഴിയുന്നില്ല.

പട്ടിക - 2 എ.

വിദ്യാഭ്യാസം

ക്രമ നമ്പർ	വിഭാഗം	ആകെ കുട്ടികൾ	പട്ടികജാതി വിഭാഗം	ശതമാനം
1	ലോവർ പ്രൈമറി	387	101	26.09
2	അപ്പർ പ്രൈമറി	911	180	19.75
3	ഹൈസ്കൂൾ	1043	168	16.1
	ആകെ	2341	449	19.13

പട്ടിക - 2 ബി.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ വിദ്യാർഥികൾ	പട്ടികജാതി	ശതമാനം
1	ഗവ: എൽ.പി.എസ്. മുട്ടം	73	29	39.72
2	എം.എസ്.സി.എൽ.പി സ്കൂൾ തുമ്പമൺ	115	35	30.43
3	എം.ജി.യു.പി.എസ്. തുമ്പമൺ	218	44	20.18
4	ഗവ: യു.പി.എസ്. തുമ്പമൺ	185	102	55.13
5	എം.ജി. ഹൈസ്കൂൾ തുമ്പമൺ	321	108	33.64
6	സെന്റ്പോൾസ് ഹൈസ്കൂൾ നരിയാപുരം	1191	59	4.95
7	സെന്റ് ജോൺസ് എച്ച്.എസ് തുമ്പമൺ	238	1	0.42

അവലംബം: വിദ്യാലയ രേഖകൾ

(ദ്വിതീയ വിവരശേഖരണം)

പട്ടിക - 2 സി.

സ്കൂൾ കോളേജ് തലങ്ങളിൽ പഠനോപകരണങ്ങൾ ആവശ്യമുള്ള പട്ടികജാതി വിദ്യാർഥികളുടെ വിവരം

വാർഡ്	1	2	3	4	5	6	7	8	ആകെ
പ്രൈമറി	4	25	3	2	20	15	14	23	106
ഹൈസ്കൂൾ	3	15	3	12	6	26	18	27	110
കോളേജ്	4	-	-	1	2	-	2	6	15

അവലംബം: ഗ്രമസഭാ റിപ്പോർട്ട് (ദ്വിതീയ വിവരശേഖരണം)

ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്ന കണക്ക് പട്ടിക 2 എ. യിലും ഓരോ സ്കൂളിലെയും കുട്ടികളുടെ ശതമാനക്കണക്ക് 2 ബി. യിലും പഠനോപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ എണ്ണം 2 സി. യിലും കൊടുത്തിരിക്കുന്നു. പട്ടിക 2 ബി. പ്രകാരം ഒരു സ്കൂളിൽ ആകെ കുട്ടികളിൽ 55.13 ശതമാനം പട്ടികജാതി വിഭാഗമാണ്. ഈ പ്രത്യേകത സർക്കാരിന്റെ വികസന ഡിപ്പാർട്ടുമെന്റുകളോ, വിദ്യാഭ്യാസവകുപ്പോ, പഞ്ചായത്തോ കണക്കിലെടുത്തിട്ടില്ല. അമ്പതു ശതമാനത്തിലധികം ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിലാണെങ്കിൽS.C.P. (Special Component Programme - പ്രത്യേത ഘടകപദ്ധതി) പ്രകാരം ഗവ: യു.പി. സ്കൂളിൽ മതിയായ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പട്ടികജാതി ജനവിഭാഗത്തിന് വിദ്യാഭ്യാസ മേഖലയിൽ ലഭിക്കേണ്ട ആനുകൂല്യങ്ങളും പ്രസ്തുത വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങളും അവഗണിക്കുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണിത്.

പാർപ്പിടം

പട്ടികജാതി ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ ഭവന നിർമാണ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇക്കാര്യത്തിൽ പൂർണത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. N.R.E.P., R.L.E.G.P., J.R.Y ഇന്ദിരാ ആവാസ് യോജന (I.A.Y.)മില്യൻവെൽ തുടങ്ങിയ ഭവന നിർമാണ പദ്ധതികളിലൂടെയാണ് സഹായധനം ലഭിച്ചിട്ടുള്ളത്. 1970 കാലഘട്ടത്തിൽ നടപ്പാക്കിയ ലക്ഷംവീട് പദ്ധതിയിലൂടെയും വീടുകൾ ലഭിച്ചു. എന്നാൽ ഇവയുടെ അനുബന്ധ നിർമാണ ജോലികൾ പൂർത്തീകരിച്ചിട്ടില്ല. പലവീടുകളും വയറിംഗ് നടത്തിയിട്ട് വർഷങ്ങളായി വൈദ്യുതി കണക്ഷനു വേണ്ടി കാത്തിരിക്കുന്നു. വീടിന്റെ പ്ലാസ്റ്ററിംഗ്, കക്കൂസ് നിർമാണം മുതലായവ നടത്തിയിട്ടില്ല. സർക്കാരിന്റെയും പഞ്ചായത്തിന്റെയും മതിയായ സാമ്പത്തിക സഹായവും ശ്രദ്ധയും ഇക്കാര്യത്തിൽ ഉണ്ടായെങ്കിൽ മാത്രമെ ഈ മേഖലയിലെ പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കാൻ കഴിയൂ. വീടുവയ്ക്കാൻ സ്ഥലമില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ധാരാളമുണ്ട്. ഭൂമിവാങ്ങാൻ പട്ടികജാതി വികസന കോർപ്പറേഷൻ വായ്പ നൽകുന്നുണ്ടെങ്കിലും അധികം പേരും അറിഞ്ഞിട്ടില്ല. കോർപ്പറേഷൻ നൽകുന്ന വായ്പത്തുക ഇന്നത്തെ നിരക്കനുസരിച്ച് അപര്യാപ്തമാണ്. വ്യവസ്ഥകൾ ലഘൂകരിക്കയും വേണം. പാർപ്പിടവും, കക്കൂസ്, വൈദ്യുതീകരണം തുടങ്ങിയവ ആവശ്യമുള്ളവരുടെ വാർഡടിസ്ഥാനത്തിലുള്ള വിവരം പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക - 3

വാർഡ്	ആകെ കുടുംബങ്ങൾ	വീട് ആവശ്യമുള്ളവർ	വീടുവയ്ക്കാൻ സ്ഥലം	വീടിന് അറ്റ കുറ്റപ്പണി നടത്തേണ്ടവർ	കക്കൂസ് ആവശ്യമുള്ളവർ	കിണർ/ടാപ്പ് ആവശ്യമുള്ളവർ	വൈദ്യുതീകരണം ആവശ്യമുള്ളവർ
I	8	-	-	-	2	-	1
II	83	12	13	68	58	13	43
III	6	-	-	9	1	5	6
IV	23	6	5	14	12	9	14
V	33	9	9	14	19	10	19
VI	41	6	-	25	16	35 ടാപ്പ്	19
VII	43	13	3	15	32	32	33
VIII	76	24	6	45	63	92 ടാപ്പ്	72
ആകെ	313	70	36	190	203	196	207

അവലംബം: ഗ്രാമസഭാ റിപ്പോർട്ട് (ദ്വിതീയ വിവരശേഖരണം)

തൊഴിൽ

തൊഴിലില്ലായ്മ മറ്റു ജനവിഭാഗങ്ങളിലെന്നപോലെ പട്ടികജാതി വിഭാഗങ്ങളിലുമുണ്ട്. കാർഷിക മേഖലയിലെ ദിവസക്കൂലിക്കാരാണ് അധികം തൊഴിലാളികളും. കാർഷിക വിളകളിൽ നിന്ന് റബർ തുടങ്ങിയ നാണ്യ വിളകളിലേക്കുള്ള മാറ്റം കൃഷി മേഖലയിൽ തൊഴിലിന്റെ അളവ് കുറച്ചു. ഇത് തികച്ചും പ്രതികൂലമായി ബാധിച്ചത് പട്ടികജാതി വിഭാഗത്തെയാണ്. ആയതിനാൽ കെട്ടിട നിർമാണം പോലെയുള്ള മേഖലകളിലേക്ക് അത്തരക്കാർ തൊഴിൽ തേടിപ്പോയി. ഈറ്റ, ചൂരൽ, തഴ ഇവയുമായി ബന്ധപ്പെട്ട പാരമ്പര്യ തൊഴിലുകൾ അറിയാവുന്നവരുണ്ടെങ്കിത്തന്നെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലം ആ മേഖലയും നിർജീവമാണ്.

ആരോഗ്യം, കുടിവെള്ളം

പട്ടികജാതി വിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളിൽ ആരോഗ്യ ശുചീകരണ കാര്യങ്ങളിൽ അത്യധികമായ ശ്രദ്ധ അത്യാവശ്യമാണ്. കോളനികളിലെ ഇടതിങ്ങിയുള്ള താമസം സാംക്രമിക രോഗങ്ങൾ പകരുന്നതിന് ഏറ്റവും അനുകൂല ഘടകമാണ്. പോഷകാഹാരക്കുറവ്, കക്കൂസില്ലായ്മ, കുടിക്കാൻ ശുദ്ധജലം ലഭിക്കാത്ത അവസ്ഥ ഇക്കാരണങ്ങളുമുണ്ട്. വീടുകളോട് ചേർന്ന് കക്കൂസ് ഇല്ലാത്തതും ഉള്ളവ വൃത്തിയായി സംരക്ഷിക്കാത്തതും പോരായ്മയാണ്. പ്രതിരോധ കുത്തിവയ്പുകൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ ഇവ വ്യാപകമായി സ്വീകരിക്കുന്നുണ്ട്. ചികിത്സാരംഗത്ത് പ്രാഥമികരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാകാത്തത് പ്രധാനമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തെയാണ് പ്രതികൂലമായി ബാധിച്ചത്. ഇത്തരം മേഖലകളിലെല്ലാം സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള തീവ്രസങ്കേത വികസന പരിപാടി (H.I.D.P.) കോളനികൾ ഈ പഞ്ചായത്തിൽ ഇതേവരെ ഇല്ല. കുടിവെള്ള പ്രശ്നം നിർദിഷ്ട മലപ്പുറം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചാൽ ഒരളവുവരെ പരിഹരിക്കാം.

പട്ടികജാതി സഹകരണ സംഘം

ഈ പഞ്ചായത്തിലെ പി.റ്റി. 21-ാാം നമ്പർ ഹരിജൻ സർവീസ് സഹകരണ സംഘത്തിന് പട്ടിക ജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി പല പദ്ധതികളും നടപ്പാക്കാൻ കഴിയും. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടെങ്കിലും പ്രവർത്തമം കാര്യക്ഷമമല്ല. ഇവിടുത്തെ പവർ ടില്ലർ പ്രവർത്തനരഹിതമായതായി അറിയുന്നു. ഇത് അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനയോഗ്യമാക്കേണ്ടതാണ്.

ജാതിയമായ ഉച്ചനീചത്വം പ്രത്യക്ഷത്തിൽ ഇല്ലെങ്കിലും പരോക്ഷമായി ഇന്നും നിലനിൽക്കുന്നു. സാമൂഹ്യ സാംസ്കാരിക കലാ രംഗങ്ങളിൽ ജന്മസിദ്ധമായ കഴിവുള്ള യുവജനങ്ങൾ ഈ പഞ്ചായത്തിൽ മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് ധാരാളമുണ്ട്. അവർക്ക് വളരാനും ഔന്നത്യങ്ങളിലെത്താനും ആവശ്യമായ സഹായവും, പ്രോത്സാഹനവും മാർഗനിർദേശവും നൽകാൻ നമുക്കു കഴിയണം.

നിർദേശങ്ങൾ

1. കോളനികളിലെയും മറ്റു പ്രദേശങ്ങളിലെയും അർഹരായ പട്ടികജാതി വിഭാഗക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, വൈദ്യുതി, കക്കൂസ്, കുടിവെള്ളം മുതലായവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.
2. പരമ്പരാഗത തൊഴിൽ മേഖലയിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനും വിപണനത്തിനും നടപടി സ്വീകരിക്കണം.
3. കൃഷി ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗക്കാർക്ക് പഞ്ചായത്തു വക ആറ്റുപുറമ്പോക്കും മറ്റു പുറമ്പോക്കും കൃഷിക്കു നൽകണം. ഈ പുറമ്പോക്കുകൾ ഇതര ഭൂവുടമകൾ സ്വന്തം ഭൂമിയെന്ന പോലെ അനുഭവിക്കയാണ്. ഈ സ്ഥിതി അടിയന്തിരമായി മാറാൻ വേണ്ട നടപടി സ്വീകരിക്കണം.
4. പുനരധിവാസ ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടു വയ്ക്കാൻ ധനസഹായം നൽകണം.
5. പട്ടികജാതി വിഭാഗക്കാരുടെ തൊഴിൽ സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പകളുടെ നടപടിക്രമം ലഘൂകരിക്കണം.
6. വിവിധ പെൻഷൻ പദ്ധതികളെപ്പറ്റി ബോധവൽക്കരണം നടത്തുക. അർഹരായവർക്കെല്ലാം പെൻഷൻ നൽകുക.
7. പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. ട്രാക്ടർ ഉടൻ നന്നാക്കുക.
8. വയറിംഗ് നടത്തി 1988 മുതൽ കണക്ഷനു കാത്തിരിക്കുന്നവർ പട്ടികജാതിക്കാർ മാത്രമാണ്. ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകാത്തതു തന്നെ നൂറ്റാണ്ടുകളായി നടത്തിക്കൊണ്ടിരുന്ന മർദനത്തിന്റെയും മനുഷ്യാവകാശ ലംഘനത്തിന്റെയും തുടർച്ചയാണ്. ബന്ധപ്പെട്ടവർ അടിയന്തിരമായി ഇതു പരിഹരിക്കണം.
9. സാങ്കേതിക തൊഴിൽ പരിശീലനം നൽകുകയും അവർക്ക് തൊഴിൽ ലഭിക്കാനാവശ്യമായ പരിപാടികൾ നടപ്പാക്കുകയും ചെയ്യുക.
10. മലപ്പുറം ശുദ്ധജല വിതരണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.
11. എല്ലാ കോളനികളിലും ജനവിദ്യാ കേന്ദ്രങ്ങളും വായനശാലകളും സ്ഥാപിക്കുക.
12. 1988-ൽ I.A.Y. പ്രകാരം നിർമിച്ച നടുവിലേമുറി പട്ടികജാതി സെറ്റിൽമെന്റ് കോളനിയ്ക്ക് അംഗീകാരം നൽകുക.
13. മാരകമായ അസുഖങ്ങൾക്കിരയായവരെ സഹായിക്കുന്നതിന് ഒരു പ്രത്യേക നിധി രൂപീകരിക്കുക.

14. പട്ടികജാതി വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

15. 55 ശതമാനത്തിലധികം വിദ്യാർഥികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവ. യു.പി. സ്കൂളിൽ S.C.P (പ്രത്യേക ഘടക പദ്ധതി) പ്രകാരം വികസന പദ്ധതികൾ നടപ്പാക്കുക.

16. കുട്ടികളുടെ വിദ്യാഭ്യാസം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത രക്ഷകർത്താക്കളെ ധരിപ്പിക്കേണ്ടതിന് മതിയായ ബോധവത്ക്കരണം നടത്തുക.

17. പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകുക.

18. മദ്യപാനവും, വ്യാജമദ്യ നിർമാണവും, വിപണനവും പട്ടികജാതി ജന വിഭാഗങ്ങളിലും സജീവമാണ്. ഈ സാമൂഹ്യ വിപത്ത് കർശനമായി നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

19. പട്ടികജാതി വനിതകൾക്കായി D.W.C.R.A (ഗ്രാമീണ വനിതാ ശിശു വികസന) പരിപാടി കാര്യക്ഷമമായി നടപ്പാക്കുക.

5.3F

സഹകരണം

പഴയ തിരുവിതാംകൂർ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ട് ഏതാണ്ട് ഒരു നൂറ്റാണ്ടോളമായി. ആദ്യകാലത്ത് ഇവ പരസ്പര സഹായസംഘങ്ങൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കാർഷിക മേഖലയെ പരിപോഷിപ്പിക്കുകയും, കൃഷിക്കാരെ കടബാധ്യതയിൽനിന്ന് രക്ഷപെടുത്തുകയുമായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രാഥമിക ലക്ഷ്യം.

തിരുവിതാംകൂർ സംസ്ഥാനത്തിന്റെ 1089(മലയാള വർഷം) ലെ 10-ാം നമ്പർ റഗുലേഷന്റെ അടിസ്ഥാനത്തിലാണ് ഈ പ്രദേശത്ത് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടത്. 25/11/1095 (m.e) (1920 A. D) ൽ 154-ാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ട "തുമ്പമൺ ക്രിസ്ത്യൻ സഹകരണ സംഘ"മാണ് ഈ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ആദ്യമായി രൂപംകൊണ്ട സഹകരണ സ്ഥാപനം. ഇതിനു ശേഷം മലയാളവർഷം1096-ൽ (1921 A. D) "തുമ്പമൺ തെക്കേക്കര നായർ കോ - ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി " 234-ാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടു.

മേൽ പരാമർശിച്ച രണ്ടു സ്ഥാപനങ്ങളും16-10-1987 ൽ സംയോജിപ്പിച്ച് "154-ാം നമ്പർ വില്ലേജ് ബാങ്ക്" ആയി. 23-11-1962 ൽ ഇതിന്റെ പേര് സർവീസ് സഹകരണസംഘം എന്നാക്കി. യഥാർഥത്തിൽ ബാങ്കിംഗ് ബിസിനസ്സ് ആരംഭിച്ചത് 1976 ഏപ്രിൽ മാസത്തിലാണ്. സഹകരണ ബാങ്കിന്റെ നിലവിലുള്ള കെട്ടിടം 1984 ജനുവരിയിൽ പണി പൂർത്തിയാക്കി, ബാങ്ക് ഇപ്പോൾ അവിടെ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന പേര് "തുമ്പമൺ സർവീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 154" എന്നാണ്. 1960-വർഷത്തിനോടടുത്ത് ഈറ്റ, ചൂരൽ എന്നിവകൊണ്ട് വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികളുടേതായ ഒരു സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ അധികം താമസിയാതെ അതിന്റെ പ്രവർത്തനം നിലച്ചുപോയി.

1985-ൽ തുമ്പമൺ പട്ടികജാതി സഹകരണസംഘം ആരംഭിച്ചു.

ഈ പഞ്ചായത്തിൽ ഇപ്പോൾ രണ്ടു ക്രെഡിറ്റ് സഹകരണ സംഘങ്ങളും രണ്ട് നോൺ-ക്രെഡിറ്റ് സംഘങ്ങളും മൂന്നു

സ്കൂൾ സഹകരണ സംഘങ്ങളുമാണുള്ളത്. അവയുടെ പേരു വിവരം താഴെ ചേർക്കുന്നു.

I. ക്രെഡിറ്റ് സംഘങ്ങൾ

1. തുമ്പമൺ സർവീസ് സഹകരണ ബാങ്ക് (ക്ളിപ്തം) No. 154

2. തുമ്പമൺ പട്ടികജാതി സർവീസ് സഹകരണ സംഘം (ക്ലിപ്തം) No. P.T. 21

II. നോൺ ക്രെഡിറ്റു സംഘങ്ങൾ.

1. തുമ്പമൺ-മുട്ടം ക്ഷീരോല്പാദക സഹകരണ സംഘം P. T. 108 (D) Apcos.

2. തുമ്പമൺ വനിതാ സർവീസ് സഹകരണ സംഘം (ക്ളിപ്തം) No. A- 351

III. സ്കൂൾ സഹകരണ സംഘങ്ങൾ

1. തുമ്പമൺ M. G. ഹൈസ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി No. A-351

2. തുമ്പമൺ പ്രൈമറി സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. No. A-445

3. സെന്റ് പോൾസ് U.P.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. No. A-531, നരിയാപുരം.

ക്രെഡിറ്റ് സംഘങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ

പട്ടിക - 1

1. സംഘത്തിന്റെ പേര്	തുമ്പമൺ സർവീസ് സഹകരണ ബാങ്ക്	പട്ടികജാതി സർവീസ്സഹകരണ സംഘം
2. സ്ഥാപന വർഷം	1920/1957.	1985
3. അംഗങ്ങളുടെ എണ്ണം	2145	468
4. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	Rs. 1,24,974	Rs. 29,210
5. സർക്കാർ ഓഹരി	Rs. 23,500	Rs. 16,000
6. ജീവനക്കാരുടെ എണ്ണം	4	1
7. നിക്ഷേപം	Rs. 18,76,295	-
8. വായ്പ	Rs. 5,42,947	Rs. 80,000
9. കാലാവധി കഴിഞ്ഞ വായ്പ (മുതൽ)	Rs. 3,68,252	Rs. 34,970
10. ലാഭം-/നഷ്ടം	നഷ്ടം (Rs. 888291)	നഷ്ടം

പട്ടിക-2

നോൺ ക്രെഡിറ്റ് സംഘങ്ങളുടെ വിവരങ്ങൾ

1. സംഘത്തിന്റെ പേര്	ക്ഷീരോല്പാദക സഹകരണ സംഘം	വനിതാ സഹകരണ സംഘം.
2. സ്ഥാപന തീയതി	23-3-1994	
3. അംഗങ്ങളുടെ എണ്ണം	159	70
4. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	Rs. 2602	Rs. 7000
5. ജീവക്കാരുടെ എണ്ണം	2	1
6. പ്രവർത്തന ലക്ഷ്യം	ക്ഷീരോല്പാദനം വർധിപ്പിക്കുകയും	വനിതാക്ഷേമം,
ഉല്പാദകരെ സഹായിക്കുകയും	സമ്പാദ്യശീലം വളർത്തുക.	തൊഴിൽ പരിശീലനം നൽകുക,
7. ലാഭം/നഷ്ടം	ലാഭം	

രണ്ടു ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെയും സാമ്പത്തിക സ്ഥിതി ഒട്ടും തൃപ്തികരമല്ല. 154-ാം നമ്പർ സർവീസ് സഹകരണ ബാങ്കിന് 1995-96 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള അറ്റനഷ്ടം8,88,291 രൂപയാണ്. ഈ ബാങ്കിലെ സ്ഥിര നിക്ഷേപം11,31,842 രൂപയും ഹ്രസ്വകാല നിക്ഷേപം 7,44,453 രൂപയുമാണ്. വായ്പകൊടുത്ത വകയിൽ5,42,947 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ 3,68,252 രൂപയും കാലാവധി കഴിഞ്ഞ കുടിശ്ശികയാണ്. ഈ ബാങ്ക് ജില്ലാബാങ്കിന് 5,29,081 രൂപ അടക്കാൻ ബാക്കിയുണ്ട്. ബാങ്കിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോറും, വളം ഡിപ്പോയും പ്രവർത്തിച്ചുവരുന്നു. രണ്ടു പ്രതിമാസ ലേലച്ചിട്ടികളും ഒരുദിവസ നിക്ഷേപ പദ്ധതിയും ഉണ്ട്.

പട്ടികജാതി സർവീസ് സഹകരണ സംഘം ഈ സംഘം 80,000 രൂപ വായ്പ കൊടുത്തിട്ടുള്ളതിൽ 34,970 രൂപയും കാലാവധി കഴിഞ്ഞ കുടിശ്ശികയാണ്.

രണ്ടു ക്രെഡിറ്റ് സംഘങ്ങൾക്കും സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടെന്നുള്ള കാര്യം എടുത്തു പറയേണ്ടതാണ്.

ക്ഷീരോല്പാദക സഹകരണ സംഘം

ഈ സംഘത്തിന്റെ നില സാമാന്യം തൃപ്തികരമാണ്. 1995 ജനുവരി മുതൽ ഡിസംബർ വരെ 34948 ലിറ്റർ പാൽ ശേഖരിച്ചു. ഇതിൽ 13684 ലിറ്റർ പാൽ ഈ സ്ഥലത്തു തന്നെ വിൽക്കുകയും ബാക്കി 21264 ലിറ്റർ പാൽ പുറത്തേക്കയക്കുകയുംചെയ്തു. പാൽ വിപണനം ചെയ്യുന്നതു കൂടാതെ കർഷകർക്ക് ന്യായവിലക്ക് കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

വനിതാ സഹകരണ സംഘം

ഈ സ്ഥാപനം 18-3-95 ൽ പ്രവർത്തനം ആരംഭിച്ചതേയുള്ളു. VIII-ാം വാർഡിലെ വിജയപുരം (കീരുകുഴി.p. o) കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ 70 അംഗങ്ങളും 7000 രൂപ മൂലധനവുമുണ്ട്. അംഗങ്ങൾക്കു തൊഴിൽ പരിശീലനം നൽകാനും ഈ വർഷം ഒരു കറിപൗഡർ യൂണിറ്റാരംഭിക്കുന്നതിനും പിന്നീട് ഒരു റെഡിമെയ്ഡ് വസ്ത്രയൂണിറ്റ് ആരംഭിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുകയാണ്.



സ്കൂൾ സഹകരണ സംഘങ്ങൾ

സ്കൂൾ സഹകരണ സംഘങ്ങൾക്ക്, കുട്ടികളിൽ മിത വ്യയശീലം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പല ലക്ഷ്യങ്ങളും ഉണ്ടെങ്കിലും ഇപ്പോൾ നടക്കുന്നത് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തനം മാത്രമാണ്. മറ്റു ലക്ഷ്യങ്ങളെല്ലാം അവഗണിക്കപ്പെട്ടിരിക്കുകയാണ്. വളരെയേറെ സാധ്യതകളുള്ള ഒരു രംഗമാണിത്.

മറ്റു സ്ഥാപനങ്ങൾ

സാങ്കേതികമായ അർഥത്തിൽ സഹകരണ സ്ഥാപനങ്ങൾ അല്ലെങ്കിലും സമാന സ്വഭാവമുള്ള ഏതാനും സ്ഥാപനങ്ങൾ കാർഷിക രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള –

1. റബർ ഉല്പാദക സംഘം. 2. തുമ്പമൺ പഞ്ചായത്ത് കേര വികസന സമിതി. 3. മാവര (A) നെല്ലുല്പാദക സമിതി 4. മാവര (B) നെല്ലുല്പാദക സമിതി 5. മാവരക്കോടു നെല്ലുല്പാദക സമിതി. 6. പല്ലാക്കുഴി നെല്ലുല്പാദക സമിതി. 7. കരിമ്പുല്പാദക സമിതി എന്നിവ. ഈ സമിതികളെ സഹകരണ സ്ഥാപനങ്ങളായി മാറ്റുന്നത് പ്രയോജനകരമായിരിക്കും.

പൊതുപ്രശ്നങ്ങൾ

സഹകരണ സ്ഥാപനങ്ങൾ പൊതുവെ നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. മാനേജുമെന്റിന്റെ കാര്യക്ഷമതയില്ലായ്മ.
2. ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം.
3. തൊഴിലാളികളുടെ പങ്കാളിത്തക്കുറവ്.
4. സങ്കുചിതമായ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
5. അഴിമതി, സ്വജനപക്ഷപാതം
6. ദുർവ്യയം.
7. പുതിയ മേഖലയിലേക്കു കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മ
8. അമിതമായ എസ്റ്റാബ്ലിഷ്മെന്റു ചെലവ്.
9. ഡിപ്പാർട്ടുമെന്റിന്റെ മേധാവിത്വവും അവഗണനയും
10. ജനങ്ങളുടെ പങ്കാളിത്തക്കുറവും, വിശ്വാസക്കുറവും

സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 154 തുമ്പമൺ

പട്ടിക – 3

വായ്പ

വർഷം	നിക്ഷേപം	കാർഷികം	കാർഷികേതരം	ആകെ	ശതമാനം.
1992-93	889076-	125495-	558130-	683625-	76.89
1993-94	1090260-	127460	62830	190290	17.45
1994-95	1502485	261395	436267	697662-	46.43
1995-96	1716262-	219158-	354808-	573966-	33.44

1920 ൽ ആരംഭിക്കുകയും വിവിധ ഘട്ടങ്ങളിലൂടെ 1976-ൽ ബാങ്കിംഗ് പ്രവർത്തനം തുടങ്ങുകയും ചെയ്ത സ്ഥാപനമാണ് 154-ാം നമ്പർ സർവീസ് സഹകരണ ബാങ്ക്. ആകെ അംഗങ്ങൾ 2145 രൂ ഓഹരി മൂലധനം 1,24,974രൂ ജീവനക്കാർ 4. നിക്ഷേപം 18,76,285 രൂ. പ്രവർത്തന നഷ്ടം 8,88,291. രൂ.

തുമ്പമൺ പഞ്ചായത്തിന്റെ 8 വാർഡുകളാണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. ഈ പ്രദേശത്തുതന്നെ ഒന്നിലധികം വാണിജ്യ ബാങ്കുകളുണ്ട്. കൂടാതെ നിരവധി സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും പണമിടപാടു നടത്തുന്നുണ്ട്. വാണിജ്യ ബാങ്കുകളിലെ നിക്ഷേപം20കോടിയുണ്ട്. എങ്കിലും ജനകീയാടിത്തറയുള്ള ഈ ബാങ്കിലെ നിക്ഷേപം17,16,262 മാത്രമാണ്. ബാങ്ക് കഴിഞ്ഞ പത്തുവർഷമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

സഹകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന്റെ പ്രാഥമിക ഘട്ടം കടക്കുന്നതിൽ പോലും ബാങ്ക് എത്തിയിട്ടില്ല. ഇപ്പോൾ ലഭ്യമായ സ്ഥിതിവിവരങ്ങൾ യഥാർഥ്യമാണെങ്കിൽ ജനകീയാസൂത്രണപ്രസ്ഥാനത്തെ സഹായിക്കാൻ ഈ ബാങ്കിനു സാധ്യമല്ല. പഞ്ചായത്തിന്റെ പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിന് പദ്ധതി വിഹിതം ഒഴികെ ആവശ്യമായി വരുന്ന സമ്പത്തിനായി ധനകാര്യസ്ഥാപനങ്ങളെയാണ് ആശ്രയിക്കേണ്ടി വരിക. ഇതിനായി ജനങ്ങളുടെ ബാങ്കിനാണ് കൂടുതൽ സഹായിക്കാൻ കഴിയുക. ഈ സ്ഥിതിയിൽ സഹകരണ ബാങ്കുകളെ കൂടുതൽ ശക്തിപ്പെടുത്താതെ ഇതു സാധ്യമല്ല.

സഹകരണ ബാങ്കിനെ പഞ്ചായത്തിന്റെ ബാങ്കാക്കി മാറ്റണം. പഞ്ചായത്തിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും ഈ ബാങ്കിലൂടെ നടത്താനാവശ്യമായ സാഹചര്യമുണ്ടാക്കിയേതീരൂ. നിക്ഷേപ സമാഹരണം പഞ്ചായത്തിന്റെ പരിപാടിയായി ഏറ്റെടുക്കണം. ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനു തടസ്സമായി നിൽക്കുന്ന രാഷ്ട്രീയ സാമ്പത്തിക ഘടകങ്ങൾ പ്രാദേശികമായി പരിഹരിക്കണം. സഹകാരികളും, സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കൂട്ടായി ആലോചിച്ച് ഈ സ്ഥാപനത്തെ വൻ തകർച്ചയിൽ നിന്നു രക്ഷിക്കേണ്ടത് അടിയന്തിരപ്രാധാന്യമുള്ള സംഗതിയാണ്.

ബാങ്കിന്റെ വളർച്ചക്കു തടസ്സം സൃഷ്ടിക്കുന്ന ചില ഘടകങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. വായ് എടുത്തവർ അതു തിരിച്ചടക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു.
2. ഓഹരി ഉടമകളുടെ നിസ്സംഗ മനോഭാവം.
3. പൊതുജനങ്ങളുടെ വിശ്വാസം ആർജിക്കുവാൻ ബാങ്കിനു കഴിയുന്നില്ല.
4. സഹകരണ സംഘത്തെപ്പറ്റി ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല.
5. പുതിയ മേഖലകളിൽ പ്രവർത്തിക്കുവാനുള്ള ധൈര്യക്കുറവ്.
6. ബാങ്ക് ആഫീസ്, വളം ഡിപ്പോ എന്നിവയുടെ സ്ഥലപരിമിതി
7. സഹകരണ വകുപ്പിന്റെ മേധാവിത്വവും, പ്രോത്സാഹജനകമല്ലാത്ത സമീപനവും (സഹകരണ സ്ഥാപനങ്ങൾ ഇല്ലാതെതന്നെ ഡിപ്പാർട്ടുമെന്റു നിലനിൽക്കുമെന്ന അബദ്ധ ധാരണ, സഹകരണ നിയമത്തെ ദുർവ്യാഖ്യാനം ചെയ്യൽ, തങ്ങൾ സർവാധികാരികളാണെന്ന വിശ്വാസം, കാര്യക്ഷമത ഉത്തരവാദിത്തം ഇവയുടെ അഭാവം)

നിർദേശങ്ങൾ

1. ആൾ ജാമ്യത്തിലും, വസ്തു ഈടിന്മേലും വായ്പ അനുവദിക്കുന്നതിനു പുറമേ ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്ന് സ്വർണപ്പണയത്തിൻമേൽ വായ്പ കൊടുക്കുന്നത് സ്ഥാപനത്തിനും, പൊതുജന



ങ്ങൾക്കും പ്രയോജനപ്രദമാണ്. അങ്ങനെയുള്ള വായ്പകൾക്ക് നൂറു ശതമാനം ഉറപ്പുണ്ട്. ഇപ്പോൾ ചെറിയ തുകകൾ ആവശ്യമുള്ള സാധാരണക്കാർക്ക് ദേശസാൽകൃത ബാങ്കുകളിൽ നിന്ന് വായ്പ കിട്ടുന്നതിന് പല ബുദ്ധിമുട്ടുകളും ഉള്ളതിനാൽ അവർ വേഗം സമീപിക്കാവുന്ന സ്വകാര്യ ബ്ലേഡുകമ്പനികളിൽ സ്വർണം പണയം വെച്ച് കൂടിയ പലിശയ്ക്കാണ് വായ്പ എടുക്കുന്നത്. സഹകരണ ബാങ്കിന് കാർഷിക വായ്പാ രംഗത്ത് നിർണായക പങ്ക് നിർവഹിക്കാനുള്ളതിനാൽ ബാങ്കിൽ ഈ സംവിധാനം എത്രയും വേഗം നടപ്പാക്കണം.

2. സഹകരണ ബാങ്കിൽ പണം നിക്ഷേപിക്കുന്നതിൽ നാട്ടുകാർ പൊതുവെ വിമുഖരാണ്. ബാങ്ക് ഈ നാട്ടുകാരുടെ വിശ്വാസം നേടിയെടുക്കണം.

   സർക്കാരിന്റെ "ഡെപ്പോസിറ്റ് ഗ്യാരന്റീ സ്കീം" ഈ ബാങ്കിന് ബാധകമാക്കിയിട്ടില്ല. ആയത് ഇവിടെയും ബാധകമാക്കണം. പൊതുജനങ്ങൾ തങ്ങളുടെ ബാങ്ക് എന്ന നിലയിലുള്ള പ്രത്യേക പരിഗണനയും കൊടുക്കണം.

3. വായ്പാവിനിയോഗം കൃത്യമായി വിലയിരുത്തേണ്ടതാണ്. സഹകരണ ബാങ്കിനെ പഞ്ചായത്തുതല ബാങ്കായി അംഗീകരിക്കണം. നിക്ഷേപ സമാഹരണം പഞ്ചായത്തിന്റെ പരിപാടിയാക്കി മാറ്റാനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക.

4. ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടുകൾ പ്രാദേശിക സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ ഏർപ്പാടുണ്ടാക്കുന്നത് അഭികാമ്യമായിരിക്കും.

5. എല്ലാ വാർഡുകളിലും ജനസമ്പർക്ക സമിതികൾ രൂപീകരിച്ച് ഒരു ബോധവൽക്കരണ പരിപാടി നടപ്പാക്കേണ്ടതാണ്.

6. സഹകരണസംഘം വക കൺസ്യൂമർ സ്റ്റോറിലെ സാധനങ്ങളുടെ വില പൊതു മാർക്കറ്റിലെ വിലയിൽ നിന്ന് അല്പമെങ്കിലും കുറഞ്ഞിരിക്കാൻ ഡയറക്ടർ ബോർഡ് ശ്രദ്ധിക്കണം.

7. കാർഷികാവശ്യത്തിന് നബാർഡിൽനിന്ന് കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കണം.

8. ബാങ്കുകെട്ടിടത്തിന്റെ സ്ഥലപരിമിതി ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടുതലായി ഒന്നോ, രണ്ടോ മുറികളെങ്കിലും നിർമിക്കണം.

9. വായ്പാവിതരണ രംഗത്ത് മാത്രം ഒതുങ്ങി നിൽക്കാതെ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്.

പട്ടികജാതി സഹകരണസംഘം

സർവീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച് പൊതുവെ ഉന്നയിച്ച പ്രശ്നങ്ങളും നിർദേശങ്ങളും ഈ സംഘത്തിനും ബാധകമാണ്.

വായ്പകൾ തിരിച്ചടക്കാത്തതുമൂലം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. കൃഷിവകുപ്പിൽ നിന്നും അനുവദിച്ചു കിട്ടിയ ഒരു ടില്ലർ ഉപയോഗിക്കാതെ കിടന്ന് തുരുമ്പെടുത്തുതുടങ്ങി. ഇപ്പോൾ പുതുതായി സിമന്റ് ഇഷ്ടിക നിർമ്മിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേക്കു സർക്കാർ ലോണും അനുവദിച്ചുകഴിഞ്ഞു. ഇതോടൊപ്പം മറ്റു കെട്ടിടനിർമാണ സാമഗ്രികളുണ്ടാക്കുന്നതിനും കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും ഓരോ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

വനിതാസർവീസ് സഹകരണ സംഘം.

സംഘത്തിന് നിരവധി ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും അവ

പൂർത്തീകരിക്കുന്നതിനാവശ്യമായ മൂലധനമില്ല. സ്വന്തമായി നിക്ഷേങ്ങൾ സ്വീകരിക്കുക എന്ന ലക്ഷ്യമുണ്ട്. കരിപൗഡർ യൂണിറ്റിൽ കുറഞ്ഞത് അഞ്ച് അംഗങ്ങൾക്കും, റെഡിമെയ്ഡ് വസ്ത്രയൂണിറ്റിൽ അഞ്ചംഗങ്ങൾക്കും തൊഴിൽ സാധ്യത യുണ്ടെന്ന് പ്രതീക്ഷിക്കുന്നു. കോഴിത്തീറ്റ, കാലിത്തീറ്റ, ബേക്കറി സാധനങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവ നിർമിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വളരെയേറെ സാധ്യതകളുണ്ട്. ഇതിനെല്ലാമുള്ള മൂലധനത്തിന് ഗവൺമെന്റിൽ നിന്ന് ഗ്രാന്റു കിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

ക്ഷീര വ്യവസായ മേഖല

വളരെയേറെ സാധ്യതകളുള്ള ഒരു രംഗമാണിത്. പ്രധാനമായും വനിതകൾക്കു കൂടുതൽ തൊഴിൽ സാധ്യതയും അതുവഴി വരുമാനവും വർധിപ്പിക്കാവുന്നതാണ്.

നിർദേശങ്ങൾ.

1. ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കണം.
2. എല്ലാ ക്ഷീരകർഷകരെയും സംഘത്തിൽ അംഗങ്ങളാക്കണം.
3. കന്നുകാലികൾക്കാവശ്യമായ തീറ്റ, ഔഷധങ്ങൾ എന്നിവ ന്യായവിലക്ക് സംഘംവഴി വിതരണം ചെയ്യണം.
4. മൃഗാശുപത്രിയുടെ സേവനം കൂടുതൽ ലഭ്യമാക്കണം.
5. രോഗപ്രതിരോധശേഷിയുള്ള നല്ലയിനം കാലികളെ ലഭ്യമാക്കണം.
6. പാലിൽനിന്ന് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

കൺസ്യൂമർ മേഖല.

154-ാം നമ്പർ സർവീസ് സഹകരണ ബാങ്കിന്റെകീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ സേവനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്താവുന്നതാണ്. സിവിൽ സപ്ലൈസ് കോർപറേഷന്റെ പൊതുവിതരണ ശൃംഖലയുടെ ഭാഗമായ ഒരു മാവേലിസ്റ്റോർ ഈ പഞ്ചായത്തിലുണ്ട്. അത്യാവശ്യ സാധനങ്ങൾ കുറഞ്ഞ വിലക്ക് ഇവിടെ ലഭ്യമാണ്.

മേൽപ്പറഞ്ഞ രണ്ടു സ്ഥാപനങ്ങളുടെയും സേവനങ്ങൾ താരതമ്യപ്പെടുത്തുന്നതിന് പ്രസക്തിയില്ല. മാവേലിസ്റ്റോർ പ്രവർത്തിക്കുന്നത് ലാഭത്തിനുവേണ്ടിയല്ല. എന്നാൽ കൺസ്യൂമർസ്റ്റോഴ്സ് നഷ്ടം സഹിച്ചുകൊണ്ട് അധികനാൾ മുന്നോട്ടു പോകാൻ സാധ്യമല്ല. മാവേലിസ്റ്റോറിന്റെ പ്രവർത്തനങ്ങൾക്ക് ഒരു സർക്കാർ സ്ഥാപനത്തിന്റെ സ്വഭാവമാണുള്ളത്. അവിടെ നിന്ന് കുറഞ്ഞ വിലക്കു കിട്ടുന്ന സാധനങ്ങൾ വാങ്ങുന്നതിന് ജനങ്ങൾക്ക് സമയനഷ്ടവും മറ്റു ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു.

കൺസ്യൂമർസ്റ്റോറിൽ നിന്ന് ലഭിക്കുന്ന സാധനങ്ങൾക്ക് പൊതു മാർക്കറ്റിലെ വിലയിൽ നിന്ന് കാര്യമായ കുറവില്ല. അവിടെയുള്ള സാധനങ്ങൾ സമീപസ്ഥലങ്ങളിൽ നിന്ന് കിട്ടുന്ന പലിശക്ക് അപ്പോഴപ്പോൾ വാങ്ങിവെക്കുന്നവ മാത്രമാണ്. നല്ല കമ്പോളങ്ങളിൽ നിന്ന് കൂടുതൽ സാധനങ്ങൾ മൊത്തമായി കൊണ്ടുവന്നാൽ അല്പം കുറഞ്ഞ വിലക്ക് വിൽക്കാൻ കഴിയും. കൺസ്യൂമർ സ്റ്റോറിന്റെ അനുദിന പ്രവർത്തങ്ങൾക്ക് മേൽനോട്ടം നടത്താൻ ബാങ്കിന്റെ ഭരണ സമിതിയിൽ നിന്ന് ഒരു ഉപസമിതിയെ ചുമതലപ്പെടുത്തണം.

സ്കൂൾ സഹകരണ സംഘങ്ങൾ.

സ്കൂൾ സഹകരണ സംഘങ്ങൽ നല്ല രീതിയിൽ പ്രവർത്തിച്ചാൽ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, യൂണിഫോം തുണി എന്നിവ ന്യായമായ വിലക്ക് ലഭ്യമാക്കാൻ കഴിയും. എന്നാൽ ഇതിനൊക്കെ വേണ്ടി പ്രവർത്തിക്കാൻ ആളില്ലാത്തതാണ് ഇപ്പോഴത്തെ നിർജീവാവസ്ഥക്കു കാരണം. ഏതെങ്കിലും ഒരധ്യാപകനെ ഇതിന്റെ ചുമതല ഏല്പിക്കുകയാണ് ഇപ്പോഴത്തെ രീതി. ആ അധ്യാപകന് സ്കൂൾ ജോലിക്കു പുറമെ സംഘത്തിനുവേണ്ടി



പ്രവർത്തിക്കാൻ സമയം ലഭിക്കുന്നില്ല. അധ്യാപകനെ കൂടാതെ സമർഥരായ ഒന്നോ രണ്ടോ വിദ്യാർഥികളെക്കൂടി ചില ചുമതലകൾ ഏല്പിച്ചാൽ സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും. വിദ്യാർഥികൾക്ക് ആ മേഖലയിൽ പ്രായോഗിക പരിശീലനവും നേടാം. സെക്രട്ടറിക്ക് ഇപ്പോഴുള്ള കുറഞ്ഞ ഓണറേറിയം വർധിപ്പിക്കുന്നത് അഭികാമ്യമാണ്.

പൊതുനിർദേശങ്ങൾ

1. സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് ജനങ്ങളെ കൂടുതൽ ബോധവാൻമാരാക്കുക.
2. അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക.
3. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം നടപ്പിലാക്കുക.
4. ഇന്റേണൽ ഓഡിറ്റിംഗ് നടപ്പാക്കുക. അതിനായി ഓഡിറ്റർമാരെ പൊതുയോഗം തെരഞ്ഞെടുക്കണം.
5. പൊതുയോഗത്തിൽ എത്രയും കൂടുതൽ അംഗങ്ങൾ ഹാജരാകുകയും ഹാജരാകുന്നവർ കാഴ്ചക്കാരായിരിക്കാതെ പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സെൽ/ഉപദേശക സമിതികൾ രൂപീകരുക്കുക.
7. ഭരണസമിതിയിലേക്ക് ജാതി, മത, രാഷ്ട്രീയ പരിഗണനകൾ കൂടാതെ കാര്യപ്രാപ്തിയും, സത്യസന്ധതയും, ത്യാഗബുദ്ധിയുമുള്ളവരെ തെരഞ്ഞെടുക്കാൻ അംഗങ്ങൾ ശ്രദ്ധിക്കുക.

പ്രത്യേക വികസന നിർദേശങ്ങൾ

1. 154-ാം നമ്പർ സർവീസ് സഹകരണ ബാങ്കിന്റെ വികസനത്തിനു വേണ്ടി ബാങ്കു കെട്ടിടത്തിൽ ഒരു strong roomഉൾപ്പെടെ കൂടുതൽ സ്ഥലസൗകര്യങ്ങൾ സജ്ജീകരിക്കാനുള്ള ഒരു പദ്ധതിയുണ്ട്. ഇതിന്റെ നടത്തിപ്പിനുവേണ്ടി വരുന്ന ചെലവിൽ ഒരു ഭാഗം ഗവ: ഓഹരിയായും ബാക്കി ജില്ലാബാങ്കിന്റെ വായ്പയായും കിട്ടുമെന്നു കരുതുന്നു. ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കണം.
2. പട്ടികജാതി സഹകരണ സംഘത്തിന്റെ ചുമതലയിൽ ഹോളോബ്രിക്സ് നിർമിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇത് കാര്യക്ഷമമായി നടത്താനും മറ്റു കെട്ടിടനിർമാണ വസ്തുക്കൾ കൂടി ഉല്പാദിപ്പിക്കാനും കഴിയത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്യണം.
3. ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ കീഴിൽ വിവിധ പാലുല്പന്നങ്ങൾ നിർമിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.
4. VIII-ാം വാർഡു കേന്ദ്രമാക്കി ഒരു ക്ഷീരോല്പാദക സഹകരണ സംഘം വിജയകരമായി പ്രവർത്തിക്കാൻ കഴിയും.
5. വനിതാ സഹകരണസംഘത്തിന്റെ ചുമതലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമാണം, ഭക്ഷ്യവസ്തു സംസ്കരണം, പച്ചക്കറി, പുഷ്പകൃഷിത്തോട്ടം എന്നീ രംഗങ്ങളിൽ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
6. പഞ്ചായത്തിലെ കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഒരു സഹകരണ സംഘം ആരാഭിക്കണമെന്നുള്ള നിർദേശം എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. ഈ നിർദേശം പ്രായോഗികമാക്കണം.
7. ഇപ്പോഴത്തെ നെല്ലുല്പാദന സമിതികളും, കേര വികസന സമിതിയും മറ്റും സഹകരണ സംഘങ്ങളായി മാറ്റി പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കണം.
8. 'സഹകരണം' എന്ന പദത്തിന്റെ ജനകീയ സ്വഭാവം സാർഥകമാക്കുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

5.3 G

വനിതാക്ഷേമം

'ആ
ത്യുദാത്തമായ ധാർമിക ബോധത്തിന്റെയും ശാലീന
തയുടെയും ഉടമയാണ് സ്ത്രീ' മഹത്തായ ആദർശ
ത്തിന്റെ പൈതൃകമാണ് കേരളത്തിനുള്ളത്. എന്നാൽ
ഈ പദവിക്ക് അവളെ യോഗ്യയാക്കുന്ന വിധത്തിലുള്ള ഉ
ജകമായ പരിശീലനങ്ങൾ ഒന്നും തന്നെ ഇന്നത്തെ കേര
വനിതക്ക് ലഭിക്കുന്നില്ല. അവളുടെ ശക്തമായ വ്യക്തിത
മാനിക്കാൻ ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ സംവിധാന
ഒന്നും തന്നെ വേണ്ടത്ര മുന്നോട്ടു വരുന്നില്ല. പ്രത്യേകിച്ച്
ഗ്രാമപ്രദേശങ്ങളിൽ. കേരള വികസന മാതൃകയുടെ ദൗർബ
ല്യങ്ങളിൽ പ്രധാനപ്പെട്ടതാണ് വികസനപ്രക്രിയയിലെ കുറഞ്ഞ
സ്ത്രീ പങ്കാളിത്തം. എട്ട് പഞ്ചവത്സരപദ്ധതികൾ കഴിഞ്ഞിട്ടും
സ്ത്രീകൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക,
തൊഴിൽ മേഖലകളിൽ വലിയ മാറ്റം ഉണ്ടായിട്ടില്ല. സമൂഹ
ത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം എന്തെന്നുള്ളത് ഇതുവ
രെയും അവർക്കുതന്നെ ബോധ്യമായിട്ടില്ല. സമൂഹത്തിന്റെ
നിലനില്പിന് വനിതകൾ മഹത്തായ പങ്കു വഹിക്കുന്നു.

1991ലെ സെൻസസനുസരിച്ച് അഖിലേന്ത്യാടിസ്ഥാ
ൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22.73 ആണെ
കേരളത്തിൽ ഇത് 15.85 ശതമാനം മാത്രമാണ്.

കേരളത്തിൽ സ്ത്രീ പുരുഷ അനുപാതം 1000:1036
ആണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത് 937 ആണ്. 1991ലെ
ജനസംഖ്യാ കണക്കു പരിശോധിച്ചാൽ തുമ്പമൺഗ്രാമപഞ്ചാ
യത്തിലെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക്
1123 സ്ത്രീകൾ എന്ന ക്രമത്തിലാണ്.



തുമ്പമൺ പഞ്ചായത്തിലെ സ്ത്രീ-പുരുഷ അനുപാതം

പട്ടിക - 1

വർഷം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
1981ലെ സെൻസസ്	4056	3518	7574
1991ലെ സെൻസസ്	4046	3598	7644

1981ലെ സെൻസസ് റിപ്പോർട്ടുമായി താരതമ്യപ്പെടുത്തിയാൽ തുമ്പമൺഗ്രാമപഞ്ചായത്തിൽ സ്ത്രീകളുടെ സംഖ്യ 1991ലെ സെൻസസിൽ 4046 ആയി കുറഞ്ഞുകാണുന്നു. മൊത്തം ജനസംഖ്യയിൽ 52.93% വനിതകളാണ്.

വിദ്യാഭ്യാസ മേഖല

നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല പരിശോധിച്ചാൽ 45.84% പെൺകുട്ടികളാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിലെ പത്ത് ശതമാനത്തോളം പെൺകുട്ടികൾ സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ പഠനം നടത്തുന്നതുകൊണ്ടാണ് ഈ കുറവു കാണുന്നത്. അധ്യാപകരെക്കാൾ കൂടുതൽ അധ്യാപികമാരാണ്. സമ്പൂർണ സാക്ഷരത ഈ ഗ്രാമപഞ്ചായത്തിലെ വനിതകൾ നേടിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ വളരെ മുന്നിലാണ്. വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ തൊഴിൽ രംഗത്ത് ആർജിക്കാൻ ഈ ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് കഴിഞ്ഞിട്ടില്ല. തൊഴിൽ രംഗത്തെ മത്സരങ്ങളും, വെല്ലുവിളികളും നേരിടാൻ സ്ത്രീകൾ ഇന്നത്തെ നിലയിൽ അപ്രാപ്തരാണ്. ആയതിനാൽ സ്ത്രീകൾക്ക് സംഘടിത തൊഴിൽ മേഖലയിൽ സംവരണം ആവശ്യമാണ്.

പട്ടിക - 2

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ കണക്ക് ആൺ/പെൺ തിരിച്ച്

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	ആകെ കുട്ടികൾ	ആൺ	പെൺ	ശതമാനം
1	ഗവ: എൽ.പി. സ്കൂൾ, മുട്ടം	73	42	31	42.46
2	M.S.C. കളീക്കൽ എൽ.പി. സ്കൂൾ, തുമ്പമൺ	115	54	61	53.04
3	M.G.U.P.S. തുമ്പമൺ	218	110	108	49.54
4	G.U.P.S. തുമ്പമൺ	185	99	86	46.48
5	M.G.H.S. തുമ്പമൺ	321	163	158	49.22
6	സെന്റ്പോൾസ് എച്ച്.എസ്. നരിയാപുരം	1191	670	521	43.74
7	സെന്റ്ജോൺസ് എച്ച്.എസ്. തുമ്പമൺ (അൺ എയ്ഡഡ്)	162	89	73	45.06
8	സെ. മേരീസ് ശിശുമന്ദിരം എൽ.പി.എസ്. (അനംഗീകൃതം)	91	49	42	46.15
	ആകെ	2356	1276	1080	45.84

നമ്മുടെഗ്രാമപഞ്ചായത്തിലെ ആറ് സ്കൂളുകളിലായി 2356കുട്ടികൾ പഠിക്കുന്നു. ഇതിൽ1080പെൺകുട്ടികളാണ്. പ്രാഥമിക വിദ്യാഭ്യാസരംഗം സജീവമാണെന്ന് പറയാൻ കഴിയില്ല. ആകെ 8 വാർഡുകളിലായി 2 അങ്കണവാടികൾ മാത്രമാണുള്ളത്. നിലവിലുണ്ടായിരുന്ന പന്തളം വികസന ബ്ലോക്കിന്റെ ബാലവാടികൾ പോഷകാഹാര വിതരണകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം നിർത്തിയതോടെ അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾ നിലച്ചമട്ടാണ്.

ആരോഗ്യമേഖല

ആരോഗ്യരംഗത്ത് പ്രത്യേകിച്ച് കുടുംബക്ഷേമരംഗത്ത് കേരളം കൈവരിച്ചിട്ടുള്ള നേട്ടം അന്തർദേശീയ നിലവാരം പുലർത്തുന്നതാണ്. സ്ത്രീ സാക്ഷരതയാണ് ഈ ലക്ഷ്യത്തിൽ നമ്മെ എത്തിച്ചത്. പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കുറെക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

നമ്മുടെ ആരോഗ്യസംരക്ഷണ പരിപാടികൾ നല്ലൊരു പരിധിവരെ വിജയകരമാണെന്ന് പറയാവുന്നതാണ്. പ്രതിരോധകുത്തിവയ്പുകൾ, സംയുക്ത പോഷകാഹാര പരിപാടി എന്നിവ നടക്കുന്നുണ്ട്. പ്രസവങ്ങൾ പൊതുവെ ആശുപത്രികളിലാണ്. ആയതിനാൽ ശിശുമരണം, മാതൃമരണം എന്നിവ ഇല്ലെന്ന് തന്നെ പറയാം. ഗർഭ സംബന്ധമായ മരണങ്ങൾ നമ്മുടെഗ്രാമപഞ്ചായത്തിൽ അടുത്തെങ്ങും റിപ്പോർട്ട് ചെയ്തിട്ടില്ല. വ്യാപകമായ തോതിൽ വിളർച്ച രോഗങ്ങൾ കാണുന്നുണ്ട്. ഗർഭാശയരോഗങ്ങൾ, മൂത്രാശയരോഗങ്ങൾ എന്നിവ വളരെകുറവാണ്. ചാപിള്ള ജനനങ്ങൾ, ശിശുമരണങ്ങൾ (6 വയസ്സിൽ താഴെ) 1995-96ൽ രേഖപ്പെടുത്തിയിട്ടില്ല. പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരെ സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്20-ൽ താഴെപ്രായമുള്ള വിവാഹിതകളുടെ എണ്ണം വളരെകുറവാണെന്നാണ്.

പകർച്ചവ്യാധികൾ പൊതുവെ കുറവാണ്. എങ്കിലും ചില കേന്ദ്രങ്ങളിൽ ടി.ബി. രോഗം കാണുന്നുണ്ട്. ശുദ്ധജലവിതരണം പഞ്ചായത്തിൽ ഇല്ല എന്നുള്ളതുകൊണ്ട് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത് സ്ത്രീകളാണ്. വയറിളക്കരോഗങ്ങൾ വെള്ളപ്പൊക്ക സമയത്ത് കാണാറുണ്ട്. വന്ധ്യംകരണ, കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുക്കുന്നുണ്ട്.

തൊഴിൽ മേഖല

തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അവർ വീടുകളിൽ രാപ്പകൽ അധ്വാനിക്കുന്നു. പാചകം ചെയ്യുക, കുട്ടികളെ പരിചരിക്കുക, ആടുമാടുകളെ നോക്കുക, വിറകു ശേഖരിക്കുക, തുണി അലക്കുക തുടങ്ങി നിരവധി ജോലികളിൽ അവർവിശ്രമമില്ലാതെ വ്യാപൃതരായിരിക്കുന്നു. പരസ്പര സഹായത്തിന്റെ ജനാധിപത്യ അന്തരീക്ഷം കുടുംബങ്ങളിൽ ഇന്നില്ല.

സ്ത്രീകൾ നേതൃത്വം നൽകുന്ന കുടുംബങ്ങൾ ഏകദേശം 10% വരും. കുടുംബനാഥൻ മരിച്ച മിക്ക വീടുകളിലും അമ്മമാർ കഴിയുന്നത് പ്രായപൂർത്തിയായ മക്കളുടെ സംരക്ഷണത്തിലാണ്. സാമ്പത്തിക സ്വാശ്രയത്വം സ്ത്രീകൾക്ക് ഇല്ലാത്തതിനാൽ ആശ്രിതരായി സ്ത്രീകൾ കഴിയുന്നു. അർഹരായ എല്ലാവർക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല.

സംഘടിത തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്നത് കാർഷികമേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് കൂലി വളരെ കുറവാണ്. സ്ത്രീകളുടെ പങ്കാളിത്തമുള്ളതോ, സ്ത്രീകളുടെ ചുമതലയിൽ നടത്തുന്നതോ ആയ വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല. കൃഷിരംഗത്ത് വാണിജ്യവിളകളുടെ കടന്നുകയറ്റം പുരയിട കൃഷിയെ സാരമായി ബാധിച്ചു. ഈ രംഗത്ത് സ്ത്രീകൾക്ക് രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുകയാണ്. ആയതിനാൽ പല സ്ത്രീകളും അടുക്കളപ്പണികൾക്ക് പോയാണ് കുടുംബം പുലർത്തുന്നത്.

പരമ്പരാഗത തൊഴിൽ മേഖലയിൽ നമ്മുടെഗ്രാമപഞ്ചായത്തിൽ ഈറ്റപ്പണി, മെറ്റലടി, ശർക്കരനിർമാണം, ഇഷ്ടിക നിർമാണം എന്നിവയിൽ സ്ത്രീകൾ വളരെയധികം പങ്കെടുത്തിരുന്നു. എന്നാൽ ഈ രംഗത്ത് ഇന്ന് അസംസ്കൃത പദാർഥങ്ങളുടെ ലഭ്യതയിലുള്ള പ്രശ്നങ്ങൾ കാരണം തൊഴിലില്ലായ്മ രൂക്ഷമായിരിക്കയാണ്.



പട്ടിക - 3

കൂലിയിലുള്ള അന്തരം

വർഷം	കർഷകത്തൊഴിലാളി	
	സ്ത്രീ	പുരുഷൻ
1950	1 ഇടങ്ങഴി	1.5 ഇടങ്ങഴി
1960	1.5 രൂപ	2.5 രൂപ
1970	3 രൂപ	5 രൂപ
1980	15 രൂപ	20 രൂപ
1990	20 രൂപ	45 രൂപ
1996	50 രൂപ	80 രൂപ

പട്ടികജാതി വിഭാഗത്തിലെ വനിതകളുടെ തൊഴിലില്ലായ്മയാണ് പഞ്ചായത്തിലെ തൊഴിൽ രംഗത്തെ പ്രധാന പ്രശ്നം.

സർക്കാർ ജീവനക്കാരിൽ പട്ടികജാതി വനിതകൾ വളരെക്കുറവാണ്. തൊഴിൽ രംഗത്ത് (സർവീസ്രംഗം ഒഴികെ) കടന്നുവരാൻ സ്ത്രീകൾ പൊതുവെ വിമുഖരാണ്. പ്രത്യേകിച്ച ഉല്പാദന മേഖലയിൽ.

മഹിളാ സമാജങ്ങൾ ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങളിലെ നിർണായക ഘട്ടമായിരുന്നു. ഇപ്പോൾ ഇവയുടെ പ്രവർത്തനം നിർജീവമാണ്.

വനിതാ നേതൃത്വം നിലവിലുള്ള സംഘടനകൾ പൊതുവെ പഞ്ചായത്തിൽ കുറവാണ് എങ്കിലും വൈ.ഡബ്ല്യു.സി.എ., ദേശസേവിനി വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ പ്രവർത്തിക്കുന്നു. D.W.C.R.A. യൂണിറ്റുകൾ നാമമാത്രമായി പ്രവർത്തിക്കുന്നു. ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള പാലുല്പന്നയൂണിറ്റ് ശൈശവാവസ്ഥയിലാണ്. വികലാംഗരായ വനിതകൾ, പ്രായം തികഞ്ഞ അവിവിവാഹിതരായ വനിതകൾ എന്നിവർ പഞ്ചായത്തിലുണ്ട്.

വിധവാപെൻഷൻ, വികലാംഗ പെൻഷൻ, അഗതി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ ലഭിക്കേണ്ട അർഹരായ വനിതകൾ ധാരാളമുണ്ട്. നിലവിലുള്ള നിയമക്കുരുക്കുകളാൽ ആനുകൂല്യം ലഭിക്കാത്തവർ അനവധിയാണ്.

ആധുനിക ഗൃഹോപകരണങ്ങൾ ഉപയോഗിക്കുന്ന വീട്ടമ്മമാർ ധാരാളമുണ്ടെങ്കിലും പഞ്ചായത്തിൽ താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾക്ക് ഇന്നും കരിയും പുകയുമേല്ക്കുന്ന ജീവിതമാണുള്ളത്. പുതിയ തലമുറയിലെ വനിതകൾ ഫാഷൻ ഭ്രമം ഉള്ളവരാണ്.

കുടുംബഭാരം കൂടുതലും അനുഭവിക്കുന്നത് സ്ത്രീകളാണ്. തുച്ഛമായ വരുമാനം കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസം, വീട്ടുചെലവ്, ആരോഗ്യകാര്യങ്ങൾക്കുള്ള ചെലവുകൾ ഇവയെല്ലാം നടത്തണം. സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. സ്ത്രീയാണ് ധനം എന്ന ആശയം വളർത്തേണ്ടത് അടിയന്തിരാവശ്യമാണ്.

മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന വനിതകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. വ്യാജവാറ്റ് ധാരാളമുണ്ട്. മദ്യത്തിനെതിരെ സ്ത്രീകൾ മുന്നോട്ടുവരാൻ വളരെയധികം താല്പര്യം കാട്ടുന്നു. ഈ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ തുടങ്ങിയ മദ്യഷാപ്പ് വനിതകൾ സമരം നടത്തി നിർത്തലാക്കിയത് ഉദാഹരണമാണ്.

തങ്ങളുടെഗ്രാമപഞ്ചായത്തിനെ മദ്യവിമുക്തമാക്കുക എന്നത് മിക്ക വനിതകളുടെയും ആഗ്രഹമാണ്. ഇതിനുവേണ്ടി വാർഡു തലത്തിൽ ബോധവല്ക്കരണം അത്യാവശ്യമാണ്.

രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സംഘടനകളിൽ വനിതകളുടെ പങ്കാളിത്തം തീരെകുറവാണ്. മൂന്ന് വനിതകൾ പഞ്ചായത്തു മെമ്പർ മാരാണ്. കൂടാതെ ഈ പഞ്ചായത്തിലെ ബ്ലോക്കുമെമ്പറും വനിതയാണ്. പൊതുരംഗത്തു പ്രവർത്തിക്കുന്ന വനിതകളെ അംഗീകരിക്കാനും മാനിക്കാനും സമൂഹം തയ്യാറാകണം. തന്നെയുമല്ല അത്തരം സ്ത്രീകളെ

സാമൂഹ്യ പ്രവർത്തനരംഗത്ത് വേണ്ട പ്രചോദനം നൽകി വളർത്തുകയാണ് വേണ്ടത്.

പ്രശ്നങ്ങൾ

1. പാചകത്തിനാവശ്യമായ ഇന്ധനത്തിന്റെ ദൗർലഭ്യം (പാചക വാതകം, മണ്ണെണ്ണ, വിറക്) രൂക്ഷമാണ്. പൊതുവിതരണ കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട സാധനങ്ങൾ ലഭിക്കുന്നില്ല. അർഹരായ കാർഡുടമകൾക്ക് മണ്ണെണ്ണയും മറ്റും ലഭിക്കുന്നില്ല. സ്ത്രീകളാണ് ഇക്കാര്യത്തിൽ കൂടുതൽ കബളിപ്പിക്കപ്പെടുന്നത്.
2. ഇന്നത്തെ വർധിച്ച ജീവിതച്ചെലവ് വീട്ടമ്മമാരെ വീർപ്പുമുട്ടിക്കുന്നു. സ്ത്രീകളധികവും തൊഴിൽ രഹിതരായതിനാൽ സാമ്പത്തിക സ്വയംപര്യാപ്തിയില്ലാത്തവരാണ്.
3. തൊഴിലിന് ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല.
4. വീട്ടമ്മമാർക്ക് വിനോദവും, വിജ്ഞാനവും ഒരുപോലെ ആവശ്യമാണ്. വിശ്രമവേളകളിൽ ഈ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ടു കൊണ്ട് വനിതാബോധവല്ക്കരണ ക്ലാസുകളും, വായനശാലകളും രൂപവല്ക്കരിക്കണം.
5. ചാരായനിരോധനം നടപ്പാക്കിയെങ്കിലും പ്രാവർത്തികമാക്കാൻ അധികാരികൾ കാണിക്കുന്ന വൈമുഖ്യം സ്ത്രീകൾക്കു ബുദ്ധിമുട്ടിനിടയാകുന്നു.
6. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
7. വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വർധിച്ചു വരുന്ന ഉപയോഗം.
8. കാർഷിക മേഖലയിലും, കെട്ടിടനിർമാണ മേഖലയിലും വേതനത്തിലുള്ള സ്ത്രീപുരുഷ അന്തരം.
9. സ്ത്രീധന പീഡനം നിലവിലുണ്ട്.
10. കുറഞ്ഞ വായനാശീലം.
11. പി.എച്ച്.സി.യുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്ത അവസ്ഥ.
12. ബോധവല്ക്കരണ പ്രവർത്തനങ്ങളുടെ അഭാവം.
13. മിക്കതൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
14. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.

സാധ്യതകൾ/പരിഹാര നിർദേശങ്ങൾ

1. സമ്പൂർണ മദ്യനിരോധനം ബോധവൽക്കരണത്തിലൂടെ നടപ്പാക്കണം.
2. കൂടുതൽ വനിതാവ്യവസായ സംരംഭവും പരിശീലനവും അത്യാവശ്യമാണ്.
3. വിധവകൾ, വികലാംഗകർ, ആലംബഹീനർ തുടങ്ങി അവശത അനുഭവിക്കുന്ന വനിതകൾക്ക് കിട്ടാവുന്ന ആനുകൂല്യങ്ങൾ ലഭിക്കണം.
4. ഓരോ വാർഡിലും അങ്കണവാടികൾ സ്ഥാപിക്കുക നിലവിലുള്ള അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
5. D.W.C.R.A. യൂണിറ്റുകൾ ആരംഭിക്കുക.
6. സ്കൂളുകളിൽ മാതൃസംഘങ്ങളുടെ പ്രവർത്തനം ശക്തമാക്കുക.
7. വീടുകൾ തോറും വാർഡ് അടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
8. പുകയില്ലാത്ത അടുപ്പുകൾ ശാസ്ത്ര സാഹിത്യപരിഷത്തിന്റെ സഹായത്തോടെ പഞ്ചായത്തിൽ വ്യാപകമായി സ്ഥാപിക്കുക. അങ്ങനെ പാചകാവശ്യത്തിന് ഇന്ധനം ലഭിക്കുന്നതോടൊപ്പം സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യാം.
9. വായനാശീലം വർധിപ്പിക്കുന്നതിന് ഉതകുംവിധം ഗ്രന്ഥശാലകളുടെ പ്രവർത്തന സമയം സ്ത്രീകൾക്കായി ക്രമീകരിക്കുക.

10. സ്ത്രീ പുരുഷസമത്വം വളർത്താനുപകരിക്കുന്ന വിധം ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തു തലത്തിൽ നടത്തണം.

11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിനും പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിനും സഹായം ലഭിക്കണം.

12. പഞ്ചായത്തിൽ ഒരു അഭയകേന്ദ്രം സ്ഥാപിക്കുക.

13. പഞ്ചായത്തു തലത്തിൽ വനിതാ ലീഗൽസെൽ രൂപീകരിക്കുക.

14. ഗ്രാമപഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ ഒരു വീടിന് ഒരു പച്ചക്കറിത്തോട്ടം എന്ന തോതിൽ ഒരു വാർഡിൽ 100 പച്ചക്കറിത്തോട്ടം ആരംഭിക്കണം.

    ഇങ്ങനെ ആരംഭിക്കുന്ന പച്ചക്കറിത്തോട്ടങ്ങൾക്ക് ആവശ്യമായ വിത്തും വളവും നാമമാത്രമായ വിലക്ക് ലഭ്യമാക്കേണ്ടതാണ്.

    ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വനിതാ സഹകരണസംഘം ആരംഭിക്കാവുന്നതാണ്. ഈ വനിതാ സഹകരണ സംഘങ്ങൾ വഴി പച്ചക്കറി, മുട്ട, പാൽ ഇതര പോഷകാഹാര വസ്തുക്കൾ വിൽക്കാവുന്നതാണ്.

    ഒരു വീട്ടിൽ 20 മുട്ടകോഴികൾ എന്ന കണക്കിൽ 8 വാർഡുകളിലായി 1600 കോഴികളെ വളർത്തിയാൽ പ്രതിദിനം 100 മുട്ട എങ്കിലും ഉല്പാദിപ്പിക്കപെടും. ഇത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് മതിയാകുന്നതാണ്.

    കൂടാതെ മിൽമാ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടി ഏകോപിപ്പിച്ചാൽ അടിസ്ഥാന പോഷകാഹാരങ്ങളായ പച്ചക്കറികൾ, മുട്ട, പാൽ എന്നിവ സുലഭമാക്കാവുന്നതാണ്.

15. ഇന്ധനക്ഷാമം പരിഹരിക്കാൻ സാമൂഹ്യവനവല്ക്കരണ പരിപാടി എല്ലാ വാർഡുകളിലും നടപ്പാക്കുക. മണ്ണെണ്ണയുടെ ദൗർലഭ്യം ഇല്ലാതാക്കത്തക്കതരത്തിൽ വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുക.

16. വ്യാപാരസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുക.

17. വനിതകൾക്കായി വ്യവസായ തൊഴിൽ പരിശീലന പരിപാടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക.

18. ആരോഗ്യ ശുചീകരണ പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

5.3 H

സംസ്കാരം

നാട്ടുരാജ്യമായ തിരുവിതാംകൂറിൽ ഉൾപ്പെട്ടിരുന്ന തുമ്പമൺ ഗ്രാമം പണ്ട് പന്തളം രാജവംശത്തിന്റെ അധീനതയിലായിരുന്നു. തുമ്പമൺ ഗ്രാമപഞ്ചായത്ത്, കേരളത്തിലെ ഏറ്റവും ചെറിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ്. പന്തളം തെക്കേക്കര വില്ലേജിൽ നിലനിൽക്കുന്ന രണ്ടു ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് വിസ്തൃതിയിലും ജനസംഖ്യയിലും ചെറുതായ ഈ ഗ്രാമപഞ്ചായത്ത്.

ചരിത്രപരമായ കാരണങ്ങളാൽത്തന്നെ സംസ്കാരികമായി മഹത്തായ ഒരു പൈതൃകം നമ്മുടെ ഗ്രാമത്തിന് അവകാശപ്പെടാനുണ്ട്. പുരാതന ക്രൈസ്തവ ദേവാലയവും, ഹൈന്ദവ ക്ഷേത്രങ്ങളും പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്തിമ ദശകത്തിൽ (1897) പ്രവർത്തനം ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയവും (M.G. English Middle School) നമ്മുടെ ഗ്രാമത്തെ ഉണർത്തുന്ന കാര്യത്തിൽ വളരെ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പാണ്ടിരാജ്യത്തുള്ള (തമിഴ്നാട്) വ്യാപാരികളുമായി വളരെ പണ്ടുമുതൽ തന്നെ സുദൃഢമായ കച്ചവട ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞതുമൂലം നമ്മുടെ ഗ്രാമത്തിന് ഏതാണ്ട് ഭദ്രമായ സാമ്പത്തിക അടിത്തറ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലും, മലയാള കാല്പനിക കവിതാശാഖയിലും, ഹാസസാഹിത്യത്തിലും വ്യക്തിമുദ്ര പതിപ്പിച്ച പന്തളം കെ.പി. രാമൻപിള്ള, മലയാള സിനിമാ, നാടകവേദികളിൽ അഭിനേതാവ്, സംവിധായകൻ, ഗാനരചയിതാവ് എന്നീ രംഗങ്ങളിൽ അവിസ്മരണീയ സംഭാവനകൾ നൽകിയ തുമ്പമൺ പത്മനാഭൻകുട്ടി, ഇന്റർ നാഷനൽ

ഫുട്ബോൾ റഫറി ടി.വി. തോമസ്, വി.കെ. കൃഷ്ണമേനോന്റെ ജീവചരിത്രകാരൻ എന്ന നിലയിൽ പ്രശസ്തനും ഇൻഡ്യൻ എക്സ്പ്രസ് ഗ്രൂപ്പ് ദിനപ്പത്രങ്ങളുടെ എഡിറ്റോറിയൽ അഡ്വൈസറും ആയ റ്റി.ജെ.എസ്. ജോർജ്, യു.എൻ.ഐയുടെ പാർലമെന്റ് ലേഖകൻ ജോർജ് വർഗീസ് തുടങ്ങിയവർ തുമ്പമണ്ണിന്റെ അഭിമാന ഭാജനങ്ങളാണ്.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്വാതന്ത്ര്യസമരം പ്രഖ്യാപിച്ച് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പിരിച്ചുവിടുകയും, സമരസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തപ്പോൾ എട്ടാമത്തെ സമര പ്രസിഡന്റായി (ഡിക്റ്റേറ്റർ) നേതൃത്വം നൽകിയ മീനാക്ഷിയമ്മയും (പന്തളം കെ.പി.യുടെ പത്നി) തുമ്പമണ്ണിന്റെ അഭിമാനമാണ്.

ജനസംഖ്യയിൽ ഭൂരിഭാഗവും വരുന്നത് ക്രൈസ്തവരാണ്. ഹൈന്ദവ വിഭാഗത്തിൽപെട്ടവരും നല്ലൊരു ശതമാനം ഉണ്ട്. മുസ്ലീം സമുദായത്തിൽപ്പെട്ട ഒരു കുടുംബവും ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. പ്രധാന ആരാധനാലയങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 1

ഗ്രാമപഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ

ക്രമ നമ്പർ	വാർഡ്	ആരാധനാലയങ്ങൾ (ഹൈന്ദവ/ക്രിസ്ത്യൻ)	സ്ഥലം
1	I	മലയിരിക്കുന്ന് മലങ്കാവ് ശ്രീ ധർമ്മശാസ്താ ക്ഷേത്രം	മുട്ടം
2	II	സെ. ജോർജ് ഓർത്തഡോക്സ് ചാപ്പൽ	മുട്ടം
3		ശാലേം മാർത്തോമ്മാപള്ളി	മുട്ടം
4		കൊക്കോട്ട് മലങ്കാവ്	മുട്ടം
5		ശാരോൻ ഫെലോഷിപ്പ് ഹാൾ	മുട്ടം
6	III	ശ്രീ മുത്താരമ്മൻ കോവിൽ	നടുവിലേമുറി
7		ശ്രീ ദുർഗാ ഭഗവതിക്ഷേത്രം	നടുവിലേമുറി
8		സെ. മേരീസ് ഓർത്തഡോക്സ് ചാപ്പൽ	നടുവിലേമുറി
9		സെ. ജോർജ് ഓർത്തഡോക്സ് കുരിശുപള്ളി	നടുവിലേമുറി
10	V	സെ. മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ	നടുവിലേമുറി
11	VII	ശ്രീനാരായണ ഗുരുമന്ദിരം	മാമ്പിലാലി
12		സെ. തോമസ് മലങ്കര കത്തോലിക്കാപള്ളി	മാമ്പിലാലി
13		മാർയൗനാൻ ചാപ്പൽ	മാമ്പിലാലി
14		ശ്രീ ഗുരുനാഥൻ കാവ്	മാമ്പിലാലി
15	VIII	യരുശലേം മാർത്തോമ്മാ പള്ളി	വയലിനും പടിഞ്ഞാറ്
16		സെ. തോമസ് ഓർത്തഡോക്സ് ചാപ്പൽ	വയലിനും പടിഞ്ഞാറ്
17		ഐ.പി.സി. ബഥേൽ ഹാൾ	വയലിനും പടിഞ്ഞാറ്

ഉത്സവങ്ങൾ

മലയിരിക്കുന്ന് മലങ്കാവിലെ രോഹിണി മഹോത്സവം, കൊക്കോട്ട് മലങ്കാവിലെ ഉച്ചാര മഹോത്സവം, ശ്രീ മുത്താര മ്മൻ കോവിലിലെ ശിവരാത്രി മഹോത്സവം, ശ്രീ ദുർഗാഭഗ വതി ക്ഷേത്രത്തിലെ തൃക്കാർത്തിക മഹോത്സവം, ശ്രീ ഗുരുനാ ഥൻ കാവിലെ ശിവരാത്രി മഹോത്സവം, ശ്രീനാരായണ ജയന്തി സമാധി ദിനാഘോഷങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട ഉത്സ വാഘോഷങ്ങൾ.

പെരുന്നാളുകൾ

തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ പെരുന്നാൾ (മകരം2, 3) പരുമലപ്പെരുന്നാൾ (തുലാം2, 3) തുമ്പമൺ സെന്റ് ജോർജ് ഓർത്തഡോക്സ് കുരിശുപള്ളിയിലും മുട്ടം സെ. ജോർജ് ഓർത്തഡോക്സ് ചാപ്പലിലും മേട മാസത്തിൽ നടത്തുന്ന പെരുന്നാൾ, വയലിനും പടിഞ്ഞാറ് സെന്റ് തോമസ് ഓർത്തഡോക്സ് ചാപ്പലിലെ സെന്റ് തോമസ് ഡേ (ജൂലായ്2, 3) മാമ്പിലാലി സെന്റ്തോമസ് മലങ്കര കത്തോലിക്കാ പള്ളിപ്പെരുന്നാൾ (ഡിസം. 29, 30) തുടങ്ങിയവയാണ് പ്രധാനപ്പെട്ട പെരുന്നാൾ ആഘോഷങ്ങൾ.

മതസൗഹാർദം

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ശ്രദ്ധേയമായ മതസൗഹാർദമാണ് നിലവിലുള്ളത്. പള്ളി റാസ കടന്നുപോകുമ്പോൾ ഭവനാങ്കണത്തിൽ നിറപറയും നിലവിളക്കും വച്ച് ആദരിക്കുന്ന ഹൈന്ദവ വസതികളും പരുമലതീർഥാടനത്തിൽ പങ്കെടുക്കുന്ന ഹൈന്ദവരും, ക്ഷേത്രങ്ങളിലെ ഉത്സവാഘോഷ യാത്രകൾ കടന്നുപോകുമ്പോൾ മെഴുകുതിരി കത്തിച്ചു വച്ച് മാനിക്കുന്ന ക്രൈസ്തവ ഭവനങ്ങളും ഉള്ളത് ഇവിടെ നിലനിന്നു പോരുന്ന മതസൗഹാർദാന്തരീക്ഷത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

തുമ്പമൺ വലിയപള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ഇന്നാട്ടിലെ പ്രമുഖ നായർ കുടുംബത്തിനും മറ്റ് ഹൈന്ദവസമുദായങ്ങളിൽ ഉൾപ്പെടുന്ന പരമ്പരാഗത കൈത്തൊഴിൽ കുടുംബങ്ങൾക്കും അവകാശമായി വെള്ളയപ്പക്കെട്ട് വിതരണം ചെയ്യുന്ന ചടങ്ങും, പ്രസ്തുത പള്ളിപ്പെരുന്നാൾ റാസക്ക് ഉറവാന്റെ കടവ് പൗരാവലിയുടെ നേതൃത്വത്തിൽ നല്കുന്ന സ്വീകരണവും ദീപക്കാഴ്ചയും സർവസമുദായ മൈത്രിയുടെ മകുടോദാഹരണമാണ്.

സ്വാതന്ത്ര്യത്തിന് മുമ്പ് തുമ്പമണ്ണിലെ പ്രബല രാഷ്ട്രീയകക്ഷി ഇൻഡ്യൻ നാഷനൽ കോൺഗ്രസ് ആയിരുന്നു. ഇന്ന് പ്രസ്തുത പാർട്ടിയെ കൂടാതെ സി.പി.ഐ (എം), ബി.ജെ.പി തുടങ്ങിയ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനവും നിലവിലുണ്ട്. ക്രൈസ്തവദേവാലയങ്ങൾ കേന്ദ്രമാക്കി രൂപീകരിച്ചിട്ടുള്ള വിവിധ സംഘടനകൾ, വൈ.എം.സി.എ., വൈ. ഡബ്ലിയു. സി.എ., എൻ.എസ്.എസ്. കരയോഗം, എസ്.എൻ.ഡി.പി. ശാഖാ യോഗം, കുറവർ മഹാസഭ, സിദ്ധനർ സർവീസ് സൊസൈറ്റി, കേരളപുലയർ മഹാസഭ, സാംബവ മഹാസഭ തുടങ്ങിയ സാമുദായിക സംഘടനകളുടെ പ്രവർത്തനവും സജീവമായി നമ്മുടെ ഗ്രാമത്തിലുണ്ട്.

എന്നാൽ മതപരമോ, രാഷ്ട്രീയമോ ആയ സംഘടനങ്ങളിൽ നിന്ന് നമ്മുടെ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് ഒന്നു ചേർന്ന് അഭിമാനിക്കാം.

സാമ്പത്തിക സാമൂഹ്യ മേഖല

സാമ്പത്തിക ചേരിതിരിവുകളെക്കുറിച്ച് പരാമർശിക്കുമ്പോൾ കേരളസമൂഹത്തിൽ നിലനിൽക്കുന്ന സാധാരണ മുതലാളി തൊഴിലാളി ബന്ധങ്ങൾ തന്നെ നമ്മുടെ ഗ്രാമത്തിലും ദൃശ്യമാണ്. കാർഷിക വ്യാവസായിക മേഖലകളിൽ സംഘടിതമായ വിലപേശലിന് തൊഴിലാളികളും, സ്വന്തം താല്പര്യ സംരക്ഷണത്തിന് മുതലാളി വർഗവും സാധാരണ പ്രവർത്തന രീതികൾ തന്നെ അവംലബിച്ചു കാണുന്നു. എന്നാൽ മുതലാളി വർഗ സാർവാധിപത്യത്തിന്റെ രുചി ഓരോ കാലഘട്ടത്തിലും ശരിക്കും അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗം. ജാതിക്കും മതത്തിനും അതീതമായ അവകാശ താല്പര്യങ്ങളുടെ പേരിൽ ഉയർന്നുവന്ന, നിലനിൽക്കുന്ന പ്രസ്ഥാനങ്ങളുടെ പട്ടികയിൽ ചേർക്കാൻ എടുത്തുപറയത്തക്കതായി നമ്മുടെ ഗ്രാമത്തിൽ ട്രേഡുയൂണിയനുകൾ മാത്രമേയുള്ളു.

സാമൂഹ്യചാരങ്ങളിൽ വന്ന മാറ്റങ്ങൾ; അനാചാരങ്ങൾ

ഹൈന്ദവസമൂഹത്തിൽ മരണാനന്തരചടങ്ങുകളിൽ ഒരു ലളിതവൽക്കരണം ദൃശ്യമാണ്. വിപുലമായ അടിയന്തിര ചടങ്ങുകളും, സദ്യകളും നടത്തുന്നതിന് പകരം, മുന്നിനോ,



അഞ്ചിനോ സഞ്ചയന ചടങ്ങോടുകൂടി ഭൂരിപക്ഷം ഭവനങ്ങളിലും മരണാനന്തര ചടങ്ങും, മൃതദേഹത്തിൽ അവരവരുടെ സാമ്പത്തിക സ്ഥിതിക്കനുയോജ്യമായ വിലയേറിയ കോടികൾ ഇടുന്ന ചടങ്ങും, ഓണത്തോടനുബന്ധിച്ച് ഭവന സന്ദർശനം നടത്തി ഓണക്കാഴ്ചവച്ച് പകരം പാരിതോഷികം സ്വീകരിക്കുന്ന ഏർപ്പാടും ഏതാണ്ട് അപ്രത്യക്ഷമായിക്കുന്നു. നാട്ടിൽ കർശനമായി പാലിച്ചിരുന്ന തീണ്ടൽ, തൊടീൽ എന്നീ ദുരാചാരങ്ങളെക്കുറിച്ചുള്ള അറിവ് പുത്തൻ തലമുറ വിസ്മയപൂർവം ശ്രവിക്കുന്നു.

എന്നാൽ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെടുന്നവരുടെ വിവാഹച്ചടങ്ങുകൾ ക്ഷണിതാക്കളുടെ എണ്ണത്തിലും ആഭരണങ്ങളുടെ വൈപുല്യത്തിലും, അനാവശ്യ ആഡംബരത്തിലും അനിയന്ത്രിതമായി വളർന്നിട്ടുണ്ട്. ഈ രംഗത്തെ ധൂർത്തും, ദുർവ്യയവും നിയന്ത്രിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം സാർവത്രികമായെങ്കിലും അനാചാരങ്ങൾ ഹരിജൻ വിഭാഗങ്ങളിൽ തെളിഞ്ഞും, ഇതരമതവിഭാഗങ്ങളിൽ മറഞ്ഞും ഇന്നും നിലനിൽക്കുന്നു. (കൂടുപാത്രം, മന്ത്രവാദം, വെള്ളമോതൽ, സ്ഥലരക്ഷ തുടങ്ങിയവ) ഇതിനെതിരെ സംഘടിതമായ ബോധവൽക്കരണം അത്യാവശ്യമാണ്.

ഗ്രന്ഥശാലകൾ, വായനാശീലം, ദൃശ്യമാധ്യമം

വിദ്യാഭ്യാസത്തിലും, സാക്ഷരതയിലും വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്തെന്ന നിലയിൽ, നാട്ടിലെ ഗ്രന്ഥ ശാലകളുടെ എണ്ണവും, ഗ്രന്ഥ ശേഖരവും വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെ നിലവാരവും ഒട്ടും ആശാവഹമല്ല. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിനനുയോജ്യമായ ഗ്രന്ഥങ്ങളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുതകുന്ന പുസ്തകങ്ങളും, കൂടുതൽ കൃത്യനിഷ്ഠയുള്ള വായനക്കാരും ഉണ്ടാകേണ്ടിയിരിക്കുന്നു.

വായനാഭിരുചിയുള്ള ഒരു പുതിയ സമൂഹം രൂപപ്പെട്ടു വരാത്ത പക്ഷം നമ്മുടെ ഗ്രന്ഥശാലകളുടെ നിലനില്പ് പരുങ്ങലിലാകും. ഈ പ്രവണത മനസിലാക്കി നാം കർമരംഗത്തിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ ലൈബ്രറികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

പട്ടിക - 2

ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാലകൾ, വായനശാലകൾ

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലിക പ്രസിദ്ധീകരണങ്ങൾ
1	ദി പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം, രജി: നമ്പർ 1382, മാമ്പിലാലി - തുമ്പമൺ	1948	B	6168	1114	ദിനപ്പത്രം - 1 ആനുകാലികങ്ങൾ - 3
2	പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം, രജി: നമ്പർ - 1594, മുട്ടം - തുമ്പമൺ	1950	C	5200	-	-
3	ഗ്രാമപഞ്ചായത്ത് ലൈബ്രറി, രജി: നമ്പർ-4105, നടുവിലേമുറി-തുമ്പമൺ	1978	C	3206	410	ദിനപ്പത്രം - 2 കേരളാ ഗസറ്റ് ഗവ. പ്രസിദ്ധീകരണങ്ങൾ

പ്രായഭേദമന്യെ എല്ലാവരും വിശ്രമവേളകളിൽ ദൃശ്യ മാധ്യമത്തിന്റെ മുമ്പിലാണ്. മുമ്പ് പുസ്തകങ്ങൾ വായിക്കാനു പയോഗിച്ചിരുന്ന സമയം ഇന്ന് ടെലിവിഷൻ, റേഡിയോ ഇവ അപഹരിച്ചിരിക്കുന്നു. വിദ്യാർഥികളുടെ പഠനസമയം പോലും ഇതിൽ നിന്ന് വിമുക്തമല്ല. ഈ സാഹചര്യം കണക്കിലെടുത്ത് കാലാനുസൃതമായ മാറ്റങ്ങൾ ഗ്രന്ഥശാലകളുടെ ഉള്ളടക്ക ത്തിലും ദൈനന്ദിന പ്രവർത്തനത്തിലും വരുത്തിയെങ്കിൽ മാത്രമേ വായനാശീലമുള്ള ഒരു സമൂഹത്തെ നിലനിർത്താൻ കഴിയൂ. ഇപ്പോൾ ഗ്രന്ഥശാലകളിൽ നിന്ന് പുസ്തകം എടുക്കു ന്നവർ അത് പൂർണമായും വായിച്ചിട്ടാണോ തിരികെ നൽകുന്ന തെന്ന് വിശ്വസിക്കുക പ്രയാസം.

വനിതകളുടെ വായനാശീലം വിലയിരുത്തുമ്പോൾ അവർ കൂടുതലും വായിക്കുന്നത് രസകരമായ നോവലുകളും, ചെറുകഥകളും ഉള്ളടക്കമായുള്ള ആഴ്ചപ്പതിപ്പുകളാണ്. ലൈബ്രറികളിൽ വനിതകളുടെ അംഗത്വം അംഗുലീ പരിമിത മാണ്. നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങൾ വനിതകൾ വായ ക്കണമെങ്കിൽ അവർക്ക് താല്പര്യമുള്ള വിഷയങ്ങൾ അടി സ്ഥാനപ്പെടുത്തിയുള്ള ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. സേവനോത്സുക രായ ഗ്രന്ഥശാലാ പ്രവർത്തകർ കൗമാര പ്രായക്കാർക്കുവേ ണ്ടിയും വനിതകൾക്കു വേണ്ടിയും സഞ്ചരിക്കുന്ന ഗ്രന്ഥശാല പ്രവർത്തിപ്പിക്കുന്നത് അഭികാമ്യമായിരിക്കും.

പട്ടിക - 3

ഗ്രാമപഞ്ചായത്തിൽ പ്രചാരത്തിലുള്ള ദിനപ്പത്രവും, വീക്കിലിയും

ക്രമ നമ്പർ	പേര്	ദിനപ്പത്രം എണ്ണം	ശതമാനം	ആഴ്ചപ്പതിപ്പ് എണ്ണം	ശതമാനം
1	മലയാളമനോരമ	570	78.62	170	71.12
2	മാതൃഭൂമി	70	9.66	8	3.35
3	ദേശാഭിമാനി	30	4.14	10	4.18
4	കേരളകൗമുദി	20	2.76	1	0.42
5	ഇൻഡ്യൻ എക്സ്പ്രസ്	20	2.76		
6	ദി ഹിന്ദു	15	2.06		
7	മംഗളം			50	20.93
	ആകെ	725	100	239	100

ഗ്രാമവാസികളുടെ ആനുകാലിക പ്രസിദ്ധീകരണങ്ങ ളുടെ വായന മുകളിൽ ചേർത്ത പട്ടിക ശരിയായി പ്രതിഫലിപ്പി ക്കുന്നില്ല. നാട്ടുകാർ സ്ഥിരം ന്യൂസ് ഏജന്റുമാരിൽ നിന്നല്ലാതെ അവർക്ക് ഇഷ്ടപ്പെട്ട ആനുകാലികങ്ങൾ ഇതര സ്ഥലങ്ങളിൽ നിന്ന് വാങ്ങി വായിക്കുന്നുണ്ട്. നിരവധി ബാലമാസികകളും, വനിതാ പ്രസിദ്ധീകരണങ്ങളും ശാസ്ത്രവിഷയ സംബന്ധി യായ പ്രസിദ്ധീകരണങ്ങളും ഇതിൽപ്പെടും. പ്രാദേശികമായി പ്രസിദ്ധീകരിച്ചിട്ടുള്ള സുവനീറുകളുടെ പട്ടിക താഴെ ചേർക്കുന്നു.



ക്രമ നമ്പർ	സുവനീർ	പ്രസിദ്ധീകരിച്ച വർഷം	പബ്ലിഷർ
1	പരുമല മാർഗ്രീഗോറിയസ് ചരമപ്പാറ്റിനം ജൂബിലി സുവനീർ	1977	സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, തുമ്പമൺ
2	മാമ്പിലാലി പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം സുവനീർ	1994	ദി പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം മാമ്പിലാലി

പട്ടിക - 4

ഗ്രാമപഞ്ചായത്തിലെ കലാകായിക സമിതികൾ

ക്രമ നമ്പർ	പേര്	രജി: നമ്പർ	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	സ്വന്തമായി കെട്ടിടം ഉണ്ടോ	ഡോർമിറ്ററി ടി.വി. എന്നിവ	മുഖ്യപ്രവർത്തനങ്ങൾ
1	സെൻട്രൽ ട്രാവൻകൂർ ഫുട്ബോൾ അസ്സോസിയേഷൻ, തുമ്പമൺ	-	1945	40	ഇല്ല	ഇല്ല	ഫുട്ബോൾ മത്സരം ഫുട്ബോൾ, ഷട്ടിൽ ബാറ്റ്മിന്റൺ പരിശീലനം
2	രചന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് തുമ്പമൺ	A. 433/80	1980	35	ഇല്ല	ഇല്ല	ബാന്റ്ട്രൂപ്പ്, ഓണാഘോഷം, സാമൂഹ്യപ്രവർത്തനം
3	ദൃശ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, മുട്ടം - തുമ്പമൺ	A. 465/86	1984	107	ഇല്ല	ഉണ്ട്	കലാപരിപാടികൾ, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, ഓണാഘോഷം ജനവിദ്യാ കേന്ദ്രം, സൗജന്യ ട്യൂഷൻ
4	ദേശസേവിനി മഹിളാസമാജം, വിജയപുരം - തുമ്പമൺ	P. 63/87	1987	180	ഇല്ല	ഇല്ല	റബർ നേഴ്സറി, പച്ചക്കറി വിത്ത്, നടീൽ വസ്തുക്കൾ വിതരണം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ
5	ദേശസ്നേഹി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, വിജയപുരം - തുമ്പമൺ	P. 218/93	1988	25	ഇല്ല	ഇല്ല	ഓണാഘോഷം
6	ബ്രദേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഉറവാന്റെകടവ് - തുമ്പമൺ	P. 477/88	1988	-	ഇല്ല	ഇല്ല	ഓണാഘോഷം
7	സുരഭി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, മാമ്പിലാലി - തുമ്പമൺ	P. 189/89	1989	-	ഇല്ല	ഇല്ല	സംസ്കാരിക പ്രവർത്തനം
8	അനശ്വര തീയറ്റേഴ്സ്, മുട്ടം - തുമ്പമൺ	P. 132/90	1990	11	ഇല്ല	ഇല്ല	കലാപരിപാടികൾ
9	സെ.തോമസ് കലാസമിതി, മാമ്പിലാലി - തുമ്പമൺ	-	1990	20	ഇല്ല	ഇല്ല	മാർഗം കളി അവതരണം, മാർഗം കളി പരിശീലനം
10	സൂര്യഫൈൻ ആർട്ട്സ് സൊസൈറ്റി, തുമ്പമൺ	-	1990	16	ഇല്ല	ഇല്ല	കലാ-സാംസ്കാരിക പരിപാടികൾ
11	കൈരളി നാടൻ കലാസമിതി, മുട്ടം - തുമ്പമൺ	P. 381/94	1994	50	ഇല്ല	ഇല്ല	നാടൻ കലാരൂപങ്ങൾ അവതരണം

സാംസ്കാരിക പരിപാടികൾമുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിലൂടെ വ്യക്തമാകുന്ന പ്രധാനപ്പെട്ട വസ്തുത തുമ്പമണ്ണിലെ സാംസ്കാരിക സംഘടനകളുടെ അല്പായുസ്സാണ്. ഓരോ വാർഡിലും പ്രവർത്തനോൽസുകരായ ഏതാനും യുവാക്കൾ സംഘടിച്ച് ഒരു സംഘടനക്ക് രൂപം നൽകുകയും ഒന്നോ രണ്ടോ വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കു ശേഷം അവ അകാലചരമമടയുകയുമാണ് നിലവിലുള്ള പതിവ്.

പൊതുജനങ്ങളിൽ നിന്ന് ലഭിക്കേണ്ട അളവിൽ പ്രോത്സാഹനവും, പിന്തുണയും ലഭിക്കാത്തതും നിസ്വാർഥരായ പ്രവർത്തകരുടെ അഭാവവുമാണ് ഈ പ്രതിഭാസത്തിനുള്ള പൊതുവായ ചില കാരണങ്ങൾ.

വസ്തുനിഷ്ഠമായി പരിശോധിച്ചാൽ നമ്മുടെ ഗ്രാമത്തിലെ ബഹുഭൂരിപക്ഷം വരുന്ന ക്രൈസ്തവരുടെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനം, അവരുൾപ്പെടുന്ന മതവും, പള്ളികളുമായും ബന്ധപ്പെട്ടതാണ്. പെരുന്നാളുകൾ, സൺഡേസ്കൂൾ. സ്ത്രീ-പുരുഷ പ്രാർഥനായോഗങ്ങൾ, ബാല-ബാലികാ സമാജങ്ങൾ, യുവജനപ്രസ്ഥാനം ഇത്തരം സംഘടനകളിൽ കൂടിയുള്ള സാമൂഹ്യപ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പ്രസ്തുത രംഗത്തെ പ്രധാന പ്രവർത്തനങ്ങൾ. മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇവർ കൂടുതലായി തല്പരരല്ല.

ഹൈന്ദവരിൽ പ്രത്യേകിച്ച് പട്ടികജാതി വിഭാഗത്തിലാണ് കൂടുതൽ സാംസ്കാരിക സംഘടനകൾ രൂപീകൃതമാകുന്നത്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും, താരതമ്യേന സാമൂഹ്യ സ്വാധീനത്തിലുള്ള കുറവും പ്രസ്തുത സംഘടനകളുടെ പുരോഗതിക്ക് തടസം നിൽക്കുന്നു. ഭൂരിപക്ഷമത വിഭാഗത്തിൽ നിന്ന് ബോധപൂർവ്വവും സംഘടിതവുമായ ഇടപെടലും ഭാഗഭാഗിത്വവും ഉണ്ടായെങ്കിൽ മാത്രമെ നമ്മുടെ നാട്ടിൽ സാംസ്കാരിക സംഘടനകൾക്ക് നിലനിൽക്കാനാകൂ.

നമ്മുടെ നാട്ടിൽ ഉത്ഭവിച്ചതല്ലെങ്കിലും നാടൻ കലാരൂപങ്ങളിൽപെടുത്താവുന്ന കരകംതുള്ളൽ, കാക്കാരിശി, കോലംതുള്ളൽ, കോൽക്കളി തുടങ്ങിയ ഇനങ്ങളിൽ പ്രാവീണ്യം നേടിയ സംഘങ്ങളും വ്യക്തികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കരകംതുള്ളൽ നടുവിലേമുറി ശ്രീ. മുത്താരമ്മൻ കോവിലിനു സമീപം താമസിക്കുന്ന തമിഴ് വിശ്വകർമജസമുദായാംഗങ്ങളുടെ ഇടയിലും, കാക്കാരിശിയും, കോൽക്കളിയും, നാടൻകലാരൂപമായ കോലങ്ങൾ (പൂപ്പട, ഭൈരവിക്കോലം, അമ്മൂമ്മക്കോലം) ഇവ പട്ടികജാതി വിഭാഗക്കാരുടെ ഇടയിലുമാണ് നിലവിലുള്ളത്. കൂടാതെ ദളിത് ക്രൈസ്തവരുടെ ഇടയിൽ ബാന്റ്ട്രൂപ്പും പ്രവർത്തിക്കുന്നു. സ്വർണം, വെള്ളി ആഭരണങ്ങൾ, ലോഹവിഗ്രഹങ്ങൾ, പള്ളിമണികൾ, വെങ്കലപാത്രങ്ങൾ മറ്റു കരകൗശല വസ്തുക്കൾ തുടങ്ങിയവ അതീവചാരുതയോടെ നിർമിക്കുന്ന ഒരു സമൂഹവും (തമിഴ് വിശ്വകർമ്മജർ) നമ്മുടെ നാട്ടിൽ താമസിക്കുന്നണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

തുമ്പമൺ വലിയപള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് സുറിയാനി ക്രൈസ്തവരുടെ ഒരു ആയോധന കലാരൂപമായ മാർഗംകളി മുമ്പ് വിപുലമായ രീതിയിൽ നടത്തിയിരുന്നു. ആയത് ഇപ്പോൾ സജീവമല്ല.

ഗ്രാമപഞ്ചായത്ത് മൊത്തത്തിൽ125-ൽ പരം കേബിൾ ടി.വി. കണക്ഷനും 60% ഭവനങ്ങളിൽ ടെലിവിഷൻ സെറ്റുകളും ഉണ്ട്. കാലതാമസമെന്യേ നമ്മുടെ നാട്ടിലെ ഭൂരിപക്ഷം ഭവനങ്ങളും കേബിൾ ടി.വി. ശൃംഖലയിൽ ഉൾപ്പെടാനുള്ള സാധ്യതയുണ്ട്. നമ്മുടെ ഭവനങ്ങളിൽ കേബിൾ ടി.വി.യുടെ സ്വാധീനം വരുത്തിവയ്ക്കാവുന്ന പ്രത്യാഘാതങ്ങൾ ഗൗരവപൂർവം കാണേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സിനിമാശാലകൾ ഒന്നും തന്നെ ഇല്ല. വലിയപള്ളി വക ഒരു ഓഡിറ്റോറിയം പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക ചടങ്ങുകൾക്ക് കിട്ടാവുന്ന പൊതുഹാൾ ഇതും ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയവും മുട്ടം ശാലോം മാർത്തോമ്മാ പള്ളിയോട് ചേർന്നുള്ള പാരീഷ് ഹാളുമാണ്.

കായികമേഖല

തുമ്പമണ്ണിന്റെ കായിക പാരമ്പര്യം പരാമർശിക്കുമ്പോൾ ഇന്റർനാഷനൽ ഫുട്ബോൾ റഫറി ടി.വി. തോമസ്, കേരള സർവകലാശാലാ ഫുട്ബോൾ ടീം അംഗമായിരുന്ന ബാബു തോമസ് എന്നിവർ പ്രത്യേകം സ്മരിക്കപ്പെടേണ്ടവരാണ്.



നമ്മുടെ നാട് കായികരംഗത്ത് വളരെയേറെ ചലനാത്മകമാണ്. 1945-ൽ ആരംഭിച്ച സി.ടി.എഫ്.എ എന്ന ഫുട്ബോൾ ക്ലബിന്റെ സംഭാവനയാണ്1979, (കോയമ്പത്തൂർ)1980(കട്ടക്ക്) വർഷങ്ങളിൽ സന്തോഷ് ട്രോഫി അഖിലേന്ത്യാ ഫുട്ബോൾ മത്സരത്തിൽ ഗുജറാത്ത് സംസ്ഥാന ടീം ക്യാപ്റ്റനായിരുന്ന ജോൺ കോശി (റോയി), കേരള സർവകലാശാല ഫുട്ബോൾ ടീം അംഗങ്ങളായിരുന്ന ജോൺ മാത്യു (ജോണി), ജോൺകോശി (ലാലാ) എന്നിവർ.

സി.ടി.എഫ്.എ. ഇന്ന് പഴയ പ്രൗഢിയിൽ അല്ലെങ്കിലും, നാമമാത്രമായിട്ടെങ്കിലും നിലനിൽക്കുകയും, ഒരു വാർഷിക ഫുട്ബോൾ മത്സരം സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. എം.ജി. ഹൈസ്കൂളിനോട് ചേർന്ന സ്റ്റേഡിയം നാട്ടിലെ കായിക അഭിരുചിയുള്ള യുവാക്കൾക്ക് ഒരനുഗ്രഹമാണ്. എങ്കിലും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഭവനങ്ങളിലെ വിദ്യാർഥികളുടെയും, യുവജനങ്ങളുടെയും പൊതു ആരോഗ്യസ്ഥിതിയും, കളിസ്ഥലങ്ങളുടെ ലഭ്യതയും കണക്കിലെടുക്കുമ്പോൾ സ്പോർട്ട്സ്, ഗെയിംസ് രംഗങ്ങളിൽ എന്നും സജീവമായി പ്രവർത്തിക്കുന്ന ഒരു സംഘടനയും, പ്രധാനപ്പെട്ട എല്ലാ ഗെയിംസിനും ടീമുകൾ നിലനിർത്താനുള്ള വിലപ്പെട്ട സാധ്യതയും ഉപയോഗിക്കപ്പെടാതെ കിടക്കുന്നു എന്നത് പോരായ്മയാണ്.

എം.ജി. ഹൈസ്കൂൾ സ്റ്റേഡിയം കൂടാതെ ചില വാർഡുകളിൽ കളിസ്ഥലങ്ങൾ രൂപപ്പെടുത്തുവാൻ പറ്റിയ സ്ഥലങ്ങളുണ്ട്. ചിട്ടയായ പരിശീലന സംവിധാനം ഒരു ഇനത്തിലും ഇവിടെ നടക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വാർഷിക സ്പോർട്ട്സ് മീറ്റ് നടക്കാറുണ്ടെങ്കിലും പങ്കാളിത്തം തീരെ കുറവാണ്. കായിക വിനോദരംഗത്ത് സ്കൂളുകളിൽ ഏതാനും പെൺകുട്ടികൾ പങ്കെടുക്കുന്നതൊഴികെ മറ്റൊരു പ്രവർത്തനത്തിലും അവരുടെ സാന്നിധ്യം ഇല്ല.

സാധ്യതകൾ, നിർദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ മുഴുവൻ നാടൻ കലാകാരന്മാരെയും ഉൾപ്പെടുത്തി നാടൻ കലാസമിതി രൂപീകരിക്കുകയും, നാമാവശേഷമാകുന്ന നാടൻ കലാരൂപങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.
2. സജീവമായി പ്രവർത്തിക്കുന്ന എല്ലാ ക്ലബുകൾക്കും ടെലിവിഷൻ, റേഡിയോ ഇവ ലഭ്യമാക്കുക.
3. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ക്ലബുകൾ ഏറ്റെടുക്കുക.
4. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ബാലമേളകൾ നടത്തുക.
5. ഗ്രാമപഞ്ചായത്ത് വനിതാ സാംസ്കാരികവേദി രൂപീകരിക്കുക.
6. സ്വന്തമായി ഭൂമി കണ്ടെത്തുന്ന കലാകായിക സമിതികൾക്ക് കെട്ടിടം നിർമിക്കുന്നതിന് ധനസഹായം നൽകുക.
7. കേരളോത്സവം മുൻകൂട്ടി തീരുമാനിച്ച് വേണ്ടത്ര തയ്യാറെടുപ്പോടെ നടത്തുക.
8. എട്ടാം വാർഡിലെ (വിജയപുരം) വായനശാലാ കെട്ടിടത്തിന്റെ പുനരുദ്ധാരണപ്പണികൾ നടത്തി ഒരു വായനശാലയും, ലൈബ്രറിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
9. രണ്ടാം വാർഡിലെ (മുട്ടം) ലൈബ്രറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുക.
10. തുമ്പമൺ ഗ്രാമപഞ്ചായത്ത് ലൈബ്രറിയോടനുബന്ധിച്ച് ഒരു റീഡിംഗ് റൂം പ്രവർത്തനമാരംഭിക്കുക.
11. വനിതകൾക്കും കുട്ടികൾക്കും വേണ്ടി സഞ്ചരിക്കുന്ന വായനശാല ഏർപ്പെടുത്തുക.
12. രണ്ടാം വാർഡിലും (മുട്ടം ഹരിജൻകോളനി) എട്ടാം വാർഡിലും (വിജയപുരം) ഓപ്പൺ എയർസ്റ്റേജും, കമ്മ്യൂണിറ്റിഹാളും നിർമിക്കുക.
13. സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം കേവലം ചടങ്ങാക്കിമാറ്റാതെ പുസ്തക വിതരണം ഫലപ്രദമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
14. അയൽക്കൂട്ട മാതൃകയിലുള്ള വീഡിയോക്ലബുകൾ രൂപീകരിച്ച് ദൃശ്യ മാധ്യമങ്ങളിൽ വരുന്ന അസന്മാർഗിക

പ്രവണതകൾക്കെതിരെ ശക്തമായി പ്രതികരിക്കാനുള്ള വേദിയായി അവയെ രൂപപ്പെടുത്തുക.

15. മാതൃശിശുസംരക്ഷണം, പൊതുജനാരോഗ്യം, വനിതാ ക്ഷേമം, പരിസ്ഥിതി, ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ തുടങ്ങിയ മേഖലകളിൽ ബോധവല്ക്കരണത്തിനുതകുന്ന ചിത്രങ്ങളും, ഡോക്യുമെന്ററികളും പ്രദർശിപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഫിലിം സൊസൈറ്റി രൂപീകരിക്കുക.

16. ഓരോ ഗ്രന്ഥശാലയും കേന്ദ്രീകരിച്ച് അതിന്റെ ഗുണഭോക്താക്കളായ വാർഡുകളിലെ സുസമ്മതരായ വ്യക്തികളെ (വനിതകൾ ഉൾപ്പെടെ) ഉൾപ്പെടുത്തി ഓരോ സാംസ്കാരിക സമിതികൾ രൂപീകരിക്കുകയും പ്രസ്തുത സമിതികളുടെ മേൽനോട്ടത്തിൽ ഗ്രന്ഥശാലകൾ കേന്ദ്രമാക്കി വർഷത്തിൽ രണ്ടു തവണ (കേരളോത്സവം, ഓണാഘോഷം) കലാകായിക മത്സരങ്ങൾ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി, ഗ്രൂപ്പ് ഇനങ്ങൾ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം കേന്ദ്രമാക്കി അവതരിപ്പിച്ച് യുവപ്രതിഭകൾക്ക് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

17. ദേശീയപ്രാധാന്യമുള്ള ദിവസങ്ങളിൽ ആഘോഷങ്ങൾ കുറച്ച് മുൻകൂട്ടി തയ്യാറാക്കിയ കർമപരിപാടികളനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തനങ്ങൾ നടത്തുക.

18. ഓരോ മതവിഭാഗത്തിന്റെയും വാർഷികാഘോഷങ്ങളോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സർവമത സൗഹാർദ സമ്മേളനങ്ങൾ നടത്തുന്നത് മത സൗഹാർദം വർധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടിയായിരിക്കും.

19. തുമ്പമൺ ഗവ: യു.പി. സ്കൂളിൽ ഒരു മിനിസ്റ്റേഡിയം നിർമിക്കുക.

20. വിദ്യാർഥികളിൽ ശാസ്ത്രാവബോധവും, അഭിരുചിയും വർധിപ്പിക്കുന്നതിനായി ലൈബ്രറികൾ കേന്ദ്രീകരിച്ച് സയൻസ് കോർണറുകൾ ആരംഭിക്കുക.





5.31

വിഭവസമാഹരണം

തെരഞ്ഞെടുപ്പിൽ ഒരു വോട്ടു ചെയ്യുന്നതിലൂടെ ജനാധിപത്യ പ്രക്രിയയിൽ തങ്ങൾക്കുള്ള പങ്ക് കഴിഞ്ഞു എന്ന് ചിന്തിക്കുന്ന ഒരു ജനതക്ക് കരുത്തുറ്റ ഒരു ജനാധിപത്യ സംവിധാനം വളർത്തിക്കൊണ്ടുവരാൻ പ്രയാസമാണ്. ഇതുപോലെതന്നെ ഗൗരവമേറിയ ഒരു മേഖലയാണ് വികസനവും. സാഹചര്യങ്ങൾക്കനുസൃതമായി വികസന സങ്കല്പം മാറിക്കൊണ്ടിരിക്കും. വികസനത്തിൽ ജനത്തിന്റെ പങ്കാളിത്തം ഇന്ന് അതിന്റെ ഗുണഭോക്തൃതാക്കളാകുക മാത്രമാണ്. വികസനം യാഥാർഥ്യമാകുന്ന പ്രക്രിയയിൽ ജനത്തിന്റെ പങ്കാളിത്തം ഗണനാർഹമായ വിധം കുറഞ്ഞുപോയതിന്റെ ഫലമാണ് വികസനത്തിന്റെ വേഗത കുറഞ്ഞതും, ജനം ആഗ്രഹിക്കുന്ന പലതും മരീചികയായിത്തീർന്നതും.

ജനകീയാസൂത്രണ പ്രസ്ഥാനം ഈ അടിസ്ഥാന സത്യങ്ങൾ അംഗീകരിച്ചുകൊണ്ടാണ് പ്രവർത്തന പരിപാടി നിർദേശിക്കുന്നത്. ഗുണഭോക്താക്കൾ തന്നെ പദ്ധതികൾ തയ്യാറാക്കുകയും, സജീവമായി പങ്കാളികളാവുകയും ചെയ്യുമ്പോൾ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ സാധിക്കും.

തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ എട്ടു വാർഡുകളിൽ നടന്ന പ്രത്യേക ഗ്രാമസഭകളിൽ ഏറ്റവും വിരസമായി ചർച്ച ചെയ്യപ്പെട്ട വിഷയം വിഭവ സമാഹരണം തന്നെ. അടിസ്ഥാന സൗകര്യങ്ങളായ വീട്, വെളിച്ചം, വെള്ളം, ഗതാഗതം, ആരോഗ്യം എന്നീ മേഖലകളിലും കൃഷി, വ്യവസായം, സഹകരണം, വനിതാക്ഷേമം, പട്ടികജാതി പട്ടിക വർഗക്ഷേമം തുടങ്ങിയ മേഖലകളിലും പദ്ധതി നിർദേശങ്ങൾ രൂപം കൊണ്ടിരിക്കുന്നു. എന്നാൽ പദ്ധതി പൂർത്തീകരണത്തിനാവശ്യമായ പണം, അധ്വാനം, സാധന സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യതയെപ്പറ്റി ഗൗരവമായ ചർച്ച നടക്കാതിരുന്നത് പോരായ്മതന്നെ.

ജനകീയാസൂത്രണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഗൗരവമായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പദ്ധതികൾ യാഥാർഥ്യമാക്കാൻ നമുക്ക് ശ്രമിക്കാം.

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ഒരു സാമ്പത്തിക വർഷത്തെ വരവും ചെലവും തമ്മിലുള്ള അന്തരം 3.5 ലക്ഷത്തിനും 5 ലക്ഷത്തിനും ഇടയിലുള്ള തുകയാണ്. ഇതുമൂലം



തത്തുല്യമായ തുകക്കുള്ള പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിലേക്ക് മാറ്റി വക്കപ്പെടുന്നു. ഇതിന് ഒരു മാറ്റം ആവശ്യമാണ്. ശക്തമായ ഒരു വികസന പ്രക്രിയ ഈ അടിത്തറയിൽ നിന്ന് രൂപപ്പെടുത്താൻ ബുദ്ധിമുട്ടാണ്. അതിനാൽ ആദ്യമായി ഈ കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്ന് ചിന്തിക്കാം.

നിർദേശം– സാമ്പത്തികമായി വളരെയേരെ ഉയർന്ന നിലവാരമുള്ള ഈ ഗ്രാമപഞ്ചായത്തിൽ നിക്ഷേപരംഗം വളരെ ശക്തമാണ് നിക്ഷേപ രംഗത്ത് ഇന്ദിരാ വികാസ്പത്ര, കിസാൻ വികാസ്പത്ര, പോസ്റ്റാഫീസ് സേവിംഗ്സ് അക്കൗണ്ട്, ദേശീയ സമ്പാദ്യ പദ്ധതി തുടങ്ങിയവയിൽ നിക്ഷേപിക്കപ്പെടുന്ന തുകയുടെ 25% പ്രസ്തുത ഗ്രമപഞ്ചായത്തിന്റെ വികസനത്തിനായി നൽകുന്നതാണ്. ഈ രംഗത്ത് ഒരു സാമ്പത്തിക വർഷം 25 ലക്ഷം രൂപ നിക്ഷേപിക്കപ്പെടും എന്ന് നാം ഉറപ്പാക്കണം. ഇങ്ങനെ 25 ലക്ഷം രൂപയുടെ 25% ആയ 6.25 ലക്ഷം രൂപ ഒരു സാമ്പത്തിക വർഷം നമുക്ക് ലഭിക്കും. ഇതുവഴി കമ്മി നികത്താം.

ജനപങ്കാളിത്തത്തോടെ ഇത് എങ്ങനെ സാധ്യമാക്കാം.

1. ചെലവുചുരുക്കി മിച്ചം പിടിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക. ഇതിനായി വാർഡടിസ്ഥാനത്തിൽ ജനകീയ സമാഹരണസ്ക്വാഡുകൾ രൂപീകരിക്കുക.
2. വിദ്യാലയങ്ങളിൽ അധ്യാപകർ, ഉദ്യോഗസ്ഥന്മാർ, വിദ്യാർഥികൾ എന്നിവരെ സഞ്ചയിക, മാസനിക്ഷേപ പദ്ധതി, IVP, KVP, N. S. S തുടങ്ങിയ നിക്ഷേപ പദ്ധതികളിൽ അംഗങ്ങളാക്കുക.
3. ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വാർഡുകളൾക്ക്കൂടുതൽ വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. തൊഴിലില്ലായ്മ വേതനം പറ്റുന്ന തൊഴിൽ രഹിതരായ യുവാക്കളെ നിക്ഷേപ സമാഹരണ രംഗത്ത് ശക്തമായി ബന്ധപ്പെടുത്തണം.
5. ബോധവൽക്കരണത്തിന്റെ ഭാഗമായി കർഷകർ, തൊഴിലാളികൾ, വിദ്യാർഥികൾ, യുവജനങ്ങൾ എന്നിവരെ വ്യത്യസ്ത മാർഗങ്ങളിലൂടെ നിക്ഷേപ രംഗത്ത് കൊണ്ടുവരാവുന്നതാണ്. ഫിലിംഷോ, ലഘുലേഖകൾ, സെമിനാറുകൾ എന്നിവ മാധ്യമങ്ങളായി സ്വീകരിക്കാം.
6. നിക്ഷേപ രംഗത്ത് വീട്ടമ്മമാർക്കുള്ള പങ്ക് ഗണനീയമാണ്. ആയതിനാൽ നിക്ഷേപ സമാഹരണത്തിനായി വനിതാ സ്ക്വാഡുകൾ രൂപീകരിക്കാവുന്നതാണ്.
7. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തമാക്കണം. വിശ്വാസ്യത വീണ്ടെടുക്കാൻ ജനസമ്പർക്ക പരിപാടികൾ നടത്തണം. ഡയറക്ടർ ബോർഡ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന് അതീതമായിരിക്കണം.

ഇത്രയും കാര്യങ്ങൾ ചിട്ടയോടെ സമയബന്ധിതമായി നടപ്പാക്കിയാൽ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കും.

പട്ടിക 1 എ

വരവ്

വർഷം	തൊഴിൽ നികുതി	കെട്ടിട നികുതി	വിനോദ നികുതി	നികുതി വരുമാന	സംസ്ഥാന വിഹിതം a	അൺടൈഡ് ഫണ്ട് b	ആകെ വരവ് c
93-94	36,360	116072.75	Nil	36126.65	226227	191000	605786.40
94-95	44615	118719.50	Nil	116554.35	167437	265500	712825.85
95-96	50440	135662.50	Nil	54893.30	352283	275000	868278.80

പട്ടിക 1 ബി.

ചെലവ്

വർഷം	എസ്റ്റാബ്ലിഷ്മെന്റ്	പൊതുമരാമത്ത്	മറ്റു വികസന ചെലവുകൾ	കടം തിരിച്ചടവ്	ആകെ ചെലവ്
93-94	333838	47265	329029	29841	739973
94-95	378959	14724	120131	27800	541614
95-96	395964	25698	307204	54943	783809

പട്ടിക 1 സി.

വർഷം	വരവ്	ചെലവ്	കമ്മി/മിച്ചം		കമ്മി
93-94	605786.40	739973	134186.60 (-)	417227	551413.60
94-95	712825.85	541614	171211.85(+)	432937	261725.15
95-96	868278.80	783809	84469.80(+)	627283	542813.20

a = സംസ്ഥാന വിഹിതം

b = അൺടൈഡു ഫണ്ട്.

c = ആകെ വരവ്

d =ആകെ ചെലവ്

പട്ടിക - 2

ജീവനക്കാരുടെ പട്ടിക.

	വിദ്യാഭ്യാസം			ആരോഗ്യം			മറ്റ് മേഖലകൾ			
	സർക്കാർ	സ്വകാര്യം	ആകെ	സർക്കാർ	സ്വകാര്യം	ആകെ	അർധ സർക്കാർ	സ്വകാര്യം	ആകെ	ആകെ ജീവനക്കാർ
ജീവനക്കാരുടെ എണ്ണം	16	90	106	29	2	31	50	76	126	263
വാങ്ങിയ നികുതി	3910	21880	25790	8490	290	8780	16540	12270	28810	63380

വികസന നിർദേശങ്ങൾ

ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ വികസന നിർദേശങ്ങൾ പദ്ധതികളാകുന്ന മുറക്ക് അവ നടപ്പാക്കാൻ നമുക്കാവശ്യമായ പണം എങ്ങനെ ലഭ്യമാക്കാം. ഉദാഹരണങ്ങൾ തേടി എങ്ങും പോകേണ്ട കാര്യമില്ല. തുമ്പമൺ പ്രാഥമികാരോഗ്യ കേന്ദ്രം, തുമ്പമൺ എം. ജി. ഹൈസ്കൂൾ കെട്ടിടവും സ്റ്റേഡിയവും, ഇവ പരിപൂർണ ജനകീയ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കിയവയാണ്. സർക്കാർ പദ്ധതികൾക്കായി നൽകുന്ന വിഹിതത്തിന്റെ ബാക്കി സമാഹരിച്ചെങ്കിൽ മാത്രമേ പദ്ധതികൾ സാക്ഷ്ത്കരിക്കപ്പെടു. ഇവിടെ പദ്ധതി നിക്ഷേപത്തെ രണ്ടായി തിരിച്ച് പരിശോധിക്കാം.



പദ്ധതിനിക്ഷേപം.

ഉല്പാദനക്ഷമമല്ലാത്തത്	ഉല്പാദനക്ഷമം ആയത്
റോഡുകൾ, പാലങ്ങൾ, വഴിവിളക്കുകൾ, ശുദ്ധജലം, വീടുകൾ, കക്കൂസ്, കിണർ, കെട്ടിടങ്ങൾ, ഫർണിച്ചർ, ടി.വി., വാഹനങ്ങൾ	കാർഷിക മേഖല,മൃഗസമ്പത്ത് വ്യവസായം

ഇവയിൽ ഇല്പാദനക്ഷമമല്ലാത്തതും എന്നാൽ അടിസ്ഥാന സൗകര്യങ്ങളായി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുമായ പദ്ധതികൾക്ക് ജനങ്ങളുടെ നിക്ഷേപം നിർബന്ധമാക്കണം. ഇത് പണമായോ, സാധനസാമഗ്രികളായോ, സ്ഥലമായോ, സംഭാവനയായോ, സ്പോൺസർഷിപ്പായോ അധ്വാനമായോ സമാഹരിക്കേണ്ടതാണ്. ഉദാ: റോഡുകൾ: ഒരു നിശ്ചിത റോഡു കടന്നുപോകുന്ന മേഖലയിൽ അതിന്റെ ഗുണഭോക്താക്കൾ ഒന്നടങ്കം പങ്കാളികളാകണം. പ്രസ്തുത റോഡിന്റെ പണിക്കാവശ്യമായിവരുന്ന ചെലവിന്റെ50%അവർ വഹിക്കേണ്ടണ്. ഈ അമ്പതു ശതമാനം എത്രയെന്നു കണക്കാക്കി ഓരോ കുടുംബത്തിനും ബാധ്യത നിശ്ചയിക്കണം. ഈ ബാധ്യത പണമായോ, അധ്വാനമായോ ഇതര മാർഗങ്ങളിലൂടെയോ അവർ നൽകേണ്ടതുമാണ്. ഇതിനായി ഗുണഭോക്തൃസമിതികൾ രൂപീകരിക്കേണ്ടതാണ്. ദുർബല വിഭാഗങ്ങൾക്കു നൽകുന്ന സാമ്പത്തികാനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് അധ്വാനത്തിലൂടെ അവരുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടതാണ്.

b. വികസന പ്രവർത്തനങ്ങൾ ഏകീകൃതവും സമദൂരത്തോടെ നടപ്പാക്കുന്നവയുമായിരിക്കണം. ഇതിനായി ജനകീയ പങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും സൗജന്യമായി ലഭിക്കുന്ന സ്ഥലത്ത് ജനങ്ങളുടെ പരിപൂർണ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് എക്സ്റ്റൻഷൻ കൗൺസിലുകൾ ആരംഭിക്കണം. ഈ കെട്ടിടങ്ങൾ വാടകക്ക് നൽകിയും, ക്ലബ്ബുകൾ, വനിതാ സമാജങ്ങൾ, യുവജന സംഘടനകൾ, ലൈബ്രറികൾ എന്നിവ പ്രവർത്തിപ്പിച്ചും സ്വയം വരുമാനം കണ്ടെത്തി വാർഡുതല വികസനത്തിൽ കേന്ദ്ര ബിന്ദുവായി വർത്തിക്കാവുന്നതാണ്.

c. ഉല്പാദനക്ഷമമായ രംഗത്ത് പദ്ധതിനിക്ഷേപം ഉണ്ടായാൽ അതിന്റെ ഗുണഭോക്താക്കളിൽനിന്ന് നികുതി ഈടാക്കേണ്ടതാണ്.ഇവിടെ സ്വീകരിക്കാവുന്ന മാർഗം ഇതാണ്.

ഒരു നിശ്ചിത പദ്ധതിക്ക് വേണ്ടിവരുന്ന തുകയിൽ സർക്കാർ വിഹിതം കഴിച്ച് ബാക്കിവരുന്ന തുക ഗുണഭോക്താക്കളിൽനിന്ന് സമാഹരിക്കുകയും, പദ്ധതി പൂർത്തീകരണത്തോടെ ചുമത്തുന്ന നികുതി പ്രസ്തുത വിഹിതത്തിൽ വാർഷികാടിസ്ഥാനത്തിൽ കുറച്ചുകൊടുക്കുകയും ചെയ്യുക. ഉദാ: നെൽപ്പാടങ്ങളുടെ സംരക്ഷണത്തിനായി കെട്ടുന്ന ബണ്ടുകൾക്കു വേണ്ട തുക നിശ്ചയിച്ച് അതിൽ ഒരു കർഷകന്റെ വിഹിതം കണക്കാക്കി ആ തുക സമാഹരിക്കുകയും, പദ്ധതി പൂർത്തീകരിച്ചു കഴിയുമ്പോൾ പ്രസ്തുത കർഷകനിൽ നിന്ന് ഈടാക്കുന്ന നികുതി നിക്ഷേപ വിഹിതത്തിൽ നിന്നു കുറച്ചു കൊടുക്കുകയും ചെയ്യുക. ഇതുവഴി പദ്ധതിയിൽ പണം നിക്ഷേപിക്കുന്നകതിൽ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുവാൻ സാധിക്കും.

d. പഴയകാല ലേബർ വീക്കുകൾ ഇന്ന് വളരെ പ്രസക്തിയുള്ളവയായിരിക്കുന്നു. യുവജനക്ലബുകൾ, വിദ്യാർഥി

കൾ സാമൂഹ്യ സംഘടനകൾ, ലൈബ്രറികൾ, മഹിളാ സംഘങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ധർമസ്ഥാപനങ്ങൾ എന്നിവ നേതൃത്വം നൽകുന്ന വികസന പ്രവർത്തനങ്ങൾ റോഡുനിർമാണം, വൈദ്യുതി, കലാ സാംസ്കാരിക രംഗം എന്നിവിടങ്ങളിൽ പ്രയോജനപ്പെടുത്താം. ഈ റോഡുകൾക്ക് ആ സംഘടനകൾ നിർദേശിക്കുന്ന ദേശീയ പ്രധാന്യമുള്ള പേരുകൾ നൽകി റോഡുകൾ സ്ഥാപിക്കാവുന്നതാണ്.

e. തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പരിലസിക്കുന്ന തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ ഇടവകാംഗങ്ങൾക്ക് ഈ നാടിന്റെ വികസനത്തിൽ ശക്തമായ പങ്കുണ്ട്. ഇന്ന് ഈ ദേവാലയത്തിന്റെ പേരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന പണം പൂർണമായും ഉല്പാദനക്ഷമമല്ലാത്ത മേഖലയിലാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്ന തുമ്പമണ്ണിൽ ഈ ഇടവക ക്കാർക്ക് സ്വന്തമായി ഒരു സാങ്കേതിക വിദ്യാലയം ആരംഭിക്കാൻ സാധിക്കും. മതിയായ പണം പള്ളിയുടെ വിശ്വാസ്യതയിൽ നിക്ഷേപിക്കാൻ തയ്യാറാകുന്ന ഒരു വിഭാഗം ഇവിടെയുണ്ട്. ഇവരുടെ സാമ്പത്തിക ശേഷി ചൂഷണം ചെയ്ത് പള്ളി ശക്തമായി വികസന രംഗത്തേക്ക് വരേണ്ടതാണ്.

f. കൂടാതെ NSS, SNDP തുടങ്ങിയ സംഘടനകൾ അവർക്കു താല്പര്യമുള്ള മേഖലയിൽ ശക്തമായ നിക്ഷേപം നടത്തി വികസന പ്രക്രിയയിൽ പങ്കാളികളാകണം. ശാലോം മാർത്തോമ്മാ ഇടവക, സെന്റ്മേരീസ് കാത്തലിക് ചർച്ച്, ഇതര മതസംഘടനകൾ എന്നിവയ്ക്ക് വികസനപ്രക്രിയയിൽ സംഭാവനകൾ നൽകാം.

g. പരിസ്ഥിതി സംരക്ഷണവും ജീവിതനിലവാര ഉയർച്ചയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഇവിടെ സാമ്പത്തിക ലാഭം ഉണ്ടാക്കാൻ കഴിയുംവിധം പ്രവർത്തനം ആവശ്യമാണ്. വനംവകുപ്പ്, കൃഷിവകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ വാർഡുകൾതോറും 'ഹരിതക്ലബു'കൾ രൂപീകരിക്കണം. ഇവയിലൂടെഹ്രസ്വകാല വളർച്ചയുള്ള വൃക്ഷത്തൈകൾ വിതരണം ചെയ്യണം. ആവശ്യമായ വളം, കീടനാശിനികൾ എന്നിവ കൃഷിവകുപ്പിലൂടെ ലഭ്യമാക്കണം. ഹരിതക്ലബുകൾ തൈകളുടെ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കണം. മരം വെട്ടി വിൽക്കുമ്പോൾ വിലയുടെ 75% വൃക്തിക്കും, 25% പഞ്ചായത്തിനും ലഭിക്കണം. ഈ 25% ൽ 5% ഹരിതക്ലബുകൾക്ക് മാറ്റിവക്കണം. ഇതുവഴി ശോഷിച്ചുവരുന്ന വൃക്ഷസമ്പത്ത് പുഷ്ടിപ്പെടുത്തുന്നതിനും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും സാധിക്കും.

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ നിന്ന് മരം വെട്ടി പഞ്ചായത്തിനു പുറത്തു കൊണ്ടുപോകുമ്പോൾ വിലയുടെ 10% തടി വാങ്ങിയ വ്യക്തി പഞ്ചായത്തിൽ നൽകേണ്ടതാണ്. ഇതിനായി ശക്തമായ നിയമ നിർമാണം നടത്താവുന്നതാണ്.

കൂടാതെ പഞ്ചായത്തുവക പുറമ്പോക്ക് സ്ഥലങ്ങളിൽ ഹ്രസ്വകാല വളർച്ചയുള്ള മരങ്ങൾ വെച്ചുപിടിപ്പിച്ച് വിറ്റാൽ നല്ല വരുമാനമാർഗമായിരിക്കും.

h. പ്രവാസികളും വികസനവും

തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ വളർച്ചയ്ക്ക് (സാമ്പത്തികം) വേഗതകൂടിയ ഒരു ഘടകമാണ് ഗൾഫ് പണം. മറ്റൊന്ന് വിദ്യാഭ്യാസ മേഖലയാണ്. ഗൾഫ് മേഖലയിൽ നിന്ന് എത്തുന്ന പണം നിക്ഷേപിക്കപ്പെടുന്നത് കെട്ടിട നിർമാണത്തിലാണ്. കൂടാതെ പ്രാദേശിക ബാങ്കുകളിലും.

ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പിന്നോക്കം പോകേണ്ടിവന്ന തുമ്പമൺ ഗ്രാമപഞ്ചായത്തിൽ പ്രവാസികൾക്ക് ശക്തമായി പ്രവർത്തിക്കാൻ സാധിക്കും.

ഉയർന്ന സാക്ഷരതയും, അന്തർദേശീയ മേഖലകളുമായുള്ള ബന്ധവും, സാമ്പത്തിക ഭദ്രതയും, സാധനങ്ങൾ വാങ്ങാനുള്ള കഴിവും, ഉല്പന്നങ്ങളെ സംബന്ധിച്ചുള്ള പരിച



യവും ഇവിടെ ബിസിനസ് മേഖലക്ക് അനുകൂല ഘടകങ്ങളാണ്.

ഗതാഗത വാർത്താവിനിമയ മേഖലകൾ ശക്തമാണ്. അടിസ്ഥാനാവശ്യങ്ങളിൽ ഒന്നായ കെട്ടിടങ്ങളുടെ അഭാവം ഒരു ന്യൂനതയാണ്. ഇത് പരിഹരിക്കപ്പെടണം. ഇതിലേക്ക് പ്രധാന ജംഗ്ഷനുകളിൽ സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമിക്കുന്നതിന് സ്ഥലം ഉടമകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ബാങ്കുകൾ മുന്നോട്ടു വരണം. പലിശ ഇളവുകൾ, നികുതി ഇളവുകൾ എന്നിവ നൽകണം.

തികച്ചും ഉല്പാദനക്ഷമമല്ലാത്ത കെട്ടിട നിർമാണ രംഗത്ത് (വീടുകൾ) അമിതമായ നിക്ഷേപം നടത്തുന്ന സംസ്കാരത്തിന് മാറ്റം ആവശ്യമാണ്.

ആവശ്യങ്ങൾക്കനുസൃതമായി കെട്ടിടം നിർമിക്കണം. കെട്ടിടനിർമാണ സാമഗ്രികളുടെ വിലവർധനയും, വെള്ളത്തിന്റെ ദൗർലഭ്യവും, തൊഴിലാളികളുടെ കൂലിവർധനയും പരിഗണിക്കപ്പെടേണ്ട മേഖലകളാണ്.

തുമ്പമൺ അമ്പലക്കടവു പാലത്തിന് 1993-94 ൽ ഭരണാനുമതി ലഭിച്ചെങ്കിലും പണത്തിന്റെ ദൗർലഭ്യം മൂലം പണികൾ നടന്നില്ല. പ്രവാസികളായ നാട്ടുകാർ ഒരാൾ 10ലക്ഷം രൂപ എന്നനിരക്കിൽ 15 പേർ ചേർന്ന് ഒരു ട്രസ്റ്റ് രൂപീകരിച്ചാൽ 150ലക്ഷം രൂപ സമാഹരിക്കാം. സർക്കാരിന്റെ സാങ്കേതിക സഹായംകൂടി ലഭ്യമാക്കിയാൽ106 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന അമ്പലക്കടവു പാലം യാഥാർഥ്യമാകും. പണം നിക്ഷേപിക്കുന്നവർക്കും പലിശ ഉൾപ്പെടെ തിരികെ ലഭിക്കുന്നതിനായി ടോൾ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

(i) സ്വകാര്യ വ്യക്തികളുടെ പങ്ക്.

ആസൂത്രണ വിദഗ്ധർക്ക് ജനകീയാസൂത്രണത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് ചെലവിനങ്ങളിൽ സർക്കാർ പങ്കാളിത്തം കുറച്ച് ആ കമ്മി ജനപങ്കാളിത്തത്തോടെ നികത്തുക എന്നുള്ളതാണ്. വികസനത്തിനാവശ്യമായ പണം കണ്ടെത്താൻ നികുതി ചുമത്തുന്നതും, വരുമാനത്തിനായി വീണ്ടും ഭീമമായ തുകകൾ മൂലധന നിക്ഷേപമായി നിർദേശിക്കപ്പെടുന്നതും ജനകീയാസൂത്രണത്തിന്റെ ഭാഗമല്ല. കെട്ടിടങ്ങൾ നിർമിച്ചും, ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതും വരുമാനം വർധിപ്പിക്കാൻ സാധ്യമല്ല. ആയതിനാൽ ഉല്പാദനക്ഷമമല്ലാത്ത മൂലധന നിക്ഷേപ മേഖലകളിൽ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകണം. ദീർഘ കാലാടിസ്ഥാനത്തിൽ നിക്ഷേപം തിരികെ കിട്ടുന്നതിനാൽ പഞ്ചായത്തുകൾക്ക് ഇവിടെ പ്രാധാന്യം കുറവാണ്.

ഏതൊരു നാടിന്റെയും വളർച്ചക്ക് അടിസ്ഥാനപരമായി ഉണ്ടാകേണ്ട സൗകര്യങ്ങൾ നമുക്കും ലഭ്യമാകണം. വെളിയിൽ നിന്ന് ബിസിനസുകാരും, വ്യവസായികളും കടന്നുവന്ന് പണം നിക്ഷേപിക്കുന്നതിനു മതിയായ സൗകര്യങ്ങൾ-കെട്ടിടങ്ങൾ, ഗതാഗത- വാർത്താവിനിമയ സൗകര്യങ്ങൾ, നികുതി ഇളവുകൾ എന്നിവ ലഭ്യമാക്കണം.

ആരോഗ്യ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ ഇന്ന് നടന്നിരിക്കുന്നു. തുമ്പമണ്ണിൽ പ്രവർത്തിക്കുന്ന PHc ക്കും മതിയായ കെട്ടിടം, കിടക്കകൾ, ടെലിഫോൺ, ശുദ്ധജലം, വാഹനം, ഡോക്ടർമാർ, സ്റ്റാഫ് എല്ലാം ഉണ്ട്. എന്നാൽ ഇത് ഇന്ന് മതിയായ അളവിൽ ഉപയോഗപ്പെടുത്താൻ നമുക്കു കഴിയുന്നില്ല. ഇതിനാൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പ്ആഫീസുകൾഇവിടെ തുടങ്ങാവുന്നതാണ്. സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ ആശുപത്രി കെട്ടിടം സ്വകാര്യ ഡോക്ടർമാർക്കു വാടക നൽകി നല്ലൊരു തുക വരുമാനം ഉണ്ടാക്കാവുന്നതാണ്.

പ്രധാന ജംഗ്ഷനുകളിൽ കെട്ടിടങ്ങൾ പണിത് വാടക്കു നൽകാൻ തയ്യാറാകും വിധം സ്ഥലം ഉടമകൾക്കു നികുതി ഇളവുകൾ നൽകേണ്ടതാണ്. ഇവർക്കു ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കാൻ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കണം. ഇവിടെ പഞ്ചായത്തിനു നേരിട്ടു നിക്ഷേപം ഉണ്ടാകുന്നില്ല. എന്നാൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നവഴി വരുമാനം വർധിക്കുകയും ചെയ്യും.

പട്ടിക - 3. എ

പ്രധാനധനകാര്യ സ്ഥാപനങ്ങൾ

1 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

നിക്ഷേപം

വർഷം	NRI	Local	Others	Total
93-94	69,931000	36884000	5585000	112,400000
94-95	79,34000	4786000	-	117,200000
95-96	89697000	48403000	-	138,100000

വായ്പ ബി

വർഷം	കൃഷി	S.S.I	വാഹനം	കൺസ്യൂമർ	മറ്റുള്ളവ വീട്	SBC (Excl....)
93-94	2,271000	319000	2447000	1117000		
94-95	310800	1105000(RTo)	146000	473341000		
95-96	3128000	608000(RTo)	176000	464832000	56000	

SBT ബ്രാഞ്ചിൽനിന്നുലഭിച്ച കണക്കുപ്രകാരം.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

വായ്പാ - നിക്ഷേപ അനുപാതം

വർഷം	നിക്ഷേപം	വായ്പ	%	(less other) loans (-)	%
93-94	11,24,00000	6473000	5.76		
94-95	12,72,00000	47,77,00000	375.55	473341000	3.42
95-96	13,81,00000	46,88,00000	339.46	464832000	2.87



പട്ടിക - 4

തുമ്പമൺ സർവീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ. 154

വർഷം	നിക്ഷേപം	വായ്പ	ശതമാനം	കൃഷി	ഇതരമേഖല
1	2	3(5+6)	4	5	6
92-93	889076	683625	76.90	125495	558130
93-94	1090260	190290	17.45	127460	62830
94-95	1502485	697662	46.43	261395	436267
95-96	1716262	573966	33.44	219158	354808

പട്ടിക - 5

കാത്തലിക് സിറിയൻ ബാങ്ക്

വർഷം	NRI	Local	Total
95-96	9400000	8300000	17700000

കാത്തലിക് സിറിയൻ ബാങ്കിന്റെ എക്സ്റ്റൻഷൻ കൗണ്ടർ ആയതിനാൽ വായ്പകൾ ഇല്ല.

പ്രധാന നികുതി/വരുമാന നിർദേശങ്ങൾ (ഗ്രാമസഭകളിൽ നിന്ന്) ഉള്ളത്

1. കെട്ടിടനികുതി പുനർനിർണയം ചെയ്യുക.
2. സ്ഥലം വിൽക്കുമ്പോൾ വാങ്ങുന്ന ആളിൽനിന്നും വിൽക്കുന്ന ആളിൽ നിന്നും നികുതി ഈടാക്കുക.
3. സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.
4. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുക.
5. കേബിൾ ടി. വിക്ക് നികുതി ഏർപ്പെടുത്തുക.
6. പുറമ്പോക്കു ഭൂമി വാടകക്കു നൽകുക.
7. പത്തുലക്ഷം രൂപയിൽ കൂടുതൽ ചെലവു വരുന്ന കെട്ടിടങ്ങൾക്ക് സൂപ്പർ ടാക്സ് ഏർപ്പെടുത്തുക.
8. 150 മരങ്ങളിൽ കൂടുതലുള്ള റബർ കർഷകരിൽ നിന്ന് നികുതി ഈടാക്കുക.
9. കെട്ടിട നികുതി നിർണയം ശാസ്ത്രീയമായി പരിഷ്കരിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുക.
10. ആറ്റുമണൽ ലേലം നടത്തുക.
11. പഞ്ചായത്തുവക കുളങ്ങൾ, ചാലുകൾ എന്നിവ മത്സ്യ കൃഷിക്കു നൽകുക.
12. പൊതുനിരത്തുകളിലെ ബൾബുകളിൽ കത്തുന്ന ബൾബുകൾക്കു മാത്രം വൈദ്യുതിചാർജു നൽകുക.
13. പഞ്ചായത്തിൽ വരുന്ന തുകകൾ ലാപ്സാകാതെ സമയപരിധിക്കുള്ളിൽ ചെലവാക്കുക.
14. ഇഷ്ടിക നിർമാതാക്കളിൽ നിന്ന് ഒരു ഇഷ്ടികക്ക് നിശ്ചിത നിരക്കിൽ ആകെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന നികുതി ഏർപ്പെടുത്തുക.
15. പ്രവാസികളിൽ നിന്നു പണം സമാഹരിച്ച് അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനായി പ്രത്യേക കരുതൽനിധി സമാഹരിക്കുക.
16. ഗ്രമപഞ്ചായത്തിന്റെ പൊതു ചെലവുകൾ പരമാവധി കുറക്കുക.

ഗ്രാമസഭകളിൽ നിന്ന് രൂപം കൊണ്ടുവരുന്ന നിർദേശങ്ങൾ നടപ്പാക്കാൻ തടസ്സമായി നിൽക്കുന്ന നിയമങ്ങൾ തിരുത്തുക, ഗ്രാമസഭകൾക്കും, ത്രിതല പഞ്ചായത്തുകൾക്കും നിയമ നർമാണത്തിൽ വർധിച്ച അധികാരം നൽകുകയും, പദ്ധതികൾ നടപ്പാക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കൾ നിർബന്ധമായും പദ്ധതിനടപ്പിൽ അംഗങ്ങളാകുകയും ചെയ്യുമ്പോൾ മാത്രമേ വിഭവസമാഹരണ നിർദേശങ്ങൾ സാക്ഷാൽകരിക്കപ്പെടുകയുള്ളു. ജനകീയാസൂത്രണം വിജയിക്കണമെങ്കിൽ ഇത് ആവശ്യമാണ്.

6

ഉപസംഹാരം

"ഭാരതത്തിലെ ഏഴുലക്ഷം ഗ്രാമങ്ങളിൽ ഓരോന്നും നല്ല ജീവിത നിലവാരമുള്ള ഓരോ റിപ്പബ്ലിക്കാവും അവിടെ നിരക്ഷരരുണ്ടാവില്ല. ജോലിയില്ലാത്തതുകൊണ്ട് ഒരു വനും അലസനാകേണ്ട. എല്ലാവരും പ്രയോജനമുള്ള ജോലി ചെയ്യും. പോഷകമൂല്യമുള്ള ആഹാരം കഴിക്കും. കാറ്റും വെളിച്ചവും കടക്കുന്ന വീടുകളും, ശരീരം മറയ്ക്കാൻ ആവശ്യമുള്ള ഖദർ വസ്ത്രവും ലഭിക്കും. ആരോഗ്യസംരക്ഷണത്തിന്റെയും, ശുചിത്വത്തിന്റെയും നടപടിക്രമങ്ങൾ എല്ലാ ഗ്രാമീണർക്കും അറിവുണ്ടാകും. എന്റെ ആ സ്വപ്നം സഫലമായാൽ ആ രാഷ്ട്രത്തിൽ വിവിധവും വർധമാനവുമായ ആവശ്യങ്ങൾ ഉണ്ടാവും. അത് ലഭ്യമാക്കണം".

ഇതായിരുന്നു ഗാന്ധിജിയുടെ സ്വപ്നത്തിലുള്ള ഗ്രാമസ്വരാജ്. ആ സ്വപ്ന സാക്ഷാത്കാരത്തിനുള്ള ശ്രമമാണ് ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ട് നാം ഉദ്ദേശിക്കുന്നത്. ഇത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന, സുസ്ഥിരതയുള്ള, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കും, പിന്നോക്ക വിഭാഗക്കാർക്കും നീതി ഉറപ്പാക്കുന്ന വിധത്തിലുള്ള വികസന പ്രക്രിയകൊണ്ട് മാത്രമേ നേടിയെടുക്കുവാൻ സാധിക്കുകയുള്ളൂ.

ആ ലക്ഷ്യം കൈവരിക്കുവാനുള്ള ശ്രമമായിരുന്നു നമ്മുടെ ദേശീയ നേതാക്കൾ കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികൾ കൊണ്ട് നടത്തിയത്. ഈ പദ്ധതികൾ കൊണ്ട് നേട്ടങ്ങൾക്കൊപ്പം കോട്ടങ്ങളും ഉണ്ടായിട്ടുണ്ട്. കോട്ടങ്ങൾ വിശകലനം ചെയ്തുകൊണ്ട് ഇന്നലെവരെയുള്ള വികസന സങ്കല്പങ്ങളെല്ലാം പൊളിച്ചെഴുതികൊണ്ടുള്ള ഒരു സമീപനമാണ്



ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ തന്ത്രങ്ങളിൽ ബഹു: സംസ്ഥാന സർക്കാരും, സംസ്ഥാന ആസൂത്രണ ബോർഡും സ്വീകരിച്ചിട്ടുള്ളത്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവും, നീതിപൂർവകവും സ്ഥായിയും, ദ്രുതഗതിയിലുമുള്ള വികസനം മുന്നിൽകണ്ടുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ഈ വികസന റിപ്പോർട്ട് കൂടുതൽ ചർച്ചകൾക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു. ചർച്ചകളിൽക്കൂടി ഉരുത്തിരിഞ്ഞു വരുന്ന വിലയേറിയ നിർദേശങ്ങൾ ഇതിനെ കൂടുതൽ സമ്പുഷ്ടമാക്കട്ടെ.

ഈ വികസനരേഖ തയ്യാറാക്കുന്നതിൽ സഹായിച്ച, സഹകരിച്ച എല്ലാ സുഹൃത്തുക്കളോടും തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കും, എനിക്കും, എന്റെ സഹപ്രവർത്തകരായ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കുമുള്ള നിസ്സീമമായ നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളട്ടെ. വികസനത്തിൽ പങ്കാളികളാകുവാൻ എത്തിയിട്ടുള്ള ഗുരുജനങ്ങളെ, സഹോദരി സഹോദരന്മാരെ വികസനോന്മുഖമായ നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിലേക്ക് നിങ്ങളെ സഹർഷം സ്വാഗതം ചെയ്തുകൊള്ളട്ടെ.

നന്ദി, നമസ്കാരം

ജയ്ഹിന്ദ്

മഠത്തിൽ കെ. കൃഷ്ണപിള്ള
(പ്രസിഡന്റ്, തുമ്പമൺ ഗ്രാമപഞ്ചായത്ത്.)



"തങ്ങളുടെ പ്രതിനിധികളെ
തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം
ഉള്ളവരാണ് സ്വതന്ത്രരായ ജനത.
ഞങ്ങളുടെ ഇച്ഛയ്ക്ക് അനുസരിച്ച്
ഞങ്ങളുടെ സമ്മതത്തോട്
ഭരിയ്ക്കപ്പെടുന്നവരാണ്
സ്വതന്ത്രരായ ജനത.
തങ്ങളുടെ
ജീവിതത്തെയും ഭാഗധേയത്തേയും
സംബന്ധിച്ച തീരുമാനങ്ങളിൽ
പങ്കാളികളാകുന്നവരാണ്
സ്വതന്ത്രരായ ജനത."

1989 മെയ് 15-ാം തീയതി പഞ്ചായത്ത് രാജിനെ സംബന്ധിച്ച ഭരണഘടന (64-ാം ഭേദഗതി) ബിൽ അവതരിപ്പിച്ചുകൊണ്ട് യശഃശരീരനായ മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി ലോകസഭയിൽ ചെയ്ത പ്രസ്താവനയിൽ നിന്ന്.

4221